V. റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, കാര്യോപദേശക സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. എം. മുരളി: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

VII. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

GPM. 2/609/2012—44

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പുതിയ യൂണിവേഴ്സിറ്റിക്ക് ജന്മം കൊടുക്കുന്ന നിയമ നിർമ്മാണമാണിത്. ഈ നിയമനിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ ഞാൻ പറഞ്ഞതുപോലെ കേരളത്തിൽ വ്യത്യസ്ത ഭാവമുള്ള ഒരു നാഷണൽ ലാ യൂണിവേഴ്സിറ്റി ആരംഭിക്കാൻ വേണ്ടിയുള്ളതാണ് ഈ നിയമം. ഇന്ത്യയിൽ ഇപ്പോൾ ബംഗാളിലും കൽക്കട്ടയിലും ഹൈദ്രാബാദിലും ഭോപ്പാലിലും ജോധ്പൂരിലും റായ്പൂരിലും ഗാന്ധിനഗറിലും നിലനിൽക്കുന്ന നാഷണൽ യൂണിവേഴ്സിറ്റികളിൽനിന്നും വ്യത്യസ്തമായി പുതിയ രൂപഭാവത്തോടെയുള്ള ഒരു യൂണിവേഴ്സിറ്റിയാണ് ഞങ്ങളുടെ മനസ്സിലുള്ളത്. ഇന്ത്യൻ ബാർ കൗൺസിലിന്റെ പിന്തുണയോടുകൂടി ബാംഗ്ളൂരിൽ ആരംഭിച്ച നാഷണൽ യൂണിവേഴ്സിറ്റി ഇത്തരത്തിൽ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നതുസംബന്ധിച്ച് മറ്റു സംസ്ഥാനങ്ങൾക്കുകൂടി ആവേശം നൽകുകയുണ്ടായി. 1993-ലെ ചീഫ് ജസ്റ്റീസുമാരുടെ സമ്മേളനത്തിൽ ഓരോ സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള യൂണിവേഴ്സിറ്റികൾ വേണമെന്ന ശുപാർശകൾ വരികയും ചെയ്തതോടെ ഞാൻ നേരത്തെ പറഞ്ഞതുപ്രകാരമുള്ള 8 യൂണിവേഴ്സിറ്റികൾ ഇവിടെ നിലവിൽവന്നു. ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം, നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ നിന്നും വ്യത്യസ്തമായ ഒരു യൂണിവേഴ്സിറ്റി വേണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നതിന് ചില പ്രത്യേകമായ ഘടകങ്ങളുണ്ട്. അവയെ സംബന്ധിച്ച് വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇന്നുള്ള യൂണിവേഴ്സിറ്റികളിൽ പലതും ഓരോ വ്യത്യസ്തമായ താൽപ്പര്യങ്ങളുള്ള ആളുകൾ കൊണ്ടുനടക്കുന്നതാണ്. അതുകൊണ്ട് വിശാലമായ താൽപ്പര്യങ്ങളിലേക്ക് ഉയരാൻ നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് സാധിച്ചിട്ടില്ല എന്നുള്ളത് ഒരു സത്യമാണ്. നിർഭാഗ്യമെന്നുപറയട്ടെ, ഒരു collective wisdom നമ്മുടെ യൂണിവേഴ്സിറ്റികളുടെ ഭരണ നിർവ്വഹണത്തിൽ ഇല്ലെന്നുള്ള സത്യം എല്ലാവരും അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. പലപ്പോഴും താൽപ്പര്യങ്ങളുടെ സംക്രമണത്തിൽ ശ്വാസം മുട്ടുകയാണ് നമ്മുടെ നാട്ടിലെ യൂണിവേഴ്സിറ്റികൾ. അതുകൊണ്ടുതന്നെ ഈ യൂണിവേഴ്സിറ്റിയുടെ ഭരണസംവിധാനം നോക്കിയാൽ വളരെ വളരെ സ്വാഗതാർഹമായ ചില സമീപനങ്ങൾ നമുക്ക് കാണാൻ സാധിക്കും.

ഈ യൂണിവേഴ്സിറ്റിയിൽ ജുഡീഷ്യറിയുടെ സമുന്നതമായ സ്ഥാനത്തുള്ളവരുണ്ട്.

12.00 NOON] ചീഫ് ജസ്റ്റീസ് ഓഫ് ഇന്ത്യ ഇതിന്റെ വിസിറ്ററാണ്. കേരളത്തിലെ ചീഫ് ജസ്റ്റീസ് ഇതിന്റെ ചാൻസലറാണ്. ഈ യൂണിവേഴ്സിറ്റിയുടെ ബോഡികൾ നോക്കിയാൽ നമുക്കു കാണാൻ സാധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം, ബാർ കൗൺസിൽ ഒരു ആധികാരിക സഭയാണ് എന്നുള്ളതാണ്. ബാർ കൗൺസിൽ ഓഫ് കേരളയുടെ പ്രതിനിധികൾ, National Level-ൽ ഉള്ള ബാർ കൗൺസിലിന്റെ പ്രതിനിധികൾ ഇതിലുണ്ട്. നിയമ അദ്ധ്യാപന മേഖലയിലെ വളരെ ഉന്നതരായിട്ടുള്ള ആളുകൾക്ക് ഇതിൽ പ്രവേശനമുണ്ട്. അവരുടെ നേതൃത്വം ഈ സ്ഥാപനത്തിനുണ്ട്. അതുകൂടാതെ ലെജിസ്ലേച്ചറിനു വളരെ വലിയ പങ്ക് ഇതിൽ നിർവ്വഹിക്കാൻ ഉണ്ട്. കാരണം ഒരു പുതിയ യൂണിവേഴ്സിറ്റി വരികയാണ്. എം.പി.മാരുണ്ട്, എം.എൽ.എ.മാരുണ്ട്, മേയറുണ്ട്, അതിനുപുറമെ എസ്.സി./എസ്.ടി. പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. ഞാൻ ഈ ബില്ലിന്റെ അവതരണ ഘട്ടത്തിൽ പറഞ്ഞതുപോലെ, ശരിക്കും പറഞ്ഞാൽ, ഒരു ജുഡീഷ്യൽ കോമ്പിനേഷനാണ്-. ലെജിസ്ലേച്ചറിന്റെ ആൾ ഉണ്ട്, ഈ രാജ്യത്തെ നീതിപീഠത്തിന്റെ പരമോന്നതരായിട്ടുള്ള ആളുകളുണ്ട്,. അതിനും പുറമെ പ്രമുഖരായിട്ടുള്ള അക്കാഡമീഷ്യൻസുണ്ട്. എല്ലാവരും ഉൾക്കൊള്ളുന്ന, എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കാൻ കഴിയുന്ന, കളക്ടീവ് സിസ്റ്റത്തിനു കോൺട്രിബ്യൂഷൻ കൊടുക്കാൻ കഴിയുന്ന, വ്യത്യസ്തമായിട്ടുള്ള ഒരു ബോഡിയാണ് ഇതിനു നേതൃത്വം കൊടുക്കുന്നത് എന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നും വ്യത്യസ്തമായിട്ട് എല്ലാ വിഭാഗത്തേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കാരണം എല്ലാവർക്കും അവരുടേതായിട്ടുള്ള കോൺട്രിബ്യൂഷൻ കൊടുക്കാൻ സാധിക്കും. ഇതിലെ മറ്റൊരു പ്രധാന കാര്യമെന്നു പറയുന്നത്, ഈ യൂണിവേഴ്സിറ്റിക്ക്, നമ്മുടെ നാട്ടിലുള്ള ലാ കോളേജുകളിൽ നിന്നും വ്യത്യസ്തമായി ഒരു ഭാവമുള്ളത്, ഇതിൽ ഏറ്റവും പ്രധാനമായും ഉൾക്കൊള്ളുന്നത്, ലാ സംബന്ധിച്ച റിസർച്ചാണ്. ഇവിടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നതിൽ പ്രഗത്ഭരായ അഡ്വക്കേറ്റുമാരുണ്ട്. നമ്മുടെ വക്കീലന്മാർ പരമ്പരാഗതമായി കുറെ കാര്യങ്ങൾ ഇങ്ങനെ പഠിച്ചുകൊണ്ടേയിരിക്കുകയാണ്. അതുകൊണ്ട് എന്തു സംഭവിക്കുന്നു? പുറത്തു പോയാലും ശരിക്കും പ്രാക്ടീസിനു പോകുന്നില്ല, അവർ പല ഉദ്യോഗങ്ങൾക്കും പോകുന്നു, പല വഴിക്കു പോകുന്നു. ലീഗൽ പ്രൊഫഷനിൽ തന്നെ പിടിച്ചു നിൽക്കാനുള്ള കരുത്ത് ഈ വിദ്യാഭ്യാസം കൊടുക്കുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുപോലെ തന്നെ ലാ കോളേജിന് അല്ലെങ്കിൽ യൂണിവേഴ്സിറ്റിക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനമായ കാര്യമെന്നു പറയുന്നത് റിസർച്ചാണ്. നമുക്ക് ഇന്നു കാണാൻ സാധിക്കും, 21-ാം നൂറ്റാണ്ടിലെ അഡ്വക്കേറ്റെന്നു പറയുന്നത്, കഴിഞ്ഞ കാലത്തെ അഡ്വക്കേറ്റിനെപ്പോലെയല്ല. ഒരുപാടു ചലഞ്ചസ്സ് വന്നിട്ടുള്ള ഒരു സംഗതിയാണ്. നിയമരംഗത്ത് വളരെ വലിയ മാറ്റങ്ങൾ വരികയാണ്. ഞാൻ ഇതിന്റെ അവതരണവേളയിൽ പറഞ്ഞതുപോലെ, ഇന്റർനാഷണൽ രംഗത്തു വന്നുകൊണ്ടിരിക്കുന്ന വ്യാപാര നിയമങ്ങൾ—ആ നിയമങ്ങൾക്ക് ബഹുമുഖമായ ഭാവങ്ങളുണ്ട്, അതിനെ സംബന്ധിച്ച് ഗവേഷണങ്ങൾ ആവശ്യമാണ്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ട്രേഡ് ലായെ സംബന്ധിച്ച് വിശദമായ പഠനങ്ങളും ഗവേഷണങ്ങളും ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അപ്രകാരം ആവശ്യമുള്ള ഒരു ഘട്ടത്തിലാണ് ഇന്ത്യയിലെ നിയമവിദ്യാഭ്യാസം നിൽക്കുന്നത്. വളരെ സങ്കീർണ്ണമായ ഒരു സംഗതിയാണ്. ഈ രംഗത്തേക്ക് നേതൃത്വപരമായ, അന്വേഷണപരമായിട്ടുള്ള കാര്യങ്ങൾ പോകേണ്ടതുണ്ട്. ഹ്യൂമൺ റൈറ്റ്സ്, വളരെ പ്രധാനമായ മറ്റൊരു മേഖലയാണ്. ഇതിലേക്കും വ്യാപകമായ വിധത്തിലുള്ള റിസർച്ചും കാര്യങ്ങളും ചെയ്യേണ്ടതുണ്ട്.

സൈബർ ലായെക്കുറിച്ച് കഴിഞ്ഞ പ്രാവശ്യം ഞാൻ ചൂണ്ടിക്കാണിച്ചു. വളരെ കാര്യങ്ങൾ റിസർച്ചു ചെയ്യാനുള്ള സംഗതിയാണ്. നമ്മുടെ ബഹുമാനപ്പെട്ട രാഷ്ട്രപതി ഈ സഭയിൽ തന്നെ സംസാരിച്ചു. അദ്ദേഹം സംസാരിച്ച മുഴുവൻ കാര്യങ്ങളെപ്പറ്റിയും നമ്മൾ ചർച്ച ചെയ്യാൻ പോകുകയാണ്. അദ്ദേഹം വളരെ പ്രസക്തമായ മറ്റു ചില കാര്യങ്ങളെക്കുറിച്ചുകൂടി പറഞ്ഞിട്ടുണ്ട്. ഞാൻ ഈ പറഞ്ഞ നിയമശാഖ അല്ലാതെ, നമ്മളെ എല്ലാം ഇരുത്തി ചിന്തിപ്പിക്കുന്ന ചില പുതിയ കാര്യങ്ങൾ രാഷ്ട്രപതി പറഞ്ഞിട്ടുണ്ട്. Judicial Collegium of Science and Law and ethics of National Judicial Ethics എന്ന സംഗതിയെക്കുറിച്ച് ഡൽഹിയിൽ ഇരുന്നുകൊണ്ട് വീഡിയോ കോൺഫറൻസുവഴി അദ്ദേഹം ഒരു പ്രഭാഷണം നടത്തി. ഭോപ്പാലിലെ ലാ അക്കാഡമിയെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു അത്. ആ ചർച്ചയിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ, ഞാൻ അതിനെപ്പറ്റി പഠനം നടത്തി നോക്കിയപ്പോൾ എനിക്കു തോന്നിയത്, ആരും ഇതുവരെ ചിന്തിച്ചിട്ടില്ലാത്ത ഒരു പുതിയ മേഖലയാണിതെന്നാണ്. ഈ വിഷയത്തെക്കുറിച്ച് ഇന്ത്യൻ ലീഗൽ എഡ്യൂക്കേഷൻ ഗൗരവമായിട്ടുള്ള ചർച്ചയിലേക്കു പോകണം എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അദ്ദേഹം പറഞ്ഞ ഒരു പ്രധാനമായ കാര്യം സ്പെയ്സ് ലാ-യെക്കുറിച്ചാണ്. അദ്ദേഹം പറയുന്ന ഒരു കാര്യം വായിച്ചപ്പോൾ എനിക്ക് വളരെ കൗതുകം തോന്നി. വളരെ വലിയ ഒരു സംഗതിയായി ഇതു മാറാൻ പോകുകയാണ്. സ്പെയ്സിലേക്കു തൊടുത്തുവിട്ടിട്ടുള്ള ഉപഗ്രഹങ്ങൾ, ഓരോ രാജ്യത്തിന്റേയും ഭാവിയെ തീരുമാനിക്കുന്ന വിധത്തിൽ, സ്പെയ്സിൽ വച്ചുതന്നെ സങ്കീർണ്ണമായിട്ടുള്ള ചില സംഗതികളിലേക്കു പോകുകയാണ്. ഭ്രമണപഥത്തിലേക്കു തൊടുത്തുവിട്ടിരിക്കുന്ന ഇൻസാറ്റ് അല്ലെങ്കിൽ അതുപോലുള്ള സാറ്റലൈറ്റുകൾ, അന്യരാജ്യങ്ങളുമായിട്ടു വളരെ വലിയ പ്രശ്നമുണ്ടാക്കാൻ പോകുകയാണ്. ഒരു രാജ്യത്തിന്റെ തന്നെ താൽപ്പര്യങ്ങൾ മാറ്റാൻ ഉതകുന്ന വിധത്തിൽ അതിനു കഴിയുമെന്ന് അദ്ദേഹം പറയുകയാണ്. സാറ്റലൈറ്റ് ഒരു പൊസിഷനിൽ നിൽക്കുന്ന സമയത്ത്, അതിൽ എന്തെങ്കിലും വ്യതിയാനങ്ങൾ വരുത്തുകയാണെങ്കിൽ, വമ്പിച്ച സാമ്പത്തിക ഇടിച്ചിലടക്കം ഈ രാജ്യത്തുണ്ടാകുമെന്നാണ് അദ്ദേഹം പറയുന്നത്. ഒരു സാറ്റലൈറ്റ് ഉപയോഗിച്ച് വേറൊരു സാറ്റലൈറ്റിനെ നിർവീര്യമാക്കാൻ കഴിയുമെന്നാണ് പറയുന്നത്. ഭ്രമണപഥത്തിലേക്കു തൊടുത്തുവിട്ടിരിക്കുന്ന പല രാജ്യങ്ങളിലേയും സാറ്റലൈറ്റുകൾ electronically ineffective ആക്കാൻ പറ്റുമെന്നാണ്. ആ സ്വഭാവത്തിലേക്ക്, വളരെ വലിയൊരു നിയമ പ്രശ്നം ഉയർന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്പെയ്സ് ലാ ചർച്ച ചെയ്യപ്പെടേണ്ടതല്ലേ? ഇവിടെ ആരാണ് ചർച്ച ചെയ്തിട്ടുള്ളത്? ഏതു ലാ കോളേജാണ് ചർച്ച ചെയ്തിട്ടുള്ളത്? അന്തർദ്ദേശീയ രംഗത്തൊക്കെ വളരെ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഈ സ്പെയ്സ് ലായെക്കുറിച്ച് വളരെ ഗഹനമായ ചില പഠനങ്ങൾ വേണമെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറയുന്ന ഒരു കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. Dynamics of Society in Science, Law and Ethics എന്നിട്ട് അദ്ദേഹം പറയുകയാണ്, Of course India has got some scope for INSAT series. It is essential for Indian Legal Community to study the Laws and bye-Laws of the existing Laws and safeguard the national Interest എന്ന്. ഇത് വളരെ വലിയൊരു കാര്യമാണ്. നമ്മുടെ നിയമമേഖലയിൽ ഇതുപോലുള്ള കാര്യങ്ങളെക്കുറിച്ചു പഠനം നടന്നിട്ടില്ല. മറ്റൊരു കാര്യം സൈബർ ലായെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ പ്രാവശ്യം ഇവിടെ പറഞ്ഞു. പ്രസിഡന്റിന്റെ വാക്കുകേട്ടപ്പോൾ, ആർക്കും ഭയപ്പാടുണ്ടാക്കുന്ന സ്ഥിതിയിലേക്കാണ് അതിന്റെ പോക്ക് എന്നു മനസ്സിലായി. ആരാണ് അറ്റന്റു ചെയ്തിട്ടുള്ളത്? ഏതു കോളേജിലാണ് ഇതിനെപ്പറ്റി പഠനം നടത്തിയിട്ടുള്ളത്? എവിടെയാണ് റിസർച്ച് നടക്കുന്നത്? പ്രസിഡന്റു പറയുകയാണ്, We have Cyber Laws in the place, which has been approved by the Parliament. It is another area where many advances are continuously taking place at fast pace. Hence Cyber Laws need constant updating. In this context India's Cyber Laws need to look at the fact that, nowadays a nation are electronically connected with all the economic assets. Defence and national Security establishments are the targets of Cyber attack during the conflict. In such a situation, a country can be defeated even without a missile or an Aircraft attack just through Intelligence Cyber War. വളരെ വലിയ, നമ്മെ തുറിച്ചുനോക്കുന്ന ഒരു സത്യമാണ് സൈബർ ക്രൈം. വിമാനമില്ലാതെ, സ്പുട്നിക്ക് ഇല്ലാതെ, മിസൈലുകൾ ഇല്ലാതെ, ഇലക്ട്രോണിക്കലായിട്ട് ആരംഭിക്കുന്ന സൈബർ വാറിനെക്കുറിച്ചാണ് പ്രസിഡന്റ് പറയുന്നത്. ഈ കാര്യത്തെക്കുറിച്ചും നിരന്തരമായ ഗവേഷണം നമ്മുടെ ലീഗൽ വിദ്യാഭ്യാസ രംഗത്തുവേണമെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. നമ്മൾ ഇക്കാലംവരെ കേട്ടിട്ടില്ലാത്ത മറ്റൊരു ഭീഷണിയെക്കുറിച്ച് പ്രസിഡൻറ് പറയുകയാണ്. അതെന്താണ്? Sea Law. . India has a Sea Law, but the sea has now become multi-dimensional. India's marine wealth, transportation, to and fro and the National and International Waters and territorial regions need an integrated look. Sea has a wealth of marine life and inert products. It is necessary to protect deep-sea oil, gas and mineral reserve, apart from connecting Sea but resources. A legal and technical review is required to understand whether our national interest above the sea, on the sea, and under the sea are fully protected. നമ്മളെല്ലാം പഠിച്ചുകൊണ്ടിരിക്കുന്ന ക്രിമിനൽ നിയമങ്ങൾ, സിവിൽ നിയമങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യം ചില്ലറ നിയമങ്ങൾ, ഇതിനെക്കാളുപരി, മാറിവരുന്ന ലോകത്തിന്റെ വെല്ലുവിളി നേരിടാനുതകുന്ന വിധത്തിൽ, ആ ഏരിയകളിലേക്ക് കടന്നുകൊണ്ടുള്ള നിരന്തരമായ ഗവേഷണം അനിവാര്യമായി തീർന്നിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, 21-ാം നൂറ്റാണ്ടിലെ നിയമവിദഗ്ദ്ധനെന്നു പറയുന്നത്, കഴിഞ്ഞ നൂറ്റാണ്ടിലെ നിയമവിദഗ്ദ്ധന്മാർ നേരിട്ടതുപോലുള്ള കാര്യങ്ങൾ നേരിടാനുള്ളതല്ല. അതാണ് ഈ യൂണിവേഴ്സിറ്റി കൊണ്ട് ആഗ്രഹിക്കുന്നത്. അതിലേക്കു പോകണം. ഇന്ത്യൻ പ്രസിഡന്റ് ചൂണ്ടിക്കാണിച്ച, നിയമവിദഗ്ദ്ധർ ചൂണ്ടിക്കാണിച്ച, ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന, ഒരു യൂണിവേഴ്സിറ്റിയായി ഇതിനെ കൊണ്ടുവരാൻ വേണ്ടിയുള്ള വകുപ്പുകൾ ചേർത്തുകൊണ്ടുള്ളതാണ് ഇതിലെ കാര്യങ്ങൾ. നമുക്കു മനസ്സിലാക്കാൻ കഴിയുന്ന മറ്റൊരു കാര്യമെന്നു പറയുന്നത്, നിയമരംഗത്ത് നമുക്ക് ഇന്നു കാണാൻ സാധിക്കും, ഒരാൾ ജഡ്ജി ആകുന്നു അല്ലെങ്കിൽ മജിസ്ട്രേട്ടാകുന്നു. ആ പൊസിഷനിൽ നിൽക്കുന്ന ഒരാളിന് എവിടെയാണ് ട്രെയിനിംഗ് കൊടുക്കുന്നത്? ജുഡീഷ്യൽ ഓഫീസേഴ്സിന്റെ ട്രെയിനിംഗ് എന്നു പറയുന്നത് വളരെ പ്രധാനമായ ഒരു പ്രശ്നമാണ്. എന്റെ കയ്യിലുള്ളത് ഭോപ്പാലിൽ നടക്കുന്ന ഒരു ട്രെയിനിംഗ് സ്കീമാണ്. ഇതു ജഡ്ജിമാർക്കുവേണ്ടി മാത്രമുള്ള ഒരു സ്കീമാണ്. എനിക്ക് അത്ഭുതം തോന്നുകയാണ്, ഈ National Judicial Academy, that is a training center for Judges, ജഡ്ജസ്സിനു കൊടുക്കുന്ന ട്രെയിനിംഗിന്റെ പദ്ധതി, ഇവിടെ വല്ലതും അങ്ങനെ നടക്കാറുണ്ടോ? ഇവിടെ ജുഡീഷ്യൽ ഓഫീസേഴ്സ് വളരെ വലിയ ആളുകളാണ്. ജുഡീഷ്യൽ ഓഫീസറാകട്ടെ, ആരുമാകട്ടെ, എല്ലാവരും അവസാനം വരെ വിദ്യാർത്ഥികൾ ആയിരിക്കണം, പഠിച്ചുകൊണ്ടേയിരിക്കണം. Updating of knowledge, ആർക്കും അതു ബാധകമാണ്. അതു ജഡ്ജിമാരാകട്ടെ, മറ്റാരോ ആകട്ടെ. ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ ആ പരിശീലനമില്ല. ഈ യൂണിവേഴ്സിറ്റിയെക്കൊണ്ട് ഉദ്ദേശിക്കുന്ന മറ്റൊരു കാര്യമെന്നു പറയുന്നത്, ജുഡീഷ്യൽ ഓഫീസേഴ്സിന്റെ ട്രെയിനിംഗാണ്. കൂടുതൽ വിജ്ഞാനം അവർക്ക് കൊടുക്കുകയും പുതിയ മേഖലകളെക്കുറിച്ച് അവർക്ക് അറിവുണ്ടാക്കുകയും ചെയ്യുന്ന വിധത്തിലാണ് കാര്യങ്ങൾ നീക്കാൻ ആഗ്രഹിക്കുന്നത്.

മറ്റൊരു കാര്യം extension service-കൾ ആണ്. നമുക്കറിയാം എല്ലാ യൂണിവേഴ്സിറ്റിയും extension service ആണ് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനമായ കാര്യമെന്ന് പറയുന്നത്. ഇവിടെ ട്രേഡ് യൂണിയൻരംഗത്തെ ധാരാളം ആളുകളുണ്ട്. ട്രേഡ് യൂണിയനിൽപ്പെട്ട ആളുകൾക്ക് മൂന്ന് മാസത്തെ കോഴ്സുണ്ട്. ട്രേഡ് യൂണിയൻ ലാ, ഇൻഡസ്ട്രിയൽ ലാ, ഫാക്ടറീസ് ആക്ട് ഇതുപോലുള്ള കാര്യങ്ങളൊക്കെയുണ്ട്. നമ്മുടെ നാട്ടിലെ അദ്ധ്യാപകർ, അവർക്ക് കെ.ഇ.ആർ.,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ എല്ലാ വിഭാഗത്തിനും ആവശ്യമായ extension service കൊടുക്കേണ്ടതും ഒരു യൂണിവേഴ്സിറ്റിയുടെ ബാദ്ധ്യതയാണ്. ഇതിൽ അതിനുള്ള പ്രൊവിഷൻ വച്ചിട്ടുണ്ട്. അവസാനമായി ഞാൻ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. മറ്റെന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചാൽ ചർച്ചയുടെ അവസാനം ഞാൻ മറുപടി പറയാം. മറ്റൊരു പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് social responsibility ആണ്. അഭിഭാഷക ജോലിയെന്നു പറയുന്നത് മറ്റേതൊരു പ്രൊഫഷൻ പോലെയുമല്ല. നിയമത്തിൽ പരിശീലനം നേടിയ ആൾ എന്നു പറയുന്നത്, ജഡ്ജിയെന്നു പറയുന്നത് ഈ രാജ്യത്ത് തുല്യ നീതി ഉറപ്പുവരുത്തുന്ന കാര്യത്തിൽ, നീതി നിഷേധിക്കുന്നവർക്ക് നീതി കൊടുക്കുന്ന കാര്യത്തിൽ, സാമൂഹ്യനീതി ഉറപ്പാക്കുന്ന കാര്യത്തിൽ വളരെ ഫലപ്രദമായ പങ്ക് വഹിക്കാൻ കഴിയുന്ന ഒരു വ്യക്തിയാണ്. ആ നിലയിൽ ജസ്റ്റിസിനുവേണ്ടി, സാമൂഹ്യ മാറ്റത്തിനുവേണ്ടി നിൽക്കാൻ commitment - ഉള്ള, ഒരു അഭിഭാഷകന്റെ commitment എന്താണെന്ന് അതിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. തന്റെ ക്ളയന്റിനോട്, തന്റെ സമൂഹത്തോട്, കോടതിയോട് പുലർത്തേണ്ട ചില മാനദണ്ഡങ്ങളുണ്ട്. അതുകൊണ്ടുതന്നെ സാധാരണ നിയമ വിദ്യാഭ്യാസത്തിന് ഉപരിയായ സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു നിയമ വിദ്യാഭ്യാസത്തിന് വഴിയൊരുക്കുകയെന്നതുകൂടിയാണ് ഈ യൂണിവേഴ്സിറ്റിയുടെ ഏറ്റവും പ്രധാനമായ ചുമതല.

അവസാനമായി ഒരു കാര്യം കൂടി, ഇത് affiliated യൂണിവേഴ്സിറ്റിയല്ല. ഇപ്പോൾ കേരളത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയുണ്ട്, സംസ്കൃത യൂണിവേഴ്സിറ്റിയുണ്ട്. പക്ഷേ നമ്മൾ കാണേണ്ട ഒരു കാര്യം ഇൻഡ്യയിലും പാക്കിസ്ഥാനിലും ബംഗ്ളാദേശിലും അല്ലാതെ ലോകത്ത് ഒരു രാജ്യത്തും ഈ സ്വഭാവത്തിലുള്ള അഫിലിയേഷൻ ഇല്ല. അങ്ങനെ ഈ അഫിലിയേഷന്റെ ബാദ്ധ്യത ഏറ്റെടുത്ത് സ്വന്തമായ ഗവേഷണങ്ങളും മറ്റും ഏർപ്പെടുത്തുന്നതിനുപകരം ഈ അഫിലിയേറ്റഡായിട്ടുള്ള കോളേജുകളുടെ ബാദ്ധ്യതയിൽനിന്ന് ചുറ്റിത്തിരിയുന്നത് മാറി സ്വതന്ത്രമായ ഒരു യൂണിവേഴ്സിറ്റിയാണ് ഇത്. ഇതിൽ അഫിലിയേഷൻ ഇല്ല. അതുകൊണ്ടുതന്നെ കൂടുതൽ ഗവേഷണപരമായ കാര്യങ്ങൾക്ക് പ്രാമുഖ്യം കൊടുക്കാൻ കഴിയും. അതെല്ലാം നല്ല ഉദ്ദേശങ്ങളാണ്. ഇതൊക്കെയാണ് ഒരു നിയമനിർമ്മാണത്തിനുവേണ്ടി ഗവൺമെന്റിനെ പ്രേരിപ്പിച്ചത്. ഈ ബിൽ അവതരിപ്പിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ വച്ചുതന്നെ മൗലികമായ ചില മാറ്റങ്ങൾക്ക് ഞങ്ങൾ തയ്യാറായി. ഇപ്പോഴും ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. നല്ല ഒരു നിയമമാണ് വേണ്ടത്. ഒരു കുഴപ്പവുമില്ലാത്ത നിയമമാണ് വേണ്ടത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ ഇതിനെ സംബന്ധിച്ച് ഉന്നയിക്കുന്ന അമെന്റുമെന്റുകൾ തുറന്ന മനസ്സോടെ സ്വീകരിക്കും. ഞാൻ ഓരോ അമെന്റുമെന്റും പഠിച്ചു, പല

കാര്യങ്ങളും ഇതിനകത്ത് തീരുമാനിക്കാൻ കഴിയും. ഞങ്ങൾ ചിന്തിക്കുന്നതിനേക്കാൾ ഉപരിയായി മെമ്പർമാർ അവരുടെ അമെന്റുമെന്റുകളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങളെല്ലാംതന്നെ അർഹമായ പരിഗണന കൊടുത്തുകൊണ്ട് സ്ഫുടം ചെയ്തെടുത്ത, തെറ്റില്ലാത്ത, മറ്റ് യൂണിവേഴ്സിറ്റികൾക്കുകൂടി, ലാ യൂണിവേഴ്സിറ്റികൾക്ക് കൂടി ബാധകമായ ഒരു നിയമം, കേരളം മറ്റെല്ലാ കാര്യങ്ങളിലും മാതൃക കാണിച്ചതുപോലെ ഇക്കാര്യത്തിലും ഉണ്ടാകണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ആ ആഗ്രഹം സഫലീകരിക്കാൻ എല്ലാപേരുടേയും സഹകരണം പ്രതീക്ഷിക്കുകയാണ്. അതുമാത്രമേ എനിക്ക് ഈ സ്റ്റേജിൽ പറയാനുള്ളു. മറ്റെന്തെങ്കിലും കാര്യങ്ങൾ പറയാനുണ്ടെങ്കിൽ മൂന്നാം വായനയുടെ ഘട്ടത്തിൽ വീണ്ടും പറയാമെന്നു പറഞ്ഞുകൊണ്ട് ഈ ബിൽ ചർച്ചയ്ക്കുവേണ്ടി സമർപ്പിക്കുന്നു.

VIII. അറിയിപ്പ്

മഹാരാഷ്ട്രാ നിയമസഭാംഗവും മലയാളിയുമായ ശ്രീമതി ആനിശേഖറിന്റെ സന്ദർശനം സംബന്ധിച്ച്

മി. സ്പീക്കർ : ഇന്ന് ഒരു സന്തോഷകരമായ കാര്യമുണ്ട്. മഹാരാഷ്ട്രാ ലെജിസ്ലേച്ചറിലെ കൊളബ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ., കേരളത്തിലെ ഒരു സഹോദരി, ശ്രീമതി ആനിശേഖർ നമ്മുടെ അതിഥിയായി ഇവിടെ വന്നിട്ടുണ്ട്. എറണാകുളം ജില്ലയിലെ പോച്ചം തുരുത്തിൽ (ഡോ. എം. എ. കുട്ടപ്പന്റെ നിയോജകമണ്ഡലം) ജനിച്ചു വളർന്ന, അൻപത് കൊല്ലക്കാലം മുൻപു ബോംബയിലെത്തി ഇപ്പോൾ ബോംബയുടെ ഹൃദയഭാഗത്തെ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് എം.എൽ.എ. യുമായ ആ വനിത കേരളത്തിനുതന്നെ അഭിമാനമാണ്. കേരള നിയമസഭ അവരെ അങ്ങേയറ്റം അഭിമാനപൂർവ്വം സ്വാഗതം ചെയ്യുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: അങ്ങ് ഇവിടെ ശ്രീമതി ആനിശേഖറിനെക്കുറിച്ച് പറഞ്ഞത് വളരെ നന്നായി. അവർ ബോംബയിൽ സ്ഥാനാർത്ഥിയായി മൽസരിക്കുന്ന സമയത്ത് ഞാൻ തെരഞ്ഞെടുപ്പ് പ്രചരണത്തിനുവേണ്ടി അവിടെ പോയതാണ്. രണ്ട് മൂന്ന് തെരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുത്തു. അവരുടെ നാട്ടിലെ ജനങ്ങൾ അവർക്കു നൽകിയ സ്വീകരണത്തിൽ ഉണ്ടായ ആവേശകരമായ പിൻതുണകണ്ട് ഞാൻ അസൂയപ്പെട്ടിട്ടുണ്ട്. ഞാൻ അവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: കേരളത്തിന്റെ ശബ്ദം മഹാരാഷ്ട്ര നിയമസഭയിലും കേൾപ്പിക്കാൻ വേണ്ടി നമ്മുടെ പ്രിയപ്പെട്ട, നമ്മൾ ഇവിടെ ആദരിച്ച ശ്രീമതി ആനിശേഖർക്ക് കഴിയുന്നുവെന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം ഏറെ

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷകരമാണ്. അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ചതുപോലെ അവർക്ക് തുടർന്നും അവരുടെ സ്ഥാനം നിലനിർത്താൻ കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ഇന്നത്തെ ബിൽ ഉണ്ട്, അതുപോലെ കഴിഞ്ഞ ദിവസം മാറ്റിവച്ച ബില്ലുകളുണ്ട്. ചർച്ച എത്ര സമയം വേണമെങ്കിലും ആകാം. പക്ഷേ ലെജിസ്ലേച്ചർ ബിസിനസ്സ് നടക്കണം. അതുകൊണ്ട് എല്ലാപേരും സഹകരിച്ച് പോകണം.

ശ്രീ. മത്തായി ചാക്കോ: എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഈ ബില്ലിന് ഇപ്പോൾ ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. 10-8-2005 എന്ന ഡേറ്റുവച്ചാണ് ഇവിടെ നേരത്തെ സർക്കുലേറ്റ് ചെയ്തിരുന്നത്. ഇവിടെ നേരത്തെ സർക്കുലേറ്റ് ചെയ്ത അംഗങ്ങളുടെ ഭേദഗതി 819-ാം നമ്പർ വരെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദ്യോഗിക ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുള്ളത് എട്ടാം തീയതിയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒഫിഷ്യൽ ഭേദഗതി, അതിന് മുൻപ് അംഗങ്ങളുടെ ഭേദഗതി. അതുകഴിഞ്ഞ് 10-ാം തീയതി ഭേദഗതി കൊടുക്കാനുള്ള സമയം കഴിഞ്ഞിട്ട് ശ്രീ. കെ. സി ജോസഫിന്റെ ഭേദഗതി എങ്ങനെ വന്നു?

മി. സ്പീക്കർ: ഇത് മന്ത്രിയുടെ ഒഫിഷ്യൽ അമെന്റുമെന്റിനുള്ള ഭേദഗതിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒഫിഷ്യൽ ഭേദഗതി സർക്കുലേറ്റ് ചെയ്തതിനുശേഷമാണ് അതിൻമേൽ ഭേദഗതി കൊടുക്കേണ്ടത്.

ശ്രീ. മത്തായി ചാക്കോ : അഞ്ച് മിനിറ്റിന് മുൻപ് മന്ത്രിയുടെ ഒഫിഷ്യൽ ഭേദഗതി വരുക. നമുക്കും സമയം തന്നാൽ മതി.

മി. സ്പീക്കർ : ഇതിൽ യാതൊരു അപാകതയുമില്ല. ഇനി ഏതെങ്കിലും മെമ്പർക്ക് അമെന്റുമെന്റ് കൊണ്ടുവരണമെങ്കിൽ അര മണിക്കൂറിനുള്ളിൽ കൊണ്ടുവരാം. തർക്കിച്ചിട്ട് കാര്യമില്ല.

ശ്രീ. മത്തായി ചാക്കോ: നിയമ വിദ്യാഭ്യാസത്തേയും നിയമ പഠന മേഖലയിലെ ഗവേഷണത്തേയും പ്രോത്സാഹിപ്പിക്കുന്ന ദേശീയ സർവ്വകലാശാല ബില്ലിനെ തത്വത്തിൽ ഞങ്ങൾ എതിർക്കുന്നില്ല. അതിനോട് യോജിപ്പാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നിയമപഠനവുമായി ബന്ധപ്പെട്ട് അതിന്റെ പുതിയ മേഖലകളെ സംബന്ധിച്ചുള്ള ഗവേഷണവും പഠനവും ആവശ്യമാണ്. ബഹുമാനപ്പെട്ട രാഷ്ട്രപതി സൂചിപ്പിച്ച സ്പെയ്സ് മേഖലയേയും സീ വാട്ടറിനേയും

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച നിയമം ഇന്റർനാഷണൽ ലെവലിൽ ഇപ്പോൾ തന്നെയുണ്ട്. ഇതു സംബന്ധിച്ച് ഒരുപാട് ഗവേഷണങ്ങളും പഠനങ്ങളും നടന്നുകൊണ്ടിരിക്കുകയുമാണ്. പക്ഷേ സ്പെയ്സിന്റെ കാര്യത്തിലും സൈബർ ലോയുടെ കാര്യത്തിലും പുതിയ മേഖലകളുണ്ട്. അതെല്ലാം പൊതുവിൽ അംഗീകരിക്കുകയാണ്. കേരള സംസ്ഥാനത്ത് ഇത്തരമൊരു കേന്ദ്രം വരുന്നതിനെ തത്വത്തിൽ എതിർക്കുന്നില്ല. പക്ഷേ ഇവിടെ ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതിനുമുമ്പ് ഓർഡിനൻസായിട്ട് ഇത് കൊണ്ടുവരേണ്ട ആവശ്യം എന്തായിരുന്നു? ജൂൺ 18-ാം തീയതിയിലെ ഓർഡിനൻസാണ് ഇവിടെ ബില്ലായിട്ട് കൊണ്ടുവന്നത്. ഇവിടെ ഭരണകക്ഷിയിലെ പല അംഗങ്ങളും അസഹിഷ്ണുത കാണിച്ചിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നല്ല സഹിഷ്ണുത കാണിക്കുന്ന ആളാണ്. പക്ഷേ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ഭൂരിപക്ഷവും ഇതാണ് നമ്മുടെ നില എന്നുള്ള മട്ടിൽ അദ്ദേഹം ഒരു നിലപാട് സ്വീകരിക്കുകയുണ്ടായി. സബ്ജക്ട് കമ്മിറ്റിയിൽ അവതരിപ്പിക്കാതെ മൗലികമായ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയിൽ All members of the Bar Council of Kerala എന്നുള്ളത് വെട്ടിക്കളഞ്ഞിരിക്കുകയാണ്. ബാർ കൗൺസിൽ പ്രതിനിധികളായി അഞ്ചുപേരെ ചാൻസിലർ നോമിനേറ്റ് ചെയ്യണമെന്നുള്ള ഭേദഗതി സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ ഇതുസംബന്ധിച്ച് ആരോഗ്യകരമായ ചർച്ച നടത്താമായിരുന്നു. അത് കൊണ്ടുവരാത്തതിൽ ഞാൻ പ്രതിഷേധം അറിയിക്കുകയാണ്. അതുപോലെ ഈ ബില്ലിൽ മൗലികമായ ഒരു പ്രശ്നം ഉണ്ടാകാനുള്ളത്, ഈ സർവ്വകലാശാല ഏത് സ്വഭാവത്തിലുള്ള സർവ്വകലാശാലയാണ് എന്നുള്ളതാണ്. സർവ്വകലാശാലയുടെ സ്വഭാവത്തെ സംബന്ധിച്ച് ഇതിൽ പ്രത്യേകമായി പറയുന്നില്ല. ഇത് ഒരു സ്വകാര്യ സർവ്വകലാശാലയാണ്. ഇത് കേരളത്തിലെ സാധാരണ സർവ്വകലാശാലകൾപോലെ അഫിലിയേറ്റിംഗ് സ്വഭാവമുള്ള, ഗവൺമെന്റ് നിയന്ത്രണമുള്ള, ഓട്ടോണമസ് അധികാരമുള്ള ഒരു സർവ്വകലാശാലയാണോയെന്നുള്ളത് വ്യക്തമാക്കേണ്ടതുണ്ട്. സ്വകാര്യ യൂണിവേഴ്സിറ്റിയായിട്ടാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ ഇത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഇതുസംബന്ധിച്ച് ഒരു നിയമം കൊണ്ടുവന്നു. അതിൽ സ്വാശ്രയ സംവിധാനത്തെക്കുറിച്ച് പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പൈലറ്റ് ചെയ്യുന്ന സമയത്ത് ബാംഗ്ളൂരിലെ ലാ സ്കൂളിന്റെ സംവിധാനവുമായി ബന്ധപ്പെടുത്തി ആ മോഡലിലാണ് കൊണ്ടുവരുന്നതെന്ന് പറഞ്ഞു. അത് സ്വാശ്രയമല്ല. അതുകൊണ്ട് ഈ സർവ്വകലാശാല കൊണ്ടുവരുന്ന സമയത്ത് ഇതിന്റെ സ്വഭാവം സംബന്ധിച്ച് ഒരു വ്യക്തത ഈ ഗവൺമെന്റിനില്ല എന്നുള്ളതാണ് ഞങ്ങളുടെ ഏറ്റവും വലിയ വിമർശനം. നിയമ പഠനത്തിനും ഗവേഷണത്തിനും വേണ്ടി ദേശീയ തലത്തിൽ ഒരു ഉന്നത സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കുമ്പോൾ ആ സർവ്വകലാശാലയുടെ സ്വഭാവം സംബന്ധിച്ച് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഇവിടെ ഗവൺമെന്റ് ഒന്നും പറയുന്നില്ല. നിങ്ങൾ ഡിഫൈൻ ചെയ്യണമെന്ന് ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞിരുന്നു. സ്വാശ്രയ സർവ്വകലാശാല എന്നു പറയുന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് ഡിഫൈൻ ചെയ്യണ്ടേ? സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റി എന്നു പറയുന്നത് ഒരു പുതിയ ഏർപ്പാടാണ്. എന്താണ് അതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. ഇതിന് ഒരു നിർവ്വചനം വേണ്ടേ? എല്ലാ സർവ്വകലാശാലാനിയമങ്ങളിലും ഇത്തരം നിർവ്വചനമില്ലേ? സർവ്വകലാശാലയെ സംബന്ധിച്ച് ഡെഫനിഷൻ ഇല്ലേ? ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരുന്ന സമയത്ത് സ്വാശ്രയ സർവ്വകലാശാല എന്താണെന്ന് ഡിഫൈൻ ചെയ്യാതിരുന്നതിനു കാരണം എന്താണെന്ന് മനസ്സിലാകുന്നില്ല. സ്വാശ്രയ പ്രൊഫഷണൽ കോളേജ് എന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. ആ നിർവ്വചനം ഇവിടെ ബാധകമല്ല. കോളേജിനെ സംബന്ധിച്ചുള്ള നിർവ്വചനത്തിൽ പറയുന്നത് ഒരു വ്യക്തിയോ ഒരു സംഘം വ്യക്തികളോ നടത്തുന്നതും ഒരു യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ആ സ്ഥാപനത്തിന്റെ നടത്തിപ്പിനും കോഴ്സുകളുടെ നടത്തിപ്പിനും ഗവൺമെന്റിൽ നിന്നും സാമ്പത്തികസഹായം സ്വീകരിക്കാത്തതുമായ പ്രൊഫഷണൽ കോളേജ് എന്നാണ്. ഈ സർവ്വകലാശാലയ്ക്ക് ഗവൺമെന്റ് സഹായമുണ്ടോ? ഗവൺമെന്റ് സഹായമില്ലെന്ന് പറഞ്ഞിട്ട് അവസാനം സാമ്പത്തികകാര്യ മെമ്മോറാണ്ടത്തിൽ ഗവൺമെന്റിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഇല്ലെന്ന് പറയുന്നുണ്ട്. അതേ സമയം ഇതിലൊരു വൈരുദ്ധ്യമുണ്ട്. ഈ ബില്ലിലെ സെക്ഷൻ 5(xxiii)-ൽ യൂണിവേഴ്സിറ്റിക്ക് ആവശ്യമായ ഗ്രാന്റും സർക്കാരിൽനിന്ന് ധനസഹായവും യു.ജി.സി. ഗ്രാന്റ് ഉൾപ്പെടെ വാങ്ങിയെടുക്കുന്നതിന് ആവശ്യമായ വകുപ്പ് ഇതിനകത്ത് വച്ചിട്ടുണ്ട്. ഇത് പരസ്പരം ഒരു കോൺട്രഡിക്ഷനായി വരികയാണ്. അതുകൊണ്ട് സ്വാശ്രയ സർവ്വകലാശാല അല്ലെങ്കിൽ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഒരു വ്യക്തത ഇതിന്റെ ഭാഗമായി പറയണമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. കെ. മുഹമ്മദാലി: സെൽഫ് ഫിനാൻസിംഗ് മാറ്റിയാൽ പിന്നീട് സർക്കാരിൽനിന്ന് ഗ്രാന്റ് ചോദിക്കാനുള്ള ഒരു റൈറ്റ് വന്നുപെടുകയില്ലേ?

ശ്രീ. മത്തായി ചാക്കോ: ഉണ്ടാകുമല്ലോ. സെൽഫ് ഫിനാൻസിംഗ് വേണമെന്നില്ലല്ലോ. സെൽഫ് ഫിനാൻസിംഗ് ഇല്ലാതെതന്നെ നമ്മുടെ സർവ്വകലാശാലകൾക്ക് ഗ്രാന്റ് കൊടുക്കുന്നുണ്ടല്ലോ.

ശ്രീ. കെ. മുഹമ്മദാലി: ഗവൺമെന്റിന് കമ്മിറ്റ്മെന്റ് ഉണ്ടാകുകയില്ലേ?

ശ്രീ. മത്തായി ചാക്കോ: ഗവൺമെന്റിന് കമ്മിറ്റ്മെന്റ് ഇതിന്റെ മുകളിൽ വരുന്നുണ്ട്. നിങ്ങൾ കാണിച്ച വിവരക്കേട് സംബന്ധിച്ച് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കുന്നുവെന്നേയുള്ളൂ. ശ്രീ. മാണിയുടെ ബില്ലുപോലെ ഇത് നിയമമാകാൻ പോകുന്നില്ല. ഞാൻ വിട്ടു. രണ്ടാമത്, ഈ സർവ്വകലാശാലയുടെ The Objects of the University എന്നു പറയുന്നിടത്ത്, സാധാരണഗതിയിൽ ഒബ്ജക്ടീവ്സ് രണ്ടെണ്ണം പറയുന്നുണ്ട്. ഇതിൽ മൂന്നാമത്തേതിൽ പറയുന്നത്, സെക്ഷൻ 4, പ്രൊവൈസോ (3)-ൽ In making appointments by direct recruitment to permanent posts in any class or category in each department under the University, or to permanent post of non-teaching staff in the University, ... അത് കേരള സ്റ്റേറ്റ് സർവ്വീസ് റൂൾസ് പ്രകാരം നിശ്ചയിക്കണമെന്ന് പറയുന്നുണ്ട്. അത് ഒബ്ജക്ടീവിൽ പറയേണ്ട കാര്യമില്ല. ഇതിലൊരു കെണിയുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്നത്, In making appointments by direct recruitment to permanent post, ... സ്ഥിരമായ പോസ്റ്റുകളിലേക്ക് ആളുകളെ നിശ്ചയിക്കുന്ന സമയത്ത് കേരള സ്റ്റേറ്റ് സബോർഡിനേറ്റ് റൂൾസ് ബാധകമാകണം. സംവരണം സംബന്ധിച്ച് ഈ നിയമത്തിലെ 15, 16, 17 വകുപ്പുകളും 14(എ), (ബി), (സി) ഉപവകുപ്പുകളും പ്രയോഗിക്കണമെന്നാണ് പറയുന്നത്. അത് സ്ഥിര നിയമനത്തിനാണ്. സർവ്വകലാശാലകളിലേക്ക് പുതിയ പോസ്റ്റിംഗ് നടത്തുന്നസമയത്ത് സാധാരണഗതിയിൽ ടെമ്പററി കോൺട്രാക്ടിന്റെ അടിസ്ഥാനത്തിലാണ് വരുന്നത്. അതിൽ സംവരണം ബാധകമാകാത്ത രൂപത്തിൽ വരുന്നതുകൊണ്ട്, അപകടം ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. മറ്റൊരു പ്രശ്നം, സ്വകാര്യ സർവ്വകലാശാലയുടെ കാര്യത്തിൽ ഛത്തീസ്ഗഡിൽ ഉണ്ടായ അനുഭവത്തിലേക്ക് പോകരുത്; ജാഗ്രതയുണ്ടാകണം. ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് ബാംഗ്ലൂരിലെ നാഷണൽ സ്കൂൾ ഓഫ് ഇൻഡ്യ യൂണിവേഴ്സിറ്റിയുടെ മാതൃകയിലാണ്. അത് 1986-ൽ തുടങ്ങിയതാണ്. പക്ഷേ, അത് ഒരു മോഡൽ ആക്ടായിട്ട് പറഞ്ഞിട്ടില്ല. ഇത് കർണ്ണാടക ആക്ടാണ്. The National Law School of India Act 1986—Karnataka Act No. 22 of 1986. ഇതിന്റെ ഒബ്ജക്ടീവിലും മറ്റും പറയുന്ന കാര്യങ്ങൾ രണ്ടും വായിക്കാം. ഇത് എങ്ങനെ വന്നുവെന്ന് മനസ്സിലാകുന്നില്ല. വരുന്നതിൽ തെറ്റില്ല. ഭയങ്കര നിയമനിർമ്മാണമാണെന്ന് തോന്നിപ്പിക്കുന്ന മാതിരി സ്പെല്ലിംഗ് മിസ്റ്റേക്ക്പോലും പകർത്തിവച്ചത് ശരിയായില്ല. ഇതിന്റെ ഒബ്ജക്ടീവിൽ പറയുന്ന അതേ വാക്കുകളാണ് മന്ത്രി ഈ ആക്ടിൽ കൊണ്ടുവന്നിരിക്കുന്നത്. Section 4, The objects of the University.—(1) The objects of the University shall be to advance and disseminate learning and knowledge of law and legal and judicial processes, professional legal..... ഇതിലും അതുതന്നെ പറയുകയാണ്. യൂണിവേഴ്സിറ്റി എന്നു പറയുന്നിടത്ത് സ്കൂൾ എന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. The objects of the school shall be to advance and disseminate learning and knowledge of law and legal and Judicial processes............... അതുതന്നെ പകർത്തിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ (5) Powers and functions of the School. 37 എണ്ണം വന്നിട്ടുണ്ട്. അത് പദാനുപദമായിട്ടുള്ളതാണ്. അതിൽ രണ്ടെണ്ണം മാത്രം ഇവിടെ വായിക്കുകയാണ്: Powers and functions of the University—(i) to administer and manage the University and such other centres for study, research, education and instructions as are necessary for the furtherance of the objects of the University; മറ്റേ ആക്റ്റിൽ University എന്നുള്ളിടത്ത് School എന്നു മാത്രമാണ് വ്യത്യാസം. ഇങ്ങനെ 37 എണ്ണവും പദാനുപദമായിട്ട് കൊടുത്തിരിക്കുകയാണ്. അതിൽ ആവശ്യമായിട്ടുള്ള ഭേദഗതികൂടി വരുത്തി അത് ചെയ്യാമായിരുന്നു. അത് അപകടമാണ് എന്ന് ഞാൻ പറയുന്നില്ല. പക്ഷേ, സ്പെല്ലിംഗ് മിസ്റ്റേക്ക്പോലും അതേപോലെ പകർത്തിയത് മോശമായിപ്പോയി. ഈ ബില്ലിൽ The Powers of the Visitor and the Chancellor എന്നുപറയുന്ന ഒരു ഭാഗമുണ്ട്. ബാംഗ്ലൂർ യൂണിവേഴ്സിറ്റിക്കും ഇത്തരം ഒരു clause വച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിലും ഈ കാര്യം ചർച്ച ചെയ്തതാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് രണ്ട് അധികാരകേന്ദ്രങ്ങൾ ഇതിൽ വരുന്നുണ്ട്. ഒന്ന് വിസിറ്റർ ആണ്. മറ്റൊന്ന് ചാൻസിലർ ആണ്. വിസിറ്റർക്കും ചാൻസിലർക്കും ഉള്ള അധികാരങ്ങൾ ഏതാണ്ട് ഒരേപോലെയാണ്. പക്ഷേ, കർണ്ണാടകത്തിൽ ചെയ്തത് എന്താണ്? മന്ത്രി കൊണ്ടുവന്ന ഭേദഗതിയിൽ ചാൻസിലറുടെ കാര്യത്തിൽ ഒരു ഭേദഗതി ഇവിടെ കൊടുത്തിട്ടുണ്ട്. കൺസന്റ് വേണം എന്നുള്ള ഭാഗം ഒഴിവാക്കിയിട്ടുള്ളത് ചാൻസിലറുടെ കാര്യത്തിൽ എടുത്തിട്ടുണ്ട്. പക്ഷേ, വിസിറ്ററുടെ കാര്യത്തിൽ അത്തരം നില സ്വീകരിച്ചിട്ടില്ല. അങ്ങനെ വരുമ്പോൾ കർണ്ണാടക ആക്ടിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഒരു നില അവരുടെ ഏഴാം വകുപ്പിൽ പറയുന്നുണ്ട്; A Judge nominated by the Society shall be the Visitor of the School, provided that if he gives his consent, the Chief Justice of India shall be nominated as the Visitor. ഇവിടെ ജഡ്ജ് എന്നേ പറഞ്ഞിട്ടുള്ളൂ. സുപ്രീം കോടതിയുടെ ചീഫ് ജസ്റ്റിസ് കൺസന്റ് നൽകുകയാണെങ്കിൽ അദ്ദേഹം വിസിറ്റർ ആയിരിക്കും എന്നുള്ള രൂപത്തിലാണ്. ഇവിടെ അത്തരം ഒരു കൺസന്റ് വിസിറ്ററുടെ കാര്യത്തിൽ പറയുന്നില്ല. ചാൻസിലറുടെ കാര്യത്തിൽ consent എന്നത് ഡിലൈറ്റ് ചെയ്ത് വന്നിട്ടുണ്ട്. എനിക്ക് ഒരു അഭിപ്രായമുള്ളത് കർണ്ണാടക ബില്ലിൽ ഉള്ള വിസിറ്ററുടെ സംവിധാനം ഇവിടെ പകർത്തിവയ്ക്കേണ്ട കാര്യമില്ല. കേരളത്തിന്റെ ചീഫ് ജസ്റ്റിസ് അതിന്റെ ചാൻസിലറായിട്ട് നിൽക്കുകയാണ്. ഫയൽ വിളിച്ചുവരുത്താനോ അന്വേഷണം നടത്താനോ കാര്യങ്ങൾ പരിശോധിക്കാനോ ഉള്ള അവകാശത്തിനുമുകളിൽ ഭാവിയിൽ രണ്ട് അധികാര കേന്ദ്രങ്ങൾ തമ്മിൽ തർക്കം വരാനുള്ള സാദ്ധ്യത ഇതിൽ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു. ഇനി മറ്റൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഈ ആക്ടിൽ 41-ാമത്തെ സെക്ഷനിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള ബില്ലിൽ Institutions merged to the University എന്ന് പറഞ്ഞിട്ടുണ്ട്. അതിൽ ഒന്നാമത്തെ ഐറ്റം പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

Notwithstanding anything contained in the Cochin University of Science and Technology Act. 1986 (31 of 1986), the National Institute for Advanced Legal Studies at Kochi established by the Trust, from the date of commencement of this Act, shall stand merged to the University and shall cease to be an institution recognized by the Cochin University of Science and Technology. അതിന്റെ അർത്ഥം എന്താണ്? ബാർ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ളതാണ് ട്രസ്റ്റ്. അത് ഡിഫൈൻ ചെയ്തിട്ടുണ്ട്. ഈ ട്രസ്റ്റിന്റെ നിയന്ത്രണത്തിലുള്ളതാണ് കൊച്ചിൻ സർവ്വകലാശാലയുമായിട്ട് അഫിലിയേറ്റ് ചെയ്തിട്ടുള്ള National Institute of Advanced Legal Studies. അത് എങ്ങനെ ലയിക്കും എന്നാണ് നിയമത്തിൽ പറയുന്നത്. നാളെ ട്രസ്റ്റ് പോകും. പിന്നെ കൊണ്ടുവന്ന ഭേദഗതി പ്രകാരം ബാർ കൗൺസിലിന് എതിരാകും. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് കൊണ്ടുവന്നിട്ടുള്ള നിബന്ധനപ്രകാരം ബാർ കൗൺസിലിൽ 25 ആളുകളുണ്ട്. 25 ആളുകളും ഡെമോക്രാറ്റിക് ആയിട്ട് തെരഞ്ഞെടുക്കപ്പെടുന്നവരാണ്. ലോകസഭ പാസ്സാക്കിയിട്ടുള്ള 1968-ലെ അഡ്വക്കേറ്റ് ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള ബാർ കൗൺസിൽ ഉണ്ട്. ആ ബാർ കൗൺസിലിന്റെ ഭരണസമിതിയെയാണ് ഇവിടെ ഉൾപ്പെടുത്തിയത്. നിങ്ങൾ അവരെ എടുത്തുകളയുകയാണ്. ആ ബാർ കൗൺസിൽ ഉണ്ടാക്കിയിട്ടുള്ള ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കോളേജ് ഇങ്ങനെ ഏറ്റെടുക്കാൻ ഗവൺമെന്റിന് എന്താണ് അധികാരം? അത് നിലനിൽക്കാൻ പോകുന്നില്ല. ഇവിടെ നിയമത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽത്തന്നെ അത് സ്വാഭാവികമായിട്ടും പ്രശ്നങ്ങൾ ഉണ്ടാക്കും. അവരുമായിട്ട് കൺസന്റിൽ പോയാൽ കുഴപ്പമില്ല. പക്ഷേ, ആ കൺസന്റ് ഇല്ലാതാകുന്ന നിലപാടാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. അവരുടെ സമ്മതമില്ലാതെ ബാർ കൗൺസിൽ എന്നുപറയുന്ന സ്വതന്ത്രമായിട്ടുള്ള ഒരു എന്റിറ്റി നടത്തുന്ന ഒരു കോളേജ്, കൊച്ചിൻ സർവ്വകലാശാലയ്ക്ക് അഫിലിയേഷൻ ഉള്ള ഒരു കോളേജ്, ഈ നിയമം പാസ്സാകുന്നതോടുകൂടി അത് ഇങ്ങോട്ട് മെർജ് ചെയ്യും. ബാർ കൗൺസിൽ രൂപീകരിച്ചിട്ടുള്ള ട്രസ്റ്റിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനം ലയിപ്പിക്കാൻ ഞങ്ങൾക്ക് സമ്മതമല്ല എന്നു പറഞ്ഞാൽ എന്തു ചെയ്യും? ട്രസ്റ്റ് രൂപീകരിച്ചിട്ടുള്ളത് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് രജിസ്ട്രേഷൻ ആക്ട് പ്രകാരമാണ്. അതുകൊണ്ട് യഥാർത്ഥത്തിൽ നിലവിലുള്ള സംവിധാനങ്ങൾ, ഇതിൽ വിഭാവന ചെയ്യുന്ന സ്ഥാപനത്തിന്റെ മൗലികമായ അടിത്തറ, ഇല്ലാതാകുന്ന രൂപത്തിലേക്ക് ഒരു പഠനവും ഒരു എക്സർസൈസും നടത്താതെ ആരോ പറഞ്ഞതനുസരിച്ച് പകർത്തിക്കൊണ്ടു വന്നിട്ടുള്ള ഒരു നിയമമായിട്ട് ഇത് മാറിപ്പോകും എന്നുള്ളതുകൊണ്ട് എനിക്ക് സങ്കടമുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അറിയിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ എന്താണ് ഉദ്ദേശിച്ചത് എന്നുള്ളത് ഇവിടെ വിശദീകരിക്കണം. ഇനി ഇതിന്റെ തുടർച്ച വരുകയാണ്. All properties possessed and all rights of whatever kinds used or, enjoyed by and all interests of whatever kind owned by or vested in the National Institute for Advanced Legal Studies referred to in sub-section (1)

LIBRARY ARCHIVES Kerala Legislative Assembly

and all assets, liabilities, obligations etc. legally subsisting in the said institution shall pass to the University constituted under this Act എന്നു പറഞ്ഞുകൊണ്ട് ഇതെല്ലാം നമ്മൾ ഏറ്റെടുക്കുകയാണ്. മൂന്നാമത്തെ പ്രൊവൈസോ Notwithstanding anything contained in any other law for the time being in force, the Government, may, at any time, transfer to the University any institution or teaching department of a University subject to such terms and conditions as may be agreed upon between the Government and the institution or the University concerned as regard to its future maintenance and control. ഇതുപ്രകാരം ഏതു ഇൻസ്റ്റിറ്റ്യൂഷനും ഗവൺമെന്റുമായിട്ട് ധാരണ ഉണ്ടാക്കി ഏത് സ്ഥാപനവും ലായുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മൾ വിഭാവന ചെയ്യുന്ന സർവ്വകലാശാലയിൽ മെർജ് ചെയ്യാം എന്നുള്ളതാണ്. ലാ അക്കാഡമി വേണമെങ്കിൽ അതിന്റെ കൂട്ടത്തിൽ അവർക്ക് സമ്മതമാണെങ്കിൽ കൊണ്ടുപോകാം. യൂണിവേഴ്സിറ്റിയുടെ കൺസന്റ് ഇല്ലാതെ മറ്റ് ഏതൊരു സ്ഥാപനവും മറ്റ് ഏത് നിയമം ഉണ്ടായിരുന്നാലും അതിൽ മെർജ് ചെയ്യാൻവേണ്ടി അവർ പരസ്പരം സമ്മതിച്ചാൽ സാദ്ധ്യമാകുന്ന രൂപത്തിലേക്കുള്ള ഒരു പ്രൊവൈസോ ഇതിൽ വച്ചതിൽ എന്താണ് ഉദ്ദേശമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇനിയിപ്പോൾ ലാ കോളേജ് ഉണ്ടാകേണ്ട കാര്യമില്ലല്ലോ. എൽ. എൽ. ബി. കോഴ്സ് നടത്താൻവേണ്ടി ഇത്തരം ഒരു യൂണിവേഴ്സിറ്റി വേണ്ട. അതിനു മുകളിലുള്ള പോസ്റ്റ് ഗ്രാഡുവേറ്റ് പഠനവും ഗവേഷണ പഠനവും നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലുള്ള നിയമത്തിന്റെ പുതിയ മേഖലയിലുള്ള പഠനവും അനിവാര്യമാണ്. ആ പഠനം നിലവിലുള്ള ലാ കോളേജിൽ നടത്താൻ പറ്റില്ല. നിലവിലുള്ള ലാ കോളേജുകളിൽ പഠിപ്പിക്കുന്നത് നമ്മുടെ പാർലമെന്റും നിയമസഭയും ഒക്കെ അംഗീകരിച്ചിട്ടുള്ള നിയമങ്ങളാണ്. ആ പഠനം പുതിയ മേഖലയിലേക്കുള്ള പഠനമായിട്ട് മാറുന്നില്ല. ഇപ്പോൾ ഗവൺമെന്റ് ലാ കോളേജും ഒക്കെ കേരളത്തിൽ ഒരുപാട് ഉണ്ടല്ലോ. അവിടെനിന്നുതന്നെ ആവശ്യത്തിലധികം ആളുകൾ പുറത്തേക്കുവരുന്നുണ്ടല്ലോ. അവിടെ ഇപ്പോൾ Criminal Procedure, Civil Procedure, International Law, Administrative Law, Transfer of Property നിയമം ഇവയൊക്കെ പഠിപ്പിക്കുന്ന ആ പ്രൊസീഡുവർ തുടർന്നുകൊള്ളും. അതിന് ഇത്തരം ഒരു സർവ്വകലാശാല ആവശ്യമില്ല. സർവ്വകലാശാലയുടെ ആവശ്യം വരുന്നത് യഥാർത്ഥത്തിൽ നിലവിലുള്ള നിയമങ്ങളെ സംബന്ധിച്ച് ക്രിമിനൽ പ്രൊസീഡുവർ കോഡ് ആണെങ്കിലും ഐ.പി.സി. ആണെങ്കിലും Transfer of Property Act ആണെങ്കിലും Administrative Law ആണെങ്കിലും International Law ആണെങ്കിലും ബ്രിട്ടീഷ് ഭരണത്തിനുശേഷം അതല്ല എങ്കിൽ സ്വതന്ത്ര ഇൻഡ്യയുടെ കഴിഞ്ഞ 58 വർഷക്കാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമങ്ങളിൽ എന്തെല്ലാം മാറ്റം ഉണ്ടാകണം എന്നത് പ്രസക്തമായിട്ടുള്ള ഒരു പ്രശ്നമാണ്. ഇപ്പോൾ മരുന്നുകളെക്കുറിച്ച് ഈ സഭതന്നെ ചർച്ചചെയ്തു. മരുന്നുകളുടെ നിർമ്മാണവും

LIBRARY ARCHIVES Kerala Legislative Assembly

വിതരണവും സംബന്ധിച്ചുള്ള പ്രശ്നം ഈ സഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ പറഞ്ഞത് ബ്രിട്ടീഷുകാരന്റെ നിയമമാണോ? അതിന് ഒരു മാറ്റവും വന്നിട്ടില്ല; അതിന് മാറ്റം വരുത്താൻകഴിയുന്ന രൂപത്തിലേക്ക് ബ്രിട്ടീഷുകാരന്റെ കാലത്തുള്ള നിയമങ്ങളും അതുപോലെ സ്വതന്ത്ര ഇൻഡ്യയുടെ 58 വർഷക്കാലത്തെ അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ നിയമങ്ങളിൽ മാറ്റം വരുത്താൻ കഴിയുന്ന രൂപത്തിൽ മൗലികപഠനം സാദ്ധ്യമാകുന്ന പോസ്റ്റ് ഗ്രാഡുവേറ്റ് ലെവലിലും റിസർച്ച് ലെവലിലും ഉള്ള ഒരു സ്ഥാപനമായിട്ട് ഇതിനെ കൊണ്ടുവരിക എന്നുപറയുന്ന മൗലികമായ ഉദ്ദേശത്തെ വെല്ലുവിളിക്കുന്ന രൂപത്തിലുള്ള വകുപ്പുകളാണ് 41(3)-ലും 41(1)-ലും എല്ലാം ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. ദേവകുമാർ: 41(3)-ൽ അങ്ങ് ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ, അങ്ങ് അതിനെക്കുറിച്ച് നന്നായി വിശദീകരിച്ചു. ....to the University any institution or teaching department of a University......... എന്നുപറഞ്ഞാൽ നിലവിലുള്ള യൂണിവേഴ്സിറ്റികളിലെ ലാ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ ഒരു പരസ്പരധാരണ ഉണ്ടാക്കിയാൽ അതിലേക്ക് മെർജ് ചെയ്യാം എന്നാണോ ഈ 41(3) പറഞ്ഞിരിക്കുന്നത്. ഒരു യൂണിവേഴ്സിറ്റി എന്നുപറയുമ്പോൾ ഇപ്പോൾ നിലവിലുള്ള ലാ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ ഇതിലേക്ക് കൊണ്ടുവരാൻവേണ്ടി ഇങ്ങനെ ഒരു ആശയക്കുഴപ്പം ഇവിടെ സൃഷ്ടിച്ചുവച്ചിരിക്കുന്നതിനെ സംബന്ധിച്ച് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ മത്തായി ചാക്കോ: ആശയക്കുഴപ്പങ്ങൾ ഈ പറഞ്ഞ പ്രശ്നത്തിലും ഉണ്ട്. University-യിലെ teaching department അങ്ങോട്ട് മെർജ് ചെയ്യാം, ലാ അക്കാഡമിയുടെ കാര്യത്തിൽ അങ്ങനെയാകാം. പലതരത്തിൽ എന്തുമാകാം എന്ന രൂപത്തിലാണ്. പക്ഷേ, അതിന് വ്യക്തതയുള്ള ഒരു നിലയായിട്ട് കാണുന്നില്ല എന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. മറ്റൊരു പ്രശ്നം ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത് യു.ഡി.എഫ്.-ന്റെ ആളുകൾ ഇപ്പോൾ ചർച്ച നടക്കുമ്പോൾത്തന്നെ ഇവിടെ ബഹളം വച്ചതിന്റെ ഉദ്ദേശം ഇതാണ്. ഒന്ന്, കേരള സ്റ്റേറ്റ് ബാർ കൗൺസിലിന്റെ അംഗങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളിച്ചതാണ്. അന്ന് ഒരു ഒബ്ജക്ഷനും നിങ്ങൾ പറഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞില്ല. ശ്രീ. കെ. സി. ജോസഫും പറഞ്ഞില്ല. സബ്ജക്ട് കമ്മിറ്റിയിൽ നമ്മൾ ഏകീകരിച്ച് ഉണ്ടാക്കിയിട്ടുള്ള ധാരണയിൽനിന്നും വ്യത്യസ്തമായിട്ട് ഇപ്പോൾ സർക്കുലേറ്റ് ചെയ്തപ്പോൾ അതിൽ 5 അംഗങ്ങളായിട്ട് ചുരുക്കി, ബാർ കൗൺസിലും നിയമ മന്ത്രിയുടെ യോഗത്തിലുമെല്ലാം നിർദ്ദേശിച്ചതനുസരിച്ച് ഈ ബിൽ കൊണ്ടുവന്നു എന്ന് ഇതിന്റെ തുടക്കത്തിൽത്തന്നെ പറയുന്നുണ്ടല്ലോ. അങ്ങനെ പറയുമ്പോൾ ബാർ കൗൺസിലിന് അതിൽ പ്രാമുഖ്യമുണ്ടാകണം. അതിൽ നമ്മൾ പേടിക്കേണ്ട കാര്യമൊന്നുമില്ല. ബാർ കൗൺസിൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയല്ലല്ലോ,

LIBRARY ARCHIVES Kerala Legislative Assembly

അത് സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ഒരു സംവിധാനമാണ്. കേരളത്തിലെ മുഴുവൻ വക്കീലൻമാരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനമാണ്. സനത് കൊടുക്കുന്നതുപോലും അവരല്ലേ? വക്കീലൻമാർക്ക് പ്രാക്ടീസ് ചെയ്യാൻ വേണ്ടിയുള്ള സനത് കൊടുക്കുന്നത് ബാർ കൗൺസിലാണല്ലോ. ജഡ്ജസിനോ കോർട്ടിനോ അതിൽ ഒന്നും ചെയ്യാനില്ല. നേരത്തെ പറഞ്ഞിട്ടുള്ള ലീഗൽ എത്തിക്സ് നോക്കുന്നത് അവരാണ്. കക്ഷികളിൽനിന്ന് കാശ് വാങ്ങുന്നത് സംബന്ധിച്ചും, ബോർഡ് വയ്ക്കുന്നതു സംബന്ധിച്ചുപോലും അതിനുമുകളിൽ നിയമമുണ്ട്. വക്കീലിന്റെ ബോർഡ് ഡോക്ടർ വയ്ക്കുന്നതുപോലെ വലിയ ബോർഡായിട്ട് വച്ചുകൂടാ എന്നുണ്ട്. വക്കീലൻമാരുടെ വീടുകളിൽ വയ്ക്കുന്ന ബോർഡിന്റെ സൈസിനെ സംബന്ധിച്ചെല്ലാം നിർവ്വചിക്കുന്ന ലീഗൽ എത്തിക്സ് കൈകാര്യം ചെയ്യുന്നത് ബാർ കൗൺസിലാണ്. കക്ഷികളും വക്കീലും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നത് അവരാണ്. അങ്ങനെ ഒരു യഥാർത്ഥ സ്റ്റാറ്റ്യൂട്ടറിബോഡിയായിട്ടുള്ള ഈ ബാർ കൗൺസിലിനെ വല്ലാതെ തരംതാഴ്ത്തുന്ന രൂപത്തിലുള്ള ഒരു നിലയാണ് ബാർ കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഇതിൽനിന്ന് മാറ്റിയിട്ട് അതിൽനിന്ന് ചാൻസിലർ നോമിനേറ്റ് ചെയ്യുന്ന 5 പേർ എന്ന നിലയ്ക്കുള്ള ഈ ഭേദഗതി കൊണ്ടുവന്നത്. അതിൽ രാഷ്ട്രീയ ഉദ്ദേശമുണ്ടെന്ന് ഞാൻ ആദ്യം ശങ്കിച്ചിരുന്നില്ല; പക്ഷേ, ശ്രീ. കെ. സി. ജോസഫിന്റെ പിടപ്പ് കാണുമ്പോൾ എന്തോ ഒരു ഗൂഢലക്ഷ്യം നിങ്ങൾക്കുണ്ട് എന്നുള്ളത് വ്യക്തമാകുകയാണ്. 'ഗ്രേറ്റർ കൊച്ചിൻ ഏരിയ' എന്നുള്ളതൊക്കെ നിർവ്വചിക്കണം, അതിൽത്തന്നെ അവ്യക്തത ഉണ്ട്. എറണാകുളം ജില്ലയിൽനിന്നുള്ള എം.എൽ.എ.-മാർ കുറേ ഗ്രേറ്റർ കൊച്ചിൻ ഏരിയായിൽനിന്ന് എന്നാണ് പറയുന്നത്. വിശാല കൊച്ചി ഏരിയയിൽ വരുന്ന മണ്ഡലങ്ങളാണ് അവ. അതിപ്പോൾ പുനഃസംഘടന വരുമ്പോൾ എന്താകും എന്നുള്ളത് സംബന്ധിച്ച്, എറണാകുളം ജില്ല എന്തെങ്കിലും കൊടുക്കാനുള്ള ഒരു നില ഉണ്ടാക്കണം. ശ്രീ. കെ. സി. ജോസഫ് ഇരിക്കൂർകാരനല്ല, കോട്ടയംകാരനാണെന്ന് എനിക്ക് നല്ലവണ്ണം അറിയാം. ഇരിക്കൂറിൽ ഒരു പ്രവാസിയെപ്പോലെ പോകുന്നു എന്നു മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് കുറച്ചു കാര്യങ്ങൾ പറഞ്ഞു. അതിൽ ഒന്ന് നീതിന്യായ വ്യവസ്ഥയെ സംബന്ധിച്ചുള്ള കാര്യമാണ്. അതിൽ നിയമം പുതുക്കിക്കൊണ്ടുവരുന്നതിനെക്കുറിച്ചൊക്കെ പറഞ്ഞു. ഞാൻ പൊളിറ്റിക്സ് അല്ല പറയുന്നത്, നമ്മൾ ഈ നിയമസഭ ചർച്ചചെയ്തുതന്നെ പോകേണ്ട നീതിന്യായ വ്യവസ്ഥ സംബന്ധിച്ചുള്ള വലിയ ഡിസ്കഷൻ നമ്മുടെ രാജ്യത്തുതന്നെ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ഒരു പ്രശ്നം ഈ ജുഡീഷ്യറി സംവിധാനങ്ങൾക്ക് ജനങ്ങളോട് വല്ല കമിറ്റ്മെന്റും ഉണ്ടോ എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചാണ്. ഇപ്പോൾ ഭരണഘടനയുടെ Separation of Powers, എക്സിക്യൂട്ടീവിനും, ലെജിസ്ലേച്ചറിനും, ജുഡീഷ്യറിക്കും കൊടുത്തിട്ടുള്ള അധികാരങ്ങളെ സംബന്ധിച്ചുള്ള പരിധികൾ, ആ പരിധിയെ മറികടന്നുകൊണ്ട് യഥാർത്ഥത്തിൽ രാജ്യത്തെ ചില കോടതികൾ നിയമനിർമ്മാണംപോലും നടത്തുന്ന രൂപത്തിലേക്ക് വരുന്നു. നിയമനിർമ്മാണം നടത്താനുള്ള വേദി ലെജിസ്ലേച്ചറാണ്. നിയമനിർമ്മാണം നടത്താൻ അവകാശപ്പെട്ടവരാണ് തങ്ങൾ എന്നുള്ള നിലയ്ക്ക് ചില ജഡ്ജിമാർ സുപ്രീം കോടതിയിലും ഹൈക്കോടതിയിൽപ്പോലും കയറി പിടിക്കുകയാണ്. ബീഡി വലിക്കാൻ പാടില്ല എന്നുപറയാൻ ജഡ്ജിക്ക് എന്താണ് അവകാശം. ഈ രൂപത്തിലേക്ക് ഏതിനും ഞങ്ങളാണ് ഇതിന്റെ ആളുകൾ എന്ന നിലയ്ക്ക് ലെജിസ്ലേച്ചറിന്റെ മുകളിലേക്ക് കയറുകയാണ്. ആരോടും ബാദ്ധ്യതയില്ല എന്നുള്ള മട്ടിലാണ്. അതിൽ ഒരു രജതരേഖയായിട്ട് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഹിന്ദു പത്രത്തിൽ വന്ന ഒരു വാർത്തയാണ്. മദ്രാസ് ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസ് മാർക്കണ്ഡേയ കാഡ്ജു, അദ്ദേഹത്തിന്റെ ഒരു പ്രസംഗം വന്നിരുന്നു, അത് കഴിഞ്ഞ ജൂലായ് മാസം 25-ാം തീയതി അങ്ങ് ഈ ബിൽ അവതരിപ്പിച്ചതിനുശേഷമാണ്. ആ പ്രസംഗം മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിന്റെ ഒന്നാം ആനിവേഴ്സറിയോട് അനുബന്ധിച്ച് അദ്ദേഹം നടത്തിയതാണ്. അതിൽ വളരെ പോസിറ്റീവായി ഒരു കാര്യം പറഞ്ഞിരിക്കുന്നു: People can criticise Judges to task if they fail to perform properly. ജനങ്ങൾക്ക് ജഡ്ജിമാരെ വിമർശിക്കാനുള്ള അവകാശം ഉണ്ട് എന്ന് മദ്രാസ് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് പറഞ്ഞിരിക്കുന്നത് നല്ല ഒരു കാര്യമാണോ? നമുക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? ഇവിടെയാണെങ്കിൽ അന്നേരംതന്നെ പോയി കോടതിയലക്ഷ്യത്തിന് കേസ് എടുക്കുന്ന തരത്തിലേക്കുള്ള ഒരുതരം ബ്രിട്ടീഷ് ഡമ്പത്തം വച്ചുപുലർത്തുന്ന ജഡ്ജിമാർ ഈ രാജ്യത്തിന്റെ പല ഭാഗത്തുമില്ലേ? അത് യഥാർത്ഥത്തിൽ പരിഹരിക്കപ്പെടേണ്ടതാണ്. രണ്ടു കാര്യംകൂടി അദ്ദേഹം പറഞ്ഞു. There is separation of powers under the Constitution and I always believe that Judges must not enter into the executive or legislative domain, but for some exceptional cases. ഞാൻ ചീഫ് ജസ്റ്റീസ് വേണ്ടെന്നു പറഞ്ഞിട്ടില്ല. ഇതിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റൊരു കാര്യം The Judges cannot take excuse over the lack of strength for taking too long to decide on cases. വളരെ പ്രധാനമാണ്, ഇന്നലെ അംഗങ്ങൾക്കു വിതരണം ചെയ്തിട്ടുള്ള നമ്മുടെ ആ കവറിൽ കേരളത്തിലെ ജുഡീഷ്യൽ സർവ്വീസിന്റെ ഭരണ റിപ്പോർട്ട് ഉണ്ട്. അത് എന്റെ കൈയിലും ഉണ്ട്. എത്രയോ കേസുകൾ കെട്ടിക്കിടക്കുകയാണ്. ഇത് യഥാർത്ഥത്തിൽ ചില ജഡ്ജസ് കേസുകൾ നീട്ടിക്കൊണ്ടുപോകുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുകയാണ്. ഇപ്പോൾ വളരെ പ്രമാദമായിട്ടു വന്ന നമ്മുടെ സുഹൃത്തിന്റെ കേസ് നാലു കൊല്ലമായില്ലേ, ഇനി അസംബ്ലി തെരഞ്ഞെടുപ്പു നടക്കാൻ പത്ത് മാസമല്ലേയുള്ളു. ഇപ്പോൾ ഒരു വിധി വന്നു. എത്ര മാസം അത് വിധി പറയാൻവേണ്ടി മാറ്റിവച്ചു എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കണ്ടേ? ഞാൻ ആരെക്കുറിച്ചും ആക്ഷേപം ഒന്നും പറയുന്നില്ല, എട്ടു മാസം വച്ചുകൊണ്ട് അടയിരുന്നു, അടയിരുന്ന ആള് റിട്ടയർ ചെയ്ത് പോയി. ഈ കേസാണെന്ന് ഞാൻ പറയുന്നില്ല. ഇവിടെ നമ്മൾ പൊതുവിൽ ജസ്റ്റീസ് കാഞ്ചുവിന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും എല്ലാം സർവ്വീസ് നടത്തിയിട്ടുള്ള ജഡ്ജസ് റിട്ടയർ ഏജ് കഴിഞ്ഞിട്ട് ഏതെങ്കിലും ഔദ്യോഗിക സ്ഥാനങ്ങൾ സ്വീകരിച്ചുകൂടാ എന്നുള്ള ഒരു കോൺസപ്റ്റ് നമുക്ക് ഉയർത്തിപ്പിടിക്കാൻ കഴിയണം. ഇലക്ഷൻ കേസിൽ വിധി പറയേണ്ട ഒരാളെ ഇവിടെ ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ ആളായിട്ട് ഈ ഗവൺമെന്റ് വച്ചിട്ടുണ്ട്, അദ്ദേഹം ചെയർമാനായിട്ട് തുടരുകയാണ്. ഇതെല്ലാം രാഷ്ട്രീയ നേതൃത്വവുമായി ബന്ധപ്പെട്ടുപോകേണ്ട പ്രശ്നങ്ങളല്ല, ഭരണപരമായിട്ടുള്ള ഒരു ജുഡീഷ്യൽ സംവിധാനത്തിന്റെ ഭാഗമായിട്ട് വരുന്ന ആളുകൾ ഒരു കാരണവശാലും സ്വാധീനിക്കപ്പെടരുത് എന്നുള്ളതുകൊണ്ടാണ് ഇത്തരം പുനർ നിയമനത്തിനുള്ള അവകാശം യഥാർത്ഥത്തിൽ മാറ്റിക്കൊടുക്കപ്പെടുന്നത് എന്നുള്ളതാണ് സത്യം. പാർലമെന്റിൽ ഈ കഴിഞ്ഞ സെഷനിൽത്തന്നെ ചർച്ച വന്നു, ജുഡീഷ്യൽ ആക്ടിവിസത്തിന്റെ ഭാഗമായി ജഡ്ജസ് വല്ലാത്ത ഒരു നിലയിലേക്ക് കടന്നുപോകുകയാണ് എന്ന്. അങ്ങനെ പരിശുദ്ധിയെല്ലാം ഉണ്ടെന്നു പറയാൻ കഴിയുന്ന സ്ഥാപനങ്ങൾ ഇൻഡ്യൻ ജുഡീഷ്യറിയിലുണ്ടോ? എല്ലാവർക്കും അറിയുന്ന കാര്യങ്ങളാണ്. ഇപ്പോൾ ഹൈക്കോടതിയിൽ ഒരു കേസ് കൊടുക്കാൻ വേണ്ടി നമ്മൾ ബന്ധപ്പെടുമ്പോൾ പൊതുവിൽ വക്കീലൻമാർ എന്താ ചെയ്യുന്നത്— താഴെ കോടതിയിൽ അല്ല, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ജില്ലാ കോടതിയിലോ ഇങ്ങനെ ഒരു ഏർപ്പാട് ഉണ്ടോ? ജഡ്ജസ് മാറട്ടെ, ബഞ്ച് മാറട്ടെ എന്നു പറയുന്നത് എന്തു ന്യായത്തിന്റെ അടിസ്ഥാനത്തിലാണ്. ഏതെങ്കിലും ഒരു ജഡ്ജിയുടെ ബഞ്ചിലേക്ക് ഈ കേസ് വന്നാൽ അനുകൂലമായിട്ടുള്ള പ്രതികരണം ഉണ്ടാകുമെന്നുള്ളത് ഇവിടെ വക്കീലൻമാരടക്കമുള്ളവരുടെ ചർച്ചയുടെ ഭാഗമല്ലേ? നല്ല ജാഗ്രതയുണ്ടാകണ്ടേ, ജഡ്ജിമാരായി, ഞാൻ പറയുന്നത്, ജസ്റ്റീസ് കാഞ്ചുവിന്റെ ലെവലിൽ ചിന്തിക്കുന്ന, സാമൂഹ്യപ്രതിബദ്ധതയുള്ള, ഇതുസംബന്ധിച്ചുള്ള ശരിയായ നിലപാട് സ്വീകരിക്കുന്ന ആളുകൾ വരണം. ഹൈക്കോടതിയിൽ നടക്കുന്ന കാര്യങ്ങളുടെ ഉള്ളിലേക്ക് പോകേണ്ട കാര്യമില്ല. ഈ സഭയുടെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഹൈക്കോടതിയിലെ കേസ് പരിഗണിക്കുന്ന സമയത്ത് എല്ലാ വിഭാഗത്തിലുംപെട്ടിട്ടുള്ള വക്കീലൻമാരും ബഞ്ച് മാറട്ടെയെന്നു പറയുന്ന, ഒരാൾ മാറി വേറൊരാൾ വരട്ടെയെന്ന് പറയുന്ന സ്ഥിതിവിശേഷത്തിലേക്ക് ഹൈക്കോടതി വന്നിട്ടുണ്ടെങ്കിൽ അവിടെയെന്തോ ചീഞ്ഞുനാറുന്നുണ്ട് എന്നുള്ളത് സംശയമില്ലാതെ എനിക്കു പറയാൻ കഴിയും. ഞാൻ വേറൊന്നും പറയുന്നില്ല. പേരുകളും പറയുന്നില്ല. അത്തരം ഒരു അവസ്ഥ നമുക്ക് ഒഴിവാക്കാൻ കഴിയണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ട്രസ്റ്റുകളെക്കുറിച്ച് പറഞ്ഞു. ഈ ട്രസ്റ്റുകൾ മൊത്തം പ്രശ്നങ്ങൾ നിറഞ്ഞതാണ്. നല്ല ജാഗ്രത നമുക്ക് ട്രസ്റ്റുകളുടെ മുകളിൽ ഉണ്ടാകണം. ഇപ്പോൾ കേരളമാകെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രശ്നം ചെറായിയിലെ ഒരു എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിനെക്കുറിച്ച് നിങ്ങൾ കേൾക്കണം. ഒരു ട്രസ്റ്റ് അവിടെ ഉണ്ടാക്കി ഉദ്ഘാടനവും നടത്തി. അവർ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ അപേക്ഷ കൊടുക്കുന്നു. എന്നിട്ട് 100 കോടി രൂപ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് എന്നു പറയുന്ന, ഇന്ന് കേരളം മുഴുവൻ വെറുക്കുന്ന ഒരു ചിട്ടികമ്പനിക്ക്—ഹിമാലയൻ ചിട്ടികമ്പനിക്കാർക്ക്—100 കോടി രൂപയുടെ വരുമാനം. ഞാൻ പത്രത്തിൽ വായിച്ചതാണ്. കൃത്യമായിട്ട് പറയാൻ പറ്റില്ല. എന്നിട്ട് അൻപത് കോടി അനുവദിച്ച കൂട്ടർക്ക് കൊടുക്കുക. 50 കോടി രൂപ അനുവദിച്ച കേന്ദ്രത്തിന്റെ ഭാഗത്തായിട്ട് പോയിട്ടുണ്ടാകും. ഇതിന് ഇടനിലനിന്നിട്ടുള്ള ഒരു പ്രമാണിക്ക് 10 കോടി രൂപ കൊടുത്തു എന്നാണ് പത്രങ്ങളിൽ കാണുന്നത്. ഇതെന്താണ്? ഇത് വെള്ളരിക്കപ്പട്ടണമായിട്ടു മാറിയോ? അത് വാങ്ങിയ ആളുകൾ കേരളത്തിൽ ഓടിനടന്ന് തത്ത്വശാസ്ത്രം പ്രസംഗിക്കുകയാണ്. അഴിമതിവിരുദ്ധ പ്രസംഗം നടത്തുകയാണ്. ഇതെന്താണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? അതുകൊണ്ട് ട്രസ്റ്റ് എന്നു പറയുമ്പോൾ നമുക്ക് ജാഗ്രത വേണം. ഞാൻ പേരൊന്നും പറഞ്ഞ് പ്രശ്നം ഉണ്ടാക്കുന്നില്ല. പക്ഷേ, രാഷ്ട്രീയസ്വാധീനം ഉപയോഗിച്ചുകൊണ്ട് കാപട്യം കാണിക്കാനും വഞ്ചന നടത്താനും കമ്മീഷൻ പറ്റാനുമുള്ള ഒരു സംവിധാനമായിട്ട് ട്രസ്ററുകൾ മാറുന്ന ഈ കാലഘട്ടത്തിൽ നമുക്കൊരു ജാഗ്രത ആ പ്രശ്നത്തിൽ ഉണ്ടാകണം. ഈ ബില്ലിനെ സംബന്ധിച്ച് പൊതുവിൽ ഞങ്ങൾക്ക് അതിനോട് അനുകൂലമായിട്ടുള്ള നിലപാട് ഉണ്ടായിരുന്നു. പക്ഷേ, ബില്ലിന്റെ നിർവ്വചനത്തിന്റെ കാര്യത്തിൽ അതിനെ സെൽഫ് ഫിനാൻസിംഗ് സർവ്വകലാശാല എന്ന നിലയ്ക്ക് നിറുത്താൻ വേണ്ടിയിട്ടുള്ള ഗവൺമെന്റിന്റെ നിക്ഷിപ്ത താൽപ്പര്യത്തോട് ഞങ്ങൾക്ക് എതിർപ്പുണ്ട്. ബാർ കൗൺസിലിന് അർഹമായിട്ടുള്ള പ്രാതിനിധ്യം കൊടുക്കാത്തതിന്റെ പ്രശ്നം പുനഃപരിശോധിക്കാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകണം. നിയമനങ്ങളിൽ കൊടുക്കേണ്ട സംവിധാനങ്ങളെ സംബന്ധിച്ചിടത്തോളം ജാഗ്രതാപൂർണ്ണമായിട്ടുള്ള നിലപാട് ഉണ്ടാക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ കാര്യങ്ങളിലുള്ള വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഞങ്ങൾക്ക് ഈ ബില്ലിന്റെ സമീപനത്തോടുള്ള വിയോജിപ്പ് ബഹുമാന്യനായ ശ്രീ. മത്തായി ചാക്കോ ഇവിടെ രേഖപ്പെടുത്തി പറയുകയുണ്ടായി. ഞാൻ അതിനോട് യോജിക്കുകയാണ്. തത്ത്വത്തിൽ ഈ ബില്ലിനെ ഞങ്ങൾ എതിർക്കുന്നില്ല. അതിന്റെ ഉള്ളടക്കത്തെയും സമീപനത്തെയുമാണ് ഞങ്ങൾ എതിർക്കുന്നത്. ഒരു പുതിയ യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ബില്ലാണിത്. നമ്മുടെ ബഹുമാന്യനായ മന്ത്രി വളരെ വിശാലമായിട്ടുതന്നെ ആ യൂണിവേഴ്സിറ്റിയുടെ പ്രവർത്തന മേഖലകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ ബിൽ അനുസരിച്ച് സ്ഥാപിക്കുന്ന യൂണിവേഴ്സിറ്റി ഏത് വിഭാഗത്തിൽപ്പെട്ടതാണ് എന്നതിനെ സംബന്ധിച്ച് നമുക്കാർക്കും ഒരു സംശയവുമില്ല. ഇത് സ്വകാര്യ മേഖലയിൽത്തന്നെ സ്ഥാപിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സർക്കാർ യൂണിവേഴ്സിറ്റിയാണെന്ന് സംശയം ഉണ്ടാകുന്ന രീതിയിലുള്ള ചില ഘടകങ്ങൾ ഇതിൽ അടിഞ്ഞുകൂടിയിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. സർക്കാർ മേഖലയിലല്ല, സ്വകാര്യമേഖലയിൽത്തന്നെയാണെന്ന് ഈ യൂണിവേഴ്സിറ്റിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ഈ നിയമം നിലനിൽക്കുമോയെന്നുള്ള സംശയം എനിക്കുണ്ട്. നമുക്കറിയാം, സംസ്ഥാന ബാർ കൗൺസിലിന്റെ കീഴിലുള്ള ഒരു ട്രസ്റ്റിന്റെ കീഴിലാണ് ഈ യൂണിവേഴ്സിറ്റി ആരംഭിക്കാൻ പോകുന്നത്. നമ്മുടെ സംസ്ഥാന ബാർ കൗൺസിലിന് അതിനുള്ള അധികാരമുണ്ടോ, അവകാശമുണ്ടോ എന്നുള്ള സംശയമാണ് എനിക്ക് ആദ്യമായി ഉന്നയിക്കാനുള്ളത്. നാഷണൽ ബാർ കൗൺസിലിന് നിയമപഠനത്തിനും ഉന്നതപഠനത്തിലും അതിന്റെ ഗവേഷണത്തിനുമെല്ലാം തന്നെ യൂണിവേഴ്സിറ്റികളും അതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്താൻ അധികാരം കൊടുക്കുന്നുണ്ട്. എന്നാൽ സംസ്ഥാന ബാർ കൗൺസിലിന് അതിനുള്ള അധികാരവും അവകാശവുമുണ്ടോയെന്നുള്ളത് എനിക്ക് സംശയമാണ്. അത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതുപോലെതന്നെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം മാത്രമല്ല എല്ലാ മേഖലയും സ്വകാര്യവൽക്കരിക്കുകയെന്നുള്ള നയമാണ് നിലനിൽക്കുന്നത്. നമുക്കറിയാം, നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് വന്നശേഷം ആരംഭിച്ച സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിൽ ഈ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഉണ്ടായ കലുഷമായിട്ടുള്ള അന്തരീക്ഷം. മഹാഭൂരിപക്ഷം വരുന്ന പാവപ്പെട്ട ആളുകൾക്കു പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെടുകയും സമ്പത്തുള്ള ആളുകൾക്ക് മാത്രം പഠിക്കാനുള്ള അവസരം പ്രൊഫഷണൽ മേഖലയിൽ ഉണ്ടാക്കുകയും ചെയ്തപ്പോൾ അതിനെതിരായി ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ നമ്മുടെ മുന്നിലുണ്ട്. തീർച്ചയായും ഒരു പുതിയ നിയമ യൂണിവേഴ്സിറ്റി കൊണ്ടുവരുമ്പോഴും നേരത്തെ പ്രൊഫഷണൽ കോളേജുകൾ ആരംഭിച്ചപ്പോൾ ഉണ്ടായ ആ അവസ്ഥ കേരളത്തിൽ വീണ്ടും സംജാതമാകുമെന്ന മുന്നറിയിപ്പ് നൽകാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കാരണം സ്വകാര്യമേഖലയിലാണ് യൂണിവേഴ്സിറ്റി വരാൻ പോകുന്നത്. അവിടെ പാവപ്പെട്ട ആളുകൾക്ക് പഠിക്കാൻ അല്ലെങ്കിൽ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദമായി പറഞ്ഞ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാകുമോയെന്നുള്ള കാര്യം സംശയമാണ്. അതുപോലെതന്നെ ഒരു നിയമനിർമ്മാണം നമ്മൾ നടത്തുന്ന സന്ദർഭത്തിൽ എന്നെക്കാൾ നിയമനിർമ്മാണത്തെ സംബന്ധിച്ച് വിവരമുള്ള ആളുകളാണ് ഈ സഭയിലുള്ളത്. നമ്മൾ ഉപാധിയോടെയുള്ള നിയമനിർമ്മാണം നടത്തുന്നത് ശരിയാണോ? അങ്ങനെ ഉപാധിയോടുകൂടിയുള്ള നിയമനിർമ്മാണം നടത്താൻ പാടില്ലായെന്നുള്ള നയംതന്നെയുണ്ട്. നമുക്ക് ഇവിടെ കാണാൻ കഴിയുന്നത് ഉപാധിയോടുകൂടിയുള്ള ഒരു നിയമനിർമ്മാണമാണ്. നമുക്കറിയാം, ഇവിടെ യൂണിവേഴ്സിററിയുടെ ഒരു വിസിറ്ററെ വയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആരാണ് വിസിറ്റർ എന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. അത് കൃത്യമായിട്ട് ബില്ലിൽ, 7-ാം വകുപ്പിൽ പറയുന്നുണ്ട്. വിസിറ്റർ എന്നുപറയുന്ന ആൾ Visitor of the University –Subject to his consent, the Chief Justice of India shall be the Visitor of the University. അദ്ദേഹത്തിന്റെ സമ്മതമുണ്ടെങ്കിൽ വിസിറ്റർ ആയിട്ടു വരാമെന്നാണ്. അങ്ങനെ ഒരു നിയമനിർമ്മാണം നടത്താൻ നമുക്ക് എന്ത് അധികാരമാണുള്ളത്? അല്ലെങ്കിൽ ഒരു നിയമനിർമ്മാണമുണ്ടാക്കുമ്പോൾ 'വരും', 'സമ്മതംകിട്ടിയാൽ', എന്നൊക്കെപ്പറഞ്ഞ് നിയമനിർമ്മാണം നടത്തിയ ചരിത്രമുണ്ടോ? വരുമെന്നുള്ള പ്രതീക്ഷയോടുകൂടി അയാൾ കൺസെന്റ് തരുമെന്നെല്ലാം പറഞ്ഞ് ഒരു നിയമനിർമ്മാണം നമ്മുടെ അസംബ്ലിയിൽ നടത്തുന്നത് ശരിയാണോ എന്നുള്ളത് എന്നേക്കാൾ കൂടുതൽ നിയമത്തെക്കുറിച്ച് അറിയാവുന്ന ശ്രീമാൻ അഗസ്തി, അങ്ങുതന്നെ അത് വ്യക്തമാക്കണം. നമ്മുടെ ഈ നിയമസഭയ്ക്ക് കോമ്പീറ്റൻസിയില്ലാത്ത നിയമനിർമ്മാണം നടത്തുന്നത് ശരിയല്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ചീഫ് ജസ്റ്റിസിന് വിസിറ്ററായിട്ട് വരാൻ സമ്മതമല്ലെങ്കിൽ പിന്നെ ആരാണ് വിസിറ്റർ? അത് ഇവിടെ വ്യക്തമാക്കിയിട്ടില്ല. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് വിസിറ്റർ ആയിട്ട് വരാൻ സന്നദ്ധമാകുന്നില്ലെങ്കിൽ പിന്നെ ആരാണ് വിസിറ്റർ? അത് ഇവിടെ പറയുന്നില്ല. അതുപോലെതന്നെയാണ് ചാൻസലർ ആയിട്ട് വരേണ്ട ആൾ ഹൈക്കോടതി ജഡ്ജിയാണ്. അവിടേയും ഇതേ തർക്കം നിലനിൽക്കുകയാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസും ഇതിന്റെ ചാൻസലർ ആയിട്ട് വരാൻ തയ്യാറായില്ലായെങ്കിൽ പിന്നെ ആരായിരിക്കും ചാൻസലർ? അപ്പോൾ വിസിറ്ററുമില്ല ചാൻസലറുമില്ലാത്ത ഒരു അവസ്ഥയിലേക്ക് ഈ യൂണിവേഴ്സിറ്റി പോകും. നമുക്ക് അധികാരമില്ലാത്ത ഒരു നിയമനിർമ്മാണമാണ് ഇപ്പോൾ ഇവിടെ

1.00 P.M.] നടത്തുന്നത്. സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെയൊക്കെ ഈ നിയമത്തിന്റെ, അല്ലെങ്കിൽ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്നുണ്ടെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം നമ്മൾ മുൻകൂട്ടി വാങ്ങേണ്ടതാണ്. അങ്ങനെ മുൻകൂട്ടി അനുവാദം വാങ്ങിയിട്ടാണോ ഈ ബിൽ കൊണ്ടുവരുന്നത്? ഈ ബിൽ പാസ്സാക്കാൻവേണ്ടി ഗവർണ്ണർക്ക് പോകുമ്പോൾ ഗവർണ്ണർ ഒപ്പിടുമെന്ന് എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പ്? നമ്മുടെ സഭയുടെ സമയവും സമ്പത്തുമെല്ലാം ഒരുപാട് ചെലവഴിച്ചു എന്നുള്ള കാര്യമായിരിക്കും ഒരുപക്ഷേ മിച്ചമായി വരുന്നത്. നമുക്ക് അധികാരമില്ലാത്ത.......................

ശ്രീ. തമ്പാനൂർ രവി: ഏതെങ്കിലും സംസ്ഥാന നിയമസഭയോ പാർലമെന്റോ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ആരുടെയെങ്കിലും കൺസെന്റ് വാങ്ങിക്കേണ്ട ആവശ്യമുണ്ടോ? ശ്രീ. മത്തായി ചാക്കോ പ്രസംഗിച്ച അവസരത്തിൽ ജുഡീഷ്യറി, ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് എന്നിവയുടെ ഫംഗ്ഷൻസ് ഇവിടെ പറഞ്ഞു. ഒരു നിയമനിർമ്മാണം നിയമസഭയോ പാർലമെന്റോ നടത്തുമ്പോൾ ആരുടെയും കൺസെന്റിന് കാത്തുനിൽക്കാതെ ഈ സഭയ്ക്കുതന്നെ നിയമനിർമ്മാണം നടത്താനുള്ള അധികാരമുണ്ടല്ലോ.

ശ്രീ. കെ. രാധാകൃഷ്ണൻ: നമ്മൾ കൊണ്ടുവന്നിരിക്കുന്ന നിയമം നടപ്പിലാക്കാനുള്ള ശേഷി നമുക്കുണ്ടാകണ്ടേ? സുപ്രീം കോടതി ജഡ്ജി വിസിറ്ററാകണമെന്ന് നമ്മൾ ഒരു നിയമത്തിൽ എഴുതിവച്ചാൽ അദ്ദേഹം വിസിറ്ററായി വരുമെന്നുള്ളതിന് എന്താണ് ഉറപ്പുള്ളത്? അതാണ് എന്റെ ചോദ്യം. നമ്മൾ ഒരു നിയമമുണ്ടാക്കുമ്പോൾ അതിൽ കൃത്യതയുണ്ടാകണം.

ശ്രീ. ഇ. എം. അഗസ്തി: ഞാൻ ബഹുമാനപ്പെട്ട അംഗം രാധാകൃഷ്ണനുമായി ഒരു തർക്കത്തിനില്ല. അദ്ദേഹം വളരെ സംശുദ്ധിയോടുകൂടി സംസാരിക്കുന്ന ആളായതുകൊണ്ട് ഞാൻ വിശദീകരണം മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. നിയമത്തിൽ ചാൻസലറെപ്പറ്റി പറയുമ്പോൾ Chancellor of the University എന്നുപറയുന്ന സ്ഥലത്ത് the Chief Justice of the High Court of Kerala എന്നാണ് പറയുന്നത്. Not a person but their office അങ്ങനെ ഒരു ഓഫീസിനെ കേന്ദ്രീകരിച്ച് ഒരു നിയമനിർമ്മാണം നടത്തുന്നതിൽ എന്താണ് അപാകത; ഒരു വ്യക്തിയല്ലല്ലോ?

ശ്രീ. കെ. രാധാകൃഷ്ണൻ: ചീഫ് ജസ്റ്റിസ് വിസിറ്ററായിട്ടിരിക്കും എന്നുള്ളതിന് എന്താണ് ഉറപ്പ്? നമ്മുടെ നിയമസഭയ്ക്ക് കോംപീറ്റൻസി ഇല്ലാത്ത ഒരു നിയമമാണ് നമ്മൾ നിർമ്മിക്കുന്നത്. ഞാൻ നിയമജ്ഞാനിയൊന്നുമല്ല, എന്നെക്കാളും നിയമം അറിയാവുന്ന ആളുകളാണ് പറയുന്നത്. അതിനെ സംബന്ധിച്ച് മന്ത്രി മറുപടി പറയുമെന്നാണ് ഞാൻ കരുതുന്നത്. അതുപോലെതന്നെ ജനറൽ കൗൺസിലിൽ രണ്ട് ഹൈക്കോടതി ജഡ്ജിമാർ വരുന്നുണ്ട്. അവർ എക്സിക്യൂട്ടീവ് കൗൺസിലിലെയും മെമ്പർമാരാണ്. ഈ സമിതികളുടെ അദ്ധ്യക്ഷം വഹിക്കുന്നത് വൈസ് ചാൻസലറായിരിക്കും. വൈസ് ചാൻസലർമാർ മിക്കവാറും ഏതെങ്കിലും കോളേജുകളിലെ പ്രൊഫസ്സർമാർ ആയിരിക്കും. പ്രൊഫസ്സർമാർ അല്ലാത്ത ആളുകളെയും വച്ചിട്ടുണ്ട്. ഹൈക്കോടതി ജഡ്ജിമാരടക്കമുള്ള ആളുകൾ വന്നിരിക്കുന്ന ഒരു യോഗത്തിന്റെ ചെയർപേഴ്സണായിട്ട് വരുന്നത് അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

വൈസ് ചാൻസലറായിരിക്കും. മിക്കവാറും ഇതിൽ ഈഗോ ക്ലാഷുണ്ടാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. പ്രോട്ടോക്കോളിന്റെ പ്രശ്നമൊക്കെ ഉയർന്നുവരാനുള്ള സാദ്ധ്യതയുമുണ്ട്. അതുസംബന്ധിച്ചെല്ലാം തന്നെ വ്യക്തമായിട്ടുള്ള ധാരണയിൽ ഇപ്പോൾ എത്തിയില്ലെങ്കിൽ അത് പിന്നീട് ഭരണത്തിന്റെ പ്രവർത്തനങ്ങൾക്കെല്ലാംതന്നെ തടസ്സം സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ തന്നെ സെക്ഷൻ 7-ഉം 8-ഉം അനുസരിച്ച് വിസിറ്റർക്കും ചാൻസലർക്കും ഒരേ അധികാരങ്ങളാണ് നൽകിയിരിക്കുന്നത്. വിസിറ്ററാകട്ടെ, ചാൻസലറാകട്ടെ, എടുക്കുന്ന തീരുമാനം തെറ്റാണെങ്കിൽ നമ്മൾ എവിടെ ചോദ്യം ചെയ്യുമെന്ന പ്രശ്നം ഇവിടെ ഉദിക്കുന്നുണ്ട്. ഇവർ എടുക്കുന്ന തീരുമാനങ്ങൾ തെറ്റാകാൻ സാദ്ധ്യതയുണ്ട്. നമ്മുടെ ജസ്റ്റിസുമാർ എടുക്കുന്ന എല്ലാ തീരുമാനങ്ങളും ശരിയാണെന്ന് പറയാൻ കഴിയുമോ? തെറ്റായ തീരുമാനങ്ങൾ പലപ്പോഴും എടുക്കും. അങ്ങനെ തെറ്റായ തീരുമാനങ്ങൾ ഇവർ എടുത്തുകഴിഞ്ഞാൽ ഇവർക്കെതിരെ എവിടെ പരാതി നൽകുമെന്നുള്ള പ്രശ്നം നമ്മുടെ മുൻപിൽ നിൽക്കുകയാണ്. അതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ജനറൽ കൗൺസിലിലേക്കും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കും ബഹുമാനപ്പെട്ട മന്ത്രി..........

ശ്രീ. പി. ജയരാജൻ: അങ്ങ് ഇവിടെ ചാൻസലറെപ്പറ്റി പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. നമുക്ക് അധികാരമില്ലാത്ത ഒരു മേഖലയിലേക്കാണ് നമ്മൾ കടക്കുന്നതെന്നാണ് താങ്കൾ പറഞ്ഞത്. The Chief Justice of the High Court of Kerala shall be the Chancellor of the University. അതിന്റെ താഴെ പ്രോ-ചാൻസലറായിട്ട് വരുന്നത് മിനിസ്റ്ററാണ്. അതിൽ പറയുന്നത് In the absence of the Chancellor or during his inability to act the Pro-Chancellor shall exercise all the powers and perform all the functions of the Chancellor. എന്നുപറഞ്ഞാൽ മന്ത്രിക്ക് നേരിട്ട് ഭരണം കയ്യാളുവാൻ പറ്റുന്ന വകുപ്പ് പിന്നീട് ചേർത്തിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗം ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: അത് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ്: കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും പ്രോ-ചാൻസലർ മിനിസ്റ്ററാണെന്ന കാര്യം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: അത് മനസ്സിലാക്കിയിട്ടുണ്ട്. ഇത് അങ്ങനെയുള്ള ഒരു യൂണിവേഴ്സിറ്റിയല്ലല്ലോ?. ഇത് സ്വാശ്രയ യൂണിവേഴ്സിറ്റിയാണ്. നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പുതിയതായി യൂണിവേഴ്സിറ്റി കൊണ്ടുവരികയാണ്. കേരളത്തിലാദ്യമായിട്ടാണ് സ്വാശ്രയ മേഖലയിൽ ഒരു നിയമ യൂണിവേഴ്സിറ്റി കൊണ്ടുവരുന്നത്. അതിന്റെ ദൗർബല്യങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. തിരുത്താൻ പറ്റുമെങ്കിൽ തിരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: നമ്മുടെ നിയമസഭ പാസ്സാക്കിയിട്ടുള്ള എല്ലാ ബില്ലുകളിലും ആക്റ്റുകളിലും മന്ത്രിമാർ പ്രോ-ചാൻസലർമാരായിട്ടുണ്ട്. അതെല്ലാം നേരിട്ട് സർക്കാരിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റികളല്ലേ? അതിനകത്ത് സ്വാശ്രയമില്ലല്ലോ? ഒരു സ്വാശ്രയ യൂണിവേഴ്സിറ്റി വരുമ്പോൾ അതിൽ വിദ്യാഭ്യാസവകുപ്പുമന്ത്രിക്ക് എങ്ങനെയാണ് പ്രോ-ചാൻസലറായിട്ട് ഇരിക്കാൻ കഴിയുക? അത് ശരിയായ നടപടിക്രമമാണോ? ഇത് സമഗ്രമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ്.

ശ്രീ. കെ. സി. ജോസഫ്: ഈ സഭ പാസ്സാക്കുന്ന നിയമത്തിന്റെ പ്രോഡക്റ്റാണ് ഈ യൂണിവേഴ്സിറ്റി. അല്ലാതെ പ്രത്യേകിച്ചുള്ള ഒരു സ്ഥാപനമല്ലല്ലോ? ആ സ്ഥാപനത്തിന്റെ പ്രോ-ചാൻസലറാകാനുള്ള എല്ലാ അവകാശവും എഡ്യൂക്കേഷൻ മിനിസ്റ്റർക്കുണ്ട്.

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട അംഗം രാധാകൃഷ്ണൻ ഈ നിയമം നന്നായി പഠിച്ചിട്ടുണ്ട്. ഈ നിയമം മാത്രമല്ല സമാനമായ യൂണിവേഴ്സിറ്റി നിയമങ്ങളും പഠിച്ചിട്ടുണ്ടെന്ന് വളരെ വ്യക്തമാണ്. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത് ഇതൊരു കോമൺ ക്ലോസ്സാണ്. ചാൻസലറുടെ അധികാരത്തിൽ പ്രോ-ചാൻസലർക്ക് അക്സെസ്സ് ചെയ്യാനുള്ള കണ്ടിജൻസി അധികാരം ഉണ്ടെന്ന് പറഞ്ഞു. പക്ഷേ, ബഹുമാനപ്പെട്ട രാജേന്ദ്രനും ജയരാജനും അങ്ങയെ വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ്. അവർ ഈ നിയമം വായിച്ചിട്ടുപോലുമില്ല. സമാന നിയമങ്ങളും വായിച്ചിട്ടില്ല. അങ്ങയെ വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ്. ദയവായി അബദ്ധത്തിൽ ചാടരുത്.

ശ്രീ. ടി. എൻ. പ്രതാപൻ: സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നിയന്ത്രണം വേണമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ആവശ്യപ്പെടുന്നു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നിയന്ത്രണം വേണമെന്നാണ് നമ്മളെല്ലാവരും ആവശ്യപ്പെടുന്നത്. സ്വാശ്രയ സർവ്വകലാശാലയുടെ പ്രോ-ചാൻസലർ വിദ്യാഭ്യാസമന്ത്രി ആകുന്നതിൽ എന്താണ് തെറ്റ്? ഗവൺമെന്റിന്റെ നിയന്ത്രണം വരികയല്ലേ? നിങ്ങൾകൂടി സഭയിൽ ആവശ്യപ്പെട്ടത് ഗവൺമെന്റ് ഈ സഭയിൽ കൊണ്ടുവരികയല്ലേ? അതിനെ appreciate ചെയ്യുകയല്ലേ വേണ്ടത്.

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. പ്രതാപൻ പറഞ്ഞതിന് പരിഹാരമെന്നുള്ളത് 2001-ൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമയത്ത് ഒരു ഓർഡിനൻസ് ഇറക്കിയിരുന്നു. ആ ഓർഡിനൻസ് പാസ്സാക്കിക്കഴിഞ്ഞാൽ ഈ നിയമം ഇവിടെ അധികം ചർച്ചചെയ്യേണ്ടിവരില്ല. അതിന് തയ്യാറുണ്ടോ? അതിൽ സെൽഫ് ഫിനാൻസിംഗ് എന്ന പോയിന്റില്ല. പക്ഷേ, ഇവിടെ അതല്ല. ഇവിടെ സെൽഫ് ഫിനാൻസിംഗ് സ്ഥാപനമായിട്ട് ലാ യൂണിവേഴ്സിറ്റി കൊണ്ടുവരികയാണ്. അതിന്റെ

GPM. 2/609/2012—47

LIBRARY ARCHIVES Kerala Legislative Assembly

ദൂഷ്യവശങ്ങളാണ് ഞങ്ങൾ പറയുന്നത്. മറ്റൊരു കാര്യം ജനറൽ കൗൺസിലിലുള്ള പ്രതിനിധികളെ സംബന്ധിച്ചുള്ള കാര്യമാണ്. സബ്ജക്റ്റ് കമ്മിറ്റി ചർച്ച ചെയ്ത സമയത്ത് കുറേ കാര്യങ്ങൾ ഉൾക്കൊള്ളാൻ മന്ത്രി തയ്യാറായി എന്നുള്ളത് യാഥാർത്ഥ്യമാണ്. ജനറൽ കൗൺസിലിലേക്ക് എസ്.സി./എസ്.ടി. പ്രതിനിധികൾ, വനിതാ പ്രതിനിധികൾ എന്നിവരെയൊക്കെ ഉൾപ്പെടുത്താൻ തയ്യാറായി. അതുപോലെതന്നെ എക്സിക്യൂട്ടിവ് കൗൺസിലിലേക്കും എസ്.സി/എസ്.ടി പ്രതിനിധികളെ ഉൾക്കൊള്ളിക്കാൻ മനസ്സ് കാണിച്ചു. എനിക്കൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത് പലപ്പോഴും എസ്.സി./എസ്.ടി. പ്രതിനിധികൾ എന്നുപറയുന്നത് പല കമ്മിറ്റികളിലും SC or ST എന്നാണ് വരുന്നത്. എസ്.ടി.യുടെ പ്രതിനിധികൾ എവിടെയും കാണുന്നില്ല. അതൊരു ദുരന്തമായിട്ട് നിൽക്കുകയാണ്. നിയമനിർമ്മാണ സഭകളാകട്ടെ, മറ്റേതെങ്കിലും വേദികളാകട്ടെ അവിടേക്ക് എസ്. ടി.യുടെ പ്രതിനിധികൾ കടന്നുവരുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് നമ്മൾ നിയമമുണ്ടാക്കുമ്പോൾ എസ്.സി.യിൽ നിന്നും എസ്.ടി.യിൽ നിന്നും സെപ്പറേറ്റായിട്ടുതന്നെ അംഗങ്ങൾ വരാനുള്ള സാഹചര്യം സൃഷ്ടിക്കണം. അല്ലെങ്കിൽ എസ്.സി.ക്ക് മാത്രമായി അത് പരിമിതപ്പെടും. എസ്. ടി.യിലുള്ള അംഗങ്ങൾ ഒന്നുംതന്നെ ജനറൽ കൗൺസിലിലേക്കോ എക്സിക്യൂട്ടീവ് കൗൺസിലിലേക്കോ അല്ലെങ്കിൽ..........................

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങയുടെ പാർട്ടി മെമ്പർ രാജിവച്ചിട്ട് ഇപ്പോൾ എസ്.ടി. മെമ്പർ സഭയിൽപ്പോലുമില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അങ്ങയുടെ പാർട്ടിയുടെ കുഴപ്പംകൊണ്ട് രാജിവച്ചു പോയതിനു ഞങ്ങളെ പറഞ്ഞിട്ട് കാര്യമില്ല. അതുപോലെതന്നെ ജനറൽ കൗൺസിലിലും എക്സിക്യൂട്ടീവ് കൗൺസിലിലുമൊക്കെത്തന്നെ വിദ്യാർത്ഥി പ്രതിനിധികൾ വേണമെന്നു ഞങ്ങൾ ആവശ്യപ്പെടുകയാണ്. ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതെല്ലാം നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങളെയാണ്, വിദ്യാർത്ഥി പ്രതിനിധികൾ ആകട്ടെ മറ്റ് എല്ലാം നോമിനേഷനാണ്. അങ്ങ് ഒരു ട്രേഡ് യൂണിയൻ നേതാവായിരുന്നല്ലോ. അങ്ങ് പണ്ട് വാദിച്ചതൊക്കെ ഞങ്ങൾ കേട്ടിട്ടുണ്ട്. ട്രേഡ് യൂണിയൻ പ്രതിനിധികളെ അടക്കം യൂണിവേഴ്സിറ്റിയിൽ കൊണ്ടുവരണം. അതെല്ലാം ഇലക്ടഡായിട്ടുള്ള മെമ്പേഴ്സ് വേണം. ഇപ്പോൾ യൂണിവേഴ്സിറ്റികളാകട്ടെ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളാകട്ടെ അവിടെയെല്ലാം ഇലക്ടഡ് മെമ്പേഴ്സ് കടന്നുവരുന്നതിനോട് വലിയ അലർജി അങ്ങ് അടക്കമുള്ള ആളുകൾക്കാണ്. എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത് വിദ്യാർത്ഥി പ്രതിനിധികളാകട്ടെ, അദ്ധ്യാപക പ്രതിനിധികളാകട്ടെ,—അദ്ധ്യാപക പ്രതിനിധികളെ വച്ചിട്ടില്ല—അദ്ധ്യാപക പ്രതിനിധികൾ അടക്കം ഇലക്ടഡ് മെമ്പേഴ്സായിട്ട് ജനറൽ കൗൺസിലിലും അതുപോലെ തന്നെ എക്സിക്യൂട്ടീവ് കൗൺസിലിലും കൊണ്ടുവരാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ അക്കാദമിക് കൗൺസിലിലെ റിസർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. പലപ്പോഴും നിയമനിർമ്മാണങ്ങളും അല്ലെങ്കിൽ മറ്റ് കാര്യങ്ങൾ നടപ്പിലാക്കുന്ന വേദികളിൽ വേണ്ടത്ര, നമ്മൾ സാമൂഹികനീതിയെക്കുറിച്ചൊക്കെ പറയുന്നുണ്ട്. സാമൂഹികനീതിയൊക്കെ നടപ്പിലാക്കാൻ കഴിയുന്ന വേദികളിൽ ഇവരുടെ പ്രാതിനിധ്യമെന്നു പറയുന്നത് പലപ്പോഴും ഇല്ലാതാവുകയാണ്. അതിപ്പോൾ നിയമത്തിന്റെ കാര്യത്തിലെടുത്താലും മനസ്സിലാക്കാവുന്നതാണ്. നമ്മുടെ പല കോടതികളും അല്ലെങ്കിൽ ജുഡിഷ്യറിതന്നെ പലപ്പോഴും വിവേചനം കാണിച്ചുകൊണ്ടിരിക്കുന്നു. ഇത് സാമൂഹികനീതി ലഭിക്കേണ്ട ആളുകൾക്ക് അത് നിഷേധിക്കപ്പെടുന്ന സ്ഥിതിയാണ്. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത് അക്കാദമിക് കൗൺസിലിലും എസ്.സി/എസ്.ടി. പ്രതിനിധികളെ അതുപോലെ വനിതാ പ്രതിനിധികളെ ഉൾക്കൊള്ളിക്കാൻവേണ്ടി അങ്ങ് തയ്യാറാകണമെന്നാണ്. അതുപോലെ ഇത് ഒരു അഫിലിയേറ്റഡ് യൂണിവേഴ്സിറ്റി അല്ലായെന്നാണ് ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് വ്യക്തമാക്കിയിട്ടുള്ളത്. യാതൊരുതരത്തിലുള്ള അക്രഡിറ്റേഷനും കൊടുക്കാത്ത ഒരു യൂണിവേഴ്സിറ്റിയായിട്ട് നിലനിർത്തുമെന്നാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ 33-ാം വകുപ്പിൽ നമ്മൾ വ്യവസ്ഥ ചെയ്തത് എന്താണ്? 33-ാം വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സെന്ററുകൾ ആരംഭിക്കാനുള്ള വ്യവസ്ഥയാണ്. അത് യൂണിവേഴ്സിറ്റിക്ക് വിവിധ പ്രദേശങ്ങളിൽ സെന്ററുകൾ ആരംഭിക്കാനുള്ള അധികാരമാണ് ആ വകുപ്പിൽ കൊടുക്കുന്നത്. അതുപോലെതന്നെ 41-ാം വകുപ്പിന്റെ ഉപവകുപ്പ് അനുസരിച്ച് നിലവിലുള്ള സർക്കാർ ലാ കോളേജുകളോ അതുപോലെതന്നെ മറ്റ് യൂണിവേഴ്സിറ്റികൾ നടത്തുന്ന ലാ കോളേജോ ഈ യൂണിവേഴ്സിറ്റിക്ക് വിട്ട് കൊടുക്കാമെന്നാണ്. സർക്കാർ അധികാരം നൽകുന്ന സർക്കാരിന്റെ ഭൂമിയും കെട്ടിടവും എല്ലാം തന്നെ ഉപയോഗിച്ച് പ്രവർത്തിക്കുന്നതിന് ഇവർക്ക് ഇതുകൊണ്ട് കഴിയുകയാണ്. ഇത്തരം സർക്കാർ സ്ഥാപനങ്ങളെ ഈ സ്വാശ്രയ സ്ഥാപനത്തിന്റെ കീഴിലാക്കി, അതായത്, നമ്മുടെ കോളേജുകൾ നമ്മുടെ യൂണിവേഴ്സിറ്റി സ്ഥാപനങ്ങൾ എല്ലാം ഉൾപ്പെടുന്ന സർക്കാർ സ്ഥാപനങ്ങളെ ഈ സ്വാശ്രയ യൂണിവേഴ്സിറ്റിക്ക് വിട്ടുകൊടുക്കുകയാണ്. അങ്ങനെ വിട്ടുകൊടുത്ത് അവർക്ക് അവരുടെ താൽപ്പര്യം നടപ്പിലാക്കാൻവേണ്ടിയുള്ള സൗകര്യം കൊടുക്കുകയാണ് ചെയ്യുന്നത്. അവിടെ പാവപ്പെട്ടവരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി പോകുന്നുണ്ടോ എന്നുള്ളത് സംശയമാണ്. നേരത്തെ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സമ്പന്നരുടെ താൽപ്പര്യം തന്നെ ഇവിടെയും സംരക്ഷിക്കാൻവേണ്ടി പോകുന്നുവെന്നുള്ള കാര്യത്തിനു തെളിവാണ്. നമ്മുടെ സർക്കാരിന്റെ സ്ഥാപനങ്ങളും സൗകര്യങ്ങളുമെല്ലാംതന്നെ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വാശ്രയക്കാർക്ക് അവരുടെ സൗകര്യം അനുസരിച്ച് പ്രവർത്തിക്കാൻവേണ്ടി വിട്ടിരിക്കുകയാണ്. അതിൽ യാതൊരു നിയന്ത്രണവും ഇല്ലാത്ത സ്ഥിതിയിലേക്ക് ഗവൺമെന്റ് മാറുകയാണ്. അതുപോലെതന്നെയാണ് സഹകരണ മേഖലയിലുള്ള പരിയാരം മെഡിക്കൽ കോളേജ്. സർക്കാരിന്റെ ഭൂമിയും സർക്കാരിന്റെ കെട്ടിടവും അവസാനം ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചാരിറ്റബിൾ സൊസൈറ്റിക്ക് പോകുന്ന സ്ഥിതിയുണ്ടായി എന്നു പറഞ്ഞതുപോലെ തന്നെ സർക്കാരിന്റെ കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സൗകര്യങ്ങൾ എല്ലാംതന്നെ ഈ സെൽഫ് ഫിനാൻസ് സ്ഥാപനത്തിനു പോവുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, താങ്കൾ സ്വാശ്രയം സ്വാശ്രയം എന്ന് ആവർത്തിച്ചാവർത്തിച്ചു പറയുമ്പോൾ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന ഏതോ മുതലാളിമാരാണ് ഇതിന്റെ പിന്നിലെന്ന് ഇത് കേൾക്കുന്നവർക്ക് ഒരു സംശയം തോന്നും. ഇത് ബാർ കൗൺസിൽ നിയമ വിദ്യാഭ്യാസത്തിനുവേണ്ടി ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂൾ മാതൃകയിൽ കൊച്ചിയിൽ നേരത്തെതന്നെ ഉണ്ടാക്കിയിട്ടുള്ള ലീഗൽ അഡ്വാൻസ് സ്റ്റഡീസ് എന്ന സ്ഥാപനമാണ്. ബാർ കൗൺസിൽ എന്നു പറയുന്നത് നിയമ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രത്യേക താൽപ്പര്യമുള്ള അഭിഭാഷകർ ഉൾക്കൊള്ളുന്ന സംവിധാനമാണ്. ലാഭമോഹത്തോടുകൂടി വരുന്ന ആളുകൾ അല്ല ഇതിന്റെ യഥാർത്ഥ നടത്തിപ്പുകാർ എന്നുള്ളതുകൊണ്ട് താങ്കൾ സ്വാശ്രയം എന്ന വാക്കെടുത്ത് വിദ്യാഭ്യാസ കച്ചവടം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നത് ശരിയാണോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇത് കച്ചവടംതന്നെയാണ്, സംശയമില്ല.

ശ്രീ. പി. സി. ജോർജ് : സർ, ഇപ്പോഴെങ്കിലും യു.ഡി.എഫ്.ന്റെ ഒരു നേതാവായ ശ്രീ. എം. എം. ഹസ്സൻ സ്വാശ്രയം എന്നുള്ളത് ലാഭക്കച്ചവടമാണെന്നു സമ്മതിച്ചതിൽ ഈ സഭയ്ക്ക് നന്ദിയുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, എന്തായാലും ബാർ കൗൺസിൽ എന്നു പറഞ്ഞ് ഒരു സ്ഥാപനത്തിനു സ്വാശ്രയ യൂണിവേഴ്സിറ്റിയുണ്ടാക്കുന്ന ബഹുമാനപ്പെട്ട കായംകുളം മെമ്പറുടെ അഭിപ്രായത്തിൽ എനിക്ക് ഒരു ആശങ്ക തോന്നി. എന്താണെന്നറിയാമോ? നാളെ ഇതുപോലെ വിശാലമെന്നു നിങ്ങൾക്ക് തോന്നുന്ന ഏതെങ്കിലും ഒരു സ്ഥാപനത്തെ കിട്ടിയാൽ സ്വാശ്രയ സർക്കാർതന്നെ രൂപീകരിച്ചുകളയുമോ എന്നുള്ള സംശയം എനിക്ക് തോന്നുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട പി. സി. ജോർജും ടി. കെ. ദേവകുമാറും പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട എം. എം. ഹസ്സന് ഇങ്ങനെ ഒരു വെളിപാട് ഉണ്ടായത് നല്ലതാണ്. സ്വാശ്രയം എന്നത് കച്ചവടമാണെന്ന് അങ്ങ് അംഗീകരിച്ചല്ലോ. ഇതും കച്ചവടമായിട്ട് നാളെ മാറും. ഇതിന്റെ ഫീസ് സ്ട്രക്ചറിനെക്കുറിച്ചോ അതിന്റെ അഡ്മിഷനെ സംബന്ധിച്ചോ യാതൊന്നും പറയുന്നില്ല. ആരാണ് ഇതിന്റെ ഫീസ് തീരുമാനിക്കുന്നത്? ആരാണ് ഇത് നിയന്ത്രിക്കുക? ഇഷ്ടംപോലെ കാശ് വാങ്ങാനുള്ള സാധ്യത ഇതിലുണ്ട് എന്ന് ഞങ്ങൾ മുൻകൂട്ടി പറയുകയാണ്. അത് ഉണ്ടാകാതിരിക്കാൻവേണ്ടി പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, ശ്രീ. മത്തായി ചാക്കോ ചൂണ്ടിക്കാണിച്ചതാണ്. ഇവിടെ സ്ഥിരം ജീവനക്കാരുടെ കാര്യത്തിൽ മാത്രമാണ് റിസർവേഷൻ. അത് സ്ഥിരം ജീവനക്കാരെക്കുറിച്ചുമാത്രമേ പറയുന്നുള്ളു. മിക്കവാറും ഇത്തരം സ്ഥാപനങ്ങളൊക്കെ തുടങ്ങുന്നത് കോൺട്രാക്ട് ബേസിസിലായിരിക്കും. അത് പിന്നീട് സ്ഥിരപ്പെടുത്തുകയാണ് ചെയ്യുക. പല സ്ഥാപനങ്ങളിലും ഇത് കാണാൻ കഴിയുന്നുണ്ട്. അപ്പോൾ കോൺട്രാക്ട് ബേസിസിൽ ആളുകളെ നിയമിക്കുന്നതിലും റിസർവേഷൻ നിർബന്ധമാക്കേണ്ടതുണ്ട്. നിയമനമൊക്കെ കഴിഞ്ഞ് സ്ഥിരപ്പെടുത്തുക എന്ന സമീപനമാണ് നമ്മൾ സ്വീകരിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ റിസർവേഷന്റെ മാനദണ്ഡങ്ങൾ ഒന്നുംതന്നെ പാലിക്കപ്പെടുന്നില്ല, അതുകൊണ്ടു തന്നെ ഇവിടെ കരാർ അടിസ്ഥാനത്തിലാണെങ്കിലും നിയമനങ്ങൾ നടക്കുന്ന സന്ദർഭത്തിൽ റിസർവേഷൻ പാലിക്കാൻ ശ്രദ്ധിക്കണമെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെതന്നെ ഈ സ്ഥാപനത്തിനു വിവിധ രീതിയിലുള്ള ഫണ്ട് കളക്ട് ചെയ്യാനുള്ള അധികാരം കൊടുക്കുകയാണ്. അതുസംബന്ധിച്ച് ഒരു നിയന്ത്രണം വേണം എന്ന് സബ്ജക്ട് കമ്മിറ്റിയിൽത്തന്നെ അഭിപ്രായം വന്നതാണ്. എവിടെനിന്നൊക്കെ, എങ്ങനെയൊക്കെ ഫണ്ട് ശേഖരിക്കാൻ ഈ സ്ഥാപനത്തിനു കഴിയുമെന്നുള്ളതിന് ഒരു നിയന്ത്രണം വേണം. യാതൊരു നിയന്ത്രണവും ഇല്ലാതെ വിദേശത്തുനിന്നോ സ്വദേശത്തുനിന്നോ എങ്ങനെയും പൈസ മേടിക്കാം എന്ന സ്ഥിതിയാണ് ഇപ്പോൾ. നേരത്തെ ശ്രീ. മത്തായി ചാക്കോ ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും കള്ളക്കുറിക്കമ്പനി നടത്തുന്ന ആളുകളിൽനിന്നു മേടിക്കാൻ കഴിയും; ജനങ്ങളെ പറ്റിക്കുന്ന ആളുകളിൽ നിന്നു വാങ്ങാൻ കഴിയും; രാജ്യദ്രോഹികളുടെ കൈയിൽ നിന്നു കാശ് വാങ്ങാൻ കഴിയും—അങ്ങനെയുള്ള ഒരു വ്യവസ്ഥയാണ് വച്ചിരിക്കുന്നത്. ആ വ്യവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് ഏതെല്ലാം ഫണ്ടുകൾ അവർക്ക് വാങ്ങിക്കാൻ കഴിയും എന്നതുസംബന്ധിച്ച് കൃത്യമായിട്ട് ഇതിൽ രേഖപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ യു.ജി.സി.യുടെയും സംസ്ഥാന സർക്കാരിന്റെയും ഗ്രാന്റുകൾ വാങ്ങുന്നുണ്ട്. സർക്കാർ വക കോളേജുകൾ ഇവർക്ക് വിട്ടുകൊടുക്കുന്നുണ്ട്. അതിന്റെ നടത്തിപ്പിന്റെ കാര്യത്തിൽ നമ്മൾ വളരെ ശ്രദ്ധിച്ചില്ലെങ്കിൽ ഇത് നേരത്തെ ബഹുമാനപ്പെട്ട എം.എം. ഹസ്സനും മറ്റും ചൂണ്ടിക്കാണിച്ചതുപോലെ ഇതിപ്പോഴുള്ള സ്വാശ്രയത്തെക്കാൾ വലിയ ബാധ്യതയായിട്ട് കേരള സമൂഹത്തിൽ മാറിത്തീരുമെന്നുള്ള തിരിച്ചറിവ് ഉണ്ടാകണമെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്.......

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇപ്പോൾ നമ്മൾ രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന തരത്തിൽ സീറ്റ് ലഭിക്കുമെന്നു പറഞ്ഞുതുടങ്ങിയിട്ട് ഇപ്പോൾ ചൊക്കൻ ആപ്പ് ഊരിയതുപോലെയായിരിക്കുകയാണ് സർക്കാർ. ഇവിടെയാണെങ്കിൽ സ്വാശ്രയ യൂണിവേഴ്സിറ്റിയുണ്ട്. കെ. ടി. തോമസ് കമ്മീഷന്റെ വിധി വന്നതിന്റെ സാഹചര്യത്തിലുള്ള സ്ഥിതിയാണിത്. ഇതിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നത് സ്വാശ്രയ യൂണിവേഴ്സിറ്റിക്ക് സ്വതന്ത്രമായി ഫീസ് നിശ്ചയിക്കാമെന്നാണ്. അങ്ങനെയാണെങ്കിൽ ഇവിടെ ഉണ്ടാകാൻ പോകുന്ന സ്ഥിതിവിശേഷം എത്രയോ ഭീകരമായിരിക്കുമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അത് മനസ്സിലാക്കിയിട്ടുതന്നെയാണ് പറയുന്നത്. അതുകൊണ്ടുതന്നെ അവസാനമായിട്ട് പറയാനുള്ളത് ഇത് സ്വാശ്രയ മേഖലയിൽ നിലനിർത്തുന്നതിനെ സംബന്ധിച്ച് നേരത്തെതന്നെ ഞങ്ങൾ എതിരാണ്. ഇത് സ്വാശ്രയ മേഖലയിൽ നിലനിർത്താതെ സർക്കാർ മേഖലയിൽത്തന്നെ നിലനിർത്താനുള്ള നടപടി സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ട് ഇനിയും ക്ലാസ് ബൈ ക്ലാസ്സിൽ ഒട്ടേറെ ഭേദഗതികൾ അങ്ങ് അംഗീകരിച്ചുകൊണ്ട് കുറെക്കൂടി നമ്മുടെ സമൂഹത്തിനും നാടിനും നന്മ ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ഒരു ബില്ലായി മാറട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്നു നടത്തിയ പ്രസംഗവും ആദ്യ ദിവസം നടത്തിയ പ്രസംഗവും ഞാൻ വളരെ താൽപ്പര്യത്തോടുകൂടിയും ഗൗരവത്തോടുകൂടിയും കേൾക്കുകയായിരുന്നു. അങ്ങ് പ്രസംഗങ്ങളിൽ ഇവിടെ പരാമർശിച്ച വിപുലവും വ്യാപകവുമായ ലക്ഷ്യങ്ങൾ സാധിതപ്രായമാകുന്നതിന് സഹായകമാണോ ഈ നിയമനിർമ്മാണമെന്ന് നെഞ്ചിൽ കൈവച്ച് ഒരു ആത്മപരിശോധന നടത്താൻ തയ്യാറാകണമെന്നാണ് ആദ്യമായി എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. 21-ാം നൂറ്റാണ്ടിൽ മാത്രമല്ല 22-ാം നൂറ്റാണ്ടിലും വരുന്ന നൂറ്റാണ്ടുകളിലും ഉള്ള ആവശ്യകതകൾ കണക്കിലെടുത്തുകൊണ്ടുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള നിയമപഠനവും ഗവേഷണവും ആവശ്യമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. നിയമരഹിതമായി നടന്ന ചില പ്രവർത്തനങ്ങൾക്ക് നിയമപരമായ അംഗീകാരം നൽകാൻവേണ്ടി കേരള ലെജിസ്ലേറ്റീവ് അസംബ്ലിയുടെ അടിയൊപ്പ് ഇട്ടുകൊടുത്ത് അംഗീകാരം നൽകിക്കൊണ്ടുവേണമോ എന്നുള്ളതിനെ സംബന്ധിച്ച് ഈ നിമിഷത്തിലും ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവരും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും ആത്മപരിശോധനയ്ക്കും പുനർചിന്തനത്തിനും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബില്ലിന്റെ Statement of Objects and Reasons-ൽ വളരെ വ്യക്തമായി പറയുന്നത്, The Government have decided to establish and incorporate a Self Financing University at Kochi on the lines of the National Law School of India University, Bangalore എന്നാണ്. ഞാൻ അങ്ങയോട് വളരെ ആത്മാർത്ഥമായി ചോദിക്കുകയാണ്, ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ഈ നിയമം ബാംഗ്ലൂരിലെ ലാ യൂണിവേഴ്സിറ്റി നിയമത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മാതൃകയിലുള്ളതാണെന്നുള്ളത് ഒരു കാപട്യമല്ലേ? National Law School of India University, Bangalore Act, 1986 എന്റെ കയ്യിലുണ്ട്. അതിൽ തുടക്കത്തിൽത്തന്നെ An Act to establish and incorporate National Law School of India University at Bangalore എന്നു പറഞ്ഞതിനുശേഷം whereas the functions of the Bar Council of India includes the promotion of legal education എന്നാണ്. ഇവിടെ പദാനുപദം നാഷണൽ സ്കൂൾ ഓഫ് ഇൻഡ്യ ആക്ടിനെ ഇവിടെ പകർത്തിയിരിക്കുന്നു എന്നത് എന്റെ സ്നേഹിതൻ ശ്രീ. മത്തായി ചാക്കോ പറഞ്ഞ ചർച്ച ചെയ്യപ്പെടുന്ന ഈ ബില്ലിൽ അങ്ങനെ ഒരു പദപ്രയോഗം കാണുന്നില്ല. അങ്ങനെ ഒരു പദപ്രയോഗം നടത്താൻ കഴിയുകയില്ല. ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ഈ നിയമത്തിൽ തുടക്കത്തിൽ പറഞ്ഞിട്ടുണ്ട്, ബാർ കൗൺസിൽ ഓഫ് ഇൻഡ്യ എന്താണ്, ബാർ കൗൺസിൽ ഓഫ് കേരള എന്താണ് എന്ന്. ക്ലാസ് 2, സബ് ക്ലാസ് (2)-ൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യ പറഞ്ഞിട്ടുണ്ട്:

(2) "Bar Council of India" means the Bar Council of India constituted under the Advocates Act, 1961 (Central Act 25 of 1961);

(3) "Bar council of Kerala" means the Bar Council of Kerala constituted under the Advocates Act, 1961 (Central Act 25 of 1961) സ്റ്റേറ്റ് ബാർ കൗൺസിലും ബാർ കൗൺസിൽ ഓഫ് ഇൻഡ്യയും കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ളത് 1961-ലെ അഡ്വക്കേറ്റ്സ് ആക്ടിന്റെ അടിസ്ഥാനത്തിലാണ്. എന്താണ് അഡ്വക്കേറ്റ്സ് ആക്ടിൽ പറയുന്നത്? Functions of the State Bar Council സെക്ഷൻ (6) അതാണ് കൈകാര്യം ചെയ്യുന്നത്. The functions of a State Bar Council shall be

To admit persons as advocates on its roll;

To prepare and maintain such roll;

To entertain and determine cases of misconduct against advocates on its roll;

To safeguard the rights, privileges and interests of advocates on its roll;

To promote the growth of Bar associations for the purpose of effective implementation of the welfare schemes referred in class (a) of sub-section 2 of this Section and class (a) of sub-section 2 of Section 7(1).

To promote and support law reform;

To manage and invest the funds of the Bar Council;

LIBRARY ARCHIVES Kerala Legislative Assembly

To provide for the election of its members;

To perform all other functions conferred on it by or under this Act;

To do all other things necessary for discharging the aforesaid functions.

4(2) A State Bar Council may constitute one or more funds in the prescribed manner for the purpose of

(a) giving financial assistance to organise welfare schemes for the indigent, disabled or other advocates;

(b) giving legal aid or advice in accordance with the rules made in this behalf.

3. A State Bar Council may receive any grants, donations, gifts or benefactions for all or any of the purposes specified in sub-section (2) which shall be credited to the appropriate fund or funds constituted under that sub-section.

ഈ അഡ്വക്കേറ്റ്സ് ആക്ടിന്റെ സെക്ഷൻ-6 ലോ സബ്സെക്ഷനിലോ ഒരിടത്തും ലീഗൽ എഡ്യൂക്കേഷന് സ്റ്റേറ്റ് ബാർ കൗൺസിലിന് അധികാരം നൽകിയിട്ടില്ല. നിയമപരമായ അധികാരമില്ലാത്ത ഒരു മേഖലയിൽ കേരള സ്റ്റേറ്റ് ബാർ കൗൺസിൽ വന്നിരിക്കുകയാണ്. അതേസമയം ബാർ കൗൺസിൽ ഓഫ് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി ഈ ആക്ടിൽതന്നെ സെക്ഷൻ (7) പ്രകാരം Functions of the Bar Council of India shall be –

7(h) to promote legal education and to lay down standards of such education in consultation with the Universities in India imparting such education and the State Bar Councils.

വളരെ വ്യക്തമായി ബാർ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്ക് ഈ ആക്ട് അനുസരിച്ച് അധികാരമുണ്ട്. അതേ സമയം സ്റ്റേറ്റ് ബാർ കൗൺസിലിന് ഇല്ല. അപ്പോൾ സ്റ്റേറ്റ് ബാർ കൗൺസിൽ ഇക്കാര്യത്തിൽ കടന്നുവരുന്നതിന്റെ ഉദ്ദേശശുദ്ധിയെ തൽക്കാലം ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അതിനുമുൻപ് ആവശ്യമായ ചർച്ചകൾ നടത്തി ആ പ്രശ്നം ഒരു ദേശീയ പ്രശ്നമായി കൈകാര്യം ചെയ്ത് 1961-ലെ അഡ്വക്കേറ്റ്സ് ആക്ടിൽ അതിനാവശ്യമായ ഭേദഗതികൾ വരുത്തുകയായിരുന്നു വേണ്ടത്. അതിനുശേഷമായിരുന്നു ഇക്കാര്യത്തിലേക്ക് കടന്നുവരേണ്ടത്. സ്റ്റേറ്റ് ബാർ കൗൺസിൽ ട്രസ്റ്റിന് രൂപം നൽകിയതുതന്നെ നിയമപരമായി നിൽക്കുന്ന ഒരു കാര്യമല്ല. ആ ട്രസ്റ്റിന് രൂപം നൽകിയപ്പോൾ ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ ചോദ്യം ചെയ്തിരുന്നെങ്കിൽ അത് ഉണ്ടാകുമായിരുന്നില്ല. ബാർ കൗൺസിലിനെ സംബന്ധിച്ചിടത്തോളം നിയമപരമായി അധികാരമില്ലാതെ ലീഗൽ എഡ്യൂക്കേഷൻ രംഗത്തേക്ക് വന്നത് മറ്റൊരു തെറ്റാണ്. തെറ്റുകളുടെ പരമ്പരയ്ക്ക് അടിയൊപ്പിട്ടു കൊടുക്കാനാണ് അറിഞ്ഞോ അറിയാതെയോ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയുക്തനായിട്ടുള്ളത്. ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചൊന്നും എനിക്ക് അഭിപ്രായവ്യത്യാസമില്ല. അവർക്ക് പേരും പെരുമയുമുണ്ട്. പേരും പെരുമയും പാരമ്പര്യവും പൈതൃകവുമുള്ള കേരള സ്റ്റേറ്റ് ബാർ കൗൺസിൽ ഇങ്ങനെ ഒരു വിദ്യാഭ്യാസ കച്ചവട മേഖലയിലേക്ക് കടന്നുവന്നുകൊണ്ട് അവരുടെ പേരും പെരുമയും കളയണമോ എന്ന് അവർതന്നെ ആലോചിക്കേണ്ടതാണ്. കാരണം ഇതുവരെയുള്ള സ്വാശ്രയ വിദ്യാഭ്യാസരംഗത്തെ അനുഭവങ്ങൾ അതാണ് ചൂണ്ടിക്കാണിക്കുന്നത്. അവസാനം ഇവിടെ ചൂണ്ടിക്കാണിച്ചപോലെ വിദ്യാഭ്യാസ കച്ചവടമായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മാത്രമല്ല ഈ നിയമത്തിൽ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റി എന്നാൽ അർത്ഥമാക്കുന്നത് എന്താണെന്ന് നിർവ്വചിച്ചിട്ടില്ല. A to Z വരെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും നിർവ്വചിക്കുന്ന ഈ ബില്ലിൽ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റി എന്നുപറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത് എന്നുള്ളത് സംബന്ധിച്ച നിർവ്വചനം ഇല്ലാതെ എങ്ങനെ ഒരു നിയമത്തെക്കുറിച്ച് ഇവിടെ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും കഴിയും. വളരെ ഖേദകരമായ ഒരു സാഹചര്യമാണ്. ബഹുമാനപ്പെട്ട ബഷീറിനെപ്പോലുള്ള ഒരു മന്ത്രിക്ക് ഇവിടെ ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. നാഷണൽ ലാ സ്കൂൾ ഓഫ് ഇന്ത്യ ആക്ടിൽ റിവ്യൂ കമ്മീഷന്റെ നിയമനത്തെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. (1) Visitor shall atleast once in every five years constitute a Commission to review the working of the school and make recommendations. (2) The commission shall consist of not less than three Eminent Educationists, one of whom shall be the Chairman of such Commission appointed by the Visitor, in consultation with the State Government. (3) The terms and conditions of the appointment of the members shall be such as the Visitor may determine. (4) The Commission shall after holding such enquiry as it deems fit, make its recommendations to the Visitor. (5) The Visitor may take such action on the recommendations as he deems fit. അതിന്റെ മാതൃകയിൽ കൊണ്ടുവന്നുവെന്ന് അവകാശപ്പെടുന്ന നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്ന്, നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്ന ഈ ബില്ലിൽ അങ്ങനെയൊരു റിവ്യൂ കമ്മിറ്റിയുടേയോ കമ്മീഷന്റേയോ പ്രൊവിഷനില്ല. ചുമ്മാ ഇത് പാസാക്കി ആരോ കുറേ ആളുകൾ ചേർന്ന് വേണ്ടത്ര ചർച്ചകൾക്കും പരിചിന്തനങ്ങൾക്കും വിധേയമാകാതെ നടത്തിയ ചില നിയമരഹിത പ്രവർത്തനങ്ങൾക്ക് കേവലം

നിയമസഭയിൽ ഒരു അടിയൊപ്പ് ഇട്ടുകൊടുത്ത് ഈ നിയമസഭയെതന്നെ ഒരു നോക്കുകുത്തി ആക്കി മാറ്റിയതിനുശേഷം അവർക്ക് എന്തും ചെയ്തുകൊള്ളാൻ എറിഞ്ഞുകൊടുക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിനിൽക്കുകയാണ്. 'വിസിറ്റർ' എന്നുപറയുന്നത് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആകുന്നതിൽ എനിക്ക് എതിർപ്പില്ല. അത് ഒരു ഓണററി സ്ഥാനമാണ്. ഇതിന് ഇപ്പോൾ കൺസന്റിന്റെ ആവശ്യമില്ല. അദ്ദേഹത്തിന് ആ സ്ഥാനം കൊടുക്കും. അദ്ദേഹം അതനുസരിച്ച് ആക്ട് ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യട്ടെ. ചാൻസിലർ അങ്ങനെയല്ല. ഭൂരിപക്ഷം കൊണ്ടോ വേണ്ടുന്ന അവധാനതയോടെ ഈ നിയമം പരിശോധിക്കാൻ കഴിയാതെ പോകുന്നതുകൊണ്ടോ അങ്ങനെ പരിശോധിക്കുന്നതുകൊണ്ട് നമ്മൾ മറ്റ് പല താൽപ്പര്യങ്ങൾക്കും വിധേയരായി പോകുന്നതുകൊണ്ടോ ഈ നിയമം പാസാക്കപ്പെട്ടാൽ പാസാക്കപ്പെടുന്നതോടൊപ്പംതന്നെ ഇത് ലിറ്റിഗേഷന് വഴിതെളിക്കാൻ പോകുകയാണ്. കേസുകളുടെ പരമ്പരതന്നെ ഉണ്ടാകാൻ പോകുകയാണ്. അങ്ങനെ കേസുകളുടെ പരമ്പര ഉണ്ടാകുമ്പോൾ ആ കേസുകളുടെ കാര്യത്തിലും തീരുമാനം എടുക്കേണ്ടിവരുന്ന നമ്മുടെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ ഇതിന്റെ ചാൻസലറായി വച്ചുകൊണ്ട് അദ്ദേഹത്തെ എംബരാസിങ് പൊസിഷനിലേക്ക് കൊണ്ടുവരണമോ? ഈ സഭയിൽ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും നമ്മുടെ മന്ത്രിമാരും ഗവൺമെന്റും ഇക്കാര്യത്തെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. Chief Justice of High Court അദ്ദേഹത്തെ ഇതിന്റെ ചാൻസലറായിവച്ച് അദ്ദേഹത്തിന്റെ പേരിൽ ഈ കുരിശ് വച്ചുകൊടുക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എത്ര കേസുകൾ ഉണ്ടായാലും, കേസുകളുടെ പരമ്പര തന്നെ ഉണ്ടായാലും ഇതിനെ അതാത് കേസുകളുടെ അടിസ്ഥാനത്തിൽ നീതിപൂർവ്വകമായ തീരുമാനം എടുക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ അത് ആവശ്യമാണ്. ഉദാഹരണത്തിന് ഇതിനകം നമ്മുടെ സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ പല കേസുകളും ഉണ്ട്. ആദ്യം ഉണ്ണികൃഷ്ണൻ കേസിൽ ഉണ്ടായ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് നമ്മളൊക്കെ ഈ സ്വാശ്രയ കോളേജ് എന്ന ആശയം അൽപമെങ്കിലും അംഗീകരിക്കാൻ തയ്യാറായത്. ഇവിടെ പറഞ്ഞതുപോലെ രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള തത്വം നടപ്പിലാക്കപ്പെടുമെന്നുള്ള പ്രതീക്ഷയാണ്. കാലാകാലങ്ങളിൽ കോടതികളിൽ തലപ്പത്ത് ഇരിക്കുന്ന ആളുകൾ ഈ നിയമത്തിന്റെ വ്യാഖ്യാനം നടത്തുന്ന വ്യക്തികൾ കാലഗതികൾ അനുസരിച്ച് തങ്ങളുടെ വിധിക്ക് മാറ്റങ്ങൾ വരുത്തുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുള്ളത് ഇൻഡ്യൻ ഭരണഘടന നിലവിൽ വന്നശേഷം ഉള്ള പത്തൻപത്താറ് വർഷത്തെ അനുഭവങ്ങളിൽനിന്നും പഠിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ചീഫ് ജസ്റ്റിസുമാരെ അവരുടെ പാട്ടിന് വിടുക. അവരെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ട് അവരെ ഒരു എംബരാസിങ് പൊസിഷനിൽ എത്തിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ എന്റെ ഡിസന്റിന്റെ രണ്ട് ഭാഗങ്ങളിൽ പറയുന്നത്. The Bar Council of Kerala. No doubt has established this mark through this activities as per the legal provisions in the past. But when it is forming a trust to carry on legal education through a self financing institution knowingly or unknowingly it is becoming part and parcel of the notorious commercialisation of education which is detrimental to the image Kerala has projected all through these years. എന്നാണ് ഞാൻ. പറയുന്നത്. അടുത്ത് പറഞ്ഞിരിക്കുന്നത് സെക്ഷൻ 29-ൽ with the fund of the university—(g) amounts received from any other source 29 (ജി) പരിശോധിച്ചാൽ *Funds of the University*:—There shall be a fund for the University to be called the University Fund, which shall include:—

(a) any contribution or grant made by the Central or State Government;

(b) any contribution or grant made by the University Grants Commission;

(c) any contribution made by the Bar Council of India;

(d) any contribution made by the Bar Council of Kerala, the Trust or other State Bar Councils;

(e) any bequests, donations, endowments or other grants made by private individuals and other Trusts, public or private;

(f) income received by the University from fees and charges;

ഇത്രയുമൊക്കെ പറഞ്ഞതിനുശേഷം (g) amounts received from any other source ഹവാല പണം ഉൾപ്പടെയുള്ള ഒഴുക്കിനെ സംബന്ധിച്ചുള്ള വിവാദങ്ങൾ, അതിന്റെ അഘാത പ്രത്യാഘാതങ്ങളിൽപ്പെട്ട് കേരളം ഉഴലുന്ന ഈ പ്രത്യേക സാഹചര്യത്തിൽ ഈ പറഞ്ഞ ചിട്ടി കമ്പനികൾ, ബ്ലേയ്ഡ് മാഫിയകൾ തുടങ്ങിയവകൊണ്ട് സമൂഹം ശ്വാസംമുട്ടുന്ന അവസരത്തിൽ amounts received from any other source എന്നുള്ള വിശാലമായ, വിപുലമായി എന്തും ആർക്കും ചെയ്യാൻ അവസരം നൽകുന്ന പ്രൊവിഷൻ ആവശ്യമുണ്ടായിരുന്നോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണം. ഈ സഭയിൽ ഇപ്പുറത്തും അപ്പുറത്തും അതുപോലെതന്നെ ഇവിടെ കമ്മിറ്റിയിലും ഞങ്ങൾ പറഞ്ഞിട്ടുള്ള സ്ഥാനങ്ങളിലേക്കും ജനറൽ കൗൺസിലേയുംമൊക്കെത്തന്നെ നോമിനേറ്റ് ചെയ്ത ആളുകൾ വരണമെന്നുള്ള എന്തോ നിർബന്ധം ഗവൺമെന്റിന് ഉള്ളതുപോലെ തോന്നുന്നു; ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തിപരമായിട്ട് ഉണ്ടെന്ന് തോന്നുന്നു. വിദ്യാർത്ഥി പ്രതിനിധികളെ തെരഞ്ഞെടുക്കപ്പെട്ടുകൊണ്ടുവരാം.

LIBRARY ARCHIVES Kerala Legislative Assembly

അഭിഭാഷകരുടെ ലിസ്റ്റുണ്ട്. ആ ലിസ്റ്റിൽനിന്ന് അവരുടെ പ്രതിനിധികളെ തെരഞ്ഞെടുത്തുകൊണ്ടുവരാം. ബാർ കൗൺസിൽതന്നെ അങ്ങനെ എലക്ട് ചെയ്തുവരുന്ന ഒരു ബോഡിയാണ്. അതുപോലെതന്നെ ഈ സർവ്വകലാശാലയുടെ ജനറൽ കൗൺസിലിലേക്കും എക്സിക്യൂട്ടീവ് കൗൺസിലിലേക്കുമൊക്കെ പ്രതിനിധികളെ കൊണ്ടുവരുന്നത് ഇലക്ഷനിലൂടെയായിരിക്കണം. എന്നാൽ അപൂർവ്വം ചില രംഗങ്ങളിൽ അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ വരാൻ സാധ്യതയില്ലാത്ത എന്നാൽ ചില പ്രധാനപ്പെട്ട പ്രഗൽഭരെ കൊണ്ടുവരണമെന്നുള്ള സ്ഥാനത്തുമാത്രം ഏതാണ്ട് ഒരുശതമാനം മേഖലയിൽ മാത്രം ഈ നോമിനേഷനുള്ള സ്കോപ്പ് നിലനിർത്തിക്കൊണ്ട് ഈ നിയമം പൊളിച്ച് എഴുതണം. ശ്രീ. കെ. സി. ജോസഫിനെപ്പോലെയുള്ള ആളുകൾ ഇത് ഗൗരവമായി ചിന്തിക്കണം. അതുപോലെ സംവരണം. ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ ചില താൽപ്പര്യങ്ങൾ ഇക്കാര്യത്തിൽ എടുത്തു. അതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. അത് മാത്രം പോരാ. ശ്രീ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചപോലെ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം വരണം; പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം വരണം. അത് വിദ്യാർത്ഥി പ്രതിനിധികളുടെ കാര്യത്തിൽ മാത്രം പോരാ, അഭിഭാഷകരുടെ പ്രതിനിധികൾ വരുമ്പോൾ ഒക്കെ അവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം. അതുപോലെതന്നെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ പ്രതിനിധീകരിച്ചുള്ള ആളുകളും ജനറൽ കൗൺസിലിലും എക്സിക്യൂട്ടീവ് കൗൺസിലിലും വരാനുള്ള സാഹചര്യം ഉണ്ടാകണം. സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ആളുകൾ വരുന്നു എന്ന് തീരുമാനിക്കുമ്പോൾ അതിനുള്ള വ്യവസ്ഥയുണ്ടാകണം. പ്രത്യേകിച്ച് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ അടിവരയിട്ട് വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന് പറഞ്ഞിട്ടുള്ള വിഭാഗങ്ങൾക്ക് പ്രത്യേകം പ്രാതിനിധ്യം ഉറപ്പുവരുത്താനുള്ള വ്യവസ്ഥ ഉണ്ടാകണം. ഈ സാധ്യതകളൊക്കെത്തന്നെ ആരായണം. ഇത് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശശുദ്ധിയോടെ പറഞ്ഞതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇവിടെ നിർദ്ദേശങ്ങൾ വരട്ടെ, നമുക്ക് മാറ്റങ്ങൾ വരുത്താം. അതുകൊണ്ട് അപ്പുറത്തുനിന്നും ഇപ്പോൾ ഒരു നിർദ്ദേശം കൊണ്ടുവന്നു. ഇത് സമഗ്രമായി സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ആ സെലക്ട് കമ്മിറ്റി കേരളം മുഴുവൻ സഞ്ചരിച്ച് നമ്മെക്കാളും ഈ രംഗത്ത് അനുഭവസമ്പത്തുള്ള അഭിഭാഷകരടക്കമുള്ള ആളുകളുടെ അഭിപ്രായങ്ങളാരാഞ്ഞ് ഇതിനൊരു സമഗ്രമായ രൂപം നൽകണം. അല്ലാതെ മറ്റാർക്കോവേണ്ടി അവർ നിർദ്ദേശിക്കുന്ന നിയമ നിർമ്മാണം നമ്മുടെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഗർഭഗൃഹങ്ങളിൽ രൂപപ്പെട്ടുവന്നത് ഇവിടെ അവതരിപ്പിച്ച് അപമാനിതനും അവഹേളിതനും ആകേണ്ട ഒരു കഥാപാത്രമായി ബഹുമാനപ്പെട്ട മന്ത്രി മാറരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഇവിടെ സൈബർ ലോ-യെ സംബന്ധിച്ചും സ്പെയ്സ് ലോ-യെ സംബന്ധിച്ചും രാഷ്ട്രപതി പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. പക്ഷേ, ബഹുമാനപ്പെട്ട രാഷ്ട്രപതിയും വേണ്ടത്ര ശ്രദ്ധിക്കാതെ പോകുന്ന നിരവധി പ്രശ്നങ്ങൾ ഇന്ന് രാജ്യം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് എന്റെ അഭിപ്രായം. രാഷ്ട്രപതിയാണ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്. നമ്മുടെ പ്രതിരോധ വകുപ്പുമന്ത്രി പ്രണബ് മുഖർജി അടുത്ത ദിവസം അമേരിക്കയിൽ പോയി അമേരിക്കൻ പ്രതിരോധ വകുപ്പ് സെക്രട്ടറിയുമായി കരാറിൽ ഒപ്പുവച്ചു. അതുകഴിഞ്ഞ് മൂന്ന് ആഴ്ചയ്ക്കുള്ളിൽ പ്രധാനമന്ത്രി പോയി അമേരിക്കൻ പ്രസിഡന്റ് ബുഷുമായി ആണവ സഹകരണ കരാറിൽ ഒപ്പുവച്ചു. ഇത് ഏത് സന്ദർഭത്തിലാണ്? അഫ്ഗാനിസ്ഥാനിൽ നിരപരാധികളായ ആളുകളുടെ

[അദ്ധ്യക്ഷവേദിയിൽ ചെയർമാൻ ശ്രീ. ബിനോയ് വിശ്വം]

നേർക്ക് അമേരിക്കൻ സാമ്രാജ്യത്വം ഒരു നീതീകരണവുമില്ലാതെ അക്രമണം നടത്തിയ പശ്ചാത്തലം, ആതുര ശുശ്രൂഷാരംഗത്ത് ഏർപ്പെട്ടിരുന്ന റെഡ്ക്രോസ് പ്രവർത്തകരെ അടക്കം കൊന്നൊടുക്കിയ പശ്ചാത്തലം ഇറാഖിൽ ഇപ്പോഴും യാതൊരു നീതീകരണവുമില്ലാതെ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന പശ്ചാത്തലം. രാസായുധങ്ങളുണ്ട് അത് കണ്ടെടുക്കാനാണ് ആക്രമണം എന്നുപറഞ്ഞു. ഐക്യരാഷ്ട്രസഭ അവിടെ പോയി. ഒരു വിദഗ്ദ്ധ കമ്മിറ്റി പരിശോധിച്ചു. രാസായുധങ്ങൾ ഇല്ല എന്നു പറഞ്ഞു. എന്നിട്ടും ആക്രമിച്ചു. അവസാനം സദ്ദാം ഹുസൈനെ തടങ്കലിലാക്കിയശേഷം ....

ശ്രീ. പി. ജെ. ജോയി: സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. രാഷ്ട്രപതിയെ കുറ്റപ്പെടുത്തിയാണ് ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ പ്രസംഗിക്കുന്നത്. രാഷ്ട്രപതി ഇൻഡ്യയിൽ നടക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല എന്നുപറഞ്ഞ് അദ്ദേഹത്തെ പരാമർശിക്കുന്ന പ്രസ്താവന ഈ ബില്ലുമായി ബന്ധപ്പെട്ട വിഷയമല്ല. അത് സാന്ദർഭികമായി പറയുന്നത് ഓർഡറിൽ അല്ല. അത് രേഖയിൽ ഉണ്ടാകരുത് എന്നാണ് എന്റെ അഭിപ്രായം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം രാഷ്ട്രപതിയെ കുറ്റപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട ജോയി പറഞ്ഞമാതിരി രാഷ്ട്രപതിയെ കുറ്റപ്പെടുത്തിയിട്ടില്ല. അത് തന്നെയുമല്ല അമേരിക്കൻ നയത്തെപ്പറ്റി വിമർശനമുണ്ടായി. അത് സഭയിൽ പറയാവുന്ന കാര്യമാണ്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അങ്ങ് കഴിയുന്നിടത്തോളം ബില്ലിലേക്ക് വന്ന് പ്രസംഗം ചുരുക്കണമെന്നുള്ളതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: നമ്മുടെയിടയിൽ ഇന്ന് വളർന്നുവന്നുകൊണ്ടിരിക്കുന്ന പ്രവണതയുടെ പ്രതീകമാണ് ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം. വിഗ്രഹങ്ങൾ ചോദ്യം ചെയ്യപ്പെടാൻ പാടില്ല. ഇൻഡ്യൻ പ്രസിഡന്റ് ആയിക്കഴിഞ്ഞാൽ അദ്ദേഹത്തെക്കുറിച്ച് അഭിപ്രായം പറയാൻ ഒരു സാമാന്യ പൗരന് അവകാശമില്ല എന്ന ചില തെറ്റായ ധാരണയുണ്ട്. ചില വിഗ്രഹങ്ങൾ ചോദ്യം ചെയ്യപ്പെട്ടാൽ ഉടഞ്ഞുപോകും. മഹാത്മാഗാന്ധി ഏറ്റവും കൂടുതൽ വിമർശനങ്ങളെ സ്വാഗതം ചെയ്തിരുന്ന ആളാണ്. ഇന്നത്തെ വിഗ്രഹങ്ങൾ പൊയ്മുഖങ്ങളായതുകൊണ്ടാണ് അവരുടെ നേരെ വിരൽ ചൂണ്ടാൻ ഭയപ്പെടുന്നത്. എന്റെ വിശ്വാസം ഇതറിഞ്ഞാൽ അദ്ദേഹം സ്വാഗതം ചെയ്യും. കാരണം നമ്മളോടെല്ലാം അദ്ദേഹത്തിന്റെ പ്രസംഗത്തെക്കുറിച്ച് വെബ്സൈറ്റിലൂടെ അഭിപ്രായം ആവശ്യപ്പെട്ട വലിയ

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യനാണ്. അല്ലാതെ ഇവിടെ ചൂണ്ടിക്കാണിച്ച രൂപത്തിലല്ല എന്ന സത്യം അങ്ങേക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : മഹാത്മാഗാന്ധി വിമർശനങ്ങളെ സ്വീകരിച്ചിരുന്നു. പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടിയിട്ടില്ല. എല്ലാ പ്രശ്നങ്ങളേയും അഭിമുഖീകരിച്ചാണ് മുന്നോട്ടുപോയത്. ഇവിടെ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുന്ന ആദർശധീരന്മാരാണ് നമ്മുടെ നാട്ടിലുള്ളത്.

ശ്രീ. വർക്കല കഹാർ : ഗാന്ധിജിയെ വാർധായിലെ കള്ളദൈവം എന്ന് വിളിച്ച് ആക്ഷേപിച്ചവരാണ് അദ്ദേഹം വിമർശനങ്ങളെ ഇഷ്ടപ്പെട്ടിരുന്നു എന്ന് പറഞ്ഞത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: ബഹുമാനപ്പെട്ട കഹാറിനെപ്പോലെയുള്ള ആളുകൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് അതിനെക്കാളും കടുത്ത പാതകമാണ്. മഹാത്മാഗാന്ധിയുടെ നാട്ടിൽ...... സദ്ദാം ഹുസൈനെ അമേരിക്കയുടെ തടങ്കലിലാക്കി. എന്നിട്ട് ഇപ്പോഴും ആക്രമണം നടന്നുകൊണ്ടിരിക്കുന്നു. അപ്പോഴാണ് അമേരിക്കയിൽ പോയി പ്രതിരോധമന്ത്രിയുമായി കരാറിൽ ഒപ്പിട്ടത്. ഈ കരാർ വെറും കരാറല്ല. സാധാരണ ഒപ്പിടുന്ന വ്യാപാര സാമ്പത്തിക കരാറല്ല. നമ്മുടെ രാജ്യത്തിന്റെ പരമാധികാരം തീറെഴുതുന്ന കരാറാണ്. ഇൻഡ്യയെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഉപഗ്രഹമാക്കി മാറ്റുന്ന കരാറിലാണ് ഒപ്പിട്ടിരിക്കുന്നത്. അങ്ങനെ കരാർ ഒപ്പിടാൻ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 58 വർഷം പൂർത്തിയാകാൻ പോകുന്ന ഭാരതത്തിൽ നാളിതുവരെ ഒരു പ്രധാനമന്ത്രിയും ധൈര്യപ്പെട്ടിട്ടില്ല. ഇവർ അത് ചെയ്തു. ധനകാര്യ വകുപ്പുമന്ത്രി ചിദംബരവും പ്രതിരോധ വകുപ്പുമന്ത്രി പ്രണബ് മുഖർജിയും അതുപോലെ പ്രധാനമന്ത്രി മൻമോഹൻ സിംഗും ഈ രാജ്യത്തെയും ഗവൺമെന്റിനെയും കോൺഗ്രസ് പാർട്ടിയെയും എങ്ങോട്ട് നയിക്കുന്നു എന്ന് കോൺഗ്രസിന്റെ സുഹൃത്തുക്കൾ പരിശോധനാവിധേയമാക്കണം. നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യം, പരമാധികാരം എന്നു പറയുന്നത് പ്രധാന പ്രശ്നമാണ്. ഭരണഘടനയിൽ പറയുന്ന പരമാധികാരം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. അത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ച വിപുലവും വ്യാപകവുമായ അടിസ്ഥാനത്തിൽ അതും ഒരു പരിശോധനയ്ക്കും, പഠനത്തിനും, ഗവേഷണത്തിനും അതിന്റെ അടിസ്ഥാനത്തിലുള്ള ശക്തമായ നിലപാടിനും വിധേയമാക്കേണ്ടതാണ്.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മെമ്പർ നീലലോഹിതദാസൻ നാടാർ അമേരിക്കയിൽ പോയി ഒപ്പുവച്ച കാര്യത്തെക്കുറിച്ച് പറഞ്ഞു. രാജ്യദ്രോഹപരമായ കരാറാണെന്നാണ് പറഞ്ഞത്. അങ്ങയുടെ പാർട്ടി കേന്ദ്ര ഗവൺമെന്റിന് നൽകുന്ന പിന്തുണ ഇതിന്റെ പേരിൽ പിൻവലിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: എന്റെ പാർട്ടിയടക്കം ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയ കക്ഷികളും അങ്ങയുടെ പാർട്ടി അടക്കം ചിദംബരം, മൻമോഹൻ സിംഗ്, പ്രണബ് മുഖർജി എന്നിവരെയൊക്കെ ഈ ഭരണത്തിൽനിന്ന് മാറ്റുന്ന കാര്യം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ പരമാധികാരം ചോദ്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യപ്പെട്ടിരിക്കുകയാണ്. മാത്രമല്ല നമ്മുടെ രാജ്യത്ത്, ഈ രാജ്യത്തിന്റെ നിയമമുണ്ടാക്കുന്നത് ഈ രാജ്യത്തെ ജനങ്ങൾ പല പല ഘട്ടങ്ങളിലായി നടത്തുന്ന പോരാട്ടങ്ങളുടെ ഫലമായിട്ടാണ്. എന്താണ് ഇൻഡ്യയുടെ പാരമ്പര്യം? സ്വാതന്ത്ര്യ സമരകാലത്ത് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇവിടെ സ്വാതന്ത്ര്യ സമരം നടന്നപ്പോൾ അത് കേവലം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി നടത്തിയ സ്വാതന്ത്ര്യസമരം മാത്രമായിരുന്നില്ല. ഏഷ്യയിൽ, ആഫ്രിക്കയിൽ, ലാറ്റിൻ അമേരിക്കയിൽ എല്ലാം കോളനിവാഴ്ചയ്ക്കെതിരെ പോരാടിയിരുന്ന എല്ലാ ജനതയുടെയും, ജനസമൂഹങ്ങളുടെയും പോരാട്ടങ്ങൾക്ക് കരുത്തും ശക്തിയും പകരാൻ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന് കഴിഞ്ഞു. സ്വാതന്ത്ര്യപ്രാപ്തിയുടെ ആദ്യ ദശകങ്ങളിൽ സാമ്രാജ്യവിരുദ്ധ മുദ്രാവാക്യം നിലനിർത്താൻ കഴിഞ്ഞിരുന്ന മലയാളികൾക്കാകെ അഭിമാനമായിരുന്ന വി. കെ. കൃഷ്ണമേനോൻ ഇൻഡ്യൻ പ്രാതിനിധ്യത്തെക്കുറിച്ച് ഐക്യരാഷ്ട്രസഭയിൽ കാശ്മീർ പ്രശ്നത്തിന്റെ പേരിൽ എട്ട് മണിക്കൂർ നീണ്ടുനിന്ന ഒരു പ്രസംഗം നടത്തി. ഐക്യരാഷ്ട്രസഭയിലെ എല്ലാ ആളുകളും കൈയടിച്ച് അതിനെ സ്വീകരിച്ചു. പക്ഷേ, രക്ഷാസമിതിയിൽ വന്നപ്പോൾ സോവിയറ്റ് യൂണിയൻ അല്ലാതെ ആരും നമ്മളെ പിന്താങ്ങാൻ ഇല്ലായിരുന്നു.

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം 30 മിനിട്ടും 23 സെക്കന്റും ആയി. അങ്ങ് ഒന്ന് ചുരുക്കുക.

സർ, അതുപോലെയാണ് ഇപ്പോൾ മൻമോഹൻ സിംഗ് യു.എൻ. കോൺഗ്രസ്സിൽ പോയി നടത്തിയ പ്രസംഗം. ഇൻഡ്യ മുന്നോട്ടുവച്ച ഒരാവശ്യവും അവർ അംഗീകരിച്ചില്ല. അവർ പറയുന്നത്, ഇൻഡ്യയെ ഒരു ആണവശക്തിയായി അമേരിക്ക അംഗീകരിച്ചിരിക്കുന്നു; അതിൽ നമുക്ക് സന്തോഷിക്കാമെന്നാണ്. സാമ്രാജ്യത്വത്തിന്റെ ദാസന്മാരായ ആളുകൾ അവരുടെ പ്രചരണങ്ങളാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത് വളരെ ഗൗരവമായ കാര്യമാണ്. നമ്മുടെ പരമാധികാരം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ പരമാധികാരം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ആ പരമാധികാരം നിലനിർത്താൻ എന്താണ് ചെയ്യേണ്ടത്? അതിൽ ഏറ്റവും കൂടുതൽ ഉത്തരവാദിത്വമുള്ളത്, നമ്മുടെ ഭരണഘടന സംരക്ഷിക്കേണ്ട ഏറ്റവും കൂടുതൽ ബാധ്യതയുള്ളത് ഇൻഡ്യൻ രാഷ്ട്രപതിക്കാണ്. മറ്റെല്ലാ പ്രശ്നങ്ങളിലും താൽപ്പര്യമെടുക്കുന്ന അദ്ദേഹം നമ്മുടെ പരമാധികാരം അമേരിക്കയ്ക്കുമുന്നിൽ അടിയറവച്ച കേന്ദ്ര ഭരണാധികാരികളുടെ നീക്കങ്ങൾക്കെതിരേയും വിരൽ ചൂണ്ടാൻ തയ്യാറാകണമെന്നാണ് ഈ സഭയിലൂടെ, അങ്ങയിലൂടെ എനിക്ക് രാഷ്ട്രപതിയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇത്ര പെട്ടെന്ന് ഓർഡിനൻസ് കൊണ്ടുവന്നത് ശരിയായില്ല. ഒരു സമഗ്രമായ ബിൽ തയ്യാറാക്കി അവതരിപ്പിച്ച് സഭയ്ക്ക് പുറത്തുള്ള ആളുകളുടെ, കേരള സമൂഹത്തിലെ വിവിധ cross-section-ലുള്ള ആളുകളുടെ അഭിപ്രായങ്ങൾ ആരാഞ്ഞ് വിപുലവും വ്യാപകവുമായ ചർച്ച നടത്തി ഈ നിയമമാകെ പുനരാവിഷ്കരിക്കുന്നതിന്, സെൽഫ് ഫിനാൻസിംഗ് എടുത്തുകളഞ്ഞ് നോമിനേഷൻ സമ്പ്രദായം എടുത്തുകളഞ്ഞ്, ഇതൊരു സമഗ്രമായ നിയമമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള സാവകാശത്തിന് അങ്ങെങ്കിലും തയ്യാറാകണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ടാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ബില്ലിന്റെ ആമുഖമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പ്രസംഗം വളരെയേറെ സ്വാഗതാർഹമായ ഒന്നാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു മികച്ച സ്ഥാപനമുണ്ടാക്കുക എന്നതുമാത്രമാണ് ഗവണ്മെന്റ് ഉദ്ദേശിച്ചത്. ബാംഗ്ളൂരിലേയും ഇൻഡ്യയിലെ എട്ട് നാഷണൽ ലാ യൂണിവേഴ്സിറ്റികളുടേയും ചുവടുപിടിച്ചുകൊണ്ട് ആ നിലവാരത്തിലുള്ള ഒരു മികച്ച സ്ഥാപനമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഗവണ്മെന്റിന്റെ സദുദ്ദേശമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആമുഖമായി ഇവിടെ പറഞ്ഞത്. ഈ ചർച്ച തുടങ്ങിയ ശ്രീ. മത്തായി ചാക്കോ എന്നെ വിമർശിച്ച് സംസാരിക്കുന്നതു കേട്ടു. ഈ സഭയിൽ ഇന്ന് രാവിലെ വിദ്യാഭ്യാസവകുപ്പുമന്ത്രി 12-ാം വകുപ്പിനും 13-ാം വകുപ്പിനും രണ്ട് ഒഫീഷ്യൽ അമെന്റ്മെന്റുകൾ സർക്കുലേറ്റ് ചെയ്തു. ഞാൻ അത് വായിച്ചിട്ട് അതിന് എന്റെ രണ്ട് അമെന്റ്മെന്റുകൾ സബ്മിറ്റ് ചെയ്തു. അതിന് എന്തോ വലിയ അപരാധം ഞാൻ ചെയ്തു എന്ന മട്ടിൽ, അവിഹിതമായ കാര്യം ചെയ്തു എന്ന മട്ടിൽ അദ്ദേഹം പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി. സഭയിൽ ഒരു ഒഫീഷ്യൽ അമെന്റ്മെന്റ് മൂവ് ചെയ്താൽ സഭയിലുള്ള ഏതംഗത്തിനും അതിന് അമെന്റ്മെന്റ് മൂവ് ചെയ്യാൻ അവകാശമുണ്ട്. ഞാൻ ആ അവകാശം വിനിയോഗിച്ചു. അതിനപ്പുറം മറ്റൊന്നും ചെയ്തില്ല. അദ്ദേഹം ഞാൻ വലിയ അപരാധം ചെയ്തതുപോലെ പറഞ്ഞു. ഞാൻ അത് അവഗണിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫിന്റെ ലോലമനസ്സിനെ വേദനിപ്പിക്കാൻ ശ്രീ. മത്തായി ചാക്കോ ഉദ്ദേശിച്ചുകാണുകയില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, കാര്യം മനസ്സിലാക്കണ്ടേ?

ശ്രീ. മത്തായി ചാക്കോ: ഭേദഗതി വന്നതിനെയല്ല എതിർത്തത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി വന്നതിന് തൊട്ടു പിന്നാലെ അങ്ങയുടെ ഭേദഗതിയും വന്നു. അതിൽ ഒരു ഗൂഢാലോചനയുണ്ട്. നിങ്ങൾ ഇന്നലെ രാത്രി മുതൽ ബഹുമാനപ്പെട്ട മന്ത്രിയെ സമ്മർദ്ദം ചെലുത്തിയതുകൊണ്ട്, അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അദ്ദേഹം ഇന്ന് അംഗീകരിച്ചതാണെന്ന് ഞങ്ങൾക്കറിയാം.

ശ്രീ. കെ. സി. ജോസഫ്: മഞ്ഞപ്പിത്തമുള്ളവർ കാണുന്നതെല്ലാം അങ്ങനെയായിരിക്കും. എന്തു ചെയ്താലും നിങ്ങൾക്ക് സംശയമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അമെന്റ്മെന്റ് വന്ന് അര മണിക്കൂർ കഴിഞ്ഞാണ് എന്റെ അമെന്റ്മെന്റ് വന്നത്. അതു വലിയ കുറ്റമായിട്ട് ഞാൻ കാണുന്നില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റ് ആഗ്രഹിക്കുന്നത് ഒരു University of National Eminence ആണ്. പൊതു വിദ്യാഭ്യാസരംഗത്ത് വലിയ പാരമ്പര്യം കേരളത്തിലുണ്ട്. നമ്മൾ സമ്പൂർണ്ണ സാക്ഷരത നേടി. കേരള മോഡൽ എന്നു പറയുന്ന പ്രശംസനീയമായ വിശേഷണം ഉണ്ടായതുതന്നെ വിദ്യാഭ്യാസരംഗത്തെയും ആരോഗ്യ മേഖലയിലെയും ഈ സംസ്ഥാനത്തിന്റെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇന്ന് ആ നേട്ടങ്ങളെല്ലാം പൊതുവിദ്യാഭ്യാസ മേഖലയിൽ മാത്രമായി ചുരുങ്ങുന്നു. കേരളത്തിൽ ദേശീയ പ്രാധാന്യമുള്ള, National Eminence ഉള്ള സ്ഥാപനങ്ങൾ എത്രയുണ്ട്? ഇൻഡ്യയിലെമ്പാടും ദേശീയ പ്രാധാന്യമുള്ള നിരവധി സ്ഥാപനങ്ങൾ ഉണ്ടാകുമ്പോൾ കേരളം വളരെയേറെ പിൻതള്ളപ്പെട്ടുപോകുന്നു. ഒരു Educational Institution of National Eminence കാണണമെങ്കിൽ കേരളത്തിന്റെ അതിരുവിട്ടുപോകേണ്ട അവസ്ഥയുണ്ടാകുന്നു. അതു കണക്കിലെടുത്തുകൊണ്ടാണ് വിദ്യാഭ്യാസ-നിയമമന്ത്രിമാരുടേയും ചീഫ് ജസ്റ്റീസുമാരുടേയും കോൺഫറൻസിന്റെ ശുപാർശകൾ കണക്കിലെടുത്തുകൊണ്ട് ഒരു നാഷണൽ ലാ സ്കൂൾ ആരംഭിക്കാൻ ഗവണ്മെന്റ് തീരുമാനിച്ചത്. പ്രാരംഭമായി ബാർ കൗൺസിൽ ആരംഭിച്ച കൊച്ചിയിലെ NIALS-നെ ഇതിൽ മെർജ് ചെയ്യുകയാണ്. ഡോ. നീലലോഹിതദാസൻ നാടാർ പറഞ്ഞതുപോലെ ബാർ കൗൺസിൽ ഒരു പ്രശസ്തമായ സ്ഥാപനമാണ്. നിങ്ങൾ എവിടെയോ ഒരു സെൽഫ് ഫിനാൻസിംഗ് എന്ന വാക്കു കണ്ടുകൊണ്ട് ഇത്രയേറെ പരിഭ്രാന്തി കാണിക്കുന്നത് മനസ്സിലാക്കാൻ വളരെയേറെ പ്രയാസമുള്ള കാര്യമാണ്. എനിക്കു പറയാനുള്ളത്, പുതിയ യൂണിവേഴ്സിറ്റി എല്ലാ അർത്ഥത്തിലും ഒരു ദേശീയപ്രാധാന്യമുള്ള സ്ഥാപനമാകണം. ഇതൊരു Institution of National Eminence ആയി മാറണം. മറ്റൊരു ലാ കോളേജായി മാറാൻ പാടില്ല. കേരളത്തിൽ ഇപ്പോൾ ആറേഴു ലാ കോളേജുകൾ ഉണ്ട്. ഇനി പുതിയ ഒരു സാധാരണ ലാ കോളേജ് കേരളത്തിന് ആവശ്യമില്ല. ബാംഗ്ളൂരിലേയും പൂനയിലേയും കൽക്കട്ടയിലേയും നാഷണൽ ലാ സ്കൂളിന്റെ മാതൃകയിൽ പ്രശസ്തമായൊരു സ്ഥാപനം കേരളത്തിൽ ഉണ്ടാകണം. അതിനുള്ള ഒരു ചെറിയ തുടക്കമാണ് നാഷണൽ ലാ യൂണിവേഴ്സിറ്റി. യൂണിവേഴ്സിറ്റിയുടെ ചാൻസലറായി വച്ചിരിക്കുന്നത് ചീഫ് ജസ്റ്റീസിനെയാണ്. എനിക്ക് അതിൽ വിയോജിപ്പുണ്ട്. ഇവിടെ പറഞ്ഞ കാരണംകൊണ്ടല്ല. സമീപകാലത്തായി ഇൻഡ്യയിൽ നമ്മുടെ ജനാധിപത്യ സമ്പ്രദായത്തിന്റെ അടിത്തറയായ എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജുഡീഷ്യറി എന്നീ മൂന്നു സംവിധാനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിൽ അതിക്രമിച്ചുകടക്കാൻ കോടതി ശ്രമിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. നിയമസഭയുടെ അധികാരത്തിൽ കോടതി കടന്നുകയറുകയാണ്. നിയമങ്ങൾ വ്യാഖ്യാനിക്കേണ്ട കോടതി നിയമം നിർമ്മിക്കാൻ തയ്യാറെടുക്കുകയാണ്. എക്സിക്യൂട്ടീവിന്റെ അധികാരങ്ങൾ കവർന്നെടുക്കുക, അങ്ങനെ വളരെയേറെ അനാരോഗ്യകരമായ ഒരു ശൈലിയാണ് കോടതി സ്വീകരിച്ചുവരുന്നത്. അങ്ങനെയുള്ള കോടതികളെ, യാതൊരുവിധമായ നിയന്ത്രണത്തിനും വിധേയമാകാത്ത കോടതികളുടെ അധിപനെ ചാൻസലറാക്കുന്നത് ആശാസ്യമാണെന്ന അഭിപ്രായം വ്യക്തിപരമായി എനിക്കില്ല. കേരളത്തിലെ മറ്റു യൂണിവേഴ്സിറ്റികളുടെ ചാൻസലർമാർ ഗവർണ്ണറാണ്. ഗവർണ്ണർ ഈ സംസ്ഥാനത്തിന്റെ ഭരണഘടനാ

LIBRARY ARCHIVES Kerala Legislative Assembly

തലവനാണ്. ബഹുമാനപ്പെട്ട ഗവർണ്ണർക്ക് കേരളത്തിലെ ഗവണ്മെന്റിന്റെ മന്ത്രിസഭയുടെ ശുപാർശകൾ കേൾക്കാനുള്ള ബാദ്ധ്യതയുണ്ട്. അങ്ങനെ നിയമസഭയോട് ബാദ്ധ്യതയുള്ള മന്ത്രിസഭ, മന്ത്രിസഭയുടെ ഉപദേശം അംഗീകരിക്കാൻ ബാദ്ധ്യതയുള്ള ഗവർണ്ണർ, അങ്ങനെയുള്ള ഗവർണ്ണർ ആയിരിക്കണം യൂണിവേഴ്സിറ്റിയുടെ ചാൻസലർ. ഇത് എന്റെ വ്യക്തിപരമായ അഭിപ്രായമാണ്. ഇവിടെ ശ്രീ. മത്തായി ചാക്കോ....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഗവർണ്ണർ ചാൻസലർ എന്നും മന്ത്രി പ്രോ ചാൻസലറെന്നുമാണ്. അതു നമ്മൾ പാസ്സാക്കിയ ബിൽ അനുസരിച്ചാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ സെൽഫ് ഫിനാൻസിംഗ് ആയിട്ടുള്ള കോളേജുകൾ ഉള്ള ഒരു യൂണിവേഴ്സിറ്റിയുടെ ചാൻസലറായിരിക്കുന്നത് നിയമപരമായിട്ടും ഭരണഘടനാപരമായിട്ടും ശരിയായ നടപടിക്രമമല്ല.

ശ്രീ. കെ. സി. ജോസഫ്: നിങ്ങൾ സെൽഫ് ഫിനാൻസിംഗ് എന്ന വാക്കിനെ ഭയപ്പെടുകയാണ്. സഭ പാസ്സാക്കുന്ന ഒരു നിയമത്തിന് വിധേയമായി ഉണ്ടാകുന്ന ഒരു യൂണിവേഴ്സിറ്റി, നിങ്ങൾ അതിനെ കച്ചവടത്തിന് സമമായിട്ട് കാണുന്നത് ശരിയല്ല. ഈ പുതിയ യൂണിവേഴ്സിറ്റി, സഭയുടെ കൂട്ടായ അഭിപ്രായത്തിന്റെ ഒരു പ്രോഡക്റ്റാണ് ഈ യൂണിവേഴ്സിറ്റി. അതിനെ സെൽഫ് ഫിനാൻസിംഗ് എന്നു പറഞ്ഞ് ബ്ലാക്ക് മെയിൽ ചെയ്യാൻ നിങ്ങൾ ശ്രമിക്കേണ്ട.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മെമ്പർ self financing
2.00 P.M.] എന്നുള്ള വാക്ക് ഈ യൂണിവേഴ്സിറ്റി നിയമത്തിൽനിന്നും മാറ്റണമെന്ന് ആവശ്യപ്പെടുന്നത് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ഗ്രാന്റ് വാങ്ങേണ്ട ഒരവസ്ഥയിലേക്ക് ഈ യൂണിവേഴ്സിറ്റികളെ വരുത്താൻവേണ്ടിയാണോ പറയുന്നത്? self financing എന്നു സർക്കാർ ഇതിനകത്തു കൊണ്ടുവന്നിരിക്കുന്നത് യഥാർത്ഥത്തിൽ തന്നത്താൻ പണമുണ്ടാക്കി കോളേജ് അനുവദിക്കണമെന്നുള്ളതാണ്, മറിച്ച് സർക്കാരിന്റെ കൈയിൽനിന്നും ഈ സ്വാശ്രയ സർവ്വകലാശാലയ്ക്ക് നൽകണമെന്നാണ് ഇവർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: അതാണ് ശരി. ഗവൺമെന്റിന്റെ ആഗ്രഹം സർക്കാരിന്റെ ഗ്രാന്റിനെ ആശ്രയിക്കാതെ മറ്റു വരുമാനമാർഗ്ഗങ്ങളിൽ യൂണിവേഴ്സിറ്റി മുമ്പോട്ടുപോകണം. ഇവിടെ ഡോ. നീലലോഹിതദാസൻ നാടാർ എന്തെല്ലാം പറഞ്ഞു. ഹവാല പണം ഒഴുകാനുള്ള ഒരു മാർഗ്ഗമായി യൂണിവേഴ്സിറ്റി മാറാൻ പോകുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. യൂണിവേഴ്സിറ്റിയുടെ clause 29 (1) (g) ചൂണ്ടിക്കാണിച്ച് അദ്ദേഹം പറയുന്നത് അത് ഹവാല പണം ഒഴുകാനുള്ള മാർഗ്ഗമാണെന്നാണ്. അദ്ദേഹത്തിന്റെ ആധികാരിക രേഖയായ The National Law School of India Act, Bangalore National Law University സംബന്ധിച്ച Karnataka Act 22 of 1986 എന്നിവയിൽ എന്താണ് പറയുന്നത്? 23. Funds of the School, clause (1) അതിനകത്ത് (a), (b), (c), (g) amount received from any other source, കർണാടക നമുക്ക് മോഡൽ ആക്ടായി

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിക്കുന്ന, നിങ്ങളും അംഗീകരിക്കുന്ന ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂളിന്റെ ആക്ടിലും പറയുന്നത് ഇതിന്റെ ഫണ്ട് amount received from any other source, income received by the School from fees and charges, any contribution made by the State Bar Council. അപ്പോൾ ആ വ്യവസ്ഥ മാത്രമാണ് ഞങ്ങളും സ്വീകരിക്കുന്നത്. ഇവിടെ വല്ലാത്ത പുകമറയുണ്ടാക്കുകയാണ്. അവിടെനിന്നും ഇവിടെനിന്നും ഓരോ ക്ലാസ്സ് വായിച്ചിട്ട് എന്തോ വലിയ അട്ടിമറിയുണ്ടാക്കാൻ പോകുന്നു; Self financing വലിയ പാതകം ചെയ്യുന്നു എന്നുള്ള ഒരു രീതിയാണ് നിങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നത്. ഈ നിയമത്തിന്റെ ആധാരം ബാംഗ്ളൂരിലെ National Law School നിയമംതന്നെയാണ്. അതിൽ വലിയ മാറ്റം വരുത്തിയിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലെ ഒരു official amendment move ചെയ്തു. അതു നല്ല കാര്യമല്ലേ? സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് കുറെ മാറ്റങ്ങൾ അംഗീകരിച്ചു. വീണ്ടും ചർച്ചകളിലുണ്ടായ അഭിപ്രായങ്ങൾ പറഞ്ഞു. ഇവിടെ ശ്രീ. മത്തായി ചാക്കോ all members of the Bar Council of Kerala എന്നതു മാറ്റണമെന്നു പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഒരു നാഷണൽ ലാ സ്കൂളിന്റെ ജനറൽ കൗൺസിലിൽ ബാർ കൗൺസിലിലെ എല്ലാ അംഗങ്ങളും വേണോ? എന്താണ് അതിന്റെ ആവശ്യം? മന്ത്രി പറയുന്നത് five members of the Bar Council of Kerala nominated by Chancellor എന്നാണ്. ഈ ആക്ട് പ്രകാരം ചാൻസലർ ആരാണ്? ചീഫ് ജസ്റ്റീസ്. അദ്ദേഹം നോമിനേറ്റുചെയ്യുന്ന 5 ബാർ കൗൺസിൽ അംഗങ്ങൾ. അവർ പോരേ? എന്തിനാണ് ഈ ബാർ കൗൺസിൽ മെമ്പർമാരെക്കൊണ്ട് ഈ യൂണിവേഴ്സിറ്റിയുടെ ജനറൽ കൗൺസിൽ കുത്തിനിറയ്ക്കാൻ പോകുന്നത്? ഒരു നല്ല കാര്യം ചെയ്താലും ജനറൽ കൗൺസിലിലെ അംഗസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നത് തടയാൻ ശ്രമിക്കുമ്പോൾ, അംഗസംഖ്യ കുറയ്ക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ അവിടെയും കാണുന്നത് എന്തോ ദുരുദ്ദേശമാണ്. ....(ബഹളം).... വിശദമായ ചർച്ചകളിൽ അതിന്റെ ആവശ്യമില്ലെന്നു തോന്നിയാൽ അത് മാറ്റാൻ പാടില്ലേ? ഇവിടെ ശ്രീ. മത്തായി ചാക്കോ എന്തൊക്കെ പറഞ്ഞു? ഹിമാലയ, ഞാൻ അതിലേക്കൊന്നും കടന്നുപോകുന്നില്ല. ഇവിടെ മലബാർ കാൻസർ സെന്ററിന്റെ പണം തട്ടി ചാനൽ ആരംഭിച്ച ആളുകൾക്ക് പലതും തോന്നും. അടുത്തകാലത്തായി നാട്ടിൽ നടക്കുന്ന എല്ലാ സംഭവങ്ങളിലും അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ചുകൊണ്ട് നിങ്ങൾ പുകമറ ഉണ്ടാക്കുകയാണ്. നിങ്ങൾ ദയവായി ഇതിനെ ചെളിവാരി എറിയരുത്. അത് ആർക്കും ഗുണം ചെയ്യാൻ പോകുന്നില്ല. ഈ പ്രവണത ശരിയാണോ? ഈ സഭയുടെ പ്രൊട്ടക്ഷൻ ഉപയോഗിച്ചുകൊണ്ട് അടിസ്ഥാനരഹിതമായ വാർത്തകൾ ഇവിടെ വീണ്ടും ആവർത്തിക്കുകയാണ്.... (ബഹളം) ..... എനിക്ക് അപേക്ഷിക്കാനുള്ളത് ഒരു നിയമനിർമ്മാണത്തിൽ കുറച്ചുകൂടി liberal ആയ approach വേണം. നിയമനിർമ്മാണത്തിൽ രാഷ്ട്രീയം കുത്തിനിറയ്ക്കരുത്. നമുക്കാവശ്യം ഈ സഭയുടെ consensus ആയിട്ട് ഒരു നല്ല നിയമമുണ്ടാകണം. ആ നിയമത്തിന്റെ പിന്നിൽ യാതൊരു ദുരുദ്ദേശ്യവും പാടില്ല. നിങ്ങളുടെ നിർദ്ദേശങ്ങൾ നിങ്ങൾ പറഞ്ഞല്ലോ, സബ്ജക്ട് കമ്മിറ്റി കൂടിയപ്പോഴും നിങ്ങൾ കുറെ കാര്യങ്ങൾ പറഞ്ഞു. മന്ത്രി പലതും അംഗീകരിച്ചു. മന്ത്രി ആമുഖമായി 'എനിക്ക് ഒരു open mind'

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നു പറഞ്ഞു. അതൊരു നല്ല കാര്യമല്ലേ? ഈ സഭയിലുണ്ടാകുന്ന ചർച്ചകളിൽ.....

ശ്രീ. മത്തായി ചാക്കോ: സർ, നമ്മുടെ consensus-ൽ വന്ന കാര്യങ്ങൾ അംഗീകരിച്ചു, ഞങ്ങൾ അതിനെ appreciate ചെയ്തു. ഇവിടെ പ്രശ്നം, സബ്ജക്ട് കമ്മിറ്റിയിൽ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മൾ വിശദമായി ചർച്ച ചെയ്തപ്പോൾ ബാർ കൗൺസിലിലെ മെമ്പർമാരെല്ലാം ഇരിക്കട്ടെ എന്നുള്ള നിലയിലാണല്ലോ വന്നത്? അതിനുശേഷം ഇന്നു രാവിലെ ഈ ഫ്ളോറിലാണ് ഈ ഭേദഗതി വരുന്നത്. അതിനെ സംബന്ധിച്ചാണ് പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ്: സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ അവസാന വാക്കൊന്നുമല്ല. കമ്മിറ്റി റിപ്പോർട്ടു ചെയ്തിരിക്കുന്ന ആ ബിൽ സഭയിൽ വന്നാൽ, നമ്മളിവിടെ അമെന്റ്മെന്റ് കൊടുത്തിട്ടുണ്ടല്ലോ ....

ശ്രീ. കെ. ബാബു: സർ, ശ്രീ. മത്തായി ചാക്കോ പറയുന്നത് സബ്ജക്ട് കമ്മിറ്റി ഇത് വിശദമായി ചർച്ച ചെയ്തു എന്നാണ്. അങ്ങനെയാണെങ്കിൽ ഇവർ ഒരു നിരാകരണക്കുറിപ്പ് ഇവിടെ കൊടുക്കാൻ പാടുണ്ടോ? അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. സി. ജോസഫ്: നിരാകരണം കൊടുത്ത ആളുകൾ അവർ അതിന് ആധാരമായി പറഞ്ഞ കാര്യങ്ങൾ മന്ത്രി അംഗീകരിക്കുമ്പോൾ അവർക്ക് അതും ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. ഇവിടെ ഈ ബില്ലിനെക്കുറിച്ച് ഏതാണ്ട് ആയിരത്തോളം അമെന്റ്മെന്റുകൾ വന്നിട്ടുണ്ട്. എന്തിനാണ് ഇത് കൊടുത്തിരിക്കുന്നത്? സബ്ജക്ട് കമ്മിറ്റി ശുപാർശകൾ പൂർണ്ണമല്ല. നമുക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. അങ്ങനെവരുമ്പോൾ ഒരു ഘട്ടത്തിൽ മന്ത്രിക്ക് ആ ശുപാർശകൾ മാറ്റണമെന്നു തോന്നിയാൽ അത് പറയണ്ടേ? നിങ്ങൾ ദയവായി സങ്കുചിതമായി കാര്യങ്ങൾ കാണരുത്. വളരെ തുറന്ന മനസ്സോടുകൂടി കേരളത്തിൽ ഏറ്റവും നല്ല ഒരു ലാ യൂണിവേഴ്സിറ്റിയുണ്ടാക്കാൻ, ബാംഗ്ളൂരിലെയും കൽക്കട്ടയിലെയും യൂണിവേഴ്സിറ്റികളുടെ മാതൃകയിൽ ഒരു മികച്ച യൂണിവേഴ്സിറ്റിയുണ്ടാക്കാൻ സഹായകരമായ ഏതു മാർഗ്ഗവും ഉൾക്കൊള്ളാൻ ഗവൺമെന്റ് സന്നദ്ധമാണെന്നു പറഞ്ഞു. അങ്ങനെ പറയുമ്പോൾ നിങ്ങളും സഹകരിച്ച് ദയവായി അഫ്ഗാനിസ്ഥാനിലേക്കും മൻമോഹൻ സിങ്ങിലേക്കും പോകാതെ ഈ സഭയിൽ ഈ നിയമത്തിലെ പ്രസക്തമായ കാര്യങ്ങൾ ഉന്നയിക്കാനും ചർച്ച ചെയ്യാനും തയ്യാറായാൽ ഒരു നല്ല നിയമമുണ്ടാകും. മന്ത്രിയുടെ സമീപനം സ്വാഗതാർഹമാണ്. എനിക്ക് ആവർത്തിച്ചു പറയാനുള്ളത് ഈ നാഷണൽ ലാ യൂണിവേഴ്സിറ്റി മറ്റൊരു ലാ കോളേജാക്കാൻ പാടില്ല. ഇന്ത്യയിലെ മറ്റ് 8 നാഷണൽ ലാ യൂണിവേഴ്സിറ്റികൾക്കും തുല്യമായ അല്ലെങ്കിൽ ഒരുപടി മുമ്പിൽ നിൽക്കുന്ന ഒരു നല്ല സ്ഥാപനമായി ഇതിനെ മാറ്റാൻ സഹായകരമായ സമ്പൂർണ്ണമായ ഒരു നിയമമുണ്ടാക്കാൻ എല്ലാ ഭാഗത്തുനിന്നും സഹകരണമുണ്ടാകണം. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, I raise a point of order. ശ്രീ. മത്തായി ചാക്കോ ഉന്നയിച്ച വിഷയം സംബന്ധിച്ച് ഇവിടെ പറഞ്ഞു. അത് ഓർഡറിലാണോയെന്നുള്ളത് ചെയർ പരിശോധിക്കേണ്ടതാണ്. ഇപ്പോൾ സാധാരണഗതിയിൽ notice of amendment സംബന്ധിച്ച് വകുപ്പ് 81(1)-ൽ വളരെ ക്ലിയറായി പറയുന്നുണ്ട്. If notice of an amendment has not been given, one clear day before the day on which the bill is to be considered, any member may object to the moving of the amendment .... അത് വളരെ ക്ലിയറാണ്. അതുസംബന്ധിച്ച് ചെയറിന്റെ റൂളിംഗ് ഉണ്ടാകണം. ഈ ചർച്ച നടക്കുന്നതിനിടയിൽ ഗവൺമെന്റിന്റെ ഒഫിഷ്യൽ ഭേദഗതി, ശരി. അതിനപ്പുറം മെമ്പർമാരുടെ private amendment ഈ ചർച്ച നടക്കുന്നസമയത്ത് അല്ലെങ്കിൽ അതിന് തൊട്ട് അരമണിക്കൂർ മുമ്പ് മൂവ് ചെയ്യുന്നത് ഓർഡറിലാണോയെന്നുള്ളത് ചെയറിൽനിന്നും പറയേണ്ടതുണ്ട്.

മി. ചെയർമാൻ: 81(1) നെപ്പറ്റി അങ്ങ് ഇവിടെ വായിച്ചതുപ്രകാരമാണെങ്കിൽ, ആ ഒരു കമന്റ് നീക്കം ചെയ്യാവുന്നതാണ്. 81(1) ഇവിടെ വായിച്ചതുപ്രകാരം അതിനോട് ഒരംഗത്തിനു റിയാക്ട് ചെയ്യാം.

ശ്രീ. കെ. സി. ജോസഫ്: ഈ സഭയ്ക്ക് ചില പ്രീസിഡൻസുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി രാവിലെ ഒരു അമെന്റ്മെന്റ് മൂവു ചെയ്തു. 820, 821. നമുക്ക് എല്ലാവർക്കും അതു കിട്ടി. അങ്ങനെ വന്നു കഴിഞ്ഞാൽ, ആ അമെന്റ്മെന്റ് മൂവു ചെയ്യാനുള്ള അവകാശം എനിക്കുണ്ട്, മറ്റ് അംഗങ്ങൾക്കുമുണ്ട്.

മി. ചെയർമാൻ: പക്ഷേ, വേറെ ഒരംഗത്തിന് അതിനെക്കുറിച്ച് പ്രതികരിക്കാനുള്ള അവകാശമുണ്ട്.

ശ്രീ. കെ. സി. ജോസഫ്: പ്രതികരിക്കുമ്പോൾ കാര്യം അറിഞ്ഞു പ്രതികരിക്കണം.

മി. ചെയർമാൻ: ആ പ്രതികരണത്തോട് അസഹിഷ്ണുത കാണിക്കേണ്ടതില്ല. The matter is over.

ശ്രീ. കെ. സി. ജോസഫ്: നിങ്ങൾ ബില്ലു വായിച്ചു നോക്കണം .... (ബഹളം) .... ശ്രീ. മത്തായി ചാക്കോ പറഞ്ഞത് അദ്ദേഹവും അമെന്റുമെന്റ് കൊടുത്തു, സർക്കുലേറ്റു ചെയ്തിട്ടില്ല .... (ബഹളം) ....

മി. ചെയർമാൻ: ഇരുഭാഗത്തുമുള്ള മെമ്പർമാർക്ക് അതു മൂവുചെയ്യാനുള്ള ഫ്രീഡം ഉണ്ടെങ്കിൽ .... (ബഹളം) .... അവർ അത് ഉപയോഗപ്പെടുത്തി എന്നേയുള്ളൂ. അതേപ്പറ്റി കമന്റുണ്ടായാൽ ആ കമന്റിനെപ്പറ്റി നമ്മളാരും അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങളൊക്കെ അമെന്റുമെന്റ് കൊടുത്തിട്ടുണ്ട്. അതിവിടെ മൂവുചെയ്തു കണ്ടില്ല. അതെന്തുകൊണ്ടാണെന്ന് അറിയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 81(1) അനുസരിച്ച് ഞാൻ ചോദിച്ചത്, എനിക്ക് ഉന്നയിക്കാൻ അവകാശമുണ്ടോ എന്നല്ല. Objection may be raised by the member എന്നല്ല, Amendment ഈ പറയുന്ന ബില്ല് ചർച്ചയ്ക്ക് എടുക്കുന്നതിന് ഒരുദിവസം മുമ്പ് ഉന്നയിക്കണമെന്നുള്ളതു നമ്മുടെ പ്രീസിഡന്റ്സ് അനുസരിച്ചു വേണ്ടെന്നുവയ്ക്കുകയാണോ? അതാണ് പറയേണ്ടത്.

മി. ചെയർമാൻ: It shall not prevail എന്ന് അങ്ങ് വായിച്ചല്ലോ. ഈ സഭയിൽത്തന്നെ ഉള്ള കീഴ്‌വഴക്കം പ്രകാരം അപ്രകാരം ഉണ്ടാകാറുണ്ടെന്ന് അനുഭവസമ്പത്തുള്ള മെമ്പർമാർ പറഞ്ഞുകഴിഞ്ഞു. എന്റെ റൂളിംഗ് ആ കീഴ്‌വഴക്കത്തെ മാനിച്ചുകൊണ്ടുപോകണമെന്നുള്ളതാണ്. അതുകൊണ്ട് now I call Sri P. Jayarajan to move his Amendment No. 2(b).

ശ്രീ. പി. ജയരാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ സബ്ജക്ട് കമ്മിറ്റി ഭേദഗതിചെയ്ത രൂപത്തിലുള്ള ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കുറെ കാര്യങ്ങൾ പറയുകയുണ്ടായി. മന്ത്രി പറഞ്ഞിട്ടുള്ളത്, നിയമനിർമ്മാണത്തിന്റെ അല്ലെങ്കിൽ നിയമപഠനത്തിന്റെ ഗവേഷണത്തിന്റെ മേഖല വളരെ വിപുലമായിക്കൊണ്ടിരിക്കുകയാണെന്നാണ്. സാധാരണ ആകാശത്തും കരയിലും കടലിലും എന്നാണ് പറയുന്നതെങ്കിൽ, മന്ത്രി ബഹിരാകാശത്തെ അടക്കം നിയമത്തിന്റെ പരിധി വിപുലപ്പെട്ട കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബില്ലിന്റെ പ്രസക്തിയെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ ആ കാര്യത്തിൽ തർക്കമുള്ള ആളല്ല. പക്ഷേ, അത്തരമൊരു മേഖലയിൽ നിയമനിർമ്മാണം നടത്തുമ്പോൾ, ഗവൺമെന്റിന്റെ ഉദ്ദേശത്തെ സ്വാഭാവികമായും ചോദ്യം ചെയ്യേണ്ടതുണ്ട്. ഇവിടെ ശ്രീ. കെ. സി. ജോസഫ് പ്രസംഗിക്കുമ്പോൾ പറയുകയുണ്ടായി, നമ്മുടെ കേരളം പൊതുവിദ്യാഭ്യാസത്തിൽ വലിയ പാരമ്പര്യമുള്ള സംസ്ഥാനമാണെന്ന്. ഈ സംസ്ഥാനം ഉന്നതവിദ്യാഭ്യാസരംഗത്ത് പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ മേഖലയിൽ നമുക്ക് മുന്നോട്ടുപോകണമെങ്കിൽ, ഇത്തരമൊരു നിയമനിർമ്മാണം ആവശ്യമാണ്. ഇങ്ങനെയൊരു അഡ്വാൻസ്ഡ് ലീഗൽ യൂണിവേഴ്സിറ്റി ബിൽ ആവശ്യമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിനു തർക്കമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സംസ്ഥാനത്ത് ഒരു ഓർഡിനൻസ് കൊണ്ടുവരികയുണ്ടായി. വിപുലമായ മേഖലകളിൽ നിയമം കടന്നുചെല്ലേണ്ട ആവശ്യകതയെക്കുറിച്ചു പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ന്യായീകരിക്കുന്ന അവസരത്തിൽ, ഇതേ ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു ഓർഡിനൻസ് ഇവിടെ ഉണ്ടായിരുന്നു — 2001-ലെ Kerala University of Justice Education Ordinance — ആ ഓർഡിനൻസും ഈ ബില്ലും തമ്മിൽ

LIBRARY ARCHIVES Kerala Legislative Assembly

താരതമ്യം ചെയ്തുകഴിഞ്ഞാൽ, ഈ ബില്ലിൽ കാണുന്നത് യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ നടപ്പാക്കിയിട്ടുള്ള വിദ്യാഭ്യാസ കച്ചവടത്തിന്റെ രംഗമാണ്. വിദ്യാഭ്യാസ കച്ചവടത്തിന് ആവശ്യമായിട്ടുള്ള വകുപ്പുകൾ ഇതിൽ ചേർത്തിരിക്കുന്നു എന്നുള്ളതാണ് ഞങ്ങളുടെ വിമർശനം. ഒരു നിയമ സർവ്വകലാശാല കേരളത്തിൽ വേണമെന്ന കാര്യത്തിൽ തർക്കമില്ല. ആ നിയമ സർവ്വകലാശാല കൊണ്ടുവരുന്ന അവസരത്തിൽ, ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും ഏകീകരിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം അതു കൊണ്ടുവരേണ്ടത്. മുമ്പ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസിന്റെ താൽപ്പര്യങ്ങളിൽനിന്നും നയങ്ങളിൽ നിന്നും വ്യത്യസ്തമായിട്ടുള്ള ഒരു കാഴ്ചപ്പാട്, ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ബില്ലിൽ ഉണ്ട് എന്നുള്ളതാണ് പ്രധാനപ്പെട്ട ഞങ്ങളുടെ വിമർശനം. ആ വിമർശനം ഗവൺമെന്റ് പരിഗണിക്കണമെന്നാണ് ഞങ്ങൾക്കു പറയാനുള്ളത്. ഇപ്പോൾ ഈ ബില്ല് നിയമമാകുകയാണെങ്കിൽ, ഇതു സംസ്ഥാനത്തെ ഒന്നാമത്തെ സ്വാശ്രയ സർവ്വകലാശാലയ്ക്ക് അടിത്തറയിടുന്ന ഒരു ബില്ലായിരിക്കും. ഒന്നാമത്തെ സ്വാശ്രയ സർവ്വകലാശാല എന്നു മാത്രമല്ല അതു മന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു സെൽഫ് ഫൈനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുമാണ്. അതാണ് വരാൻ പോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ പ്രസംഗിക്കുമ്പോൾ ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്, ഇപ്പോൾ ചീഫ് ജസ്റ്റീസാണ് കേരളത്തിൽ സ്ഥാപിക്കപ്പെടുന്ന സർവ്വകലാശാലയുടെ വൈസ് ചാൻസലർ. അദ്ദേഹത്തിന് ഏതെങ്കിലും കാരണവശാൽ ഈ ലീഗൽ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ പ്രവർത്തിക്കാൻ കഴിയാത്ത ഒരു അവസരം വരികയാണെങ്കിൽ, മന്ത്രിക്ക് എല്ലാ അധികാരവും കിട്ടുകയാണ്. അപ്പോൾ ഈ നിയമ സർവ്വകലാശാലകൾക്ക് ചില പ്രത്യേകതകളുണ്ട്. ഒന്ന്, കേരളത്തിലെ ആദ്യത്തെ സ്വാശ്രയ സർവ്വകലാശാല. രണ്ടാമത്, മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തുന്ന സ്വാശ്രയ സർവ്വകലാശാല. ഈ രണ്ടു പ്രത്യേകതകളാണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബില്ലിനകത്ത് പല നിർവ്വചനങ്ങളും കൊടുത്തിട്ടുണ്ടല്ലോ. ഒരു നിയമത്തിന്റെ നിർവ്വചനമെന്നു പറയുന്നത് വളരെ പ്രധാനമാണ്. വകുപ്പുകൾ തുറക്കുന്ന താക്കോലായിട്ടാണ് നിർവ്വചനം അറിയപ്പെടുന്നത്. ഇവിടെ സ്വാശ്രയ കോളേജ് സംബന്ധിച്ച നിയമം 2004-ൽ വന്നു. ഈ ഗവൺമെന്റ് കൊണ്ടുവന്നതാണ്. ആ സ്വാശ്രയ കോളേജ് സംബന്ധിച്ച നിയമത്തിൽ 'സ്വാശ്രയം' എന്നു പറയുന്നത്, 'സെൽഫ് ഫൈനാൻസിംഗ്' എന്നു പറയുന്നത് നിർവ്വചിച്ചിട്ടുണ്ട്. ഇവിടെ ഈ നിയമത്തിലും പറയുന്നത്, ഇതു സെൽഫ് ഫൈനാൻസിംഗ് ആണെന്നാണ്. എന്തുകൊണ്ടാണ് അതു നിർവ്വചിക്കാത്തത്? ഇവിടെ അതിനു നിർവ്വചനം കൊണ്ടുവന്നിട്ടില്ല. അതേസമയം, സ്വാശ്രയ കോളേജ് സംബന്ധിച്ച നിയമത്തിൽ വ്യക്തമായിട്ട് സെൽഫ് ഫൈനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻ എന്താണെന്നുള്ളത് നിർവ്വചിച്ചിട്ടുണ്ട്. ഒരു വ്യക്തിയോ ഒരു സംഘം വ്യക്തികളോ നടത്തുന്നതും ഒരു യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റു ചെയ്യപ്പെട്ടതും അഥവാ ഒരു യൂണിവേഴ്സിറ്റിയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആ സ്ഥാപനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിപ്പിനും കോഴ്സുകളുടെ നടത്തിപ്പിനും ഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായം സ്വീകരിക്കാത്തതുമായ കോളേജ്, വളരെ പ്രസക്തമായിട്ടുള്ള ഒരു കാര്യമാണ്. അപ്പോൾ ഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായം സ്വീകരിക്കാത്തതായ കോളേജാണ് സെൽഫ് ഫൈനാൻസിംഗ് കോളേജ് എന്ന് 2004-ലെ സെൽഫ് ഫൈനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചുള്ള നിയമത്തിൽ നിർവ്വചിച്ചിട്ടുണ്ട്. ഇവിടെ എന്താണ് നിങ്ങൾ നിർവ്വചിക്കാത്തത്? ഈ ബില്ലിൽ പറയുന്നത്, And Whereas, the Bar Council of Kerala, Bar Council of Kerala Trust and National Institute for Advanced Legal Studies have requested the State Government to establish the National University of Advanced Legal Studies as a Self Financing University to enable it to carry out its objects and functions efficiently; അപ്പോൾ വളരെ ഫലപ്രദമായിട്ട്, യൂണിവേഴ്സിറ്റികൾ നടത്തുന്നതിനുവേണ്ടി, ഇങ്ങനെ സ്വാശ്രയ യൂണിവേഴ്സിറ്റി വേണമെന്ന് ബാർ കൗൺസിലും അതുപോലുള്ള ആളുകളും ഉപദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇതു കൊണ്ടുവന്നത്, സെൽഫ് ഫൈനാൻസിംഗ് എന്നു പറയുന്നത് നിർവ്വചിച്ചിട്ടില്ല. അതേ സമയം ഇതിനകത്ത് ഫണ്ടിനു നിർവ്വചനം കൊടുത്തിട്ടുമുണ്ട്.

"Fund" means the University fund referred to in Section 29. എന്നിട്ട് അതിൽ എന്താണ് പറയുന്നത്, സെക്ഷൻ 29-ൽ പറയുന്നത് എന്താണ്? Funds of the University, അതിനകത്ത് (1) There shall be a fund for theUniversity to be called the University Fund, which shall include,—

(a) any contribution or grant made by the Central or State Government;

(b) any contribution or grant made by the University Grants Commission;

....

അത് അങ്ങനെ പറഞ്ഞുപോകുകയാണ്. ഈ സ്വാശ്രയ കോളേജ് നിയമത്തിൽ സെൽഫ് ഫിനാൻസിംഗിന് നിർവ്വചനം കൊടുത്തിട്ടുണ്ട്. ഗവൺമെന്റിൽനിന്നും യാതൊരു ഫണ്ടും വാങ്ങാത്ത ഇൻസ്റ്റിറ്റ്യൂഷനെയാണ് സെൽഫ് ഫിനാൻസിംഗ് കോളേജെന്ന് നിർവ്വചിച്ചിട്ടുള്ളത്. എന്നാൽ ഈ നിയമസഭതന്നെ ഈ ലീഗൽ യൂണിവേഴ്സിറ്റിയുടെ ബില്ലിനകത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽനിന്നും ഗ്രാന്റായിട്ടും സംഭാവനയായിട്ടും സ്വീകരിക്കുന്നതുൾപ്പെടെയുള്ള ഫണ്ട് ഉപയോഗിച്ചാണ് നമ്മൾ ഈ യൂണിവേഴ്സിറ്റി നടത്തുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്തിനുവേണ്ടിയാണ് സെൽഫ് ഫിനാൻസിംഗ് എന്ന വാക്ക് ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ളതെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ള എല്ലാ ഉദ്ദേശങ്ങളോടുംകൂടി ഇങ്ങനെയൊരു യൂണിവേഴ്സിറ്റി വേണമെന്നുള്ള താൽപ്പര്യത്തോടുകൂടി ഒരു ഓർഡിനൻസ് കൊണ്ടുവന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ ഓർഡിനൻസിനകത്ത് ഇല്ലാത്ത സെൽഫ് ഫിനാൻസിംഗ് എന്നുപറയുന്ന വാക്ക് എങ്ങനെ ചേർത്തുവെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കേണ്ടതുണ്ട്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട പി. ജയരാജൻ പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. സർക്കാരിന്റെ ഫണ്ട് ലഭിക്കാത്ത, അല്ലെങ്കിൽ ഗ്രാന്റായിട്ട് വാങ്ങാത്തതാണ് സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻ. പക്ഷേ, ഇവിടെ ഈ ബില്ലിൽ സർക്കാരിന്റെ ഫണ്ട് വാങ്ങിക്കൊണ്ടുള്ള ഒരു സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റിയാണെന്ന് വ്യക്തമായി മൂന്നാം വകുപ്പിൽ ചേർത്തിട്ടുണ്ട്. മൂന്നാം വകുപ്പിൽ പറയുന്നത് (1) With effect on and from the date of commencement of this Act, there shall be established a Self Financing University by name "the National University of Advanced Legal Studies" എന്നാണ്. അപ്പോൾ ഡെഫനിഷനിൽ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റിയാണെന്ന് പറയാതിരിക്കുകയും മൂന്നാം വകുപ്പിൽ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റിയാണെന്ന് പറയുകയും അതുവഴി 29-ാം വകുപ്പിൽ പറയുന്ന സർക്കാരിന്റെ ഗ്രാന്റ് പണമായി സമ്പാദിക്കുകയെന്നുള്ള ഹീനമായ hidden agenda ആണ് ഈ ബില്ലിലുള്ളതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജയരാജൻ: തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റൊരു കാര്യം പറയാനുള്ളത് യു.ഡി.എഫ്. ഗവൺമെന്റ് കാണിച്ചുകൊണ്ടിരിക്കുന്ന ജനവഞ്ചനയുടെ ഒരു പ്രകടിതരൂപമാണ് ഈ ബില്ലിലുള്ളത്. ഈ ബില്ലിന്റെ തുടക്കത്തിൽ പറയുന്നുണ്ടല്ലോ ഈ ബിൽ എന്തിനാണ് കൊണ്ടുവന്നതെന്ന്. Whereas, the committee appointed by Chief Justices' Conference on Legal Education and Training, 1993 has recommended the establishment in each State of an Institution on the model of the National Law School of India University at Bangalore; ആ ബാംഗ്ളൂരിലെ നാഷണൽ ലാ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് കർണ്ണാടക നിയമസഭ നിയമം പാസ്സാക്കിയിട്ടുണ്ട്. ആ നിയമം ഇതിനകത്തുണ്ട്. ആ നിയമത്തിനകത്ത് ഇങ്ങനെയൊരു ഭാഗമില്ലല്ലോ. സെൽഫ് ഫിനാൻസിംഗ് എന്ന പേര് ഇല്ലല്ലോ. അപ്പോൾ യഥാർത്ഥത്തിൽ നമ്മൾ മാതൃകയാക്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂഷന് ആധാരമായിട്ടുള്ള നിയമത്തിൽ പറയാത്ത സെൽഫ് ഫിനാൻസിംഗ് എന്ന വാക്ക് എങ്ങനെയാണ് ഇതിനകത്ത് ചേർത്തിട്ടുള്ളത്. അവിടെയാണ് ഈ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയിൽ സംശയം തോന്നുന്നത്.

ശ്രീ. പി. സി. ജോർജ്ജ്: സെൽഫ് ഫിനാൻസിംഗ് എന്ന വാക്ക് ഈ ബില്ലിൽ ചേർത്തതുതന്നെ തെറ്റാണ്. കിൻഫ്രയുടെ പത്ത് ഏക്കർ സ്ഥലവും കൊടുത്തിട്ടുണ്ട്. അക്കാര്യം ആരും പറയുന്നില്ല. അപ്പോൾ പത്ത് ഏക്കർ സ്ഥലവുംകൂടി കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ സെൽഫ് ഫിനാൻസിംഗ് എന്ന വാക്ക് ബില്ലിൽ ചേർത്തതുതന്നെ തെറ്റാണ്. അതുകൊണ്ട് ആ വാക്ക് ഒഴിവാക്കണമെന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: അതുതന്നെയാണ് ഞാനും പറഞ്ഞത്, ബാംഗ്ളൂരിൽ ഈ പറയുന്ന ലാ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുള്ളത് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ചാണ്. അങ്ങനെയുള്ള ഒരു കാര്യവും ഇവിടെ പറയുന്നില്ല. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ചാണ് അവിടെ ആ ഇൻസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കിയിട്ടുള്ളത്. ഇവിടെ ഈ കച്ചവടം നടത്തുന്നതിനുവേണ്ടി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടനുസരിച്ചുള്ള ഒരു രജിസ്ട്രേഷൻ നടത്തുന്നില്ല. കാരണം, മിക്കവാറും ചാരിറ്റി പർപ്പസോടുകൂടിയാണ് അത്തരം സൊസൈറ്റിയുണ്ടാക്കേണ്ടത്. ഇവിടെ കച്ചവടത്തിനുവേണ്ടിയാണ് ഉണ്ടാക്കിയിരിക്കുന്നത്. അപ്പോൾ ഈ ഗവൺമെന്റിന്റെ കീഴിൽ വിദ്യാഭ്യാസ കച്ചവടം നടത്തിക്കൊണ്ടിരുന്നതിന്റെ തുടർച്ചയായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്നാണ് എന്റെ വിമർശനം. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സെൽഫ് ഫിനാൻസിംഗ് എന്നുപറയുന്ന ഏർപ്പാടിന്റെ ഫലമായി ഉണ്ടായിട്ടുള്ള ദുരിതങ്ങൾ ഞാൻ വിവരിക്കേണ്ട ആവശ്യമില്ല. മറ്റുപല സന്ദർഭങ്ങളിലും നമ്മൾ ഇത് വ്യക്തമാക്കിയിട്ടുണ്ട്. മറ്റൊരു പ്രശ്നം ഞാൻ ചൂണ്ടിക്കാണിക്കുന്നത്, കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ സുപ്രീം കോടതിയുടെ ഒരു വിധി വന്നിട്ടുണ്ട്. ചീഫ് ജസ്റ്റീസ് ശ്രീ. ലഹോട്ടിയുടെ നേതൃത്വത്തിലുള്ള മൂന്നംഗ ബഞ്ചിന്റെ വിധി. ആ വിധിയിൽ പറയുന്നത് 112 പ്രൈവറ്റ് യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം നിരോധിക്കുകയാണ് എന്നാണ്. അപ്പോൾ ആഗോളവ്യാപകമായിട്ട് മൂലധന ശക്തികളുടെ ഒരു വ്യവഹാരരംഗമായി വിദ്യാഭ്യാസമേഖല മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ രാജ്യത്തും പ്രൈവറ്റ് യൂണിവേഴ്സിറ്റി വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. ആ പ്രൈവറ്റ് യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ നിയന്ത്രണം വേണമെന്നുള്ള അഭിപ്രായം ശക്തിപ്പെടുന്നുണ്ട്. പക്ഷേ, മുൻ യു.ജി.സി. ചെയർമാനായിട്ടുള്ള പ്രൊഫ. യശ്പാലിന്റെ പൊതുതാൽപ്പര്യ ഹർജിയിൻമേൽ സുപ്രീം കോടതി ഇത്തരത്തിലുള്ള ഒരു വിധി പുറപ്പെടുവിക്കാനുണ്ടായ സാഹചര്യംകൂടി നമ്മൾ പരിഗണിക്കണം. ആ വിധി പുറപ്പെടുവിക്കാനുള്ള സാഹചര്യമെന്നു പറയുമ്പോൾ ഇന്ന് ഈ രാജ്യത്ത് ഒട്ടേറെ പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ വന്നുകൊണ്ടിരിക്കുന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഛത്തീസ്ഗഡിൽ മാത്രം 137 സ്വകാര്യ സർവ്വകലാശാലകളാണ് തുടങ്ങിയിട്ടുള്ളത്. ഇതുപോലെതന്നെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും നേരത്തെ ബി.ജെ.പി. ഭരിച്ചിരുന്ന സംസ്ഥാനങ്ങളിലുമെല്ലാംതന്നെ പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ കൂണുപോലെ പൊന്തിവരുകയാണ്. ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ 97 സ്വകാര്യ യൂണിവേഴ്സിറ്റികൾ അനുവദിച്ചുകൊണ്ട് ഈ രംഗത്ത് റിക്കാർഡ് സ്ഥാപിച്ചത് കോൺഗ്രസ് മുഖ്യമന്ത്രിയായിട്ടുള്ള അജിത്ജോഗി ആയിരുന്നു. അതിനെ അനുകരിച്ചുകൊണ്ട് ഉത്തരാഞ്ചൽ, ഗുജറാത്ത്, ഉത്തർ പ്രദേശ്, ഒറിസ്സാ, മഹാരാഷ്ട്ര, ബീഹാർ, ഹിമാചൽപ്രദേശ്, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിലും പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ നടപ്പിലാക്കിയിട്ടുണ്ട്. മഹാരാഷ്ട്രാ മോഡൽ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റി കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ഈ ഗവൺമെന്റ് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ ആദ്യത്തെ സ്വാശ്രയ യൂണിവേഴ്സിറ്റി ബിൽ ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്.

മി. ചെയർമാൻ: ഒരു വാക്ക് സുപ്രധാനമായ ഈ ബില്ലിന്റെ പരിഗണനാവേളയിൽ ജസ്റ്റീസ് ലഹോട്ടിയുടെ പരാമർശം തീർച്ചയായിട്ടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പരിഗണിക്കുമെന്ന് ചെയർ ന്യായമായി വിശ്വസിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതിന്റെ കാര്യം പറയാം.

ശ്രീ. പി. ജയരാജൻ: അപ്പോൾ ഇത് യു.ജി.സി.യെയും ബാധിക്കുന്ന ഒരു കാര്യമാണ്. യു.ജി.സി ഇപ്പോൾ ഇത്തരം പ്രൈവറ്റ് യൂണിവേഴ്സിറ്റികൾക്ക് എല്ലാ നിലയ്ക്കുള്ള പ്രോൽസാഹനവും നൽകുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. യു.ജി.സി.യുടെ കണക്കനുസരിച്ച് ഇപ്പോൾ രാജ്യത്ത് 325 Degree Awarding Institution-കൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഒരു പെട്ടിക്കടയുടെമാത്രം വലിപ്പമുള്ള teaching shop-കൾ. അത് യൂണിവേഴ്സിറ്റികളാക്കി മാറ്റാമെന്നുള്ള പരിഗണനതന്നെ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ പ്രൈവറ്റ് യൂണിവേഴ്സിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ രാജ്യത്താകെ ബാധകമായിട്ടുള്ള ഒരു നിയമമില്ല. അതിലേക്കാണ് സുപ്രീംകോടതി വിധി വിരൽചൂണ്ടുന്നത്.

അതുപോലെതന്നെ പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് അവയുടെ ഗുണനിലവാരം പരിഗണിച്ചുള്ള നിയമവും രാജ്യത്തില്ല. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഒരു നിയമസർവ്വകലാശാല വേണം എന്ന കാര്യത്തിൽ തർക്കമില്ല എന്ന് ഊന്നിപ്പറയുന്നതോടൊപ്പംതന്നെ യഥാർത്ഥത്തിൽ ഇത് സ്ഥാപിക്കേണ്ടത് Self Financing ആയിട്ടല്ല. Self Financing ആയിട്ടല്ലാതെ ഒരു നിയമ സർവ്വകലാശാല നമ്മുടെ സംസ്ഥാനത്തുണ്ടാവണം.

ഈ ബിൽ ചർച്ച ചെയ്യുന്നവേളയിൽ രാഷ്ട്രീയം പറയാൻ പാടില്ല എന്ന് പറഞ്ഞിട്ട് ശ്രീ. കെ. സി ജോസഫ് ലാവ്‌ലിന്റെ കാര്യം പറഞ്ഞു. ആ കാര്യം കെട്ടടങ്ങിയിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം കൈരളി ചാനലിന്റെ കാര്യമാണ്. കൈരളി ചാനൽ വന്നതെങ്ങനെയെന്ന് നാട്ടുകാർക്കെല്ലാവർക്കുമറിയാം. ഏറ്റവും കൂടുതൽ ഓഹരി ഉടമകൾ ഉള്ള, ഏറ്റവും വലിയ കമ്പനി ആയിട്ടാണ്, ജനങ്ങൾ ഷെയർ എടുത്തിട്ടാണ് അത് രൂപം കൊണ്ടത്. ചാനലുകൾ നമ്മുടെ വാർത്ത-വിനോദ വിനിമയരംഗത്ത് പ്രധാനപ്പെട്ട ഒരു രംഗമായി വന്നപ്പോൾ അതിൽ ജനങ്ങൾ ഷെയർ എടുത്തിട്ടാണ് അത്തരം ചാനൽ ആരംഭിച്ചത്. അതിനെക്കുറിച്ചടക്കം ആക്ഷേപം ഉന്നയിക്കുകയാണ് ചെയ്തത്. അതുസംബന്ധിച്ചുമാത്രമല്ല മാധ്യമങ്ങൾ കെ.പി.സി.സി. പ്രസിഡണ്ട് അടക്കം ഉള്ളവരുടെ പേരിൽ ആക്ഷേപം ഉന്നയിക്കുന്നു. ഹിമാലയ ഗ്രൂപ്പുമായി ബന്ധപ്പെട്ട് 10 കോടി രൂപ കെ.പി.സി.സി. പ്രസിഡണ്ടിനു കൊടുത്തതായി ആരോപണം ഉന്നയിച്ചിട്ടുണ്ട്. ആരോപണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പലതും വരുന്നുണ്ട്. അതൊന്നും ബില്ലിന്റെ ചർച്ചാവേളയിൽ ഉന്നയിക്കരുതെന്ന് പറഞ്ഞിട്ട് ലാവ്‌ലിനും കൈരളി ചാനലുമൊക്കെ പറയുന്നത് ശരിയാണോ എന്നുള്ളത് ഞാൻ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ നിയമ സർവ്വകലാശാല കേരളത്തിൽ വരണം. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന് തർക്കമില്ല. പക്ഷേ, അതു കൊണ്ടുവരുന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. അതുകൊണ്ട് അവരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യേണ്ടതാണ്. കാരണം, ഹിഡൻ അജൻഡയുമായിട്ടാണ് അവർ പലപ്പോഴും പലതും നടപ്പാക്കുന്നത്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് പ്രതിപക്ഷത്തോടുള്ള സമീപനമെന്താണ്? ഞാൻ ഒരു ഉദാഹരണം പറയാം. ഞാൻ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പോയി കണ്ടു, ഒരു കാൻസർ രോഗിയുടെ അപേക്ഷ കൊടുത്തു; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് എം.എൽ.എ. റെക്കമൻഡ് ചെയ്ത് അപേക്ഷ സമർപ്പിച്ചാൽ അപ്പോൾത്തന്നെ പാസ്സായി കിട്ടാറുണ്ട്. മുഖ്യമന്ത്രി എന്നോടു പറഞ്ഞു, പ്രതിപക്ഷ എംഎൽഎ-മാർ ദുരിതാശ്വാസ നിധിയിൽനിന്ന് ഫണ്ടിന് അപേക്ഷ സമർപ്പിച്ചാൽ എനിക്കൊന്ന് പരിശോധിക്കണം. റിപ്പോർട്ട് വേണം. പ്രതിപക്ഷത്തോട് ഈ വിവേചനം വേണോ എന്ന് ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞു, ഭരണകക്ഷിക്കാരെ എനിക്ക് വിശ്വാസമാണ് റിപ്പോർട്ട് കിട്ടാതെ ഞാൻ ഓർഡർ കൊടുക്കും. പ്രതിപക്ഷാംഗങ്ങൾ ഇത്തരം അപേക്ഷ തന്നാൽ അന്വേഷിച്ചിട്ടേ കൊടുക്കുകയുള്ളുവെന്ന്. അത് ആദ്യം കളക്ടർക്കു പോയി, പിന്നെ തഹസീൽദാർക്ക് പോയി പിന്നീട് വില്ലേജ് ഓഫീസർക്കു പോയി വില്ലേജ് ഓഫീസർ ആ അപേക്ഷകന്റെ വീട്ടിൽ പോയി പരിശോധിച്ച് റിപ്പോർട്ട് തരും. അത് അതേപടി മേലോട്ടുവന്നിട്ട് ഒരു കൊല്ലത്തിനുശേഷമോ ആ കാൻസർ രോഗി മരിച്ചതിനുശേഷമോ ആയിരിക്കും ഇതുസംബന്ധിച്ച് തീരുമാനം ഉണ്ടാകുന്നത്. പ്രതിപക്ഷാംഗങ്ങളോട് മുഖ്യമന്ത്രി കാണിച്ച വിവേചനത്തിന്റെ പ്രശ്നം എന്നോടുമാത്രമല്ല ശ്രീമതി പി. കെ. ശ്രീമതിടീച്ചറോടും ഇതുപോലെതന്നെ ചെയ്തു എന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് ശരിയാണോ? ഇങ്ങനെയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനമെങ്കിൽ ഇത്തരം ബില്ലുമായി വരുന്ന അവരുടെ ഉദ്ദേശ്യശുദ്ധിയെ ന്യായമായും സംശയിക്കും. കാരണം, അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനമാണ്, വിദ്യാഭ്യാസമേഖലയിൽ കച്ചവടമാണ് പൂർണ്ണമായി നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ദുരന്തം കേരളത്തിലെ വിദ്യാഭ്യാസമേഖലയിലും പൊതുമേഖലയിലുമൊക്കെ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം സാഹചര്യത്തിൽ ഈ നിയമ സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കണമെന്ന കാര്യം ഊന്നിപ്പറയുന്നതോടൊപ്പംതന്നെ അതിനകത്ത് കച്ചവടത്തിന്റെ ഭാഗം ഒഴിവാക്കിക്കൊണ്ടുവന്നാൽ തീർച്ചയായും ഭരണ പ്രതിപക്ഷ ഭേദമെന്യേ നമുക്ക് ബിൽ പാസ്സാക്കാൻ കഴിയുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ബഹുമാനപ്പെട്ട മെമ്പർമാരുടെ സംശയങ്ങൾ ദൂരീകരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമത്തെ കാര്യം, ആശങ്കകൾ നമുക്ക് കൂടുതലാണ്. അങ്ങനെ നടക്കുമോ; ഇങ്ങനെ നടക്കുമോ; ചാൻസ് വരുമോ; ചാൻസ് വന്നില്ലെങ്കിൽ എന്താകും; ഫണ്ട് വാങ്ങിയാൽ എന്താകും; ഹവാല പണം വരില്ലേ; അങ്ങനെ ഒരുപാടു സംശയങ്ങൾ ഉയർത്തിക്കൊണ്ടുവരും. നമുക്ക് പറ്റുമോ; പറ്റാതെ വന്നാൽ കേസിന് പോകില്ലേ; കേസിനുപോയാൽ തോൽക്കുമോ; തോറ്റാൽ ഇതൊക്കെ വഴിയിലാവില്ലേ? ഇങ്ങനെയുള്ള ചിന്തകളാണ് പുരോഗമനത്തെ തടസ്സപ്പെടുത്തുന്നത്. ആവശ്യമില്ലാത്ത ശങ്ക മനുഷ്യനുണ്ടായാൽ വലിയ കുഴപ്പമാണ്. ഇത് നടാടെയുള്ള ഒരു കാര്യമല്ല. ഇൻഡ്യയിലാകമാനം എട്ടു യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ എട്ടിന്റെയും ഡോക്യുമെന്റ്സ് എന്റെ കൈയിൽ ഉണ്ട്. അതിന്റെയൊന്നും കാർബൺ കോപ്പിയല്ല ഇത്. ശ്രീ. മത്തായി ചാക്കോ കണ്ട കുറ്റം കാർബൺകോപ്പിപോലെ, അവരുടെ കാര്യങ്ങൾ നേരെ എഴുതി വച്ചിരിക്കുകയാണെന്നാണ്.

മി. ചെയർമാൻ: ജോധ്പൂർ യൂണിവേഴ്സിറ്റിയുടെ ഡോക്യുമെന്റ് ഉണ്ടോ? ഇൻഡ്യ മുഴുവൻ അംഗീകരിക്കുന്ന ഡോ. മിശ്ര അതിൽനിന്ന് മാറിയിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: Yes, it is ready with me. ഈ നിയമം എന്നു പറയുന്നത് ഇവിടെ പ്രവർത്തിക്കുന്ന എട്ടു യൂണിവേഴ്സിറ്റികളുടെയും മോഡിഫൈഡ് രൂപമാണ്. അതിലുള്ള അനുഭവസമ്പത്തുവച്ചുകൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോയ സമയത്തുതന്നെ മൗലികമായ ഭേദഗതികൾ സ്വീകരിച്ചിരുന്നു. ഞാൻ ഒരു നിയമം കൊണ്ടുവന്നാൽ അത് perfect ആണെന്ന് ഞാൻ പറയില്ല. അതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി കറക്റ്റ് ചെയ്യാൻ പറഞ്ഞത്. സബ്ജക്ട് കമ്മിറ്റി കറക്റ്റ് ചെയ്തിട്ട് തിരിച്ചുവന്നതാണ്. വിദ്യാർത്ഥി പ്രവേശനം, സംവരണം, വനിതാപ്രാതിനിധ്യം, എസ്.സി./എസ്.ടി. പ്രാതിനിധ്യം ഇതൊക്കെ സബ്ജക്ട് കമ്മിറ്റിയിൽ തുറന്നമനസ്സോടെ ചർച്ചചെയ്ത് നിങ്ങളുടെ ഉപദേശം കേട്ടിട്ട് ചെയ്തതാണ്. ഇനിയും ചെയ്യും. ശ്രീ. പ്രകാശൻ മാസ്റ്റർ പറഞ്ഞു, മന്ത്രിക്ക് അന്ന് തോന്നാത്ത ബുദ്ധി ഇപ്പോൾ തോന്നുന്നത് എന്താണെന്ന്, മന്ത്രിക്ക് സ്റ്റീൽ റാഡുപോലെ നിൽക്കാൻ പറ്റുമോ? ശരിയെന്ന് തോന്നിയതിന് വഴങ്ങും. ചർച്ചയിൽ, the collective wisdom of the legislature, ഏതു വരുന്നു അതെല്ലാം കേട്ടുകൊണ്ട് പ്രവർത്തിക്കാൻ ജനാധിപത്യസംവിധാനത്തിൽ മന്ത്രി ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് സംശയം വേണ്ട. നിങ്ങൾ സെൽഫ് ഫിനാൻസിംഗിന് എതിരാണ്, എത്രകാലമായി സെൽഫ് ഫിനാൻസിംഗ് പാടില്ല എന്നുപറയുന്നു. നിയമവിധേയമായ സെൽഫ് ഫിനാൻസിംഗ് വേണം. അതിന്റെ തത്ത്വത്തെക്കുറിച്ച് ഒരുപാടു തവണ ഞാൻ പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞത് ബോദ്ധ്യമായില്ലെങ്കിൽ സൗകര്യമായി വായിക്കാൻ ഡോക്യുമെന്റ്സ് തരാം. കഴിഞ്ഞ പ്രാവശ്യം ഞാൻ ഉദ്ദേശിച്ചതാണ്. വെസ്റ്റ് ബംഗാൾ മിനിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാന്തി ബിശ്വാസിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം, പഠനത്തിൽ അദ്ദേഹം പറഞ്ഞത് സ്റ്റേറ്റ് ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്ത് സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ കൊണ്ടുവരണം. കാരണം നമ്മുടെ നാട്ടിൽ വരുന്ന മാറ്റങ്ങൾ ഗവൺമെന്റിന് പറ്റുന്നില്ലെങ്കിൽ ഗവൺമെന്റ് നിയമവിധേയമായി പ്രൈവറ്റ് സെക്ടറിൽകൊണ്ടുവരണം. നിങ്ങൾ കാണേണ്ട കാര്യം ഒരു സെൽഫ് ഫിനാൻസിംഗ് കോളേജ് ഉണ്ടാക്കി ബാർ കൗൺസിലിനെയോ മറ്റാരെങ്കിലുമോ നടത്തിക്കോട്ടെ എന്ന് വിചാരിക്കാതെ പകരം ജനങ്ങളോട് മറുപടി പറയാനുള്ള ഗവൺമെന്റിന്റെ ഗ്രിപ്പ് അതിൽ നിലനിൽക്കണമെന്ന സമീപനമാണ്. അൺലിമിറ്റഡ് ഫ്രീഡം ആണോ കൊടുക്കേണ്ടത്? ഈ മനോഹരമായ ആശയത്തോട് എന്തുകൊണ്ട് നിങ്ങൾ യോജിക്കുന്നില്ല? ഗവൺമെന്റ് ആകെ പത്തേക്കർ സ്ഥലം കൊടുക്കും. ബാക്കി കാര്യങ്ങൾ നാട്ടിലെ ജനങ്ങളുടെ സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ട് അഡ്മിഷൻ കാര്യത്തിലും അക്കൗണ്ടബിലിറ്റിയുടെ കാര്യത്തിലും ഉറപ്പുവരുത്താൻ ഉതകുന്ന വിധത്തിലാണ് നിയമം കൊണ്ടുവരുന്നത്. അതുകൊണ്ട് ഇതിനെക്കുറിച്ച് സംശയം വേണ്ട, ആവശ്യമായ വിധത്തിൽ നിയന്ത്രണത്തിനവസരം കൊടുത്തുകൊണ്ട് ഗവൺമെന്റിന് സാമ്പത്തികബാധ്യതയില്ലാതെ ജുഡീഷ്യറിയിലെ ഉന്നതൻമാരടക്കം പങ്കുവഹിക്കുന്ന ഒരു യൂണിവേഴ്സിറ്റിയാണ്. ഇതിന്റെ സ്വഭാവത്തെപ്പറ്റി സംശയം വരേണ്ട കാര്യമില്ല. ശ്രീ. ജയരാജൻ ചോദിച്ചു സർക്കാരിന്റെ കൈയിൽ നിന്ന് ഫണ്ട് വാങ്ങിയിട്ട് പിന്നെന്തിനാ സ്വാശ്രയം എന്ന് പറയുന്നതെന്ന്. സർക്കാരിന്റെ കൈയിൽ നിന്ന് ഫണ്ട് വാങ്ങാൻ enabling provision മാത്രമേ ഉള്ളൂ. ഗവൺമെന്റ് കൊടുക്കുന്നെങ്കിൽ വാങ്ങാം. അതല്ലാതെ സർക്കാർ ഫണ്ട് കൊടുക്കുന്നില്ല; സർക്കാരിന് കഴിയില്ല. ഭൂമികൊടുക്കും. നിയമത്തിന്റെ കാര്യത്തിൽ ശ്രീ. മത്തായി ചാക്കോ ഇവിടെ സൂചിപ്പിച്ചു ....

ശ്രീ. എം. വി. ജയരാജൻ: സർ, സെൽഫ് ഫിനാൻസിംഗ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നുപറയുമ്പോൾ പൊതുവേ അർത്ഥമാക്കുന്നത് സർക്കാരിൽ നിന്ന് പണം പറ്റാതെ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനം എന്നാണ്. അങ്ങനെ വരുമ്പോൾ അതല്ലേ യഥാർത്ഥത്തിൽ ഒരു definition ആയിട്ട് ഈ ബില്ലിൽ കൊണ്ടുവരേണ്ടത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ആര് കൊടുത്താലും കേന്ദ്രത്തിൽനിന്ന്, യു.ജി.സി.യിൽനിന്ന്, മറ്റ് എൻഡോവ്മെന്റ് മുഖേന, മറ്റ് ഡൊണേഷൻ മുഖേന ഏത് കിട്ടുകയാണെങ്കിലും അതിനെ റിസീവ് ചെയ്യാനുള്ള enabling provision നിയമത്തിൽ ഇല്ലെങ്കിൽ പിന്നെ റിസീവ് ചെയ്യാൻ ഒക്കില്ല. പിന്നെ ശ്രീ. മത്തായി ചാക്കോ പെർമനന്റ് പോസ്റ്റിന്റെ കാര്യം പറഞ്ഞു. അത് വളരെ ശരിയായ പോയിന്റാണ്. അത് മീറ്റ് ചെയ്യുന്നുണ്ട്. അതായത് നമ്മൾ നിയമത്തിൽ എഴുതിവച്ചിട്ടുള്ള പെർമനന്റായിട്ടുള്ള പോസ്റ്റിൽ സംവരണം പാലിച്ചാൽ മതിയെന്ന് ഞാൻ തയ്യാറാക്കി വച്ചിട്ടുണ്ട്. അമന്റ്മെന്റ് വരുന്ന സമയത്ത് മറ്റു നിയമനങ്ങൾക്കുകൂടി ബാധകമാക്കാൻ ആ അമന്റ്മെന്റ് ഫ്ളോറിൽ സ്വീകരിക്കുന്നു. അങ്ങ് പറഞ്ഞതുപോലെ ഇത് ഒരു കെണിയല്ല. ആ

LIBRARY ARCHIVES Kerala Legislative Assembly

കെണി കണ്ടുകൊണ്ട് തന്നെയാണ് ദൂരീകരിച്ചിട്ടുള്ളത്. പിന്നെ ബാർ കൗൺസിലിനെപ്പറ്റി പറഞ്ഞു. സബ്ജക്ട് കമ്മിറ്റിയിൽ വന്നസമയത്ത് നിങ്ങളാരും അതിനെക്കുറിച്ച് ഗുണവും പറഞ്ഞില്ല ദോഷവും പറഞ്ഞില്ല. അതായത് ബാർ കൗൺസിലിലുള്ള എല്ലാ അംഗങ്ങളും ജനറൽ കൗൺസിലിലും ഉണ്ട് എന്നാണ് എഴുതി വച്ചത്. ഇപ്പോഴത്തെ എന്റെ ഒഫിഷ്യൽ അമന്റ്മെന്റിൽ ഉള്ളത് ബാർ കൗൺസിലിലുള്ള 5 പ്രതിനിധികളെ ചാൻസലർ നോമിനേറ്റ് ചെയ്യുമെന്നാണ്. ഈ ബാർ കൗൺസിൽ മുഴുവനും ജനറൽ കൗൺസിലിലും വന്നാൽ വലിയ ഒരു ജമ്പോ ആകും. അതുകൊണ്ടാണ് അഞ്ച് ആക്കിയത്. അതിൽ എന്താണ് ഗൂഢാലോചനയുള്ളത്? അഞ്ചുപേർ ··· nominated by the Chancellor. Chancellor means Chief Justice of Kerala. അങ്ങനെ നോമിനേറ്റ് ചെയ്യുന്ന ജനറൽ കൗൺസിലിലെ 5 പേർ എന്നാണ്. അല്ലെങ്കിൽ ഇത് നിയന്ത്രിക്കാൻ കഴിയാത്ത ഒരു മഹാസദസ് ആകും. അങ്ങനെയുള്ള സന്ദർഭത്തിൽ effective deliberation നടക്കില്ല. ഇവിടെ 41(2)-നെപ്പറ്റി ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു. Law University-യിലേക്ക് ഡിപ്പാർട്ടുമെന്റോ വേറെ ആരെങ്കിലും അവർക്ക് കൈമാറ്റം ചെയ്തു കൊടുക്കാനുള്ള enabling provision ഇതിലുണ്ട്. ഇത് ഏകപക്ഷീയമല്ല. i.e, by way of an agreement. എഗ്രിമെന്റ് മാത്രം ഉണ്ടാക്കിയിട്ട് ചെയ്യാനുള്ള enabling provision ആണ്. അതിൽ വേറെ പ്രശ്നമില്ല. ശ്രീ. രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു ഇത് പാവപ്പെട്ടവർക്ക് അപ്രാപ്യമാകുമെന്ന്. നിങ്ങൾ യഥാർത്ഥത്തിൽ ഈ ഗവൺമെന്റിനെ പ്രകീർത്തിക്കുകയാണ് വേണ്ടത്. കുറേ സെൽഫ് ഫിനാൻസിംഗ് കോളേജ് ഇവിടെ തുടങ്ങിയിട്ടുണ്ട് എന്നാണ് എഴുതിവച്ചത്. The University shall reserve seat in admission to students of Scheduled Castes & Scheduled Tribes and Other Backward Classes as prevalent in the professional courses in the State. കേരളത്തിലെ professional course-ൽ നിലനിൽക്കുന്നതുപോലുള്ള സംവരണം അപ്പാടെ നിലനിർത്തുമെന്നാണ് പറഞ്ഞത്. നിയമം ചർച്ച ചെയ്തപ്പോൾ അത് കൊണ്ടുവന്നു. അതിൽ ഇനി ഭയപ്പാട് വേണ്ട.

ശ്രീ. മത്തായി ചാക്കോ: സർവ്വകലാശാലയുമായി ലയിപ്പിച്ച സ്ഥാപനങ്ങൾ 1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ടിൽ എന്തുതന്നെ നടത്തിയിരുന്നാലും ഈ ആക്ട് പ്രാബല്യത്തിൽവന്ന തീയതി മുതൽ ട്രസ്റ്റ് കൊച്ചിയിൽ സ്ഥാപിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് കൊച്ചി ശാസ്ത്ര സർവ്വകലാശാലയുമായി ലയിക്കുന്നതും സ്ഥാപനം ഇല്ലാതായി തീരുന്നതുമാണ്. തുടർന്ന് പറയുന്നത്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൈവശമുള്ള വസ്തുവകകളും അനുഭവിച്ചുവരുന്ന എല്ലാ തരത്തിലുള്ള അവകാശങ്ങളുടേയും ഉടമസ്ഥാവകാശം ട്രാൻസ്ഫർ ചെയ്യുകയാണ് എന്നാണ്. പക്ഷേ ഈ സ്ഥാപനം ട്രസ്റ്റിന്റെ കയ്യിലാണ്. ട്രസ്റ്റിന്റെ കയ്യിലുള്ള ഒരു സ്ഥാപനം എങ്ങനെ അതിലേക്ക് സ്വമേധയാ വരും എന്നുള്ളതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കാര്യം സിമ്പിൾ ആണ്. Legislative competency ആണ് പ്രശ്നം. നിയമനിർമ്മാണം നടത്താം. നിയമനിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുമ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉണ്ടായിരുന്നത് മാറി ബാക്കി പ്രോപ്പർട്ടി ഇതിലേക്ക് വരുന്നു. നമുക്കെല്ലാം കൂടി നടത്താൻ അവകാശമുള്ള നിയമനിർമ്മാണാധികാരം ഉപയോഗിച്ച് നമ്മൾ ചെയ്യുന്നതാണ്. നിയമം വരുന്നതോടുകൂടി അത് മെർജ് ചെയ്തിരിക്കും. പിന്നെ ചീഫ് ജസ്റ്റിസിന്റെ കാര്യം പറഞ്ഞു. ചീഫ് ജസ്റ്റിസിന്റെ കാര്യത്തിൽ എന്തിനാണ് ഇത്ര വലിയ ആശങ്ക? കാരണം ഇത് പുതിയ കാര്യമാണോ? എല്ലാ ആക്ടും എന്റെ കയ്യിലുണ്ട്. സമയം ഇല്ലാത്തതുകൊണ്ട് ഞാൻ അത് ക്വാട്ട് ചെയ്യുന്നില്ല. കൽക്കത്ത, ബാംഗ്ലൂർ, ജോധ്പൂർ, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലെ നിയമങ്ങളിലെല്ലാം കാണാൻ കഴിയുന്നത് ഇതുതന്നെയാണ്. ചാൻസലറായി ചീഫ് ജസ്റ്റിസ് ഉള്ള സംഗതിയിൽ ഒരു കേസ് വന്നാൽ എന്താകും? ചീഫ് ജസ്റ്റിസ് സമ്മതിച്ചില്ലെങ്കിൽ എന്താകും? ഈ നാട്ടിൽ ഇതൊക്കെ നടക്കുന്നതാണ്. കൽക്കത്തയുടെ ആക്ടിൽ നോക്കിയാൽ മതി. കുറച്ചുകൂടി സീരിയസ് ആണ്. കാരണം അവിടെ വിസിറ്റർ മാത്രമല്ല, Chief Justice of India കൽക്കത്ത ആക്ടിൽ Chancellor ആണ്. അപ്പോൾ ഇതിലൊന്നും ഒരു അപകടവുമില്ല. പക്ഷേ ഈ പറയുന്ന ഒരു പോയിന്റ് ഉണ്ട്. അദ്ദേഹം അംഗീകരിക്കുന്നില്ലെങ്കിൽ എന്താണ് എന്നുള്ള ആ പോയിന്റിൽ ഞാൻ അമന്റ്മെന്റ് കൊണ്ടുവരുന്നുണ്ട്. അപ്പോൾ ആ പ്രശ്നമില്ല. ജോധ്പൂരിലെ സ്ഥിതി എന്ന് പറയുന്നത്, Visitor of the University — The Chief Justice of Supreme Court of India shall be the visitor of the University; Chancellor of the University — The Chief Justice of High Court of Jurisdiction for the Rajasthan shall be the Chancellor of the University. ഇങ്ങനെ പോവുകയാണ്. ചിലതിൽ വ്യത്യാസമുണ്ട്. ചിലതിൽ ചാൻസലർ അല്ല. അപ്പോൾ അത് കുഴപ്പമുള്ള കാര്യമല്ല. പിന്നെ ജഡ്ജിനെപ്പറ്റി പറഞ്ഞു. ഒരു കേസ് വന്നാൽ എന്താകും എന്നു ചോദിച്ചു. അതിന് നിയമത്തിൽ ഒരു മെത്തേഡ് ഉണ്ട്. ജഡ്ജിന്റെ പേരിൽ ഒരു കേസ് വന്നാൽ അത് കൈകാര്യം ചെയ്യാൻ നിയമത്തിൽ വകുപ്പുണ്ട്. അതുകൊണ്ട് അതിൽ പറയുന്ന സംഗതിയൊന്നും കുഴപ്പമുള്ള കാര്യമല്ല. മാത്രമല്ല, നമ്മൾ കാണേണ്ടത് നാഷണൽ ലെവലിലുള്ള ഒരു സ്ഥാപനത്തിന് ചീഫ് ജസ്റ്റിസ് ഓഫ് ഇൻഡ്യ വിസിറ്ററായി നിൽക്കുകയും ചീഫ് ജസ്റ്റിസ് ഓഫ് കേരള ചാൻസലറായി നിൽക്കുകയും ചെയ്യുമ്പോൾ അതിന്റെ dimension കൂടും. അങ്ങനെയുള്ള സംവിധാനം വരുന്ന സമയത്ത് അത് ദേശീയാടിസ്ഥാനത്തിലുള്ള ഒരു സ്ഥിതിയിലേക്ക് ഉയരും എന്നുള്ളതാണ്. അതുകൊണ്ട് ഈ ഭയപ്പാടിന്റെ കാര്യമില്ല. അതുപോലെ തെരഞ്ഞെടുപ്പിൽ വിദ്യാർത്ഥി അദ്ധ്യാപക പ്രതിനിധികളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇത് വ്യത്യസ്തമായ സ്വഭാവത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയാണ്. കൽക്കത്ത ആക്ടിൽ പറയുന്നത്. EXECUTIVE: Vice Chancellor — Chairman, A Judge from among the members of the general council nominated by the Chancellor; പിന്നെ Judge of Calcutta High Court nominated by the Chancellor, A distinguished lawyer — member of the general council nominated by the Chancellor; Advocate General of West Bengal — A distinguished education

LIBRARY ARCHIVES Kerala Legislative Assembly

member of the general council nominated by the Chancellor; The Law Minister, Government of West Bengal; Judicial Secretary, Government of West Bengal; Higher Education Secretary, Government of West Bengal; The Principal Finance Secretary of West Bengal — A nominee of the Government of West Bengal from among the general council; 2 Professors — Associate Professors of the University, 2 Lecturers — Assistant Professors of the University by rotation ഇതാണ്. ബാംഗ്ലൂർ മോഡൽ പറയുമ്പോൾ നിങ്ങൾക്ക് ആക്ഷേപമാണെങ്കിൽ കൽക്കത്ത മോഡൽ എടുത്താൽ എന്താണ് കുഴപ്പം? സെൽഫ് ഫിനാൻസിംഗ് ശരിയോ തെറ്റോ എന്നതിനെക്കുറിച്ച് ചർച്ചയ്ക്ക് ഞാൻ തയ്യാറാണ്.

ശ്രീ. എം. വി. ജയരാജൻ: സെൽഫ് ഫിനാൻസിംഗിനെ സംബന്ധിച്ച ഞങ്ങളുടെ നയം വളരെ വ്യക്തമാണ്. ഞങ്ങൾ സെൽഫ് ഫിനാൻസിംഗിന് എതിരല്ല. പക്ഷേ അത് സോഷ്യൽ കൺട്രോളോടുകൂടി വേണം എന്നാണ്. നിങ്ങൾ ഇപ്പോൾ വിസിറ്റർ എന്നും ചാൻസലർ എന്നും പറയുന്ന പദവികളിൽ ആളെ ഇരുത്തുന്നത് പൂർണ്ണമായി ഗവൺമെന്റിനോ സമൂഹത്തിനോ നിയന്ത്രണം ഇല്ലാത്തവിധത്തിലുള്ള ഏജൻസികളെയാണ്. അത് മാറണം. അതിന്റെ ഘടന മാറണം എന്നാണ് ഞങ്ങൾ പറയുന്നത്. അപ്പോൾ ഗവൺമെന്റിന് കുറേക്കൂടി നിയന്ത്രണം ഉണ്ടാകുന്നവിധത്തിൽ ലാ യൂണിവേഴ്സിറ്റി ബില്ലിന്റെ ഘടന മാറണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സോഷ്യൽ കൺട്രോൾ വേണം. ഗവൺമെന്റിന്റെ കൺട്രോൾ അതിലുണ്ട്. നിങ്ങളിൽ ആരോ ഇവിടെ പറഞ്ഞു വിദ്യാഭ്യാസമന്ത്രിക്ക് എന്താണ് കാര്യമെന്ന്. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന് പറയുന്നത് ഈ രാജ്യത്തെ മൂന്നുകോടി ജനങ്ങൾ വോട്ട് ചെയ്ത് അധികാരത്തിൽ വന്ന ഈ സഭയുടെ പ്രതിനിധിയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നു പറയുന്നത് രാജ്യത്തിലെ മന്ത്രിയാണ്. ഈ രാജ്യത്തിലെ മന്ത്രിക്ക് എന്താണ് അയോഗ്യത ഒരു രാജ്യത്ത് ഒരു പുതിയ യൂണിവേഴ്സിറ്റി വരുന്നു ആ യൂണിവേഴ്സിറ്റിയിൽ ഈ രാജ്യത്തെ ജനങ്ങളോട് മറുപടി പറയാനുള്ള ഗവൺമെന്റിന്റെ പ്രതിനിധി, അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തുന്നതിനുള്ള അനിവാര്യ ഘടകമായിട്ട് നിൽക്കുകയാണ്. അതല്ലാതെ മറ്റുമന്ത്രിമാർ അവിടെ പോയിട്ട് എന്തു നേടാൻ. ഞാൻ പറയുന്നത് ലക്ഷ്യസാക്ഷാത്ക്കാരത്തെപ്പറ്റിയാണ്. വളരെ വിശദമായിട്ട് ഡോ. എ. നീലലോഹിതദാസൻ നാടാർ ഇവിടെ പറഞ്ഞു, എന്റെ കൈയിൽ അഡ്വക്കേറ്റ്സ് ആക്ട് ഉണ്ട്, ഞാൻ അത് നോക്കി. അദ്ദേഹം ഇവിടെ പറഞ്ഞത് ബാർ കൗൺസിലിന് അങ്ങനെ തുടങ്ങാൻ അധികാരമില്ല; അഡ്വക്കേറ്റ്സ് ആക്ടിൽ അങ്ങനെ പറയുന്നില്ല എന്നാണ്. ഞാൻ വായിച്ചു, ഡോക്ടർ ഒരുപക്ഷേ അതിനെപ്പറ്റി കൂടുതൽ അറിയുന്ന വ്യക്തിയായിരിക്കാം. ഞാൻ പറഞ്ഞതിൽ തെറ്റുണ്ടാകാം, വേറെയും വക്കീലൻമാർ ഇവിടെ ഇരിക്കുന്നുണ്ട്. Advocate Act 1961 receive the assend of the present on May 1961 — It is for the first

LIBRARY ARCHIVES Kerala Legislative Assembly

time under the Advocate Act 1961 the responsibility of restructuring the professional legal education on a sound footing has been indicated as a mandatory duty .... (ബഹളം .... ബഹളം ....)

നിയമവിരുദ്ധമല്ല. നിങ്ങൾ പറഞ്ഞത് അഡ്വക്കേറ്റ്സ് ആക്ട് പ്രകാരം ആൾ ഇൻഡ്യാ ബാർ കൗൺസിലിന് ഒരു അനുപാതം ഉണ്ടായിക്കോട്ടെ.

(ബഹളം .... ബഹളം ....)

സ്റ്റേറ്റ് ബാർ കൗൺസിലിന്റെയുമുണ്ടല്ലോ. കേരള നിയമസഭയ്ക്ക് ഒരു നിയമം ഉണ്ടാക്കാമല്ലോ, അതിനെന്താ കുഴപ്പം. ഇവിടെ അഡ്വക്കേറ്റ്സ് ആക്ടിൽ എന്തുപറയുന്നു എന്നുള്ളതിന്റെ തർക്കത്തിന്റെ കാര്യമില്ലല്ലോ. കേരള നിയമസഭയ്ക്ക് അതു സംബന്ധിച്ച ഒരു നിയമനിർമ്മാണം ആകാം.

ഡോ. എ. നീലലോഹിതദാസൻ നാടാർ:

(മൈക്ക് അനുവദിച്ചില്ല)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: They can make a request. അത് വേറെ കാര്യം.

ഡോ. എ. നീലലോഹിതദാസൻ നാടാർ:

(മൈക്ക് അനുവദിച്ചില്ല)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അല്ല. ഷോർട്ട് റീസൈറ്റ് ആണ്. അതിൽ ഇതിന്റെ ബാക്ഗ്രൗണ്ട് പറയുകയാണ്. അങ്ങ് എത്രയോ അറിവുള്ള ആളല്ലേ. ഒരു സംഗതിയുടെ ബാക്ഗ്രൗണ്ട് നിങ്ങൾ വിശദീകരിച്ചുവരികയാണ്. എന്താണ് ചീഫ് ജസ്റ്റിസുമാരുടെ സമ്മേളനത്തിലെ കമ്മിറ്റിയുടെ ശുപാർശ, ഇവരുടെ റിക്വസ്റ്റ്. കേസ് – ബിൽറ്റ് അപ് ചെയ്തുകൊണ്ട് വരികയാണ്. അല്ലാതെ അതിലെന്താ നിയമപരമായിട്ടുള്ള സംഗതിയുള്ളത്?

ഡോ. എ. നീലലോഹിതദാസൻ നാടാർ:

(മൈക്ക് അനുവദിച്ചില്ല)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതെ, ആൾ ഇൻഡ്യാ ബാർ കൗൺസിലിന് ഒരു അനുപാതം ഉണ്ട്, അത് വച്ചിട്ടാണ് ബാംഗ്ലൂരിൽ ഉണ്ടാക്കിയത്. അപ്പോൾ ബാംഗ്ലൂരിൽ ഉള്ള ബാർ കൗൺസിലിന് അധികാരം ഇല്ലല്ലോ, പിന്നെ അവർ എങ്ങനെയാ ഉണ്ടാക്കിയത്? ബാർ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്കേ അധികാരം ഉള്ളൂ.

ഡോ. എ. നീലലോഹിതദാസൻ നാടാർ:

(മൈക്ക് അനുവദിച്ചില്ല)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ പരിശോധിക്കാം. ഞാൻ പറഞ്ഞത് ഇതിന്റെ ബാക്ക്ഗ്രൗണ്ട് പറഞ്ഞപ്പോൾ അവരുടെ റിക്വസ്റ്റ് കൂടി മെൻഷൻ ചെയ്തു എന്നുള്ളതാണ്. നമ്മൾ ചെയ്യുന്നത് സ്റ്റേറ്റ് ഗവൺമെന്റിന്റെ നിയമ നിർമ്മാണമാണ്. പിന്നെ സ്വാശ്രയ കോളേജിനെക്കുറിച്ചൊക്കെ ധാരാളം പറഞ്ഞു, ഞാൻ അതിലേക്ക് പോകുന്നില്ല. അങ്ങ് തന്നെ പറഞ്ഞു ഈ ലക്ഷ്യങ്ങൾ നിറവേറുന്നില്ല എന്ന്. ലക്ഷ്യം എന്നുപറഞ്ഞാൽ നിങ്ങൾ ഇട്ട പ്ലാൻ എല്ലാം ഒരു ദിവസംകൊണ്ട് നടപ്പിലാകുമോ? നടപ്പിലാകില്ല. എന്നെ ഇതിന് പ്രേരിപ്പിക്കുന്ന വികാരം എന്നുപറയുന്നത് ഐ.ഐ.എം. ആണ്. ഐ.ഐ.എം. ഇവിടെ കൊണ്ടുവന്നത് ഞാൻ മന്ത്രിയായിരുന്നപ്പോഴാണ്. എല്ലാവർക്കും അറിയാം അന്ന് ഇല്ലാത്ത പരാധീനത ഉണ്ടായിരുന്നില്ല. ഇന്ന് ഇൻഡ്യയിൽ ഏറ്റവും നല്ലത് കാലിക്കട്ട് ഐ.ഐ.എം. ആണ്. ചെയറിനറിയാം, എല്ലാവർക്കും അറിയാം. അപ്പോൾ ഒരു കാര്യം സ്റ്റാർട്ട് ചെയ്യുമ്പോൾ മാത്രമല്ല ടാർജറ്റ് ഇടുന്ന സമയത്ത് കുറച്ച് പ്രശ്നമൊക്കെയുണ്ടാകും. ഒരു മഹാൻ പറഞ്ഞിട്ടുണ്ട് ടാർജറ്റ് ഇടുന്ന സമയത്ത് നക്ഷത്രങ്ങളെ ടാർജറ്റ് ചെയ്യണം. പുകക്കുഴലുകളെ ടാർജറ്റ് ചെയ്യരുത് എന്ന്. പുകക്കുഴലിനെ ടാർജറ്റ് ചെയ്താൽ പുകക്കുഴലിനോളമേ എത്തുകയുള്ളൂ, നക്ഷത്രങ്ങളെ ടാർജറ്റ് ചെയ്താൽ നക്ഷത്രത്തോളം എത്തില്ലെങ്കിലും വളരെ ദൂരം മുന്നോട്ടുപോകാൻ ഒക്കും. ടാർജറ്റ് ചെയ്യുന്നത് നക്ഷത്രങ്ങളെയാണ്. അതുപോലെ ഇവിടത്തെ നിയമ വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വികാസത്തെ ലക്ഷ്യമാക്കിക്കൊണ്ട് നമ്മൾ ഒരു കാര്യം ചെയ്യുമ്പോൾ പോരായ്മകൾ ഉണ്ടാകാം. ഞാൻ ഇപ്പോൾ കൊണ്ടുവന്ന നിയമത്തിലും അപാകതകൾ ഉണ്ടാകാം, ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിൽ ഭേദഗതി വന്നിട്ടില്ലേ? ഇൻഡ്യയിലെ എല്ലാ മഹാരഥൻമാരും കൂടി തയ്യാറാക്കിയ ഭരണഘടന കാലത്തിനനുസരിച്ച് മാറ്റേണ്ടി വന്നിട്ടുണ്ട്. നമ്മൾ ഇന്നിവിടെ പാസ്സാക്കുന്ന നിയമത്തിലും തെറ്റുണ്ടാകാം, ആ തെറ്റ് കഴിയുന്നിടത്തോളം തിരുത്താം. അല്ലെങ്കിൽ നമുക്ക് ശരിയാണെന്ന് തോന്നുന്നത് ഇവിടത്തെ ചർച്ചയിൽ നമുക്ക് ശരിയാക്കാം, ബാക്കി ശരി ഓരോ ഘട്ടത്തിലും നമുക്കുശേഷം ഇവിടെ തലമുറകൾ ജീവിക്കും, നമുക്കുശേഷം ഇവിടെ മന്ത്രിമാർ ഉണ്ടാകും, നമുക്കുശേഷം ലെജിസ്ലേച്ചർ ഉണ്ടാകും, ആ കാലങ്ങളിലൊക്കെ വരുന്ന വ്യതിയാനങ്ങളെ ആ കാലഘട്ടത്തിൽ കണ്ടെത്തി അതിന് പരിഹാരം അന്ന് വന്നുകൊള്ളും എന്നുവിചാരിക്കാം എന്നല്ലാതെ ഒന്നും ചെയ്യണ്ട എന്ന് വിചാരിക്കാൻ ഒക്കുമോ? ഞാൻ മന്ത്രിയായിരുന്ന സമയത്ത് 1994-ൽ ശ്രീ. വേണുഗോപാലിന്റെ അച്ഛൻ വളരെ പ്രഗത്ഭനായ ഒരു അഡ്വക്കേറ്റായിരുന്നു, അദ്ദേഹം ഇവിടെ പറഞ്ഞു ഒരു കോടി രൂപ ഞങ്ങളുടെ കൈയിലുണ്ട് ഞങ്ങൾ തന്നേക്കാം endowment ആയിട്ട്. നിങ്ങൾ ബാംഗ്ലൂർ മോഡലിൽ ഇവിടെ നിയമം ഉണ്ടാക്കിയാൽ മതി എന്ന്. ഒക്കെ ശരിയാക്കി ഡ്രാഫ്റ്റ് ചെയ്തു, പക്ഷേ അപ്പോഴേക്കും നമ്മുടെ മിനിസ്ട്രി പോയി നിങ്ങൾ വന്നു, ഇടതുപക്ഷ മുന്നണി വന്നപ്പോൾ ഇവിടെ പറഞ്ഞമാതിരി നിങ്ങൾ ഒരു ഓർഡിനൻസ് കൊണ്ടുവന്നു, നിങ്ങൾക്കും നിയമമാക്കാൻ പറ്റിയില്ല. നിങ്ങളുടെ കാലം കഴിഞ്ഞ് നിങ്ങളും പോയി. ഇതെല്ലാം കഴിഞ്ഞ് കേരളീയനായ മാധവമേനോൻ ബാംഗ്ലൂരിൽ പോയി

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ സ്കൂൾ അവിടെ ഉണ്ടാക്കി ഇൻഡ്യക്ക് മാതൃക കാണിച്ചു. അപ്പോൾ നമ്മൾ ഇനിയും സംശയം പറഞ്ഞുനിന്നാൽ ശരിയാകില്ല, നമുക്ക് സ്റ്റാർട്ട് ചെയ്യാം. സ്റ്റാർട്ട് ചെയ്തിട്ട് പോരായ്മയുണ്ടെങ്കിൽ നമുക്കെല്ലാംകൂടി പിന്നെ തീർക്കാം. എമൗണ്ടിനെക്കുറിച്ച് ഇവിടെ ഡോ. നീലലോഹിതദാസൻ നാടാർ പറഞ്ഞു, ഏതു സോഴ്സിൽ കൂടിയും വാങ്ങാം എന്നാണ് പറഞ്ഞത്. അങ്ങനെ വിചാരിച്ചാൽ എങ്ങനെയാണ് ഡോക്ടർ? ഈ നാട്ടിലെ ചീഫ് ജസ്റ്റീസും, ഇൻഡ്യയിലെ ചീഫ് ജസ്റ്റീസും എല്ലാംകൂടിയുള്ള ഒരു യൂണിവേഴ്സിറ്റി ....

ഡോ. എ. നീലലോഹിതദാസൻ നാടാർ:

(മൈക്ക് അനുവദിച്ചില്ല)

മി. ചെയർമാൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ, പല പ്രാവശ്യമായി ഞാൻ കാണുന്നുണ്ട്. അങ്ങ് വഴങ്ങുന്നുണ്ട്, പക്ഷേ, അംഗത്തിന് മൈക്ക് കൊടുക്കുന്നില്ല. അങ്ങ് കാണിക്കുന്ന മര്യാദ ഇവിടെ ആരോ കാണിക്കുന്നില്ല ഒരംഗത്തിന് മന്ത്രി വഴങ്ങിയാൽ ആ അംഗത്തിന് മൈക്ക് കൊടുക്കണം. ഞാൻ അത് ഗൗരവമായിട്ട് പറയുന്നു. ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്ന ഔചിത്യവും മര്യാദയും ഞാൻ മാനിക്കുന്നുണ്ട്, പക്ഷേ ആ അംഗത്തിന് മൈക്ക് കൊടുക്കണമെന്ന മര്യാദ കാണിക്കണം. മന്ത്രി അത് ഉറപ്പാക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* ഇത് മന്ത്രിസഭയിലെ മന്ത്രിയോ ഗവൺമെന്റോ ചെയ്യേണ്ടതല്ല. സഭ അങ്ങയുടെ കസ്റ്റഡിയിലാണ്. ഇപ്പോൾ അങ്ങാണ് സഭാനാഥൻ. അങ്ങയുടെ നിർദ്ദേശം അനുസരിക്കുക എന്നുള്ളതേ ഇവിടെ നടക്കുകയുള്ളൂ. അതല്ലാതെ ഇതൊന്നും ഗവൺമെന്റിന്റേതല്ല. നമ്മൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തി കുറ്റപ്പെടുത്തി അങ്ങനെ തോന്നിപ്പോകുന്നതാണ്. ഇതൊന്നും ഗവൺമെന്റിന്റെ വകയല്ല.

മി. ചെയർമാൻ: ഞാൻ ക്ലാരിഫൈ ചെയ്യാം. ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തിയതേ ഇല്ല. ഈ സഭയിൽ ഗവൺമെന്റിന്റെ ഭാഗമായി മന്ത്രി കാണിച്ച മര്യാദ, സന്മനസ്സ് അതിനെ മാനിക്കുന്നു എന്നാണ് ആദ്യം പറഞ്ഞത്, അല്ലാതെ കുറ്റപ്പെടുത്തുകയല്ല. പക്ഷെ ഒരംഗം സംസാരിക്കുമ്പോൾ മൈക്ക് കൊടുത്തേ മതിയാകൂ. ഞാൻ അത് പറഞ്ഞുകഴിഞ്ഞു. ഞാൻ നിർദ്ദേശം കൊടുത്തിരിക്കുന്നു. ചെയർ അനുവാദം കൊടുക്കുന്നു. മൈക്കിന്റെ ഓപ്പറേഷൻ ഒന്നും അറിയുന്ന ആളല്ല ഞാൻ. ഞാൻ നാലുവട്ടം നോക്കി, അഞ്ചാം വട്ടം ഞാൻ പറഞ്ഞു. It is a clear ruling.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ കൺക്ലൂഡ് ചെയ്യാൻ പോകുന്നതുകൊണ്ട് ചോദിക്കുകയാണ്. ഇപ്പോൾ എട്ട് യൂണിവേഴ്സിറ്റികളുടെ കാര്യം നോക്കി, ഏറ്റവും നല്ല ഒരു നിയമത്തിലേക്ക് പോകുന്നു എന്ന് പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. സെൽഫ് ഫിനാൻസിംഗ് ഇവിടെ ഉണ്ടെന്ന് ഇപ്പോൾ പറഞ്ഞു, ഒരിടത്തുമില്ല. നമ്മൾ പുതിയ സംവിധാനത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ്. ലാ യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നതുപോലെ കേരളത്തിലെ ഏതൊക്കെ മേഖലകളിലാണ് ഇതുപോലെയുള്ള യൂണിവേഴ്സിറ്റികൾ വരാൻ പോകുന്നത്; അങ്ങനെ വല്ല ആലോചനയും ഉണ്ടോ? വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കാൻ പോകുന്നു എന്ന് മുഖ്യമന്ത്രി പ്രസ്താവിച്ച സാഹചര്യത്തിലാണ് ഞാൻ ചോദിക്കുന്നത്. അത്തരം ആലോചനകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇപ്പോൾ അങ്ങനെ ഒരു ആലോചനയുള്ളതായി എനിക്കറിയില്ല. കാരണം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് സെൽഫ് ഫിനാൻസിംഗിനെപ്പറ്റി അങ്ങനെ പുതിയ സർവ്വകലാശാലയെപ്പററി ചിന്തിക്കുന്നില്ല. ഫണ്ടിന്റെ കാര്യത്തിൽ നിങ്ങൾ എല്ലാററും ഈ ആക്ടിൽ പറഞ്ഞ ഒരു വാക്ക് എടുത്തുപിടിച്ചിട്ട് കിട്ടുന്നവരോട് മുഴുവൻ പണം വാങ്ങുമോ എന്നുള്ള സ്വഭാവത്തിൽ ഒരു ചിത്രം കൊടുക്കുന്നത് ശരിയല്ല. ഞാൻ അതിൽ ഒറ്റക്കാര്യം കൂടി ക്വാട്ട് ചെയ്യട്ടെ Calcutta Act-ലെ Fund of the University-യിൽ സെക്ഷൻ 23-ലെ (ജി) amount received from any other sources .... ഇതിന്റെ കാർബൺ കോപ്പിയേ ഞാൻ എടുത്തിട്ടുള്ളൂ. എങ്ങനെയാ ഞാൻ പിന്തിരിപ്പനാകുന്നത്? അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെ നിയമം എങ്ങനെയാ പിന്തിരിപ്പനാകുന്നത്? അപ്പോൾ എന്താ കാര്യം?

ഡോ. എ. നീലലോഹിതദാസൻ നാടാർ: ആർക്കെങ്കിലും എവിടെയെങ്കിലും ഒരു പിശക് പറ്റിയാൽ ആ പിശക് നമ്മൾ അതുപോലെ ഇവിടെ പകർത്തണോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, നമ്മൾ കാണേണ്ട ഒരു കാര്യം ഈ രാജ്യത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് വളരെ ശക്തമായ ഒരു ഡിബേറ്റിംങ് പോയിന്റാണ് financing of the higher education. ഗവൺമെന്റിന്റെ ഫണ്ടുകൊണ്ട് നടത്താൻ സാധിക്കാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി എങ്ങനെ internal resource mobilisation നടത്തണമെന്നത് ഇൻഡ്യയിൽ സജീവമായി ചർച്ചചെയ്യപ്പെടുന്ന കാര്യമാണ്. എന്റെ കയ്യിൽ അതിന്റെ ഡോക്യുമെന്റ് ഉണ്ട്. അത് ഞാൻ ഉദ്ധരിക്കുന്നില്ല. ഈ നിലയിൽ ഇത്തരത്തിലുള്ള വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ പണം കണ്ടെത്തിയിട്ടില്ലെങ്കിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ വളർച്ച മുരടിക്കും.

3.00 P. M.]

ഡോ. എ. നീലലോഹിതദാസൻ നാടാർ: Amounts received from any other source എന്നുപറഞ്ഞ് ഓപ്പൺ ആയി വിട്ടുകൊടുക്കാൻ പറ്റുമോ? മറ്റെല്ലാ ക്ലോസുകളും മുകളിലുള്ള സബ് ക്ലോസിൽ വിശദീകരിച്ചശേഷം പിന്നീട് ഇങ്ങനെ any other source എന്നുപറഞ്ഞ് ആർക്കും എന്തും ചെയ്യാൻ ഇടവരുത്തുന്ന രീതിയിൽ ഓപ്പൺ ആയി വിട്ടുകൊടുക്കണമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അങ്ങനെയല്ല, ഞാൻ ഉദാഹരണം പറഞ്ഞുതന്നേക്കാം. നിങ്ങൾക്ക് ഇപ്പോൾ ഒരു ഫൗണ്ടേഷൻ, അല്ലെങ്കിൽ മരിച്ചുപോയ അച്ഛന്റെ പേരിൽ ഒരു സംഗതി, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ അതിലൊന്നും പ്രശ്നമുള്ള കാര്യമല്ല. പിന്നെ വിദ്യാഭ്യാസ കച്ചവടത്തിന്റെ കാര്യം അതൊക്കെ ധാരാളമായി ഇവിടെ സംസാരിച്ചു. സർ, ഞങ്ങൾക്ക് അങ്ങനെ ഉദ്ദേശ്യമില്ല. ഞാൻ പറയാം, കഴിഞ്ഞ സഭയിൽ നിങ്ങളിൽ പലരും ഉണ്ടായിരുന്നില്ല. അന്ന് സെൽഫ് ഫിനാൻസിംഗ് കോളേജ് ഇവിടെ കൊണ്ടുവന്നപ്പോൾ ആരോ ഉണ്ണികൃഷ്ണൻ കേസിന്റെ കാര്യംപറഞ്ഞല്ലോ, ഉണ്ണികൃഷ്ണൻ കേസിന്റെ സമയത്ത് നിങ്ങൾ പറഞ്ഞു, ഉണ്ണികൃഷ്ണൻ കേസ് പ്രകാരമേ നടത്താൻ പറ്റൂവെന്ന്. അന്ന് ഞങ്ങൾ പറഞ്ഞു, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്സ്. കോളേജ് തുടങ്ങി. ആ കോളേജ് തുടങ്ങിയപ്പോൾ ഞങ്ങൾ ഉണ്ണികൃഷ്ണൻ കേസ് ഇതിന് ബാധകമല്ല എന്നുപറഞ്ഞു, ബഹുമാനപ്പെട്ട ചെയറിന് അത് അറിയാവുന്നതാണ്. അങ്ങനെ അവസാനം എന്തു സംഭവിച്ചു? കോടതിയിൽ പോയി, പോയി പോയി അവസാനം ഉണ്ണികൃഷ്ണൻ കേസ് വിധി പറഞ്ഞ അതേ ജഡ്ജിന്റെ മുമ്പിൽ വന്നു നമ്മുടെ കേസ്. ആ കേസിന്റെ ജഡ്ജ്മെന്റിന്റെ കോപ്പിയെടുത്ത് നിങ്ങൾക്ക് തരാം. ലെജിസ്ലേച്ചേഴ്സ് കാണേണ്ട ജഡ്ജ്മെന്റാണ്. അതിൽ പറഞ്ഞു, കേരളം കൊണ്ടുവന്ന മോഡൽ 'commendable' ആണ് എന്ന്. ആ വാക്കാണ് ഉപയോഗിച്ചത്. ആ ജഡ്ജിമെന്റിന്റെ കോപ്പിയെടുത്ത് ഇൻഡ്യയിലെ ചീഫ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കണം. അവർക്ക് മോഡൽ ആക്കണമെന്നാണ് പറയുന്നത്. ഇത് കേരളമാണ്, ഇവിടെ ഈ പറയുന്നമാതിരി ഒരു കച്ചവടവും നടക്കില്ല, ജനങ്ങൾ പ്രബുദ്ധരാണ്. അതുകൊണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ഞാനത് മനസ്സിലാക്കുന്ന ആളാണ്. ഞാൻ മിനിഞ്ഞാന്ന് ഒരു സബ്മിഷന് മറുപടി പറഞ്ഞു. കൺട്രോൾ ചെയ്യേണ്ട കാര്യമുണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഇവിടെ സ്റ്റബിലൈസ് ചെയ്യണം. പോരാത്തതിന് അതിനെ നിയന്ത്രിക്കുന്ന, ഗുണനിലവാരം ഉറപ്പുവരുത്തേണ്ട, ചില സംഗതികൾ ഉണ്ടാകണം. അത്തരം കാര്യങ്ങളെക്കുറിച്ച് കാര്യമായി ആലോചിക്കുന്നുണ്ട്. പിന്നെ ഒറ്റക്കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത് കേരളത്തിൽ ഒരു വിദ്യാഭ്യാസ കച്ചവടവും നടക്കില്ല എന്നാണ്. ഈ ഗവൺമെന്റ് കൊണ്ടുവന്ന സ്വാശ്രയ നയത്തിന്റെ ഭാഗമായി ആരംഭിച്ച സ്വാശ്രയ മെഡിക്കൽ കോളേജുകൾ എം.ബി.ബി.എസ്സ്-ന് ഒറ്റ പൈസ കാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ പറ്റുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ നെഞ്ചത്തു കൈവയ്ക്കാതെതന്നെ ഏതു കാര്യവും വെട്ടിത്തുറന്ന് പറയുന്ന ആളാണ്. ഇവിടെ എല്ലാം ശരിയാണെന്ന് ഞാൻ പറയുന്നില്ല. അങ്ങനെ തെറ്റിദ്ധാരണയും നിങ്ങൾക്ക് വേണ്ട. ഞാൻ ഇവിടെ എല്ലാപേരും കാശ് വാങ്ങുന്നവർ ആണെന്നും പറയുന്നില്ല. ആരും കാശ് വാങ്ങാത്തവർ ആണെന്നും പറയുന്നില്ല. കാശ് വാങ്ങുകയാണെങ്കിൽ അവരുടെ പേരിൽ കംപ്ലെയിന്റ് ചെയ്യാനുള്ള സംവിധാനം ഈ നിയമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുണ്ട്. അതുപ്രകാരം ചെയ്യുന്നതാണ്. പിന്നെ അവസാനമായി ജയരാജൻ ചോദിച്ച ഒരു ചോദ്യം. സ്വാശ്രയ സർവകലാശാലകളെ സംബന്ധിച്ച് ഒരു കാര്യമെന്നുപറയുന്നത് ഛത്തീസ്ഗഢിൽ സംഭവിച്ച അബദ്ധം നമുക്ക് സംഭവിക്കുകയില്ല. എന്താണ് കാര്യമെന്നറിയാമോ? ഛത്തീസ്ഗഢുകാർ ചെയ്തത് ഇതുപോലെയല്ല. ഈ സഭയിലിരുന്ന് ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നത് ഒരു യൂണിവേഴ്സിറ്റി അങ്ങനെ ഉണ്ടാക്കാനല്ല. അവർ കൂൺമുളച്ചു പൊന്തിയതുപോലെ എത്ര യൂണിവേഴ്സിറ്റികളാണ് ഉണ്ടാക്കിയതെന്നറിയാമോ? ഏതാണ്ട് 97 യൂണിവേഴ്സിറ്റികൾ. അവ എങ്ങനെയാണ് ഉണ്ടാക്കിയതെന്ന് അറിയാമോ? അവിടെയാണ് ഇതിന്റെ സംഗതി. സ്വാശ്രയ യൂണിവേഴ്സിറ്റിയെക്കുറിച്ച് സംസാരിക്കുമ്പോൾ ഛത്തീസ്ഗഢിന്റെ കാര്യം ഉദാഹരണം പറയേണ്ട കാര്യമില്ല. അവർ ചെയ്തത് എന്താണെന്ന് അറിയാമോ? ഇത് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഡോക്യുമെന്റാണ്. It may be permitted to mention that in the year 2002, the State of Chattisghat enacted the Chattisghat Nigi Kshethra Viswa Vidyalaya Adhyan. Section 5 of the said Adhyan provides that the State Government may, by notification in the Gazette, establish a University by such name and with such jurisdiction and location of campus as may be specified therein. അവർ ചെയ്ത പണി അതാണ്. ഒറ്റ നോട്ടിഫിക്കേഷനിൽ പാസ്സാക്കിയ നിയമം അതാണ്. അവർ പാസ്സാക്കിയ നിയമമെന്നു പറയുന്നത്, ഈ നിയമപ്രകാരം, സർക്കാർ നോട്ടിഫിക്കേഷൻപ്രകാരം ഒരു യൂണിവേഴ്സിറ്റിയുണ്ടാക്കാൻ തീരുമാനിച്ചാൽ ഉടനെ ഒരു യൂണിവേഴ്സിറ്റിയുണ്ടാക്കാൻ നോട്ടിഫിക്കേഷൻ കൊടുക്കുകയാണ് അവർ ചെയ്തത്. ആ അബദ്ധം കേരളത്തിൽ സംഭവിക്കുകയില്ല, ഇവിടെ അങ്ങനെ ചെയ്യില്ല. അതുകൊണ്ടാണ് രാവും പകലുമിരുന്ന് തലനാരിഴകീറി നിയമത്തെ സ്ഫുടം ചെയ്തെടുക്കുന്ന ജോലി ഇവിടെ ചെയ്യുന്നത്. ഛത്തീസ്ഗഢുകാർക്ക് നിയമം ക്യാൻസലായി പോയത് ശരിയാണ്. കോടതിയിടപെട്ട് രണ്ട് കേസ് വന്നു. പറ്റില്ല എന്ന് കോടതി പറഞ്ഞു. എല്ലാം പൂട്ടേണ്ടിവന്നു. അതേസമയത്ത് മറ്റ് സ്ഥലങ്ങളിൽ വർക്ക് ചെയ്യുന്നുണ്ട്. ആകെ ഈ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റികളിൽ ഏഴെണ്ണം മാത്രമേയുള്ളൂ. അതിന് മറ്റ് പരാതിയില്ലാതെ നിൽക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നത് ഇതിനൊക്കെയുള്ള ഒരു പാഠമെന്നുപറയുന്നത് ....

ശ്രീ. മത്തായി ചാക്കോ: ഛത്തീസ്ഗഢുകാർ സർവ്വകലാശാലതന്നെ കൊടുത്തു. ഇവിടെ നിങ്ങൾ സ്വാശ്രയകോളേജുകൾക്ക് എൻ.ഒ.സി. കൊടുത്തത് ഏതാണ്ട് ഇതുപോലെതന്നെയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. മത്തായി ചാക്കോയെപ്പോലെ സിൻഡിക്കേറ്റിൽ എത്രയോ കാലം ഇരുന്ന ഒരാൾക്ക് യൂണിവേഴ്സിറ്റി എന്താണ്, കോളേജ് എന്താണ് എന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ അതേക്കുറിച്ച് എന്താണ് പറയേണ്ടത്? ഞാൻ പറയുന്നത് അതല്ല, ഞാൻ ഇപ്പോഴും ആ തുറന്നമനസ്സു കാണിക്കുന്നത് നമ്മൾ കൊണ്ടുവന്ന ഒരു നിയമം അത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നന്നായിരിക്കണം. എനിക്ക് എന്താണ് ഇക്കാര്യത്തിൽ ഒരു ദുരുദ്ദേശ്യമുള്ളത്? ഞാൻ ഇവിടെ മന്ത്രിയായിരിക്കുന്ന കാലത്ത് വികലമായ ഒരു നിയമം ഉണ്ടാക്കിവച്ച് അത് ആരുടെയെങ്കിലും തലയിൽകെട്ടിവച്ച് പോകാനല്ല ഞാൻ ആഗ്രഹിക്കുന്നതും ഗവൺമെന്റ് ആഗ്രഹിക്കുന്നതും. നിയമം കുറ്റമറ്റതാക്കണം. മാനുഷികമായി ഒരു നിയമത്തെ കുറ്റമറ്റതാക്കുന്നതിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതിനുവേണ്ടി ക്ലാസ് തിരിച്ചുള്ള ചർച്ചകളിൽ ആ സമീപനമെടുക്കുന്നതാണ് എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുകയാണ്.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഇല്ല. ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു .... (ബഹളം)

മി. ചെയർമാൻ: They demanded a Poll with the consent of the House. .... (ബഹളം) ....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, പോൾ ചോദിക്കാൻ എന്തെങ്കിലും Course of action വേണ്ടേ? എന്തിനാണ് പോൾ? Course of action വേണ്ടേ? ചോദിച്ചു, ഞാൻ സമ്മതിച്ചു എന്ന് അങ്ങേക്ക് പറയുന്ന ഒരു ന്യായമാകാം.

മി. ചെയർമാൻ: ഒരാൾ പറയുക. They demanded a poll.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതിന് ഒരു Course of action വേണ്ടേ? എന്തിനാണ് പോൾ, എന്ത് വിഷയത്തെ സംബന്ധിച്ചാണ്, എന്ത് സബ്ജക്ടാണ്, എന്താണ് പോയിന്റ് ഓഫ് ഓർഡർ. എന്ത് ആവശ്യത്തിനുവേണ്ടി ....

മി. ചെയർമാൻ: ഞാൻ പറയാം. അങ്ങ് ഇരിക്കൂ. വെയിറ്റ്.......അങ്ങ് ഇരിക്കൂ, അങ്ങ് സഹകരിക്കൂ, പ്ലീസ് അങ്ങ് സഹകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി റിലവന്റായിട്ടുള്ള ചോദ്യം ഉന്നയിച്ചു. നോ .... ശ്രീ. കെ. സി. ജോസഫിനോട് .... ചെയർ ചോദിച്ചത് ഇതാണ്. ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചു. അദ്ദേഹം ഇല്ല, എന്നു പറഞ്ഞു. അതേസമയംതന്നെ ഇവിടെനിന്ന് ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു എന്നു പറഞ്ഞ് .... (ബഹളം) .... ഇല്ല ഇല്ല .... ഞാൻ പറയട്ടെ .... പറഞ്ഞു പൂർത്തിയാക്കുംമുമ്പ് ആ ഭാഗത്തുനിന്ന് പറഞ്ഞു. ഞാൻ പറയാൻ തുടങ്ങിയതിനുമുൻപ് അവിടെ പറഞ്ഞു. ചെയർ രണ്ടു ഭാഗത്തോടും നീതിപൂർവം പെരുമാറേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മാത്രമല്ല, അങ്ങ് സഭയുടെ നാഥനാണ്. അങ്ങ് ഞങ്ങളുടെ പ്രൊട്ടക്ടറാണ്. അങ്ങ് ഈ സഭയുടെ എല്ലാം എല്ലാമാണ്. അതു സമ്മതിച്ചുകൊണ്ടുതന്നെ ഞാൻ ചോദിക്കുന്നു. ഇവിടെ അങ്ങ് പറഞ്ഞ് ക്ലോസ് ചെയ്ത ഒരു ഐറ്റം ഒരു പോൾ ചോദിച്ചുകൊണ്ട് ഒരാൾക്ക് റീ-ഓപ്പൺ ചെയ്യാൻ പറ്റുമോ? That is the question to be answered. അങ്ങ് പറഞ്ഞ് ക്ലോസ് ചെയ്ത ഒരിനം പിന്നീട് ഒരു വ്യക്തിക്ക്, ഒരംഗത്തിന് അത് റീ-ഓപ്പൺ ചെയ്യാൻ പറ്റുമോ? റൂൾസ് അനുസരിച്ച് കഴിയുകയില്ല എന്നാണ് എനിക്ക് മനസ്സിലാകുന്നത്. സ്പീക്കർ പറഞ്ഞു ക്ലോസ് ചെയ്ത ഒരു ഇനത്തിൽ വീണ്ടും ഒരു മെമ്പർ പോൾ ചോദിച്ചുകൊണ്ട് അത് റീ-ഓപ്പൺ ചെയ്യാൻ പറ്റുമോ? റൂൾ അനുസരിച്ച് സാദ്ധ്യമല്ല എന്നാണ് കാണുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ചോദ്യം മനസ്സിലായി. ഞാൻ പറഞ്ഞതല്ലോ, സഭയുടെ അനുമതിയോടുകൂടി ഭേദഗതി പിൻവലിച്ചിരിക്കുന്നു എന്ന് പൂർത്തിയാക്കുന്നതിനുമുമ്പ് അറിടെനിന്ന് പോൾ ആവശ്യപ്പെട്ടു. ഇവിടെയിരിക്കുന്നയാൾ ഒരു മനുഷ്യനാണ്. ആ മനുഷ്യന് ദിവ്യമായ കഴിവുകളൊന്നുമില്ല. ഒരു വാചകം പൂർത്തിയാക്കുമ്പോഴേക്കും ഒരു വാക്കുകേട്ടാൽ അങ്ങോട്ടു നോക്കേണ്ടിവരും. ഞാൻ നോക്കി, ഇങ്ങോട്ടും നോക്കും. രണ്ടു സ്ഥലത്തേക്കും നോക്കും, സംശയം വേണ്ട. ഞാൻ വാചകം പൂർത്തിയാക്കുംമുമ്പ് പോൾ ഡിമാന്റ് ചെയ്താൽ വഴങ്ങേണ്ടിവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആ ചെയറിൽ അങ്ങ് ഇരിക്കുമ്പോൾ അങ്ങ് നൂറു ശതമാനവും നിഷ്പക്ഷനാണ്. അങ്ങയെ ഞങ്ങൾ ആദരിക്കും. പക്ഷേ അങ്ങേക്ക് ഒരു മാഗ്നാകാർട്ടയും ഇവിടെ ചില നിബന്ധനകളും ഉണ്ട്. ആ നിബന്ധനകളിൽ റൂൾസ് ബുക്കാണ് ഏറ്റവും പരമപ്രധാനം.

മി. ചെയർമാൻ: അതു പാലിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ ഒന്ന് പറയട്ടെ, ആ റൂൾ ബുക്കിനകത്ത് അങ്ങ് പറഞ്ഞ് ക്ലോസ് ചെയ്ത ഒരു ഐറ്റത്തിന് പോൾ ചോദിച്ചുകൊണ്ട് ഒരംഗത്തിന് എഴുന്നേൽക്കാൻ കഴിയുമോ? ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. I am following only the Rule Book. ആ റൂൾ ബുക്കിനകത്തെ നിബന്ധനയാണ് ഈ ഹൗസിനകത്ത് എല്ലാപേർക്കും ബാധകം. അങ്ങ് ക്ലോസ് ചെയ്ത ഒരിനത്തിന് പിന്നെ എന്തിന് പോൾ ചോദിക്കുന്നു എന്നുള്ളതാണ് എന്റെ ചോദ്യം.

മി. ചെയർമാൻ: ബഹളം വയ്ക്കണ്ട .... (ബഹളം) ....

ബഹുമാനപ്പെട്ട പാർലമെന്ററികാര്യമന്ത്രി ഒന്ന് കേൾക്കണം .... ഞാൻ അങ്ങയുടെ സഹായം തേടുകയാണ്. അത് വേറൊന്നിനും വേണ്ടിയല്ല. സമയബന്ധിതമായി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി മുന്നോട്ട് പോകാൻ അങ്ങയുടെ സഹായം തേടുകയാണ്. അങ്ങനെ വരുമ്പോൾ അങ്ങ് ചെയ്യേണ്ടത് ....

GPM. 2/609/2012—52

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* അങ്ങ് പറയുന്ന ഏത് കാര്യവും ഞങ്ങൾ അംഗീകരിക്കുന്നു .... (ബഹളം) ....

മി. ചെയർമാൻ: അങ്ങനെ വരുമ്പോൾ യാതൊരു മറയും കൂടാതെ ചെയർ വ്യക്തമാക്കി കഴിഞ്ഞു. ഇവിടെ ഒരു വാചകം (................ ബഹളം ....) ഇനിയും ഞാൻ പറയുന്നു, വീണ്ടും പറയുന്നു. (.................. .ബഹളം ....) ബഹുമാനപ്പെട്ട മന്ത്രി, ദയവായി സഹകരിക്കുക, ഒരു മനുഷ്യനായ ചെയർ ഒരു വാചകം പറഞ്ഞ് പൂർത്തിയാക്കുന്നതിനുമുൻപ് ഈ ഭാഗത്തുനിന്ന് പോൾ ആവശ്യപ്പെട്ടാൽ ചെയർ വഴങ്ങും. അത് ഏത് ഭാഗത്തായാലും വഴങ്ങും. അതാണ് ചെയർ. അതുകൊണ്ട് ഇനി പോൾ.

ശ്രീ. കെ. സി ജോസഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കണമെന്ന പ്രശ്നത്തെ ....

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ —36

1.	ശ്രീ	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	സി. ടി. അഹമ്മദ് അലി
5.	,,	ഇ. എം. അഗസ്തി
6.	,,	കെ. ബാബു
7.	,,	പി. കെ. കെ. ബാവ
8.	,,	കെ. എ. ചന്ദ്രൻ
9.	,,	ഡൊമിനിക് പ്രസന്റേഷൻ
10.	,,	ജോർജ്ജ് ജെ. മാത്യു
11.	,,	എം. എം. ഹസ്സൻ
12.	,,	കെ. സി. ജോസഫ്
13.	,,	ജോസഫ് എം. പുതുശ്ശേരി
14.	,,	പി. ജെ. ജോയി
15.	,,	ഉമ്മൻ ചാണ്ടി
16.	,,	എം. കെ. പോൾസൺ മാസ്റ്റർ
17.	,,	ടി. എൻ. പ്രതാപൻ
18.	,,	വക്കം പുരുഷോത്തമൻ
19.	,,	തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. ജി. കാർത്തികേയൻ
21. ,, കെ. എൻ. എ. ഖാദർ
22. ,, ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, കെ. മുഹമ്മദാലി
25. ,, ഇ. ടി. മുഹമ്മദ് ബഷീർ
26. ,, എ. കെ. മണി
27. ,, സി. മോയിൻകുട്ടി
28. ,, എം. മുരളി
29. ,, സ്റ്റീഫൻ ജോർജ്ജ്
30. ,, സി. എഫ്. തോമസ്
31. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
32. ,, തമ്പാനൂർ രവി
33. ,, റോഷി അഗസ്റ്റിൻ
34. ,, വി. ഡി. സതീശൻ
35. ,, തോമസ് ചാഴികാടൻ
36. ,, തോമസ് ഉണ്ണിയാടൻ

പ്രതികൂലിക്കുന്നവർ —22

1. ശ്രീ. വി. കെ. ചന്ദ്രൻ
2. ,, വി. ചെന്താമരാക്ഷൻ
3. ,, ടി. കെ. ദേവകുമാർ
4. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
5. ശ്രീ. കെ. കെ. ജയചന്ദ്രൻ
6. ,, എം. വി. ജയരാജൻ
7. ,, പി. ജയരാജൻ
8. ,, എം. കുമാരൻ
9. ,, കെ. വി. കുഞ്ഞിരാമൻ
10. ,, വി. കെ. സി. മമ്മത്കോയ
11. ,, മത്തായി ചാക്കോ
12. ,, കെ. പി. മോഹനൻ
13. ,, എ. സി. മൊയ്തീൻ
14. ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. കെ. രാധാകൃഷ്ണൻ
16. ,, കെ. പി. രാജേന്ദ്രൻ
17. ,, രാജു എബ്രഹാം
18. ,, ടി. പി. രാമകൃഷ്ണൻ
19. ,, സാജു പോൾ
20. ,, കെ. പി. സതീശ്ചന്ദ്രൻ
21. ,, പി. എസ്. സുപാൽ
22. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ — 36

പ്രതികൂലിക്കുന്നവർ — 22

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ അങ്ങയുടെ നമ്പർ 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: പ്രസ്സ് ചെയ്യുന്നു.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ചെയർമാൻ ശ്രീ. തോമസ് ചാഴികാടൻ]

2-ാം വകുപ്പ്

Shri Thomas Unniyadan: Sir, I move the following amendments:

(133) In clause 2(1) the words and figures "constituted under clause 20" shall be added at the end.

(140) In clause 2 (12) for the words "Registrar of the University" the words and letters "Registrar of the University appointed under clause 26; shall be substituted.

(145) In clause 2 (16) the words "established by the Bar Council of Kerala;" shall be added at the end.

Shri E. M. Augusthy: Sir, I move the following amendment:–

(134) After clause 2(2) add the following as sub-clause (2A) namely:–

(2A) "Centre or study centre" means a centre or study centre for higher education in law or legal research or allied discipline established by the University and includes an institution founded for the purpose by the University.

Shri M. V. Jayarajan: Sir, I move the following amendments:–

(136) In clause 2 the following shall be added as clause 2(7) and re-number the remaining sub-clause:

"(7) "Fees" means any fees charged on the students which may be decided by the Executive Council and General Council of the University to meet the periodical requirement of the University".

(149) A new sub-clause after clause 2 (19) shall be added as follows :–

"(20) "Teachers" means the Teachers of the different departments and centres of the University.

(150) After clause 2(19) a new sub-clause shall be added as follows :–

"(20) "Student" means the student of any department or any centre of the University.

(151) In clause 2(19) a new sub clause shall be added as follows :-

"(20) "Research Scholar" means a Research Scholar of the University.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ് ഡെഫനിഷനാണ്. ഇവിടെ പറഞ്ഞതുപോലെ നമ്മുടെ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട, ക്രീം എന്നുപറയാവുന്ന, ഒരു ക്ലാസാണ് ഇത്. അതിൽ വിവിധ കാര്യങ്ങൾ ഡിഫൈൻ ചെയ്യുന്നുണ്ട്. എന്നാൽ ഈ ബില്ലിൽ ഏറ്റവും പ്രധാനപ്പെട്ട പല കാര്യങ്ങളും ഡിഫൈൻ ചെയ്യുന്നില്ല. അത് ബോധ പൂർവ്വം തമസ്ക്കരിക്കുകയാണ്. എന്റെ 136-ാം നമ്പർ ഭേദഗതി ഫീസിനെ സംബന്ധിച്ച് കൃത്യമായി ഡിഫൈൻ ചെയ്യണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്നാണ് കരുതുന്നത്. ഇന്ന് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടന സംബന്ധിച്ച് നാട്ടിലാകെ ഗൗരവമായ ചർച്ച നടക്കുന്ന ഘട്ടമാണ്. ഏറ്റവുമൊടുവിൽ കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച ഫീസ് പോലും പല മാനേജുമെന്റുകളും അംഗീകരിക്കുന്നില്ല. മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് എന്നുപറയുന്നത്, സർക്കാരിന്റെതന്നെ നിയന്ത്രണത്തിലുള്ള ചില സ്ഥാപനങ്ങൾ നടപ്പിലാക്കുന്നില്ല എന്നുള്ളത് ഈ സഭ കണ്ടതാണ്. പിന്നെ സ്വാശ്രയ സ്വകാര്യ പ്രൊഫഷണൽ കോളേജ് മാനേജുമെന്റുകൾ അതിന് തയ്യാറാകുമോ? ഇല്ല. എന്നാൽ കൂടിയ ഫീസ് വാങ്ങാവുന്നതിന് സീലിംഗുണ്ട്. അതാണ് കെ. ടി. തോമസ് കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള സീലിംഗ്. എൻജിനീയറിംഗിന് 30,000-ഉം മെഡിസിന് 1,13,000-ഉം. എന്നാൽ 2,65,000 രൂപയാണ് കാരക്കോണം മെഡിക്കൽ കോളേജിലെ കുട്ടികളിൽ നിന്നും വാങ്ങിയത്. ഇത് ആര് തീരുമാനിച്ചിട്ടാണ്? ഏത് അതോറിറ്റി ഡിഫൈൻ ചെയ്തിട്ടാണ്? ഇതെല്ലാമാണ് നാട്ടിൽ നടക്കുന്നത്. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച് കൃത്യമായി ഡിഫൈൻ ചെയ്യുന്നില്ലെങ്കിൽ തോന്നിയ ഫീസ് വിദ്യാർത്ഥികളിൽ നിന്ന് വസൂലാക്കുന്ന സ്ഥാപനമായി ഈ സ്ഥാപനവും നാളെ മാറും. സെൽഫ് ഫിനാൻസിംഗ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് എന്നതുകൊണ്ടുകൂടിയാണ് ഇത് ഇവിടെ പറയാൻ കാരണം. അതുകൊണ്ട് ഫീസ് വ്യക്തമായി ഡിഫൈൻ ചെയ്യണം. 2(7) ആയി renumber ചെയ്തുകൊണ്ട് ഡിഫൈൻ ചെയ്യേണ്ടതുണ്ട്. "Fees" means any fees charged on the students which may be decided by the Executive Counil and General Council of the University to meet the periodical requirement of the University".

അപ്പോൾ വ്യക്തമായി ഡിഫൈൻ ചെയ്യണമെന്നുള്ളതാണ് 136. 149, 150, 151 ഈ മൂന്ന് ഭേദഗതികളും പൊതുവായുള്ള ഒരു പ്രശ്നത്തെ സംബന്ധിച്ചാണ്. സർവ്വകലാശാലയുടെ ജൈവഘടകങ്ങളാണ് അദ്ധ്യാപകരും വിദ്യാർത്ഥികളും. അവർക്ക് വേണ്ടിയാണ് യഥാർത്ഥത്തിൽ ഈ സർവ്വകലാശാല നിയമനിർമ്മാണത്തിലൂടെ കൊണ്ടുവരുന്നത്. അപ്പോൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷണ വിദ്യാർത്ഥികൾ ഇവരെക്കുറിച്ചെല്ലാം കൃത്യമായി ഡിഫൈൻ ചെയ്യണം. അതിനുവേണ്ടിയാണ് ഈ മൂന്ന് ഭേദഗതികളും ഞാൻ കൊണ്ടുവരുന്നത്. "Teachers" means the Teachers of the different departments and centres of the University. "Student" means the student of any department or any centre of the University. "Research Scholar" means a Research Scholar of the University. അപ്പോൾ കൃത്യമായി ഈ മൂന്ന് കാര്യങ്ങളും ഡിഫൈൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത് ഈ ബില്ലിനെ സമ്പുഷ്ടമാക്കാൻ സഹായിക്കുന്നതാണ് എന്നതുകൊണ്ടാണ് ഞാൻ ഈ അമെന്റ്മെന്റുകൾ മൂവ് ചെയ്യുന്നത്.

Shri K. Mohammed Ali: Sir, I move the following amendment:

(137) Delete sub-clause (9) of Clause 2.

ആജീവനാന്തം ഒരു മാനേജിംഗ് ട്രസ്റ്റിയുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് അത് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Dr. A. Neelalohithadasan Nadar: Sir, I move the following amendments:–

(139) Clause 2 (9) and (10) shall be deleted and re-number accordingly.

(144) Clause 2 (16) shall be deleted and re-number accordingly.

ഞാൻ നേരത്തെ പൊതുചർച്ചയിൽ പറഞ്ഞതാണ്. ബാർ കൗൺസിൽ ഓഫ് കേരളയ്ക്ക് അഡ്വക്കേറ്റ്സ് ആക്റ്റനുസരിച്ച് ഒരു ട്രസ്റ്റ് രജിസ്റ്റർ ചെയ്യാൻ നിയമപരമായ അവകാശമില്ല. ട്രസ്റ്റിന്റെ പ്രതിനിധി എന്നുള്ള നിലയ്ക്കാണ് മാനേജിംഗ് ട്രസ്റ്റിയെ ഡിഫൈൻ ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ മാനേജിംഗ് ട്രസ്റ്റിയെ ഡിഫൈൻ ചെയ്തിരിക്കുന്ന ക്ലാസ് ഡിലീറ്റ് ചെയ്യണം. അതനുസരിച്ച് പിന്നീടുള്ള ക്ലാസുകൾ renumber ചെയ്യണം.

Shri K. P. Mohanan: Sir, I move the following amendment:–

(139A) In clause 2(10) delete the words "established by the Trust".

Shri T. K. Devakumar : Sir, I move the following amendments:–

(142) In clause 2 after sub-clause 14 add the following as sub-clause (14) A:–

"(14) A "Self Financing University" means a university which functions as no profit no loss basis and levying same fees prevailing at Government colleges and receives grants from Government".

(146) In clause 2 sub-clause 17 for the word "National" substitute the word "Cochin".

(147) In clause 2 delete sub-clause 19.

ഈ സർവ്വകലാശാലയിലെ കോളേജുകളിൽ ലാഭേച്ഛകൂടാതെ വിദ്യാർത്ഥികളിൽനിന്ന് ഗവൺമെന്റ് കോളേജിലെ ഫീസ് മാത്രമെ ഈടാക്കാവു കാരണം സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും യു.ജി.സി.യിൽ നിന്ന് ഗ്രാന്റും ലഭിക്കുന്നുണ്ട്. സ്വാശ്രയം എന്ന വാക്ക് പറയുമ്പോൾ ബംഗാളിലെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ സൂചിപ്പിക്കുകയുണ്ടായി. ഒരു ഭരണകൂടത്തിന്റെ വർഗ്ഗസ്വഭാവം അനുസരിച്ചാണ് ഭരണകൂടത്തെ വിലയിരുത്തുന്നത്. ഭരണകൂടം എന്നു പറയുന്നത് എല്ലാം ഒന്നാവുകയില്ലല്ലോ. സ്വാശ്രയ കോളേജ് എന്നു പറയുമ്പോൾ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ തന്നെ ആപ്പിലായിരിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ. ഇടയ്ക്കുകയറി വന്നതാണ്. അന്ന് ഇ. ടി ഇപ്പുറത്തിരുന്നു വാദിച്ചതാണ്. ഞാൻ ഓർക്കുന്നു ഈ കസേരയിൽ ഇരുന്നുകൊണ്ട് ബഹുമാനപ്പെട്ട ഇ. ടി. അന്നു പറഞ്ഞതാണ് ഈ പറയുന്നത് നമുക്ക് നടപ്പിലാക്കാൻ കഴിയണമെന്ന്. അതാണ് നേരത്തെ ശ്രീ. കെ. രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ ഞാൻ പറഞ്ഞത്. നമ്മുടെ മുന്നിലുള്ള അനുഭവം കേരളത്തിൽ സ്വാശ്രയ മാനേജുമെന്റ് എന്നു പറയുന്നത് സർക്കാരിനെ ചതിച്ചുവെന്നാണ് അന്നത്തെ മുഖ്യമന്ത്രി തന്നെ പറഞ്ഞത്. കഴിഞ്ഞ ദിവസം ശ്രീ. എ. കെ. ആന്റണി പ്രസംഗിച്ചത് ഇവിടുത്തെ സ്വാശ്രയ മാനേജുമെന്റുകൾ നമ്മളെ കളിപ്പിച്ചു, കേരളത്തെ വെട്ടിലാക്കി, വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധിക്ക് പ്രധാന കാരണം അവരുടെ വഞ്ചനാപരമായ സമീപനമാണെന്നാണ്. അതുകൊണ്ടുതന്നെ ഒരു അനുഭവം പാഠമാക്കിക്കൊണ്ട് നമ്മൾ ഈ നിയമനിർമ്മാണത്തെത്തുടർന്ന് ആ ഒരവസ്ഥ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. കാരണം അനുഭവം ഗുരുവെന്നാണ് പറയുന്നത്. അപ്പോൾ പുതിയ നിയമനിർമ്മാണം നടപ്പിലാക്കുമ്പോൾ ഇവിടെയുണ്ടായ സ്വാശ്രയ മാനേജുമെന്റുകൾ നമ്മളോട് എടുത്ത സമീപനം വസ്തുതാപരമായി ബോധ്യപ്പെട്ടു കൊണ്ട് ഇപ്പുറത്തിരുന്ന് ആ നിലപാടിനെ അന്ന് വിമർശിക്കാൻ തയ്യാറായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ മന്ത്രിയായിരിക്കുമ്പോൾ, ഇക്കാര്യത്തിൽ അദ്ദേഹം ഒരു നിയമനിർമ്മാണം കൊണ്ടുവരുന്ന അവസരത്തിൽ, അത് പരിശോധിക്കാൻ തയ്യാറാവണം. കാരണം ഗവൺമെന്റിന്റെ സഹായവും യു.ജി.സി.യിൽ നിന്നു ഗ്രാന്റും ലഭിക്കുന്ന ഒരു സ്ഥാപനമാണിത്. 146 -ാം നമ്പർ ഭേദഗതി എന്നു പറയുന്നത്, നാഷണൽ യൂണിവേഴ്സിറ്റി എന്നതിനു പകരം കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് ലാ എന്നാക്കണമെന്നാണ്. കാരണം ഒരു ദേശീയ യൂണിവേഴ്സിറ്റിയെന്ന പദവി വേണമെങ്കിൽ ഒരു കേന്ദ്ര നിയമം വേണം. നമ്മുടെ നിയമസഭയ്ക്ക് അങ്ങനെയൊരു കേന്ദ്ര നിയമം പാസാക്കിയെടുക്കാനുള്ള നിയമപരമായ സ്ഥിതിയില്ലല്ലോ. അതുകൊണ്ടുതന്നെ ഇത് നാഷണൽ യൂണിവേഴ്സിറ്റി എന്നുള്ളതിനുപകരം കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് ലാ എന്നാക്കുന്നതായിരിക്കും നല്ലത്. ദേശീയ പദവിയുണ്ടാകാൻ കേന്ദ്ര നിയമം വേണമെന്നുള്ളതുകൊണ്ടു തന്നെ ഞാൻ ആ ഭേദഗതി മൂവ് ചെയ്യുന്നു. മറ്റൊന്നു 147-ാം നമ്പർ ഭേദഗതിയാണ്. അത് സബ് ക്ലാസ് 19 ഡിലീറ്റ് ചെയ്യണമെന്നാണ്. കാരണം സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെയാണ് കേരളത്തിലെ ഈ യൂണിവേഴ്സിറ്റിയുടെ വിസിറ്ററാക്കാൻ തീരുമാനിച്ചിരിക്കുന്നത്. അങ്ങനെ തീരുമാനിക്കാൻ ഈ സഭയ്ക്ക് അധികാരമുണ്ടോ? സുപ്രീം കോടതി ചീഫ് ജസ്റ്റീസിനെ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയിൽ വിസിറ്ററായി തീരുമാനിക്കാനുള്ള അധികാരം കേരള നിയമസഭയ്ക്കുണ്ടോ? ഈ നിയമസഭയുടെ അധികാരപരിധിയിൽ അത് വരുന്നതാണോ എന്നത് അങ്ങയുടെ മറുപടിയിലൂടെ മനസ്സിലാക്കേണ്ട ഒരു എളിയ ജൂനിയർ മെമ്പറാണ് ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അങ്ങയിൽ നിന്നും ഇതുസംബന്ധിച്ച് ഒരു വിശദീകരണം വേണം. അങ്ങനെ ഒരു അധികാരം ഇല്ല എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് വിസിറ്റർ എന്നത് നീക്കം ചെയ്യണമെന്നാണ് ഈ ഭേദഗതിയിലൂടെ ഞാൻ നിർദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട കെ. ബാബുവിനെപ്പോലെയുള്ള നിയമവിദഗ്ദ്ധന്മാരുടെ മുമ്പിൽ ഞാൻ ഇത് അവതരിപ്പിച്ചത് ഒരു തെറ്റായി പോയെങ്കിൽ ക്ഷമിക്കണം. എന്റെ സംശയത്തിന് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നു ഞാൻ മറുപടി പ്രതീക്ഷിക്കുന്നു.

Shri P. Jayarajan: Sir, I move the following amendment:-

(148) In clause 2 a new sub-clause (20) after sub-clause (19) shall be added as under:

"Subject Committee" means the subject committee of the Kerala Legislative Assembly which examine the subjects relating to Education

ഇതിനകത്ത് ഡെഫനിഷൻ ക്ലാസിൽ 19 വരെയാണുള്ളത്. ഇരുപതാമതായി "Subject Committee" means the subject committee of the Kerala Legislative Assembly which examine the subjects relating to Education എന്നു ചേർക്കണം. ഇതിനകത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് നിശ്ചയിക്കുന്നതിന് എന്തെങ്കിലും ഔദ്യോഗികമായിട്ടുള്ള സമിതിയുണ്ടാകണം. അതിന്റെ ഫലമായിട്ടാണ് നേരത്തെ കെ. ടി. തോമസ് കമ്മീഷൻ വന്നിട്ടുള്ളത്. ഈ ലീഗൽ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഫീസുകളും മറ്റും നിശ്ചയിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി വേണമെന്നുള്ളതാണ് പിന്നീടുള്ള ഭേദഗതി. അതുകൊണ്ട് ഡെഫനിഷൻ ക്ലാസിൽ സബ്ജക്ട് കമ്മിറ്റി എന്താണെന്നുള്ളത് വ്യക്തമാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രൻ അങ്ങയുടെ 138, 137-ന് തുല്യമാണ്. അതുപോലെ 143, 144-ന് തുല്യമാണ്. അതുകൊണ്ട് ഭേദഗതി അവതരിപ്പിക്കേണ്ട; അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: നേരത്തെ വളരെ വിശദമായി പറഞ്ഞതാണ്. മിനിസ്റ്റർ മറുപടി പറഞ്ഞപ്പോൾ അതു പറഞ്ഞില്ല. ഇതുസംബന്ധിച്ചുള്ള ഒരുപാട് അനുഭവങ്ങൾ വച്ചുകൊണ്ട് അത് നമ്മുടെ നിയമത്തിൽ വ്യവസ്ഥ ചെയ്യേണ്ട കാര്യമില്ല. ഇതിനകത്ത് കിട്ടേണ്ട ഫണ്ടുകൾ ശേഖരിക്കാൻ അതിനു നിയമത്തിൽ തന്നെ വകുപ്പുകൾ ഉണ്ടല്ലോ. അതിന് മാനേജുമെന്റ് സ്ഥിരം സംവിധാനം നമ്മുടെ നിയമത്തിൽ ചേർക്കേണ്ടതില്ല എന്നുള്ളതാണ്. ഇത് മിനിസ്റ്റർ മറുപടി പറയുമ്പോൾ പറയണം. ഞങ്ങൾ അടുത്ത മൂന്നാം വകുപ്പിൽ, സെൽഫ് ഫിനാൻസിംഗ് ഒഴിവാക്കണമെന്നുള്ളത് ഞങ്ങളുടെ ശക്തമായിട്ടുള്ള ഭേദഗതിയായി കൊണ്ടുവരുന്നുണ്ട്. എന്തായാലും നിങ്ങൾ അംഗീകരിക്കില്ലല്ലോ,

LIBRARY ARCHIVES Kerala Legislative Assembly

സെൽഫ് ഫിനാൻസിംഗ് വരുന്ന സാഹചര്യത്തിൽ ഇത് നിർവചനത്തിൽ വരേണ്ടതല്ലേ? ഇപ്പോൾ ഒരു വിശദീകരണത്തിനുവേണ്ടി സെൽഫ് ഫിനാൻസിംഗ് എന്നുപറയുമ്പോൾ അതിൽവരുന്ന പല വ്യാഖ്യാനങ്ങളുമൊക്കെയുള്ള സാഹചര്യത്തിൽ ഈ നിയമത്തിൽ അത് നിർവ്വചിക്കേണ്ടത് ആവശ്യമല്ലായിരുന്നോ? ഞങ്ങൾ ബില്ലിനെ അനുകൂലിക്കുന്നില്ലെങ്കിലും നിയമം നിങ്ങൾ പാസ്സാക്കാൻ പോകുന്ന ഒരു സാഹചര്യത്തിൽ ഈ വകുപ്പുകൾ എല്ലാം പാസ്സാകുമല്ലോ. അപ്പോൾ സെൽഫ് ഫിനാൻസിംഗ് ചേർക്കാതെ പോയത് എന്തുകൊണ്ടെന്നു മന്ത്രി ഒന്നു വിശദീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഇവിടെ രണ്ടാം വകുപ്പിൽവന്ന ഭേദഗതികളെല്ലാംതന്നെ ഡെഫനിഷനെ സംബന്ധിച്ചുള്ളതാണ്. ശ്രീ. കെ. മുഹമ്മദ് അലിയുടെ 137-ാം നമ്പർ ഭേദഗതിയിൽ പറയുന്നതുപോലെ സബ് ക്ലാസ് (9) ഡിലീറ്റ് ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് ഭേദഗതി സ്വീകരിക്കുന്നില്ല. അതിനോട് ഐഡന്റിക്കലായിട്ടുള്ള ശ്രീ. കെ. പി. രാജേന്ദ്രന്റെയും ഡോ. എ. നീലലോഹിതദാസൻ നാടാരുടെയും ശ്രീ. കെ. പി. മോഹനന്റെയും ഭേദഗതികളും അംഗീകരിക്കുന്നില്ല. ഇവിടെ ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. 147, 148 എന്നീ നമ്പർ ഭേദഗതികളും അംഗീകരിക്കുന്നില്ല. ഇവിടെ സബ്ജക്ട് കമ്മിറ്റിയുടെ ഡെഫനിഷൻ ചേർക്കേണ്ട കാര്യമില്ല. ശ്രീ. എം. വി. ജയരാജന്റെ 149, 150 എന്നീ നമ്പർ ഭേദഗതികൾ 'ടീച്ചേഴ്സ്' 'സ്റ്റുഡന്റ്സ്' ഇത് ഡിഫൈൻ ചെയ്യണം എന്നാണ്. അതിന്റെ കാര്യമില്ല. അതുകൊണ്ട് അത് സ്വീകരിക്കുന്നില്ല. ശ്രീ. ഇ. എം. അഗസ്തിയുടെ 134-ാം നമ്പർ ഭേദഗതി സ്വീകരിക്കുകയാണ്. ശ്രീ. എം. വി. ജയരാജന്റെ 136-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല. മറ്റ് ഭേദഗതികളും സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച രണ്ട് ഭേദഗതികൾ -- ശ്രീ. ഇ. എം. അഗസ്തിയുടെ 134-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു. ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 133, 140 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ 136-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ —21

1. ശ്രീ. വി. കെ. ചന്ദ്രൻ
2. ,, ടി. കെ. ദേവകുമാർ
3. ശ്രീമതി ഗിരിജാ സുരേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. കെ. കെ. ജയചന്ദ്രൻ
5. ,, എം. വി. ജയരാജൻ
6. ,, പി. ജയരാജൻ
7. ,, എം. കുമാരൻ
8. ,, കെ. വി. കുഞ്ഞിരാമൻ
9. ,, വി. കെ. സി. മമ്മത്കോയ
10. ,, മത്തായി ചാക്കോ
11. ,, കെ. പി. മോഹനൻ
12. ,, എ. സി. മൊയ്തീൻ
13. ഡോ. എ. നീലലോഹിതദാസൻ നാടാർ
14. ശ്രീ. കെ. രാധാകൃഷ്ണൻ
15. ,, കെ. പി. രാജേന്ദ്രൻ
16. ,, രാജു എബ്രഹാം
17. ,, ടി. പി. രാമകൃഷ്ണൻ
18. ,, സാജു പോൾ
19. ,, കെ. പി. സതീശ്ചന്ദ്രൻ
20. ,, പി. എസ്. സുപാൽ
21. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ —33

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, ജോർജ്ജ് ജെ. മാത്യു
10. ,, എം. എം. ഹസ്സൻ
11. ,, കെ. സി. ജോസഫ്
12. ,, ജോസഫ് എം. പുതുശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. പി. ജെ. ജോയി
14. ,, ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ
16. ,, ടി. എൻ. പ്രതാപൻ
17. ,, വക്കം പുരുഷോത്തമൻ
18. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ,, ജി. കാർത്തികേയൻ
20. ,, കെ. എൻ. എ. ഖാദർ
21. ,, കെ. കെ. നായർ
22. ,, ലൂഡി ലൂയിസ്
23. ,, കെ. മുഹമ്മദാലി
24. ,, ഇ. ടി. മുഹമ്മദ് ബഷീർ
25. ,, സി. മോയിൻകുട്ടി
26. ,, സ്റ്റീഫൻ ജോർജ്ജ്
27. ,, സി. എഫ്. തോമസ്
28. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
29. ,, തമ്പാനൂർ രവി
30. ,, റോഷി അഗസ്റ്റിൻ
31. ,, വി. ഡി. സതീശൻ
32. ,, തോമസ് ഉണ്ണിയാടൻ
33. ,, എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ — 21

പ്രതികൂലിക്കുന്നവർ — 33

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 136, 149, 150, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിച്ച 137-ാംനമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 139, 144 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 139 (എ)-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 142, 146, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 148-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാംവകുപ്പ്

Shri Thomas Unniyadan: Sir, I move the following amendments:

(152) In clause 3(1) for the words "on and from the date" the words "from the date" shall be substituted.

(162) Clause 3(1) shall be recast as follows:–

(1) The Chancellor, the Pro-Chancellor, the Vice-Chancellor and the members of the General Council, Executive Committee and the Academic Council, for the time being shall constitute a body corporate by the name "the National University of advanced legal studies".

(169) In clause 3(6) for the words "study centres" the words "study centres within the state and also" shall be substituted.

(171) In section 3(6) for the words "in other parts of " the words "in other parts of the State, in other parts of " shall be substituted:

Shri M. V. Jayarajan: Sir, I move the following amendment:

(153) In clause 3(1) the words "Self financing" shall be deleted:

ഇതിന്റെ മൂന്നാം വകുപ്പിൽ, Establishment and incorporation of the National University of Advanced Legal Studies എന്ന സബ് ടൈറ്റിലിൽ, there shall be established a Self Financing University by name " the National University of Advanced Legal Studies എന്നാണ് ചേർത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോഴാണ് Advanced Legal Studies എന്നുകൂടി ചേർത്തത്. ഇവിടെ മൂന്നാം വകുപ്പിൽ സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റിയെന്ന് യാതൊരു മറയുംകൂടാതെ പറയുകയാണ്. ഡെഫനിഷൻ ക്ലോസ്സിൽ സെൽഫ് ഫിനാൻസിംഗ് ഡിഫൈൻ ചെയ്യാതെ സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻ എന്നു പറഞ്ഞാൽ എങ്ങനെയാണ്; ഗവൺമെന്റ് എത്രത്തോളം ഫണ്ട് കൊടുക്കും? തുടങ്ങിയുള്ള കാര്യങ്ങൾ ഡെഫനിഷൻ ക്ലോസ്സിലാണ് സാധാരണഗതിയിൽ പറയേണ്ടത്. അത് പറയുന്നുമില്ല. അത് തമസ്കരിക്കുന്നു. മൂന്നാംവകുപ്പിൽ എങ്ങനെയുള്ള യൂണിവേഴ്സിറ്റിയായിരിക്കണമെന്ന് ഒരു മറയുംകൂടാതെ പറയുകയും ചെയ്യുന്നു. ഇവിടെ സെൽഫ് ഫിനാൻസിംഗ് എന്നു പറയുന്നത് ആവശ്യമില്ല. There shall be established a University by name " the National University of Advanced Legal Studies" എന്നുമാത്രമായി മൂന്നാംവകുപ്പ് ഭേദഗതി ചെയ്യേണ്ടതാണ് എന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

Shri T. N. Prathapan: Sir, I move the following amendment:

(160) In clause 3(1) for the words "Self Financing University" substitute the words "Self Financing Unitary University".:

Shri. M. A . Vaheed: Sir, I move the following amendments:

(161) In clause 3(1) the words "Advanced" shall be deleted.

(166) In clause 3(5) the words "whole of" shall be deleted.

(172) In clause 3(6) the word "parts"shall be deleted.

Shri K. Babu: Sir, I move the following amendment:

(163) In clause 3(2) for the words "to acquire and hold" substitute the words "to acquire hold and dispose of ".

ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി *Shri T. K. Devakumar:* Sir, I move the following amendments:

(164) clause 3(4) shall be recast as follows:–

"(4) The headquarters of the University shall be at such place as may be determined by the Government".

(168) In clause 3(5) after the words "whole of the State of Kerala" add the following "except the areas where Government Law Colleges are functioning as on the date of Commencement of the Act".

(173) In clause 3(6) delete the words "and abroad".

LIBRARY ARCHIVES Kerala Legislative Assembly

164-ാംനമ്പർ ഭേദഗതിയിൽ കൊച്ചിയായിരിക്കും യൂണിവേഴ്സിറ്റിയുടെ ആസ്ഥാനമെന്നുള്ളത് മാറ്റി, വളരെ ദീർഘകാലമായി തിരുവനന്തപുരത്തെ ആളുകളുടെ വലിയ ആഗ്രഹമാണ് ഇവിടെ ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുക എന്നുള്ളത്. എന്റെ അറിവിൽ മറ്റുള്ള സംസ്ഥാനങ്ങളിൽ തലസ്ഥാനത്താണ് ഇത്തരം സ്ഥാപനങ്ങളുള്ളത്. നിയമ സർവ്വകലാശാല പുതിയതായി വരുമ്പോൾ അതെങ്കിലും തിരുവനന്തപുരത്തിന് കൊടുക്കാൻ കഴിയണം. കാരണം, തിരുവനന്തപുരം കോർപ്പറേഷൻ ഇക്കാര്യത്തിൽ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ ഒരു സമന്വയം ഉണ്ടാക്കുന്നതിനാണ് തിരുവനന്തപുരം കോർപ്പറേഷന്റെ നിർദ്ദേശം. എല്ലാ കാര്യങ്ങളിലും സമന്വയം ഉണ്ടാക്കാൻ മുൻകൈയെടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലും പരിശ്രമിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. തിരുവനന്തപുരത്തുകാരനായ ശ്രീ. എം. എ. വാഹീദ് ഭേദഗതി അവതരിപ്പിച്ചപ്പോൾ ഇക്കാര്യം വിട്ടുകളഞ്ഞതുകൊണ്ടാണ് ഈ വിഷയം അവതരിപ്പിക്കാമെന്ന് ഞാൻ ആഗ്രഹിച്ചത്. 168-ാം നമ്പർ ഭേദഗതി യൂണിവേഴ്സിറ്റിയുടെ അധികാരപരിധി ഗവൺമെന്റ് ലോ കോളേജുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ മാത്രമായി ചുരുക്കണമെന്നുള്ളതാണ്. 173-ാം നമ്പർ ഭേദഗതി, "and abroad" എന്നു പറയുന്നതിനെ സംബന്ധിച്ചാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി കുറച്ചു ഗൗരവമായി പരിശോധിച്ചാൽ സ്വീകരിക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. വിദേശത്ത് സെന്റർ തുടങ്ങാനുള്ള വ്യവസ്ഥ ഇപ്പോൾ വേണോ എന്നത് പരിശോധിക്കണം. നമ്മൾ ഒരു നിയമനിർമ്മാണം നടത്തുകയാണ്. കാര്യങ്ങൾ വിശാലമായി കാണുന്നത് നല്ലതാണ്. പക്ഷേ വിദേശത്തുകൂടി, സ്വാശ്രയമേഖലയിൽ ഇങ്ങനെ സർവ്വകലാശാലയുടെ ഒരു സെന്റർ നടത്തുമ്പോൾ ഡിഗ്രിയുടെ വിശ്വാസ്യത നിലനിർത്താൻ കഴിയുമോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സമയമെടുത്ത് സാവകാശത്തിൽ വളരെ അവധാനതയോടുകൂടി പരിശോധിച്ചിട്ടാകണം. സ്വാശ്രയ യൂണിവേഴ്സിറ്റിക്ക് രൂപം കൊടുക്കുമ്പോൾ വിദേശത്തും സെന്റർ തുടങ്ങാൻ ആദ്യംതന്നെ അവകാശം കൊടുത്താൽ .... ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രസിഡന്റിന്റെ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്. സ്പെയ്സിലെ കാര്യമൊക്കെ പരിഗണിക്കുമ്പോൾ ഇതിനൊക്കെ കഴിയുന്ന തരത്തിൽ യൂണിവേഴ്സിറ്റി വികസിപ്പിക്കണമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ആഗ്രഹത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതിനെ സന്തോഷത്തോടുകൂടി കാണുകയാണ്. പക്ഷേ, സ്വാശ്രയ മാനേജ്മെന്റുകൾ പലപ്പോഴും വിദ്യാഭ്യാസമേഖലയെ കച്ചവടമേഖലയായി ഉപയോഗിക്കുന്നു എന്നുള്ളത് നമ്മൾ വിസ്മരിക്കരുത്. അതുകൊണ്ട് നമ്മുടെ നിയന്ത്രണത്തിനപ്പുറത്ത് കടൽ കടന്നുപോകുന്ന ഒരു സ്ഥാപനം ഇപ്പോൾ വേണോ? പ്രാരംഭഘട്ടം എന്നുള്ള നിലയ്ക്ക് ഒഴിവാക്കിക്കൊണ്ട് വിദേശത്ത് സെന്റർ തുടങ്ങുന്ന കാര്യം യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം വിപുലമായതിനുശേഷം പരിശോധിച്ച് ചെയ്യുന്നതാണ് നല്ലത്. അതുകൊണ്ട് ഈ വ്യവസ്ഥ ഇപ്പോൾ നീക്കം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. Neelalohithadasan Nadar: Sir, I move the following amendment:

(165) Clause 3(4) shall be recast as follows:-

" The headquarters of the University shall be at a place fixed by the Government, the Government shall have the right to change the place of the headquarters as and when found necessary".

കൊച്ചിയിൽത്തന്നെ യൂണിവേഴ്സിറ്റിയെ തളച്ചിടണമെന്നുള്ളത് നിക്ഷിപ്ത താൽപ്പര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിഭാവനം ചെയ്യുന്ന വിശാലമായ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള പരിശ്രമത്തിൽ, ഹെഡ്ക്വാർട്ടേഴ്സ് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഗവൺമെന്റിന് ഉണ്ടായിരിക്കണം. ശ്രീ. ടി. കെ. ദേവകുമാർ ചൂണ്ടിക്കാണിച്ചതുപോലെ വളരെ വർഷങ്ങളായി തിരുവനന്തപുരം കേരളത്തിന്റെ ഒരു വിദ്യാഭ്യാസകേന്ദ്രമായിട്ടാണ് അറിയപ്പെടുന്നത്. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ധാരാളം ആളുകൾ വിദ്യാഭ്യാസത്തിന് ഇവിടെ വരികയും ഇവിടെ സ്ഥിരമായി താമസിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഇക്കാര്യംകൂടി കണക്കിലെടുത്തുകൊണ്ട് തീരുമാനമെടുക്കാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കണം.

Shri Stephen George: Sir, I move the following amendment:

(167) After section 3(5) add the words "and may extend other parts of India and abroad".:

വളരെ വ്യക്തമായി 3(6)-ൽ The University may establish study centres in other parts of India and abroad എന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് 3(5)-ൽ അഡീഷണലായിട്ട് രണ്ടുമൂന്നു വാക്യങ്ങൾകൂടി ചേർക്കണം. അതായത്, the territorial jurisdiction of the University shall extend to the whole of the State of Kerala എന്നുള്ളത് അവസാനിപ്പിക്കാതെ, അതിന്റെകൂടെ, and may extend to the parts of India and abroad എന്നുകൂടി ചേർത്താലേ പൂർണ്ണമാകുകയുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: സെൽഫ് ഫിനാൻസിംഗിന്റെ കാര്യത്തിൽ കുറേയധികം ഭേദഗതികൾ വന്നു. ഞാൻ നേരത്തെ ഡെഫനിഷന്റെ കാര്യം ചോദിച്ചപ്പോൾ, അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയാൻ വിട്ടുപോയതാണോയെന്ന് അറിയില്ല. ഡെഫനിഷൻ ക്ലോസ്സിൽ വയ്ക്കാതിരിക്കുകയും മൂന്നാമത്തെ വകുപ്പിൽ അത് കൊണ്ടുവരികയും ചെയ്യുന്നത് ശരിയായ നടപടിക്രമമാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. അത് ഒഴിവാക്കുകയാണെങ്കിൽ ഇത് നമുക്ക് യോജിപ്പോടുകൂടി പാസ്സാക്കിയെടുക്കാവുന്നതല്ലേ? സെൽഫ് ഫിനാൻസിംഗിന്റെ കാര്യത്തിൽ എന്തുകൊണ്ട് ഡെഫനിഷൻ ക്ലോസ്സിൽ അത് ഒഴിവാക്കി എന്നതിനെസംബന്ധിച്ച് ഒരു വിശദീകരണംകൂടി വേണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ശ്രീ. എം. വി. ജയരാജന്റെ 153-ാംനമ്പർ ഭേദഗതിയും അതിനോട് ഐഡന്റിക്കലായിട്ടുള്ള മറ്റ് ഭേദഗതികളും സെൽഫ് ഫിനാൻസിംഗ് എന്താണെന്ന് ഡിഫൈൻ ചെയ്യണമെന്നുള്ളതാണ്. അതിൽ കാര്യമില്ല. സെൽഫ് ഫിനാൻസിംഗ് എന്നാൽ അത് സ്വയം സംസാരിക്കുന്ന ഒരു വാക്കുതന്നെയാണ്. അതിന് വേറെ വിശദീകരണം ആവശ്യമില്ല. ഡെഫനിഷൻ ക്ലാസ് എന്നു പറയുന്നതിൽ, ഇതിൽ വരുന്ന എല്ലാ ഇംഗ്ലീഷ് പദത്തെയും വിവർത്തനം ചെയ്യേണ്ടതുണ്ടോ? സെൽഫ് ഫിനാൻസിംഗ് ഏതെല്ലാം സെക്ടറിലാണ് എന്നുള്ളതിനെപ്പറ്റി നിയമത്തിന്റെ പല സംഗതികളിലും ഉള്ളതുകൊണ്ട് അത് പ്രത്യേകമായി ആവർത്തിക്കേണ്ടതില്ല എന്നുള്ളതുകൊണ്ടാണ് അത് പറയാതിരുന്നത്. ശ്രീ. ടി. എൻ. പ്രതാപന്റെ 160-ാംനമ്പർ ഭേദഗതിയിൽ "Unitary University" എന്നുപറയുമ്പോൾ, യൂണിറ്ററി എന്നുള്ളതിന്റെ ഡെഫനിഷൻ കൂടുതൽ കൺഫ്യൂഷനുണ്ടാക്കും. അതുകൊണ്ട് അതു വേണ്ട. ശ്രീ. എം. എ. വാഹീദിന്റെ 161-ാംനമ്പർ ഭേദഗതിയിൽ "Advanced" എന്നത് ഡിലീറ്റ് ചെയ്യണമെന്നാണ്. അത് പറ്റില്ല. അതുപോലെ ശ്രീ. തോമസ് ഉണ്ണിയാടന്റെ ഭേദഗതിയും സ്വീകരിക്കുന്നില്ല. ശ്രീ. കെ. ബാബുവിന്റെ ഭേദഗതി ഡിസ്പോസ് ചെയ്യാൻകൂടി അത് വേണമെന്നാണ്. അത് ഇപ്പോൾ കൊടുക്കേണ്ട കാര്യമില്ല. അതുകൊണ്ടാണ് അംഗീകരിക്കാത്തത്. 164-ാംനമ്പർ ഭേദഗതിയിൽ പറയുന്നത് ഹെഡ്ക്വാർട്ടേഴ്സിന്റെ കാര്യമാണ്. അതിപ്പോൾ പറ്റില്ല. കാരണം 10 ഏക്കർ ഭൂമി അവിടെ കൊടുത്തിട്ട് ഹെഡ്ക്വാർട്ടേഴ്സ് ഇനി വേറെ എവിടെയെങ്കിലും എന്നു പറയാൻ പറ്റില്ല. അതുകൊണ്ട് അത് സ്വീകരിക്കാൻ കഴിയില്ല. അതുപോലെ ഡോ. എ. നീലലോഹിതദാസൻ നാടാരുടെ ഭേദഗതിയും. 167-ാംനമ്പർ ഭേദഗതിയും അതിൽ ഇംപ്ലൈഡാണ്. അതുകൊണ്ട് അത് പ്രത്യേകമായി പറയേണ്ടതില്ല. 168-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് ലോ കോളേജ് ഇല്ലാത്തിടത്ത് അത് പറ്റുമോ എന്നുള്ളതാണ്. അത് കൺഫ്യൂഷനാണ്. യൂണിവേഴ്സിറ്റി എന്ന നിലയിൽ സ്റ്റേറ്റിന്റെ ജൂറിസ്ഡിക്ഷൻ വേണമെന്നുള്ളതാണ്. അതുകൊണ്ട് അത് ആവശ്യമില്ല. ശ്രീ. തോമസ് ഉണ്ണിയാടന്റെ 169-ാംനമ്പർ ഭേദഗതി സ്വീകരിക്കുകയാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. എം. വി. ജയരാജന്റെ 153-ാംനമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ —20

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, വി. കെ. ചന്ദ്രൻ
4. ,, ടി. കെ. ദേവകുമാർ

5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. കെ. കെ. ജയചന്ദ്രൻ
7. ,, എം. വി. ജയരാജൻ
8. ,, പി. ജയരാജൻ
9. ,, എം. കുമാരൻ
10. ,, കെ. വി. കുഞ്ഞിരാമൻ
11. ,, വി. കെ. സി. മമ്മത്കോയ
12. ,, മത്തായി ചാക്കോ
13. ,, കെ. പി. മോഹനൻ
14. ഡോ. എ. നീലലോഹിതദാസൻ നാടാർ
15. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
16. ,, കെ. രാധാകൃഷ്ണൻ
17. ,, കെ. പി. രാജേന്ദ്രൻ
18. ,, രാജു എബ്രഹാം
19. ,, ടി. പി. രാമകൃഷ്ണൻ
20. ,, പി. എസ്. സുപാൽ

പ്രതികൂലിക്കുന്നവർ —27

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, ഇ. എം. അഗസ്തി
3. ,, കെ. ബാബു
4. ,, പി. കെ. കെ. ബാവ
5. ,, കെ. എ. ചന്ദ്രൻ
6. ,, ഡൊമിനിക് പ്രസന്റേഷൻ
7. ,, ജോർജ്ജ് ജെ. മാത്യു
8. ,, എം. എം. ഹസ്സൻ
9. ,, കെ. സി. ജോസഫ്
10. ,, ജോസഫ് എം. പുതുശ്ശേരി
11. ,, പി. ജെ. ജോയി
12. ,, എം. കെ. പോൾസൺ മാസ്റ്റർ
13. ,, ടി. എൻ. പ്രതാപൻ
14. ,, വക്കം പുരുഷോത്തമൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ,, ജി. കാർത്തികേയൻ
17. ,, കെ.എൻ.എ. ഖാദർ
18. ,, കെ. കെ. നായർ
19. ,, ലൂഡി ലൂയിസ്
20. ,, കെ. മുഹമ്മദാലി
21. ,, ഇ. ടി. മുഹമ്മദ് ബഷീർ
22. ,, സ്റ്റീഫൻ ജോർജ്ജ്
23. ,, സി. എഫ്. തോമസ്
24. ,, തമ്പാനൂർ രവി
25. ,, റോഷി അഗസ്റ്റിൻ
26. ,, വി. ഡി. സതീശൻ
27. ,, എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ 20

പ്രതികൂലിക്കുന്നവർ 27

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 169-ാംനമ്പർ ഭേദഗതി സഭ അംഗീകരിച്ചു. 152,162,171 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 160-ാംനമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 161, 166, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 163-ാംനമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 164, 168, 173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 165-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ്ജ് അവതരിപ്പിച്ച 167-ാംനമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri Stephen George: Sir, I move the following amendment:

(174) In clause 4(1) in lines 2 and 3, delete the words "and legal and judicial processes, professional".

Shri M. M. Hassan: Sir, I move the following amendments:

(175) In clause 4(1) for the words "judicial reforms as needed to strengthen" substitute the words "judicial reforms as are needed to strengthen".

(193) In clause 4(2) add the following at the beginning "(2) subject to the provision of Sub-section(3) and Sub-section(4)"

Shri K. C. Joseph: Sir, I move the following amendment:

(176) In clause 4(1) after the words "symposia" add the word "colloquiums".

Shri V. D. Satheesan: Sir, I move the following amendments:

(177) In clause 4(1) after the words "symposia and conferences" add the following:—

" on jurisprudence, current legislation, legal processes, rule of law and allied subjects on which instruction is imparted or research is carried out by the university".

(185) In clause 4(1) for the words "other academic" substitute the words "other academic or honorary".

(191) clause 4(1) shall be redraft as follows, namely:–

4. Objects of the University:– (1) the objects of the University shall be,–

(a) to advance and disseminate learning and knowledge of law and legal and judicial processes, professional legal education and their role in national development;

(b) to develop in the student and the research scholar a sense of responsibility to serve society in the field of law by developing skills in regard to advocacy, legal services, legislation, law reforms and the like;

LIBRARY ARCHIVES Kerala Legislative Assembly

(c) to promote legal and judicial reforms as are needed to strengthen the administration of justice in India;

(d) to organize lectures, seminars, symposia and conferences;

(e) to co-operate with industrial infrastructure management;

(f) to promote legal knowledge so as to make the law and legal processes efficient instruments of social cause and national development;

(g) to promote inter disciplinary study, research of law in relation to management, science and technology, international co-operation and development;

(h) to provide adequate orientation and training to officers exercising judicial powers and to those who are involved in the administration of justice;

(i) to impart training and to conduct refresher courses for law teachers, officers exercising judicial powers, advocates and other persons engaged or interested in the legal field;

(j) to hold examinations and confer degrees and other academic distinctions; and

(k) to do all such things as are incidental or conducive to the attainment of all or any of the objects of the University.

The Objects of the University എന്ന് എഴുതിയിരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രി ഇത് അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ, യൂണിവേഴ്സിറ്റി എന്നുള്ള പുതിയ സങ്കൽപ്പത്തിന് അനുയോജ്യമായ തരത്തിൽ ഇത് രൂപപ്പെടുത്തിയെടുക്കുന്ന കാര്യമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ഭേദഗതികൾ മൂവ്ചെയ്യുന്നു.

Shri M. V. Jayarajan: Sir, I move the following amendments:

(178) In clause 4(1) the following words shall be deleted "to co-operate with industrial infrastructure management".

(190) In clause 4(1) the following words shall be inserted namely:–

"to conduct research on civil rights and fundamental rights".

78-ൽ ഇപ്പോൾ നിലവിൽ നാലാം വകുപ്പിൽ The Objects of the University എന്ന് പറഞ്ഞുകൊണ്ട് നാലു കാര്യങ്ങൾ പറയുന്നതിൽ ഒന്നാമതായി ഇവിടെ പറയുന്നതിൽ in the field of law by developing skills in regard to advocacy, legal services, legislation, law reforms and the like, to promote

LIBRARY ARCHIVES Kerala Legislative Assembly

legal and judicial reforms as needed to strengthen the administration of justice in India, to organize lectures, seminars, symposia and conferences and to co-operate with industrial infrastructure management .... അത് ഇത്തരമൊരു ലാ യൂണിവേഴ്സിറ്റിയുടെ സ്കോപ്പിൽ വരുന്നതാണോ? to co-operate with industrial infrastructure management എന്തിനാണ് ഇങ്ങനെ ഒരു ഭാഗം ചേർത്തത് എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അങ്ങ് ഇവിടെ ഒരുപാട് സമാനസ്വഭാവമുള്ള നിയമങ്ങൾ ഉദ്ധരിച്ചല്ലോ. ഞാനും അത് നോക്കി. ബാംഗ്ലൂരിലാകട്ടെ, കർണ്ണാടകയിലാകട്ടെ മറ്റ് ഇതര സംസ്ഥാനങ്ങളിലെ സമാന സ്വഭാവമുള്ള ലാ യൂണിവേഴ്സിറ്റി ബില്ലുകളിലൊന്നും ഇതുപോലെ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ്കൂടി അതിന്റെ സ്കോപ്പിൽപ്പെടുത്തിയതായി കാണുന്നില്ല. എന്തിനാണ് ഇങ്ങനെ ഒരു ഭാഗം ഇതിൽപ്പെടുത്തിയത്. നമ്മളൊന്നും കാണാത്ത മേഖലകൂടി നിയമവൃത്തത്തിന്റെ അകത്ത് ഉൾപ്പെടുന്നുണ്ടോ? അല്ല, കൺസൾട്ടൻസിയൊക്കെ നടത്തിയിട്ട് പണം തട്ടിയെടുക്കാനുള്ള വല്ല സൂത്രപ്പണിയുമാണോ? ആ സംശയം ന്യായമായി തോന്നുകയാണ്. കാരണം, ശ്രീ. ഇ. ടി. യുടെ വലതുഭാഗത്തും വവതിന്റെ വലതുഭാഗത്തും ഇരിക്കുന്ന കൺസൾട്ടൻസി വിദഗ്ദ്ധന്മാർ സഹപ്രവർത്തകരായുള്ള മന്ത്രിസഭയിൽ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് ലീഗൽ സ്റ്റഡീസിന്റെ സ്കോപ്പിൽ എങ്ങനെ വന്നു എന്നത് ഇത് കഴിഞ്ഞിട്ടുള്ള സെമിനാറിലായാലും വിശദമായ ഒരു പഠനമാവാം. അല്ലെങ്കിൽ ഞങ്ങളെപ്പോലെയുള്ള ആളുകൾക്ക് ബോദ്ധ്യപ്പെടണം. അതുകൊണ്ട് അത് ഒരു തരത്തിലും ഇതുമായി പൊരുത്തപ്പെടുന്നില്ല എന്നുള്ളതിനാൽ അത് ഒഴിവാക്കണമെന്നാണ് പറയുന്നത്. 190-ാം ഭേദഗതിയിൽ പറയുന്നതുപ്രകാരം ഈ ബില്ലിൽ "to conduct research on civil rights and fundamental rights" എന്നുകൂടി ചേർക്കണമെന്നു ഞാൻ പറയുന്നു. നമ്മുടെ പൗരാവകാശവും മൗലിക സ്വാതന്ത്ര്യവുമെല്ലാം ഡിബേറ്റ് ചെയ്യപ്പെടുന്ന ഒരു കാലമാണ്. മഅദ്നിയുടെ പ്രശ്നം ഈ സഭയിൽത്തന്നെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എടുത്ത ഒരുവിഷയമാണ്. ദീർഘകാലമായി നമ്മുടെ ഭരണഘടനയുടെയും എല്ലാ വ്യവസ്ഥാപിതമായ നിയമങ്ങളുടെയും വ്യവസ്ഥകളെ ചിവിട്ടിമെതിച്ചുകൊണ്ട് അദ്ദേഹം കാരാഗൃഹത്തിൽ കഴിയുകയാണ്. ശിക്ഷിച്ചതാണോ എന്ന് ചോദിച്ചാൽ അല്ല. ഇത്രയുംകാലം ജയിലിൽ കിടന്നിട്ട് കോടതിയിൽ കേസ് നടത്തിയശേഷം ആ മനുഷ്യനെ വെറുതെ വിട്ടാൽ ആര് സമാധാനം പറയും? ഇപ്പോൾ കേസ് നടത്തി മഅദ്നിയെ വെറുതെ വിടുന്നു എന്ന് വിചാരിക്കുക. അപ്പോൾ ഇത്രയുംകാലം യാതൊരു നീതീകരണവുമില്ലാതെ റിമാൻഡ് തടവുകാരനായി കഴിയേണ്ടിവരുന്ന ഒരാളെ റിമാൻഡ് ചെയ്യാനിടവന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ചനടക്കുന്ന ഒരു കാലമാണിത്. അതുകൊണ്ടുതന്നെ നമ്മുടെ മൗലികാവകാശങ്ങളും പൗരാവകാശങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. അതുകൂടി സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള റിസർച്ചുകളും പഠനങ്ങളും ഇതിന്റെ ഒബ്ജക്ടിൽ വരുത്തേണ്ടതാണെന്നാണ് എനിക്ക് തോന്നുന്നത്. അതാണ് അതുകൂടി കൂട്ടിച്ചേർക്കണമെന്ന് പറയാൻ കാരണം.

Shri P. J. Joy: Sir, I move the following amendments:

LIBRARY ARCHIVES Kerala Legislative Assembly

(182) In clause 4(1) after the words "confer degrees" add the words "diplomas certificates or titles".

(188) In clause 4(1) after the words "and other academic distinctions" add the following:–

"to create an awareness of respect to law and lawful authorities among the general public".

ക്ലാരിഫിക്കേഷനുവേണ്ടിയാണ് അത് പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ശ്രദ്ധിച്ചാൽ നന്നായിരിക്കും.

Prof. Savithri Lekshmanan: Sir, I move the following amendment:

(183) In clause 4(1) after the word "and confer degrees" add "and diplomas".

ഡിഗ്രി മാത്രമല്ല ഡിപ്ലോമയും വേണമല്ലോ. അതുകൊണ്ടാണ് ഡിപ്ലോമയുംകൂടി ചേർക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്.

Shri E. M. Augusthy: Sir, I move the following amendment:

(186) In clause 4(1) after the words "other academic distinctions" add the following:–

"to endeavour for the well being of the society through the medium of law".

ഈ ബില്ലിൽ Objects of the University എന്ന് വളരെ വിശദമായി പറയുന്നുണ്ട്. ഇതിൽ നിയമവിജ്ഞാനശാഖകളുടെയും അതുപോലെ ജുഡീഷ്യറിയുടെയും അഭിഭാഷകവിഭാഗത്തിന്റെയും ലെജിസ്ലേച്ചറിന്റെയും എല്ലാ രംഗത്തും ഉണ്ടായ സമഗ്രമായ മാറ്റത്തെ സംബന്ധിച്ചും അതിനുവേണ്ടി ചർച്ചകളും സമ്മേളനങ്ങളും നടക്കുന്നതിനെ സംബന്ധിച്ച് വളരെ വിശദമായി പറയുന്നുണ്ട്. ഇതൊക്കെക്കൊണ്ട് സൊസൈറ്റിക്ക് എന്താണ് പ്രയോജനമെന്നുള്ളതിനെ സംബന്ധിച്ച് ക്ലാരിഫൈചെയ്യുന്നത് നല്ലതായിരിക്കും. എല്ലാ ലെജിസ്ലേഷനും ഒരു സോഷ്യൽ ആസ്പെക്റ്റ്സുണ്ട്. അത്യപൂർവ്വമായി ഒരു യൂണിവേഴ്സിറ്റിക്ക് നമ്മൾ രൂപംനൽകുമ്പോൾ തീർച്ചയായും ഇതിന്റെ സോഷ്യൽ ആസ്പെക്ടിനെ സംബന്ധിച്ച് പരിഗണിക്കപ്പെടാതെപോകുന്നത് ശരിയല്ല. സമയം ഇല്ലാത്തതുകൊണ്ട് ഞാൻ അതുസംബന്ധിച്ച വേഡിംഗ്സിലേക്ക് പോകുന്നില്ല. അതുകൊണ്ട് എന്റെ അഭിപ്രായം നാലാം വകുപ്പിൽ ഒന്നാം ഉപവകുപ്പിൽ to hold examinations and confer degrees and other academic distinctions എന്നതിനുശേഷം to endeavour for the well being of the society through the medium of law എന്നു ചേർക്കണം. ഒരു നിയമവിജ്ഞാന വിനിമയശാഖയുടെ പ്രയോജനംകൊണ്ട് സമൂഹത്തിനുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കണം. അത് എടുത്തു പറയണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതിന് ഏറെക്കുറെ സമാനമായ

LIBRARY ARCHIVES Kerala Legislative Assembly

വാക്കുകൂടി ഉപയോഗിക്കുന്നുണ്ട്. and to do all such things as are incidental എന്ന് പറയുന്നുണ്ട്. ഇൻസിഡെന്റൽ എന്ന് പറയുന്നത് ഒട്ടും വ്യക്തമല്ല. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

Dr. A. Neelalohithadasan Nadar: Sir, I move the following amendment:

(192) clause 4(2) shall be deleted and renumber the subsequent clauses accordingly.

4-ൽ (2)-ന്റെ ആവശ്യമില്ല. സാധാരണ നാം പാസ്സാക്കുന്ന നിയമത്തിന്റെ പരിധിയിൽവരുന്ന കാര്യമാണ്. പ്രത്യേക സബ് ക്ലോസ് എഴുതിവച്ച് അതൊന്നും assert ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

Shri K. Radhakrishnan: Sir, I move the following amendments:

(194) In clause 4(2) delete the words "and it shall not be lawful for the University to impose on any person any condition .... privilege thereof ".

(205) In clause 4(4) delete the words "as prevalent in the professional courses in the State".

എന്റെ 205-ാം നമ്പർ ഭേദഗതിയിൽ സംവരണം വ്യക്തമായിട്ട് വേണമെന്നുള്ളതാണ്. അതുകൊണ്ടുതന്നെ സംവരണം കൃത്യമായിട്ടും വ്യക്തമായിട്ടും പറയണം.

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി *Shri Stephen George:* Sir, I move the following amendments:

(195) In clause 4(2) for the words "caste or religion" the words "descent, place of birth, residence, language, political opinion, caste or religion" shall be substituted.

(200) In section 4(2) the following proviso shall be inserted, namely:—

"Provided that the university may maintain or recognise any hostel exclusively for women for residence or reserve for women or members of socially and educationally backward classes or of Scheduled Castes or Scheduled Tribes places for purposes of admission as students in the University or any institution maintained or controlled by the University".

(209) After clause 4(4) the following sub-section shall be inserted, namely:–

"(5) The university shall reserve fifty per cent seats in the admission of students to the resident in the State.

ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി *Shri T. K. Devakumar:* Sir, I move the following amendments:

LIBRARY ARCHIVES Kerala Legislative Assembly

(198) (1) In clause 4(2) for the words "not be lawful" substitute the words "unlawful".

(2) In clause 4(2) for the words "to graduate" substitute the words "to undergo any course of study".

(202) (i) In clause 4(3) delete the words "permanent".

(ii) In clause 4(3) for the words "permanent posts" substitute the words "posts either permanent or temporary created for a period exceeding six months".

(204) In clause 4(3) insert the following proviso, namely:—

"Provided that three per cent of the post in addition to the above shall also be reserved for physically handicapped persons".

(207) In clause 4(4) for the words "in the professional courses in the State" substitute the words "in admission to professional courses in the State".

ഇതിനകത്ത് സ്ഥിരം പോസ്റ്റുകളിൽ കൃത്യമായി സംവരണം ഏർപ്പെടുത്തിയിരിക്കുകയാണ്. സർക്കാർ സർവ്വീസിൽ പെർമനന്റ് പോസ്റ്റായിട്ടല്ല ആദ്യം പോസ്റ്റുണ്ടാക്കുന്നത്. കൂടാതെ, കോൺട്രാക്റ്റ് നിയമനത്തിൽ ഫലത്തിൽ സംവരണതത്ത്വം പാലിക്കാൻ കഴിയുകയില്ല, കോൺട്രാക്റ്റ് നിയമനംതന്നെ ഉൾപ്പെടുത്തിയിരുന്നത് എന്തിനാണെന്ന് വ്യക്തമാക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന ആദ്യകാലങ്ങളിൽ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടുവെങ്കിലും. ഇന്നുവരെ അത്തരത്തിൽ നിയമനം നടത്താൻ കഴിയാത്ത സ്ഥിതിയാണ്. അവിടെ ഇപ്പോഴും കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള നിയമനമാണ് തുടർന്നുകൊണ്ടിരിക്കുന്നത്. പക്ഷേ, അവിടെയൊന്നും നിയമത്തിനകത്ത് ഒന്നും ചേർക്കില്ല. ഇവിടെ കോൺട്രാക്ട് നിയമനത്തിന് വ്യവസ്ഥചെയ്തിരിക്കുന്ന സാഹചര്യത്തിൽ സംവരണതത്ത്വം പാലിക്കാൻ ബുദ്ധിമുട്ട് വരും. അതുകൊണ്ട് എന്റെ ഭേദഗതി പരിശോധിക്കാൻ തയ്യാറാകണമെന്നാണ് 202-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയാനുള്ളത്. 204-ാം നമ്പർ ഭേദഗതി വികലാംഗരായിട്ടുള്ളവരുടെ നിയമനത്തെക്കുറിച്ചാണ്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർതന്നെ ഈ ഭേദഗതിയിൽ പറയുന്ന വിഭാഗത്തിന്റെ നേതാവായി പ്രവർത്തിച്ചിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞദിവസം മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് ക്ലാസ് വൺ പോസ്റ്റിലേക്ക് വികലാംഗരെ നേരിട്ട് നിയമിച്ച് സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണെന്നാണ്. ഇപ്പോൾ പുറപ്പെടുവിച്ച ഉത്തരവിലെല്ലാംതന്നെയുള്ള പോരായ്മ പരിഹരിക്കാൻ അവരെ സ്ഥിരപ്പെടുത്തുമെന്നു പറഞ്ഞ സാഹചര്യത്തിൽ വികലാംഗർക്കായി ഈ നിയമത്തിൽ മൂന്നു ശതമാനം സംവരണം ചെയ്യപ്പെടണം എന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. ഇ. ടി. അവർക്ക് സാന്ത്വനം നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തരത്തിൽ അക്കാര്യം കൺസിഡർ ചെയ്യുമെന്നാണ് എന്റെ വിശ്വാസം. 207-ാം നമ്പർ ഭേദഗതിയിൽ, ബഹുമാനപ്പെട്ട ശ്രീ. രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ പ്രവേശനം നമ്മൾ കുറേക്കൂടി സീരിയസ്സായി കാണണം. നമ്മുടെ മുമ്പിൽ ഇപ്പോൾ ഒരുപാട് അനുഭവങ്ങളുണ്ട്. അതുകൊണ്ട് നിയമത്തിൽ അത് കൃത്യമായി വ്യക്തമാക്കിക്കൊണ്ടുപോകണമെന്നുള്ളതാണ് എന്റെ അഭിപ്രായം. സംവരണം നൽകുന്ന വകുപ്പ് ഒന്നുകൂടി വ്യക്തതയുള്ളതാക്കണം. ഭേദഗതിയിൽ, പ്രൊഫഷണൽ കോളേജുകളിൽ നിലനിൽക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. Admission-ന്റെ കാര്യത്തിൽ പ്രൊഫഷണൽ കോളേജുകളിൽ നിലനിൽക്കുന്നത് എന്ന് ഭേദഗതി ചെയ്യണം എന്നാണ് ആ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. "in the professional courses in the State" substitute the words "in admission to professional courses in the State" എന്നിങ്ങനെ വിദ്യാർത്ഥിപ്രവേശനത്തിന്റെ കാര്യത്തിൽ അസർട്ട്ചെയ്യാൻ കഴിയണമെന്നാണ് 207-ാം നമ്പർ ഭേദഗതി.

Shri K. Babu: Sir, I move the following amendment:

(199) In clause 4(2) for the words "to enjoy or to exercise any privilege thereof" substitute the words "to enjoy any privilege or to exercise any right thereof".

Shri Mathai Chacko: Sir, I move the following amendment:

(201) Delete clause 4(3).

ഞാൻ ഡിസന്റ് രേഖപ്പെടുത്തിയപ്പോൾ പറഞ്ഞ കാര്യം ഇതാണ്. ഒബ്ജക്റ്റ്സിൽ യഥാർത്ഥത്തിൽ നാലാം ക്ലോസിൽ മൂന്നാം സബ് സെക്ഷനിൽ പറയുന്നത് In making appointments by direct recruitment to permanent posts in any class or category എന്നു പറഞ്ഞിട്ടുള്ള ഒരു പാരഗ്രാഫ് ഇവിടെ പറയുന്നുണ്ട്. അത് യഥാർത്ഥത്തിൽ Kerala State Public Servants' Act-ന്റെ ഭാഗമായിട്ടുള്ള Kerala State Subordinate Service Rules-ന്റെ സംവരണം സംബന്ധിച്ച ഭാഗത്തെ പരാമർശിക്കുന്നതാണ്. പെർമനന്റ് പോസ്റ്റുകൾക്ക് സംവരണം വേണമെന്നാണ് പറയുന്നത്. സർവ്വകലാശാല സ്ഥാപിച്ചുകഴിഞ്ഞാൽ ആദ്യത്തെ ഘട്ടത്തിൽ കോൺട്രാക്ട് അപ്പോയിന്റ്മെന്റായിരിക്കും. എല്ലാം ടെമ്പററി നിയമനങ്ങളാണ്. ടെമ്പററി നിയമനങ്ങൾ ഉണ്ടാകുമ്പോൾ ആദ്യത്തെ ഘട്ടത്തിൽ സംവരണതത്ത്വം പാലിക്കപ്പെടില്ല എന്നുള്ളതാണ്. അതുകൊണ്ട് എന്റെ ഒരു നിർദ്ദേശം ഈ ഒബ്ജക്ട്സിൽ വന്നിട്ടുള്ള ഭാഗം, ക്ലാസ് (4) ലെ (3), ക്ലാസ് 28-നെ തുടർന്നുള്ള ഒരുഭാഗം ആക്കി മാറ്റണം. ക്ലാസ് 28, നിയമനങ്ങളെ സംബന്ധിച്ച റെഗുലേഷൻസിനെക്കുറിച്ചാണ് പറയുന്നത്. അതിലേക്ക് മാറ്റുന്നത് നന്നായിരിക്കും. അതുപോലെ ഇതിന് പരിഹാരം കാണുമെന്ന് മന്ത്രി പറഞ്ഞതാണ്. അതിന് മാർഗ്ഗം ഉണ്ടാക്കണം. ഇത് വിശദീകരിക്കുമ്പോൾ നിയമത്തിന്റെ ആദ്യഘട്ടത്തിൽ Kerala State Subordinate Service Rules-ൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്ന സംവരണ ആനുകൂല്യങ്ങൾ സംവരണവിഭാഗത്തിന് കിട്ടാൻ ആവശ്യമായിട്ടുള്ള ഉറപ്പ് റൂൾസിൽ ഉണ്ടാകണം. അല്ലെങ്കിൽ കോൺട്രാക്റ്റ്, ടെമ്പററി നിയമനങ്ങളിൽ അത് പാലിക്കപ്പെടില്ലെന്നുള്ളതാണ്.

Shri M. A. Vaheed: Sir, I move the following amendment:

(208) Recast clause 4(4) as follows:–

"(4) The university shall reserve seats in the admission of students of S.C., S.T., backward and O.B.C. and other eligible communities as prevalent in the educational institutions in the State".

Shri P. Jayarajan: Sir, I move the following amendment:

(210) After 4(4) a new sub-clause (5) shall be inserted as under:

The University shall also reserve 3% of seats for the physically handicapped students while making admission to every course in the University.

നാലാം വകുപ്പിന്റെ നാലാം ഉപവകുപ്പായിട്ട് സബ്ജക്ട് കമ്മിറ്റി ഒരു ഭേദഗതി വരുത്തുകയുണ്ടായി. ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ്സ്, ബാക്ക്‌വേർഡ് ക്ലാസ് ആന്റ് അദർ ബാക്ക്‌വേർഡ് ക്ലാസ് ഇവർക്കുള്ള സംവരണത്തെസംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടെന്നാണ് അതിൽ സൂചിപ്പിച്ചിട്ടുള്ളത്. 4 (5) ആയിട്ട് നേരത്തെ ഇവിടെ പറഞ്ഞ കാര്യം ഉൾപ്പെടുത്തണം The University shall also reserve 3% of seats for the physically handicapped students while making admission to every course in the University. ഇതിൽ അഡ്വക്കേറ്റ്സ് ആക്ടിൽത്തന്നെ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ചുമതലകളിൽ ഡിസേബിൾഡ് ആയിട്ടുള്ള ആളുകൾക്കാവശ്യമായിട്ടുള്ള ക്ഷേമ പദ്ധതികളുടെ കാര്യം ഊന്നിപ്പറയുന്നുണ്ട്. അതുകൊണ്ട് ഫിസിക്കലി ഹാന്റികാപ്പ്ഡായിട്ടുള്ള ആളുകളുടെ കാര്യത്തിൽ 3% സംവരണം അഡ്മിഷന്റെ കാര്യത്തിൽ ഏർപ്പെടുത്താൻവേണ്ടി നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്യണമെന്നുള്ളതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* In clause 4(1) for the words "co-operate with industrial infrastructure management" substitute the words "co-operate with industrial or any other infrastructure management" എന്ന ഔദ്യോഗികഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 175-ാംനമ്പർ ഭേദഗതിയും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 176-ാംനമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 177, 185 എന്നീ നമ്പർ ഭേദഗതികളും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 182, 188 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 198, 202, 204 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. കെ. ബാബു അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിക്കേണ്ടിയിരുന്ന In clause 4(1) for the words "to provide adequate orientation" substitute the words "to provide orientation" എന്ന 181-ാം നമ്പർ ഭേദഗതിയും ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിക്കേണ്ടിയിരുന്ന In clause 4(1) after the words "other academic distinctions" add the following:–

"to instill a sense of Rule of law among the students and citizens" എന്ന 189-ാം നമ്പർ ഭേദഗതിയും ഓറൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു. വാക്കാൽ ഭേദഗതികൾ അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. എം. ഹസ്സന്റെ 175-ാം നമ്പർ ഭേദഗതി, ശ്രീ. കെ. സി. ജോസഫിന്റെ 176-ാം നമ്പർ ഭേദഗതി, ശ്രീ. വി. ഡി. സതീശന്റെ 177, 185 എന്നീ നമ്പർ ഭേദഗതികൾ, ശ്രീ. പി. ജെ. ജോയിയുടെ 182, 188 എന്നീ നമ്പർ
4.00 P.M. ഭേദഗതികൾ, ശ്രീ. ഇ. എം. അഗസ്തിയുടെ 186-ാം നമ്പർ ഭേദഗതി, ശ്രീ. ടി. കെ. ദേവകുമാറിന്റെ 198, 202, 204 എന്നീ നമ്പർ ഭേദഗതികൾ, ശ്രീ. കെ. ബാബുവിന്റെ 199-ാം നമ്പർ ഭേദഗതി, ശ്രീ. പി. ജയരാജന്റെ 210-ാം നമ്പർ ഭേദഗതി എന്നിവയും ബഹുമാനപ്പെട്ട മന്ത്രി ഓറൽ ആയി അവതരിപ്പിച്ച ശ്രീ. എ. സുജനപാലിന്റെ 179-ാം നമ്പർ ഭേദഗതി, ശ്രീ. കെ. മുഹമ്മദാലിയുടെ 181-ാം നമ്പർ ഭേദഗതി, ഡോ. എം. എ. കുട്ടപ്പന്റെ 189-ാം നമ്പർ ഭേദഗതി എന്നിവയും സഭ അംഗീകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 198, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 195, 200, 209 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

മി. ചെയർമാൻ: ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, 800-ൽ അധികം ഭേദഗതികളുണ്ട്. 90-ൽ താഴെ ഭേദഗതികളേ നമ്മൾ ഇതുവരെ അവതരിപ്പിച്ചിട്ടുള്ളു. മൂന്ന് മണിക്ക് ആരംഭിച്ചതാണ് ക്ളോസ് ബൈ ക്ളോസ് ഡിസ്കഷൻ. ഇപ്പോൾ നാല് മണിയായി. ഒന്ന് ശ്രദ്ധിക്കണം.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി അവതരിപ്പിക്കുന്നു:

(211) The opening sentence of Clause 5 shall be recast as follows:-

"Subject to the provisions of this Act, the University shall have the following powers and functions, namely:-.

(219) In Clause 5 (iv) for the words "subject to such conditions as the University may determine" the words "who shall have pursued a prescribed course of study under the University and shall have passed the prescribed examination or shall carried research under prescribed conditions and which has been duly evaluated" shall be substituted.

(222) In Clause 5 (iv) the words "after giving the person affected a reasonable opportunity to present his case" shall be added at the end.

(224) In Clause 5 (v) after the words "other distinctions" the words "on distinguished persons" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

(230) For clause 5 (vi) the following clause shall be substituted, namely:–

"(vi) to fix the fees payable to the University and to demand and receive such fees,"

(233) In Clause 5 (vii) the words "to institute" shall be substituted by the words "to establish".

(234) In clause 5 (vii) for the words "to institute and maintain halls and hostels" the words "to establish, maintain and manage hostels" shall be substituted.

(243) In clause 5 (xiii) after the words "of the university" the words "and to prescribe the duties and conditions of service of employees" shall be inserted.

(246) In clause 5 (xv) for the words "to appoint persons" shall be substituted by the words "to appoint persons who possess the qualifications prescribed by the University Grants Commission".

(261) In clause 5 (xxv) the words "Government of India and other" shall be omitted.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(213) In Clause 5 (2) after the words 'branches of' insert the word "legal".

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന 214, 218, 249, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(214) In Clause 5 (ii) for the words "as the University may think fit including legal" substitute the words "on the lines of the National Law School of India University, Bangalore".

(218) In Clause 5 (iv) delete the words "and to withdraw any such diplomas, certificates, degrees or other academic distinctions for good and sufficient cause".

(249) In clause 5 (xix) after the words "to co-operate with" and before the words "any other organisation" insert the words "National Law School of India University, Bangalore and"

(262) Delete clause 5 (xxix)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(215) Clause 5 (iii) shall be recast as follows:—

"(iii) to organize and undertake extra-mural and practice oriented teaching, distance learning and consultancy and extension services".

(223) Clause 5 (iv) shall be redrafted as follows, namely:—

"(iv) to hold examinations and to confer degrees and other academic distinctions on persons who,–

(1) shall have pursued a course of study in the University, centre, study centre or Institution under the University in the manner prescribed by regulations under exempted therefrom specifically and shall have passed the examination or (2) shall have carried on research under the conditions prescribed by the regulations and which has been duly evaluated.

(iv a) to withdraw or cancel diplomas certificates degrees or other academic distinctions under conditions prescribed by the regulations after giving the person affected thereby a reasonable opportunity to present his case before the University".

(256) In clause 5 (xxiv) after the words 'or building' add the word 'machinery'.

(268) In clause 5 (xxxiii) add the following words at the end "for the best interest of the University".

(270) In clause 5 (xxxv) after the words "to constitute" add the words "subject to the provisions of any law in force"

(276) In clause 5 the following may be added as sub-clause (xxxvi) and the existing sub-clause (xxxvi) and (xxxvii) may be re-numbered as (xxxvii) and (xxxviii) respectively:–

"(xxxvi) to constitute a students Council in such manner as shall be prescribed by the regulations to organize students academic, sports, arts and cultural activities and for the overall well being and welfare of the students."

276 -ാം നമ്പർ ഭേദഗതി സ്റ്റുഡൻസ് കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നാണ്. മറ്റെല്ലാം ഇതിന്റെ ക്വാളിറ്റിയെപ്പറ്റിയുള്ളതാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(217) In Clause 5 (iv),

LIBRARY ARCHIVES Kerala Legislative Assembly

(1) after the words "and to grant" add "titles".

(2) for the words "academic distinctions" substitute the words "academic or honorary distinctions".

(3) for the words "certificates, degrees or other academic distinctions" substitute thc words "certificates, titles degrees other academic distinctions or other distinctions".

(228) Clausc 5 (vi) shall be recast as follows:—

"(vi) to fix in consultation with the Government and to demand and rcceivc the fees and other charges".

(241) In clause 5 (xi) the following shall be added at the end "as the University deems fit."

(264) (1) after the words "State Governments" add the words "thc Government of any Union territory".

(2) after the words "University Grants Commission or" add "any forcign Government or Universities or institutions."

(3) add at the end "or any payment for the Services rendered."

മന്ത്രി വളരെ ഉദാരമനസ്കനാണ്. ഒരുപാട് അമെന്റ്മെന്റ്സ് അംഗീകരിക്കുന്നുണ്ട്. 228-ാം നമ്പർ ഭേദഗതിയിലൂടെ ഗവൺമെന്റുമായി കൺസൾട്ട് ചെയ്തുകൊണ്ട് ഫീസ് ഫിക്സ് ചെയ്യണമെന്നുള്ളത് ഞാൻ പ്രത്യേകം എടുത്തുപറയുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(220) In Ciause 5 (iv) for the words "withdraw any such diplomas certificates degrces or other academic distinctions for good and sufficient cause" substitute.

"withdraw or cancel diplomas certificates degrees and other academic distinctions or other distinctions under conditions that may be prescribed by regulations after giving the persons affected thereby a reasonable opportunity to show cause why it shall not be withdrawn or cancelled".

(244) In clause 5 (xiii) for the words "and to take disciplinary measures" substitute the words "and subject to the regulations made under this Act to take disciplinary measures on them" shall be substituted.

(265) In clause 5 (xxxi) for the words "as it may deem expedient" add the words "as prescribed by regulations made under this Act."

LIBRARY ARCHIVES Kerala Legislative Assembly

(269) In clause 5 (xxxiv) for the words "for regulating the affairs" substitute "for regulating the academic matter, the affairs, administration, financial dealings".

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(225) In Clause 5 (v) for the words "subject to the conditions laid down" substitute the words "subject to such conditions as may be laid down".

(235) In clause 5 (vii) after the word "hostels" add "separately for men and women students"

(251) In clause 5 (xx) (1) after the word "co-operate" add the words "on mutually agreed terms and conditions." (2) after the word "teachers" add the word "researchers".

'subject to the conditions laid down' എന്നതിനേക്കാൾ subject to such conditions as may be laid down എന്നു ചേർത്താൽ കുറച്ചുകൂടി നന്നായിരിക്കും. അതോടൊപ്പംതന്നെ ഹോസ്റ്റൽസ് എന്നുള്ളതിൽ separately for men and women students എന്നും ചേർക്കണം.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(226) In clause 5 (vi) add the following at the end "subject to the prior approval of the Subject Committee"

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി അവതരിപ്പിക്കുന്നു:

(229) Clause 5 (vi) shall be recast as follows:

"(vi) to fix after prior approval of the Government, demand and receive fees and other charges".

യൂണിവേഴ്സിറ്റികളുടെ അധികാരത്തിൽ ഫീസ് നിർണ്ണയിക്കാനുള്ള അവകാശം നൽകുന്നുണ്ട്. ആ നിർദ്ദേശം നിശ്ചയിക്കുന്ന ഫീസ് കാലാകാലത്ത് ഗവൺമെന്റ് അംഗീകരിച്ചുകൊടുക്കണമെന്ന വ്യവസ്ഥകൂടി ഇതിൽ അടങ്ങിയിരിക്കണം. കാരണം ഇപ്പോൾ ഫീസ് നിശ്ചയിച്ചതിന്റെ പുറകെ ഓടിക്കൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ ഫീസ് നിശ്ചയിക്കാനുള്ള അധികാരം എടുത്തുകളയണ്ട. പക്ഷെ, നിശ്ചയിക്കുന്ന ഫീസിന് കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ അംഗീകാരം വേണമെന്ന ഭേദഗതികൂടി ചേർത്താൽ നാളെ വരുന്ന ഗവൺമെന്റിനും തലവേദന ഉണ്ടാകാതിരിക്കും. അതുകൊണ്ട് ഇത് ഉൾക്കൊള്ളിക്കണമെന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(236) In clause 5 (vii) for the words "for the students of the University" substitute "run by bodies other than the University for their stay".

(247) In clause 5, after sub clause (xv) add the following sub clause (xv,a) namely:—

"(xv,a) to regulate the emoluments and patterns there of and to prescribe the duties and conditions of service of teachers and non-teaching staff and other officers, authorities of the University."

(259) In clause 5 (xxv) after the words "dispose" add "alienate".

236-ാം നമ്പർ ഭേദഗതിയിൽ യൂണിവേഴ്സിറ്റിയുടെ ഫങ്ഷനെപ്പറ്റി പറയുന്നുണ്ട്. to institute and maintain halls and hostels and to recognize places of residence for the students of the University എന്നു പറഞ്ഞാൽ മെയിന്റയിൻ ചെയ്യാനുള്ള അധികാരം വിത്ത്ഡ്രോ ചെയ്യാൻ run by bodies other than the University for their stay of the students of the University എന്ന് ചേർക്കണമെന്നാണ് പറയുന്നത്. ബില്ലിൽ distant education centres, study centre എന്നൊക്കെ പറയുന്നുണ്ട്. അതെല്ലാം ഗവൺമെന്റും യൂണിവേഴ്സിറ്റിയും നേരിട്ട് നടത്തുന്നത് പ്രായോഗികമായി വിഷമമായിരിക്കും. ഇതാണ് എന്റെ ഭേദഗതി.

247-ാം നമ്പർ ഭേദഗതിയിൽ to institute professorships, associate professorships, assistant professorships, readerships, lectureships and any other teaching, academic or research posts required by the University അതിനുശേഷം and to regulate the emoluments and patterns there of and to prescribe the duties and conditions of service of teachers and non-teaching staff and other officers, authorities of the University എന്ന് ചേർക്കാൻ യൂണിവേഴ്സിറ്റിയുടെ powers and functions അത് both are of the same ഒരേ ക്ലോസിൽ വരുന്നതുകൊണ്ടാണ്.

259-ാം നമ്പർ ഭേദഗതിയിൽ യൂണിവേഴ്സിറ്റി പ്രോപ്പർട്ടിയുടെ വാങ്ങലും വിൽക്കലും സംബന്ധിച്ചാണ്. To sell, exchange, lease or otherwise dispose of all or any portion of the properties of the University എന്ന് പറയുന്നു. dispose എന്ന പദത്തിനുശേഷം alienate എന്ന് ചേർക്കണമെന്നാണ് എന്റെ ഭേദഗതി. അതിന്റെ ആവശ്യകത എന്നു പറയുന്നത് Indian Property Act-ൽ ഉപയോഗിക്കുന്ന പദം property disposal-നെ സംബന്ധിച്ച് alienate എന്നു തന്നെയാണ്. ലീഗൽ പദം എന്നനിലയിൽ alienate എന്ന പദംകൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(240) In clause 5 (xi) the word "women" shall be deleted.

(254) In clause 5 (xxii) add the words "with the approval of executive council" after the word "established".

(257) Clause 5 (xxv) shall be deleted.

(272) In clause 5 (xxxvi) for the words "or sub-committees or to any one or more members its body or its officers" substitute the words "constituted as per the provisions of the Act".

ഇതിൽ വിദ്യാർത്ഥിനികളുടെ കാര്യം പറഞ്ഞു. women എന്ന് പ്രത്യേകിച്ച് പറയണോ? വിദ്യാർത്ഥികളുടെ പൊതുവായിട്ടുള്ള താമസസ്ഥലവും അവരുടെ അച്ചടക്കത്തിന്റെ കാര്യങ്ങളും അതുപോലുള്ള ക്രമീകരണങ്ങളും എന്നു പറയുമ്പോൾ അടുത്ത ക്ലോസ് ആയിട്ട് വീണ്ടും വിദ്യാർത്ഥിനികൾക്ക് പ്രത്യേകമായിട്ട് പറഞ്ഞിട്ടുണ്ട്. അതിന്റെ ആവശ്യമുണ്ടോ? വിദ്യാർത്ഥികൾ എന്നു പറയുമ്പോൾ ബോയ്സും ഗേൾസും ഉൾപ്പെടും. 257-ൽ പറയുന്നത്. സെൽഫ് ഫിനാൻസിംഗ് വന്നതുകൊണ്ട് കുറച്ചുകൂടി ആശങ്ക വരുകയാണ്. യൂണിവേഴ്സിറ്റി സ്ഥലം വിൽപ്പനയും സ്ഥലം പാട്ടത്തിന് കൊടുക്കലിനുമുള്ള സ്ഥാപനമാക്കണോ? അത് നമ്മുടെ അധികാരത്തിലും ചുമതലകളിലുമൊക്കെ വയ്ക്കേണ്ടതുണ്ടോ? അതിന്റെ ലക്ഷ്യപ്രാപ്തി നോക്കുമ്പോൾ അതൊന്നുമില്ല. യൂണിവേഴ്സിറ്റിയുടെ ലക്ഷ്യം സ്ഥലം പാട്ടത്തിനുകൊടുക്കലും സ്ഥലം വിൽക്കലും വാങ്ങലും വിൽപ്പനയുമൊന്നുമല്ലല്ലോ? ഒരു യൂണിവേഴ്സിറ്റി നിയമത്തിലും അതില്ലാത്തതാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റിയുടെ ചുമതലകളിൽ അധികാരനിർവ്വഹണത്തിൽ സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തുക്കൾ വിൽക്കുകയോ പാട്ടത്തിന് കൊടുക്കുകയോ എന്നുള്ളത് ഒഴിവാക്കണമെന്നാണ് എന്റെ ഭേദഗതി. മറ്റു ഭേദഗതികളും അവതരിപ്പിക്കുന്നു:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(253) In clause 5 (xxiii) after the word 'donations' add the words 'endowments'.

(271) In clause 5 (xxxv)

(1) after the words "provident fund" add "welfare fund"

(2) after the word "staff" in the last line add "research fellows"

LIBRARY ARCHIVES Kerala Legislative Assembly

പ്രോവിഡന്റ് ഫണ്ടിന്റെ കൂടെ വെൽഫയർ ഫണ്ടുംകൂടി ചേർക്കണമെന്നു പറഞ്ഞത് such as provident fund and gratuity as it may deem fit എന്നു കൃത്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ വെൽഫയർ ഫണ്ട് അതിൽ വരുകയില്ല. അതുകൊണ്ടാണ് അതുകൂടി ചേർക്കണമെന്നു പറഞ്ഞത്. 35-ാമത്തെ സബ്ക്ലാസ്സിൽത്തന്നെ to benefit the staff and the students of the University എന്നുപറയുമ്പോൾ റിസർച്ച് ഫെല്ലോസിന് അത് ബാധകമാക്കുകയാണ്. റിസർച്ച് ഫെല്ലോ സ്റ്റുഡന്റ് അല്ലാത്തതുകൊണ്ട് റിസർച്ച് ഫെല്ലോകൂടി ഇതിൽ inclusive ആണെന്ന് ചേർക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, 212 (ശ്രീ. എം. വി. ജയരാജൻ), 216 (ശ്രീ. കെ. ബാബു), 250 (ശ്രീ. കെ. മുഹമ്മദാലി) എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഓറലായി അവതരിപ്പിക്കുന്നു.

(212) In Clause 5 (1) the words "Professional training" shall be inserted between the words "education" and "and instructions".

(216) In Clause 5, Sub clause (iii) shall be substituted as follows:—

"(iii) to organize and undertake extra-mural and practice oriented teaching, distance learning and consultancy and extension services".

(250) In clause 5 (xix) after the word "organisation" add the words "including any Government".

ശ്രീ. തോമസ് ഉണ്ണിയാടന്റെ 211-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 215, 270, 276 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 217, 264 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 220, 265, 269 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതിയും ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. എം. എം. ഹസ്സന്റെ 217-ാം നമ്പർ ഭേദഗതിയിൽ മൂന്നു പിരിവുകളാണുള്ളത്. അതിൽ ഒന്നും രണ്ടും പിരിവുകളാണ് അംഗീകരിക്കുന്നത്. മൂന്നാമത്തേതിൽ കാര്യമില്ല. അതു കവർ ചെയ്യാത്തതാണ്. ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സ്വാഭാവിക രീതിയിലുള്ള പ്രശ്നമാണ്. ശ്രീ. പി. ജെ. ജോയിയുടെ 225-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള നിർദ്ദേശം നല്ലതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി അംഗീകരിക്കാൻ കഴിയില്ല. ഫീസ് തീരുമാനിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്നാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

പ്രായോഗികമല്ല. ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാൻ പറ്റില്ല. മറ്റു ഭേദഗതികളും സ്വീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 212, 216, 250 എന്നീ നമ്പർ വാക്കാൽ ഭേദഗതികളും ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി ശ്രീ. സ്റ്റീഫൻ ജോർജ്ജ് അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 215, 270, 276 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 17-ാം നമ്പർ ഭേദഗതിയുടെ ഒന്നും രണ്ടും പിരിവുകളും, 264-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 220, 265, 269 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതിയും ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 219, 222, 224, 230, 233, 234, 243, 246, 261 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 214, 218, 249, 262 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 223, 256, 268 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 228, 241 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 235, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 236, 247, 259 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 240, 254, 257, 272 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

Shri Stephen George: Sir, I move the following amendments for Shri Thomas Unniyadan:

(281) In clause 6 (1) for the words "under the control of the" the words "by the" shall be substituted.

And I move my following amendments:

(282) In clause 6 (1) After the words "the syllabus prescribed" and before the words "by regulations" insert the words "on the lines of the National Law School of India University, Bangalore,"

(284) In clause 6 (2) add the following words:–"and who in consultation with the National Law School of India University, Bangalore".

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(285) In clause 6 (3) the word "Readers" shall be deleted.

അതിൽ teaching staff-നെപ്പറ്റിയാണ് പറയുന്നത്. Professors, Associate Professors, Assistant Professors, Readers, Lecturers, Visiting and Adjunct Professors-നെപ്പറ്റിയാണ് അവിടെ പറയുന്നത്. ഒരു പ്രശ്നമാണത്. ഈ teaching staff-ന്റെ ഭാരംകൊണ്ട് തളരുകയാണ് യൂണിവേഴ്സിറ്റികളിൽ പലതും. അക്കാഡമിക് ആയിട്ടുള്ള സംഭാവന നോക്കിയാൽ അത്ര ഗംഭീരമല്ലതാനും. അതുകൊണ്ട് as a matter of protest ഞാൻ പറയുന്നത് Readers എന്നുള്ളത് ഒഴിവാക്കുക.

Shri M. M. Hassan: Sir, I move the following amendment:

(286) In clause 6 (3) for the words "other posts" the words "other incumbents of " shall be substituted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ശ്രീ. തോമസ് ഉണ്ണിയാടന്റെ 281-ാം നമ്പർ ഭേദഗതിയും ശ്രീ. എം. എം. ഹസ്സന്റെ 286-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുകയാണ്. ശ്രീ. ബിനോയ് വിശ്വം പറഞ്ഞ പ്രതിഷേധസൂചകം നമുക്കിവിടെ ചെയ്യാൻപറ്റില്ല. കാരണം Readers എന്നുപറഞ്ഞ ഒരു വർഗ്ഗം ഇവിടെ ജീവിച്ചിരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതിയും ശ്രീ. എം. എം. ഹസ്സന്റെ 286-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 282, 284 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കെ. മുഹമ്മദാലി: Sir, I move the following amendments:

(291) In clause 7(1) for the words "the Chief Justice of India" substitute to words "the Chief Justice of Kerala".

(296) For clause 7(1) substitute the following:–

Visitor of the University. – Subject to his consent, the Chief Justice of India or a sitting Judge of the Supreme Court nominated by him in this behalf shall be the Visitor of the University".

Shri Thampanoor Ravi: Sir, I move the following amendment:

(292) In clause 7(1) The words "the Chief Justice of India shall be the Visitor of the University" shall be substituted by the words "the Chief Justice of India or a Judge of Supreme Court of India nominated by the Chief Justice of India shall be the Visitor of the University".

ശ്രീ.ടി. കെ. ദേവകുമാർ: എന്റെ 290-ാം നമ്പർ ഭേദഗതിയുണ്ട്.

മി. ചെയർമാൻ: 290-ാം നമ്പർ ഭേദഗതി ശ്രീ. പി. ജെ. ജോയിയുടെ 288-ന് തുല്യമാണ്. അത് അവതരിപ്പിക്കേണ്ടതില്ല. ആവശ്യമെങ്കിൽ സംസാരിക്കാൻ പിന്നീട് അവസരം തരാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(293) Add the following words in sub-clause (1) of clause 7– "and if the Chief Justice does not give consent the Chief Justice of Kerala shall be the Visitor".

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ബില്ലിന്റെ ചർച്ചയിൽത്തന്നെ ചീഫ് ജസ്റ്റിസ് സ്ഥാനം ഏറ്റെടുക്കുന്നില്ലെങ്കിൽ പിന്നെ എന്താണ് * ഓപ്ഷനെന്നുള്ളത് ഗൗരവമായി ചർച്ച ചെയ്യപ്പെട്ടതാണ്. ഇപ്പോൾ ചീഫ് ജസ്റ്റിസ് സ്ഥാനം ഏറ്റെടുക്കുന്നില്ലെങ്കിൽ കേരള ചീഫ് ജസ്റ്റിസ് ആ സ്ഥാനം ഏറ്റെടുക്കണമെന്നുള്ളതാണ് ഭേദഗതി. അത് അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(297) Clause 7(1) shall be recast as follows:–

Visitor of the University.— Subject to his consent, the Chief Justice of India or a Senior Justice of the Supreme Court as nominated by him shall be the Visitor of the University".

ഇവിടെ പറയുന്നത് visitor — Subject to his consent, the Chief Justice of India shall be the Visitor of the University എന്നാണ്. ചീഫ് ജസ്റ്റിസ് സമ്മതിക്കുന്നില്ലെങ്കിൽ പ്രൊവിഷനെന്താണ്? അതുകൊണ്ട് നമ്മൾ ആക്ടിൽ വ്യവസ്ഥ ചെയ്തില്ലെങ്കിൽ അത് ബുദ്ധിമുട്ടാകും. അതു പറഞ്ഞില്ലെങ്കിൽ, അദ്ദേഹം അത് സമ്മതിച്ചില്ലെങ്കിൽ പിന്നെ ആരാണെന്നുള്ളത് Subject to his consent, the Chief Justice of India or a Senior Justice of the Supreme Court as nominated by him shall be the Visitor of the University ആയിക്കിടക്കും. അതുകൊണ്ട് ആ വ്യവസ്ഥ ഒഴിവാക്കാനാകാത്തതാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുകയാണ്:

(311) In clause 7(2) for the words "to call for report" the words "to call for report and to issue such direction" shall be substituted.

(312) In clause 7 (2) for the words "to call for report on" the words "to call for any records and examine and suggest any recommendation" shall be substituted.

(317) After Clause 7 (2) the following sub-section shall be inserted, namely:–

"(3) The Visitor, if present, shall preside over the convocations conferring honorary degrees or other distinction of the University,"

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: 290-ാം നമ്പർ ഭേദഗതി ശ്രീ. പി. ജെ. ജോയിയുടെ 288-ാം നമ്പർ ഭേദഗതിക്കു തുല്യമാണ്. ശ്രീ. പി. ജെ. ജോയി അത് മൂവ് ചെയ്തില്ല. അതുകൊണ്ട് ശ്രീ. ടി. കെ. ദേവകുമാറിന് അവതരിപ്പിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(290) In clause 7 sub-clause (1) delete the words "subject to his consent"

ഇതിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ മുൻകൂട്ടിയുള്ള അനുവാദമെന്നുള്ളത് ഒഴിവാക്കണം. അതുകൊണ്ട് subject to his consent എന്നുള്ളത് ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നേരത്തെ ഞാൻ സംസാരിച്ചപ്പോൾ അവിടെ നിന്നുള്ള ഇടപെടൽ വന്നതുകൊണ്ടാണ് അതിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് പോകാതിരുന്നത്. നമ്മൾ ഈ നിയമത്തിൽ കൊടുക്കുന്ന അധികാരം അദ്ദേഹം വിനിയോഗിച്ചാൽ അതിന് എവിടെ അപ്പീൽ കൊടുക്കും? അതുകൂടി പറയണം. നമ്മൾ ഈ നിയമത്തിൽ കൊടുത്തിട്ടുള്ള അധികാരം പ്രയോഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ഒരു തീരുമാനം എനിക്കെതിരായി വരുന്നുവെങ്കിൽ, അല്ലെങ്കിൽ എന്റെ ഒരു interested party-ക്ക് എതിരായി വരുന്നുവെങ്കിൽ ഞാൻ എവിടെ അപ്പീൽ കൊടുക്കണം?

ശ്രീ. കെ. സി. ജോസഫ്: അതിന് ഹൈക്കോടതിയുണ്ട്, ഡിവിഷൻ ബെഞ്ചുണ്ട്, ഫുൾ ബെഞ്ചുണ്ട്, സുപ്രീം കോടതിയുണ്ട്, എല്ലാമുണ്ട്.

Shri P. Jayarajan: Sir, I move the following amendment:

(313) In clause 7(2) add the words "and issue suggestions for improvements" after the word "University"

സർ, അതിൽ 7(2) The Visitor shall have the right to call for report on any matter pertaining to the affairs of the University എന്നതിനുശേഷം and issue suggestions for improvements എന്നുകൂടി ചേർക്കണം.

Shri M. M. Hassan: Sir, I move the following amendments:

(314) After Clause 7(2)

(1) Add the following at the end namely; "and to give such directions as he deems fit on any matter on which he obtain report.

LIBRARY ARCHIVES Kerala Legislative Assembly

(315) After Clause 7(2) add the following as such clause (3), namely:—

"(3) In case the Visitor gives any direction to the University it shall give effect to such direction within a period of ninety days or show cause why such direction could not be implemented, to the Visitor.

Shri V. D. Satheesan: Sir, I move the following amendment:

(316) In Clause 7 add the following as sub-clause 3, namely:—

"(3) the Visitor shall have the right to attend any meetings of the General Council, Executive Council or the Academic Council"

Shri K. Radhakrishnan: Sir, I move the following amendment:

(295) Sub-clause (1) of clause 7 shall be recast as follows:—

"(1) An eminent lawyer nominated by the Chief Justice of India shall be the Visitor of the University".

മി. ചെയർമാൻ: 299-ാം നമ്പർ ഭേദഗതി ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഇതിൽ നമ്മൾ നേരത്തെ ഇവിടെ ചർച്ച ചെയ്ത സമയത്തും ഈ അമെന്റ്മെന്റിലൂടെ അഡ്രസ്സ് ചെയ്യപ്പെടേണ്ട ഒരു പ്രധാനപ്പെട്ട പ്രശ്നം, അതായത് Chief Justice of India, Visitor എന്നുള്ള നിലയിൽ സമ്മതം തരുന്നില്ലെങ്കിൽ പിന്നെ എന്താണ്, അങ്ങനെയൊരു ആശയക്കുഴപ്പം വരില്ലേ, അത് അവ്യക്തതയുണ്ടാക്കില്ലേ എന്നുള്ള ഒരു പ്രോബ്ലമാണ് ഇതിൽ അഡ്രസ്സ് ചെയ്യേണ്ടത്. ബാക്കി ഭേദഗതികളൊക്കെത്തന്നെ അത് വേണ്ടെന്നു പറയുന്നതും കേരള ചീഫ് ജസ്റ്റിസ് വേണമെന്നുള്ളതുമൊക്കെ നോക്കുമ്പോൾ ഇവിടെ ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതിയുണ്ട്. *Visitor of the University.*— Subject to his consent, the Chief Justice of India or a Senior Justice of the Supreme Court as nominated by him shall be the Visitor of the University". ആ ഭേദഗതി വന്നാൽ ഇതിൽനിന്നും identical ആണ്. അതുകൊണ്ട് ശ്രീ. കെ. സി. ജോസഫിന്റെ അമെന്റ്മെന്റ് എടുത്താൽ ഈ പ്രശ്നത്തിന് പരിഹാരമാകും. അതുകൊണ്ട് 297 അംഗീകരിക്കുന്നു. പിന്നെ ഇവിടെ മൂവ്ചെയ്യപ്പെട്ട മറ്റ് ഭേദഗതികളിൽ ബഹുമാനപ്പെട്ട പി. ജയരാജന്റെ 313 അംഗീകരിക്കുന്നു. ശ്രീ. എം. എം. ഹസ്സന്റെ 314 അംഗീകരിക്കുന്നില്ല, അതേസമയം 315-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. വി. ഡി. സതീശന്റെ മീറ്റിംഗിൽ പങ്കെടുക്കാൻ വിസിറ്റർക്ക് അധികാരമുണ്ടാകുമെന്നുള്ള 316-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. തോമസ് ഉണ്ണിയാടന്റെ 317-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതായത് .... shall preside over the convocations conferring honorary degrees or അതുപോലുള്ളതിൽ വിസിറ്റർക്ക് വേണമെങ്കിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ് എന്നുള്ളതാണ്. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതിയും, ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതിയും, ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതിയും, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതിയും, ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 311, 312 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിച്ച 291, 296 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

Shri K. Radhakrishnan: Sir, I move the following amendment:

(318) In sub-clause (1) of Clause 8 insert the words "An eminent lawyer nominated by" before the words "Chief Justice".

LIBRARY ARCHIVES Kerala Legislative Assembly

Shri K. P. Rajendran: Sir, I move the following amendment:

(319) Sub-clause (1) of Clause 8 shall be recast as follows:—

"(1) The Governor of Kerala State, by virtue of his office, be the Chancellor of the University"

ഗവർണ്ണർ ഓഫ് കേരള, ഏറ്റവും ശക്തമായി ഇവിടെനിന്നും ഉന്നയിച്ച ഒരു കാര്യമാണ്. നേരത്തെ പറഞ്ഞ നിയമത്തിൽ നിന്നും വ്യത്യസ്തമായി. കേരള ചീഫ് ജസ്റ്റീസ് ഇതിന്റെ വൈസ് ചാൻസലറാകണമെന്നത് .... (ബഹളം) .... ഒരു സർവ്വകലാശാല വരുമ്പോൾ അതിന്റെ ഏറ്റവും ഉയർന്ന പദവിയിൽ സംസ്ഥാനത്തെ ഗവർണ്ണറല്ലേ ഇരിക്കേണ്ടത്. ഭരണഘടനാപരമായി ഗവർണ്ണറുടെ പോസ്റ്റ് ഇപ്പോഴുണ്ടല്ലോ. അതിൽ വൈസ് ചാൻസലറെ നിയമിക്കണമെന്നു വച്ചാൽ എങ്ങനെയാണ്? രണ്ടാമത് ഒരു അപകടംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നന്നായിട്ട് അതിനെക്കുറിച്ചു ചിന്തിക്കണം. സെൽഫ് ഫൈനാൻസിംഗ് എന്നു പറയുമ്പോൾ അതുമായി ബന്ധപ്പെട്ട് കേസും പ്രശ്നങ്ങളുമൊക്കെ വരും കോടതിയുടെ കേസ് കേൾക്കേണ്ട ആൾ, ആ സമയത്ത് ഇവിടെ വൈസ്ചാൻസലറായിട്ടു ഇരിക്കുകയാണ്. നമ്മുടെ യൂണിവേഴ്സിറ്റിയിൽ അതിന്റെ സ്റ്റാറ്റ്യൂട്ടിനു വിരുദ്ധമായിട്ടോ ചട്ടങ്ങൾക്കു വിരുദ്ധമായിട്ടോ എന്തെങ്കിലും പ്രശ്നങ്ങൾ വരുമ്പോൾ നമ്മൾ അപ്പീൽ പോകുന്നത് എവിടേയക്കാണ്? നമ്മുടെ അപ്പീൽ പോകേണ്ടത് ചാൻസലർക്കാണ്. ചാൻസലറുടെ ഡിസിഷൻ വളരെ പ്രധാനപ്പെട്ടതാണ്. എത്രയോ തീരുമാനങ്ങൾ നമ്മുടെ പല യൂണിവേഴ്സിറ്റികളിലും വൈസ് ചാൻസലർമാർ എടുത്തിട്ടുണ്ട്, അതിന്റെ നിയമവശങ്ങൾ പരിശോധിച്ചിട്ടുണ്ട്. അപ്പോൾ ഇത്തരമൊരു യൂണിവേഴ്സിറ്റിയിൽ, നമ്മൾ ഒരു നിയമം ഉണ്ടാക്കുമ്പോൾ, ഗവർണ്ണറെ അതിൽ നിന്നും ഒഴിവാക്കേണ്ടതല്ല. അത് ഒന്നുകൂടി അങ്ങ് ആലോചിക്കണം. അതിനുവേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി *Shri T. K. Devakumar:* Sir, I move the following amendment:

(345) Sub-clause (1) of clause 8 shall be recast as follows, namely:—

"(1) A retired Chief Justice of the Supreme Court of India shall be appointed as Chancellor of the University."

സിറ്റിംഗ് ജഡ്ജസ് വരില്ല എന്നുള്ളത് ഒരു വസ്തുതയാണ്. നമ്മുടെ മുമ്പിൽ അതിനൊരുപാട് ഉദാഹരണങ്ങളുണ്ട്. അന്വേഷണ കമ്മീഷനുകൾക്ക് സിറ്റിംഗ് ജഡ്ജിമാരെ ചോദിച്ചാൽ കിട്ടാത്ത സ്ഥിതിവിശേഷം നിലവിലിരിക്കുമ്പോൾ, നമ്മൾ ഇങ്ങനെയൊരു നിർദ്ദേശം വയ്ക്കുന്നത് പ്രായോഗികമാകുമോ? ജഡ്ജിമാരെ ഇപ്പോൾത്തന്നെ പലതിനും കിട്ടുന്നില്ല. അതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Shri Thomas Unniyadan: Sir, I move the following amendments:

(350) In sub clause (2) of section 8, for the words "shall preside" the words "if present shall preside" shall be substituted.

(352) After sub clause (3) of section 8, the following sub clauses shall be added at the end:—

"(4) All the authorities of the university shall be subordinate to the Chancellor.

(5) The Chancellor may, by order in writing, annual any proceedings of any of the authorities of the University which is not in conformity with this Act or the Regulations provided that before making any such order, the Chancellor shall call upon such authority to show cause why such an order should not be made and consider the cause, if any, shown by such authority within a reasonable time.

(6) Every proposal for the conferment of an honorary degree shall be subject to confirmation by the Chancellor.

(7) An appeal shall like to the Chancellor against any order of dismissal passed by the Executive Committee or the Vice-Chancellor against any person in the service of the University.

(8) The Chancellor shall have the power to remove the Vice-Chancellor from office by an order in writing on charges of misappropriation or mismanagement of funds or misbehaviour:

Provided that Vice-Chancellor shall not be removed under this section unless he has been given a reasonable opportunity of showing cause against the action proposed to be taken against him".

Shri M. M. Hassan: Sir, I move the following amendment:

(351) After sub clause (3) of clause 8 the following shall be added as sub clause (4) namely:—

"(4) If the office of the Chief Justice of the high Court of Kerala is vacant the Judge holding the charge of the office of the Chief Justice for the time being shall be the Chancellor of the University".

LIBRARY ARCHIVES Kerala Legislative Assembly

Shri K. C. Joseph: Sir, I move the following amendment:

(353) Clause 8 shall be recast as follows:—

8. *The Chancellor*:— (1) The Governor of Kerala shall by virtue of his office be the Chancellor of the University.

(2) The Chancellor shall be the head of the University and shall when present preside at the meeting of any convocation of the University.

(3) All the authorities of the University shall be subordinate to the Chancellor.

(4) The Chancellor may by order in writing annual any proceedings of any authority of the University which is not in conformity with this Act or the regulations made there under provided that before making any such order the Chancellor shall call upon such authority to show cause why such an order should not be made and consider the cause, if any, shown by such authority within a reasonable time.

(5) The Chancellor shall have the right to suspend or dismiss any authority of the University and to take measures for the interim administration of such authority or the University as the case may be provided that before taking any such action the Chancellor shall give an opportunity to such authority to show cause why such an action should not be taken.

(6) Every proposal for the conferment of an honorary degree shall be subject to confirmation by the Chancellor.

(7) An appeal shall be to the Chancellor against any order of dismissal passed by the Executive Council or the Vice Chancellor against any person in the service of the University.

(8) The Chancellor shall have such other powers as may be conferred on him by or under this Act.

ഈ അമെന്റ്മെന്റ്സിനെല്ലാം പൊതുവായ ഒരു സ്വഭാവമുണ്ട്. ചാൻസലർ ഗവർണ്ണർ ആയിരിക്കണം. അതു സഭയുടെ പൊതുവികാരമാണ്. അതംഗീകരിച്ചാൽ കൊള്ളാം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇഷ്ടത്തിനു വിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Mohammedali: Sir, I move the following amendment:

354. Clause 8 shall be recasted as follows:

8. *The Chancellor*:— (1) The Governor of Kerala shall by virtue of his office be the Chancellor of the University.

(2) The Chancellor shall be the Head of the University and shall when present preside over the meetings of the General Council any convocation of the University.

(3) The Chancellor shall have the power to annual by order in writing any proceedings of any of the authorities of the university which is not in conformity with this Act or the regulation made there under provided that before making any such order the Chancellor shall call up on such authority to show cause why such an order should not be made and consider the cause, if any, shown by such authority within a reasonable time.

(4) The Chancellor shall when an emergency arises have the right to suspend or dismiss any of the authorities of the University and to take measures for the interim administration of the University.

(5) Every proposal for the conferment of an honorary degree shall be subject to the confirmation by the Chancellor.

(6) An appeal shall be to the Chancellor against any order of dismissal passed by the Executive Council or the Vice Chancellor against any person in the service of the University.

(7) The Chancellor shall have such other powers as may be conferred on him by or under this Act.

ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ ഇതു സഭയുടെ പൊതു അഭിപ്രായമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഇതിൽ ജഡ്ജി വരേണ്ട കാര്യമില്ല. അവരെ ബുദ്ധിമുട്ടിപ്പിക്കേണ്ട കാര്യമില്ല. ഗവൺമെന്റിനു ഒരു സേ ഉണ്ടാകണമെങ്കിൽ ഗവർണ്ണറാണ് നല്ലത്. ചീത്ത കീഴ്വഴക്കങ്ങൾ കൊണ്ടുവരേണ്ടതില്ല. വെറുതെ അദ്ദേഹത്തെ ബുദ്ധമുട്ടിപ്പിക്കണ്ട എന്നാണ് ഞാൻ പറയുന്നത്.

എന്റെ അഭിപ്രായവും ശ്രീ. കെ. സി. ജോസഫും ശ്രീ. കെ. മുഹമ്മദാലിയും പറഞ്ഞതുതന്നെയാണ്. ജുഡീഷ്യറിക്ക് അമിതാധികാരം കൊടുക്കരുത്. എക്സിക്യൂട്ടീവിന് അമിത പ്രാധാന്യമുണ്ട്. അതിനെ വില കുറച്ചു കാണിക്കരുത്. അതുകൊണ്ട് ഗവർണ്ണർ തന്നെ ചാൻസലർ ആയിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, ഇവിടെ രണ്ടു പ്രശ്നമുണ്ട്. ഒന്ന്, ഇന്നു നിലവിലിരിക്കുന്ന സംവിധാനത്തിൽ ചീഫ് ജസ്റ്റീസ് ഓഫ് കേരളയാണ് നമ്മുടെ National Law University Concept - ൽ തന്നെയുള്ള അതിന്റെ ചീഫ്. രണ്ട്, ഇതുകൊണ്ടുവരുന്ന സമയത്ത് അദ്ദേഹത്തെ അതിൽനിന്നും ഒഴിവാക്കുന്ന നടപടി ശരിയല്ല. നാഷണൽ ലാ യൂണിവേഴ്സിറ്റി എന്നുള്ള കോൺസപ്റ്റ്, രാജ്യത്തെ മറ്റെല്ലാ സ്ഥാപനങ്ങളിലും ഉള്ളതുപോലെ വിസിറ്റർ എന്നുള്ള നിലയിൽ ചീഫ് ജസ്റ്റീസ് ഓഫ് ഇന്ത്യയും ചാൻസലർ എന്നുള്ള നിലയിൽ കേരളാ ചീഫ് ജസ്റ്റീസും ഉണ്ടാകണം. അതുകൊണ്ട് ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 350, 352 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ: 319-ാം നമ്പർ ഭേദഗതിക്കു ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ — 18

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, ബിനോയ് വിശ്വം
3. ,, വി. കെ. ചന്ദ്രൻ
4. ,, ടി. കെ. ദേവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. കെ. കെ. ജയചന്ദ്രൻ
7. ,, പി. ജയരാജൻ
8. ,, എം. കുമാരൻ
9. ,, കെ. വി. കുഞ്ഞിരാമൻ
10. ,, വി. കെ. സി. മമ്മത്കോയ
11. ,, മത്തായി ചാക്കോ
12. ,, കെ. പി. മോഹനൻ
13. ഡോ. എ. നീലലോഹിതദാസൻ നാടാർ
14. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
15. ,, കെ. രാധാകൃഷ്ണൻ
16. ,, കെ. പി. രാജേന്ദ്രൻ
17. ,, രാജു എബ്രഹാം
18. ,, ടി. പി. രാമകൃഷ്ണൻ

പ്രതികൂലിക്കുന്നവർ — 34

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, എം. എം. ഹസ്സൻ
10. ,, കെ. സി. ജോസഫ്
11. ,, ജോസഫ് എം. പുതുശ്ശേരി
12. ,, പി. ജെ. ജോയി

13. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
14. ,, വി. ജെ. പൗലോസ്
15. ,, ടി. എൻ. പ്രതാപൻ
16. ,, വക്കം പുരുഷോത്തമൻ
17. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ,, എം. വി. രാഘവൻ
19. ,, വർക്കല കഹാർ
20. ,, കെ. എൻ. എ. ഖാദർ
21. ,, കെ. കെ. നായർ
22. ,, ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, കെ. മുഹമ്മദാലി
25. ,, ഇ. ടി. മുഹമ്മദ് ബഷീർ
26. ,, കടവൂർ ശിവദാസൻ
27. ,, സ്റ്റീഫൻ ജോർജ്
28. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
29. ,, തമ്പാനൂർ രവി
30. ,, എൻ. ശക്തൻ
31. ,, വി. ഡി. സതീശൻ
32. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
33. ശ്രീ. തോമസ് ചാഴികാടൻ
34. ,, എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 18

പ്രതികൂലിക്കുന്നവർ — 34

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

Shri K.C. Joseph: Sir, I move the following amendment:

(357) In clause 9(1) for the words "administrating the subject of Education in the State" substitute the words "holding the portfolio of Education in the Government"

Shri Stephen George: Sir, I move the following amendments:

(359) In clause 9(1) for the words "for the time being administrating" substitute the words "who is in charge of"

(366) In clause 9(2) for the word "Pro-Chancellor" substitute the word "Vice Chancellor"

Shri Binoy Viswam: Sir, I move the following amendment:

(360) In clause 9(1) for the words "Minister for the time being administrating the subject of Education" substitute the words "Minister for Law"

ഈ ബില്ല് പൈലറ്റുചെയ്യാൻവേണ്ടി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കാണിക്കുന്ന സാമർത്ഥ്യത്തെയും കഴിവിനെയും ഞാൻ മാനിക്കുന്നു. പക്ഷേ, നിയമ യൂണിവേഴ്സിറ്റി ആയതുകൊണ്ടുതന്നെ എന്റെ ഭേദഗതി, ഇതിന്റെ പ്രോ-ചാൻസിലർ ആകേണ്ടത് നിയമകാര്യമന്ത്രിയായിരിക്കണമെന്നാണ്. എല്ലാംകൊണ്ടും അത് അംഗീകരിക്കപ്പെടേണ്ടതാണ് എന്നാണ് എന്റെ വിശ്വാസം. അത് അദ്ദേഹം മാനിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

Shri K. Mohammadali: Sir, I move the following amendment:

(363) In clause 9(1) add the following at the end "under the provision of this Act"

ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി *Shri T. K. Devakumar*: Sir, I move the following amendment:

(364) Delete sub-clause (2) of Clause 9.

Prof. Savithri Lakshmanan: Sir, I move the following amendment:

(367) After clause 9(2) the following shall be added as sub clause (3).

LIBRARY ARCHIVES Kerala Legislative Assembly

"(3) Any new course of study shall be introduced in or any change is made in the curriculum of the University only with the concurrence of the Pro-Chancellor"

Shri V. D. Satheesan: Sir, I move the following amendment:

(368) In clause 9 after sub clause (2) add a sub clause as (3)

"(3) If the office of the Minister administering the subject of Education in the State is vacant for the time being the Chancellor shall appoint the Chief Secretary to Government as the Pro-Chancellor".

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല. അതു ഇംപ്ലൈഡാണ്. നേരത്തെ പറഞ്ഞിട്ടുള്ള കാര്യമാണ്. With the concurrence of പ്രോ വൈസ് ചാൻസിലർക്ക് അത്ര വലിയൊരു അധികാരം അത്തരം കാര്യങ്ങളിൽ ഉണ്ടാകുന്നതു ശരിയല്ല. അതുകൊണ്ട് സ്വീകരിക്കുന്നില്ല. ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 359, 366 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

10-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(369) In clause 10 delete the words "the Visitor" wherever it occurs.

ശ്രീ. ടി. കെ. ദേവകുമാർ : സർ, എന്റെ ഭേദഗതിയുണ്ട്.

മി. സ്പീക്കർ : അതൊക്കെ മറ്റുള്ള ഭേദഗതിക്ക് സമാനമാണ്. ഒരു വാക്ക് പറഞ്ഞോളൂ.

ശ്രീ. ടി. കെ. ദേവകുമാർ : ഇതിൽ രണ്ടുപേർക്കും അധികാരം കൊടുത്തിരിക്കുകയാണ്. The Visitor and the Chancellor have the following powers namely........ഒരാൾ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എന്ന് കൊടുത്തിരിക്കുന്നു. ഇതിൽ വിസിറ്റർ എന്നുള്ളത് ഒഴിവാക്കേണ്ടതാണ്. ഗവർണ്ണറെ ചാൻസലറാക്കാൻ ആവശ്യപ്പെട്ടിട്ട് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വാശിപിടിച്ച് അതിന് സമ്മതിച്ചിട്ടില്ല. അപ്പോൾ വിസിറ്ററെ ഒഴിവാക്കേണ്ടതാണ്. ഞാൻ ഭേദഗതി അവതരിപ്പിക്കുന്നില്ല.

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(373) In clause 10(1)(a), for "as requested under the provisions of this Act" substitute "anything not inconsistent with the provisions of this Act".

(375) In clause 10(1)(b) for "as he may direct" substitute "as he may by order in writing direct"

(384) In clause 10(4),—

(1) for "such action" substitute "on the result and suggestions for action thereon"

(2) "For Executive Council shall communicate" substitute "the Executive Council shall after considering it"

373-ാമത്തെ ഭേദഗതി ക്ലാരിറ്റി കിട്ടുന്നതിനുവേണ്ടിയാണ്. 384-ാമത്തെ ഭേദഗതിയിൽ രണ്ട് ഭാഗത്തും "on the result and suggestions for action thereon", "the Executive Council shall after considering it" എന്നാക്കണം. ഇല്ലെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റി വെറും നാമമാത്രമായ ഒരു ബോഡിയായി മാറും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(374) In clause 10(1)(a) for the words "under the provisions of this Act and regulations made thereunder" substitute "for effectively implementing the provisions of this Act".

(378) After clause 10(1)(c) insert the following as (d)

"(d) to suspend or dismiss any of the authorities of the University and to take measures for interim administration of the University, when an emergency occurs;"

(390) In clause 10(5) delete the words "after considering any explanation furnished or representation made by the Executive Council"

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(380) In clause 10(2) after "one of its officers" add "or a nominee"

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(381) In clause 10(2) in 3rd line after the words "the University" add the words "shall render all assistance for the inspection or enquiry and"

(387) In clause 10(5) for the words "within a reasonable time take action" substitute "within reasonable time comply with the advice"

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(382) Add the following as new sub clause (2A) after clause 10(2)

"(2A) The person or persons who conducts or conduct the inspection or enquiry shall afford all opportunities to the officer or nominee representing the University for being heard or he or they shall consider all the records furnished by him."

(385) In clause 10 (4) add the following as sub clause (4A)

"(4A) If, however, on considering the result together with the advice referred to in sub-section (3) and the Comments of the Vice Chancellor

LIBRARY ARCHIVES Kerala Legislative Assembly

thereon with his suggestion for action, the Executive Council is of the view that the result and advice be rejected it may reject it and direct the Vice Chancellor to give the Chancellor or the Visitor as the case may be convincing grounds for such rejection."

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(386) In clause 10(5) delete the words "and the Executive Council shall comply with such direction" and insert the following at their place "to the Executive Council for complying with the direction within a period of six months and a copy each of the result and advice referred to in sub-section (3) and the direction referred to in this section to the Government for making the Executive Council to comply with the direction".

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(388) In sub clause (5) of clause 10 add the words "and report the matter to the General Council" after the word "directions"

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(389) In clause 10(5) delete the words "the Visitor or" in the second and third lines, and the words "as the case may be"

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* :

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതിയും 387-ാം നമ്പർ ഭേദഗതിയും ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതിയും 385-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 381, 387 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 382, 385 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 373, 375, 384 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 374, 378, 390 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

11-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(391) In clause 11(iv), for the words "such other bodies" the words "such other authorities" shall be substituted.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : ഇല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

മി. സ്പീക്കർ : മന്ത്രിയുടെ ഒഫിഷ്യൽ അമെന്റ്മെന്റ് അവതരിപ്പിക്കാം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* :

(820) The existing clause 12 shall be substituted as follows:

LIBRARY ARCHIVES Kerala Legislative Assembly

12. *The General Council.*— The General Council shall be the plenary authority of the University and shall consist of the following members, namely:—

(i) The Chancellor;

(ii) The Pro-Chancellor;

(iii) The Vice-Chancellor;

(iv) The Minister for Law, Government of Kerala;

(v) The Member of Parliament representing the Constituency where the headquarters of the University is located;

(vi) The member of the Legislative Assembly representing the area in which the headquarters of the University is located;

(vii) Three members of the Legislative Assembly elected by the members of the Kerala Legislative Assembly;

(viii) Mayor of the Kochi Corporation;

(ix) Two sitting Judges of the High Court of Kerala nominated by the Chancellor;

(x) The Principal Secretary, Higher Education Department, Government of Kerala;

(xi) The Law Secretary, Government of Kerala;

(xii) The Advocate General of Kerala;

(xiii) The Chairman, Bar Council of India or his nominee;

(xiv) Five members of the Bar Council of Kerala nominated by the Chancellor;

(xv) The Managing Trustee of the Trust;

(xvi) The Dean of Faculty of Law, Cochin University of Science and Technology;

GPM. 2/609/2012—59

LIBRARY ARCHIVES Kerala Legislative Assembly

(xvii) The Principal of a Government Law College in Kerala;

(xviii) The President, Kerala High Court Advocates Association;

(xix) Not more than five members nominated by the Bar Council of Kerala Trust from among Advocates having ten years standing at the Bar of which one shall be a woman and one shall be from Scheduled Castes or Scheduled Tribes and Ex-Bar Council members and not more than four members nominated by the Government from among Educational Experts and Technical Experts of which one member shall be a woman and (***) one shall be from Scheduled Caste or Scheduled Tribes;

(xx) One Senior Advocate of the Supreme Court nominated by the Chancellor

(xxi) Two senior members of the Teaching Faculty of the University, nominated by the Vice-Chancellor;

(xxii) Three students of the University, nominated by the Vice-Chancellor on the basis of academic merit, of which one shall be a woman and one shall be from Scheduled Castes or Scheduled Tribes;

(xxiii) Such other members of the Executive Council who are not otherwise members of the General Council.

ശ്രീ. കെ. പി. മോഹനൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(392) In clause 12 after item (ii) add the following:

"(iii) The Pro Vice-chancellor";

(490) Clause 12 (xx) shall be recast as follows:

"(xx) five students of the university, from among full-time students of whom one shall be a research scholar, one shall be the student of a professional college and one shall be the student of high proficiency in sports and one shall be a woman and one shall be from Scheduled Castes or Scheduled Tribes."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി *(ശ്രീ. സ്റ്റീഫൻ ജോർജ്):* സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(393) Clause 12(iv) shall be recast as follows:

"The Minister for the time being administering the Subject of Law in this State";

(412) In Clause 12 (viii) for the words "nominated by the Chancellor" the words "nominated by the Chief Justice of Kerala" shall be substituted.

(432) Clause 12 (xiii) shall be recast as follows: "(xiii) Two members of the Bar Council of Kerala nominated by the Bar Council".

(439) Delete clause 12 (xiv)

(463) In clause 12 (xviii) for the words "nominated by the Bar Council of the Kerala Trust" the words "nominated by the Bar Council of Kerala" shall be substituted.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(394) Clause 12(v) shall be recast as follows:

"(v) Two Members of Lok Sabha elected by the Lok Sabha as is being done in the case of Sree Chitra Thirunal Institute of Medical Sciences, Thiruvananthapuram".

(400) Clause 12(vi) shall be recast as follows"

"(vi) Five Members of the Kerala Legislative Assembly elected from among themselves of which one of them shall belong to Scheduled Castes/ Scheduled Tribes".

(414) In Clause 12 (viii) after the word "Chancellor" deleting column and the following shall be added "in consultation with the Chief Justice of Kerala".

(431) In clause 12 (xiii) substitute the words "Five members" instead of "All members" and deleting the colon after "Kerala" and add the following: "elected by it".

LIBRARY ARCHIVES Kerala Legislative Assembly

(453) Clause 12 (xvi) shall be recast as follows:

"(xvi) One person from the Principals in the existing Law Colleges of Kerala elected by them:"

(470) Clause 12 (xviii) shall be recast as follows:

"(xviii) Ten members elected from the Advocates enrolled and listed with the Bar Council of Kerala having at least Fifteen years standing at the Bar of which one shall be a woman and one shall be from the Scheduled Castes or Scheduled Tribes and three shall be from the socially and educationally Backward Communities braketed separately in the reservation system of the Kerala Public Service Commission".

(474) clause 12 (xix) shall be recast as follows:

"(xix) Government shall nominate five members, among educational experts and technical experts of which one member shall be a woman, one shall be from Scheduled Castes or Scheduled Tribes and one shall be from Socially and Educationally Backward Communities."

(491) Clause 12 (xx) shall be recast as follows:

"(xx) Five students of the University elected from them of which one shall be a woman and one shall be from Scheduled Castes or Scheduled Tribes."

(497) Clause 12 (xxi) shall be deleted.

(764) In Clause 26 (2) for "appointed by the Executive Council on such terms as may be specified by order" substitute "appointed by the Executive Council by order in writing or by a contract on such terms and conditions as may be specified in the order".

LIBRARY ARCHIVES Kerala Legislative Assembly

Shri K. Babu : Sir, I move the following amendment:—

(765) In Clause 26 (5) (a) after "direction and orders of the" add "General Council,"

Shri T. N. Prathapan : Sir, I move the following amendment: —

(766) In Clause 26 (5) (f) add the following at the end "immediately after preparation".

Shri M. Prakashan Master: Sir, I move the following amendment:—

(769) In Clause 26 add the following proviso to subclause 6 namely:—

> "Provided that a vacancy of the post of Registrar shall be filled within a period of two months from the date on which the vacancy arises".

യൂണിവേഴ്സിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലക്കാരനാണ് രജിസ്ട്രാർ. രജിസ്ട്രാറിന്റെ യോഗ്യതയെ സംബന്ധിച്ചും രജിസ്ട്രാറെ എങ്ങനെ നിശ്ചയിക്കണം എന്നതിനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ യോഗ്യതയെക്കുറിച്ചുമെല്ലാം വളരെ വിശദമായി പറയുന്നുണ്ട്. പക്ഷേ, രജിസ്ട്രാർ ഇല്ലാതിരിക്കുന്ന ഒരവസ്ഥ ഈ നിയമം അനുസരിച്ച് ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് രജിസ്ട്രാറുടെ പോസ്റ്റ് ഒരു കാരണവശാലും രണ്ട് മാസത്തിൽ അധികം ഫിൽ ചെയ്യപ്പെടാതെ കിടക്കരുത് എന്നുള്ളതിനെ സംബന്ധിച്ച് വ്യവസ്ഥയുണ്ടാകണം. ആ വ്യവസ്ഥ മുന്നോട്ട് വയ്ക്കുന്നതിനുവേണ്ടിയിട്ടാണ് 769-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ഇതിലൊന്നും കാര്യമില്ല. ഇതൊക്കെ അഡ്മിനിസ്ട്രേറ്റീവായി ചെയ്യേണ്ട സംഗതികളാണ്. നിയമഭേദഗതിയായി വരേണ്ട കാര്യമില്ല. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 763, 767 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 764-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 766-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

27-ാം വകുപ്പ്

Shri Stephen George for *(Sri Thomas Unniyadan)*: Sir, I move the following amendment:—

(771) In clause 27, the following sub-clause shall be inserted, namely:—

"(3) The Finance Officer shall be a whole time salaried Officer of the University and shall exercise such other powers and performs such other duties as may be prescribed by the Regulations".

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. സ്റ്റീഫൻ ജോർജ്ജ് അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

Shri K.C. Joseph : Sir, I move the following amendment:—

(772) After clause 27 add the following as Clause 27 A namely:—

"27 A— The Controller of Examinations— (1) The Controller of Examinations shall be a whole time salaried officer of the University and shall be appointed by the Executive Council for such period and on such terms as may be prescribed by regulations made under this Act.

(2) The Controller of Examinations shall exercise such powers and perform such duties as may be prescribed by regulations".

ഈ ബില്ലിൽ കൺട്രോളറുടെ പേര് പറഞ്ഞിട്ടില്ല. രജിസ്ട്രാർ ഉണ്ട്, ഫിനാൻസ് ഓഫീസർ ഉണ്ട്. യൂണിവേഴ്സിറ്റിയുടെ പരീക്ഷ നടത്താൻവേണ്ടി കൺട്രോളറുടെ ഓഫീസ് അനിവാര്യമാണ്. അതുകൊണ്ടാണ് 772-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നത്. The Controller of Examinations shall be a whole time salaried officer of the University and shall be appointed by the Executive Council for such period and on such terms as may be prescribed by regulations made under this Act. The Controller of Examinations shall exercise such powers and perform such duties as may be prescribed by regulations". ഇത് ഒഴിവാക്കാനാകാത്ത ക്ലാസാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

27-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

28-ാം വകുപ്പ്

Shri Stephen George: Sir, I move the following amendment:—

(774) After clause 28, for the words "under a written contract setting out the condition of service as may be prescribed by regulations, which shall be lodged with the University and a copy thereof furnished to the officer or employee concerned" substitute words "on the basis of a written test and interview, if necessary, by the University".

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. സ്റ്റീഫൻ ജോർജ്ജ് അവതരിപ്പിച്ച 774-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

29-ാം വകുപ്പ്

Shri P. Jayarajan : Sir, I move the following amendment:—

(778) In clause 29 (1) (g) add the words "with the approval of the Government" after the word "source".

യൂണിവേഴ്സിറ്റിയുടെ ഫണ്ട് സംബന്ധിച്ചാണ് 29-ാം വകുപ്പിൽ പറയുന്നത്. ഇതിൽ നേരത്തെ പറഞ്ഞതുപോലെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിൽനിന്നുള്ള ഗ്രാന്റും അതുപോലെ സംഭാവനയും വരുന്നുണ്ട്. (a) any contribution or grant made by the Central or State Government; (b) any contribution or grant made by the University Grants Commission; (c) any contribution made by the Bar Council of India; (d) any contribution made by the Bar Council of Kerala, the Trust or other State Bar Councils; (e) any bequests, donations, endowments or other grants made by private individuals and other Trusts, public or private; (f) income received by the

LIBRARY ARCHIVES Kerala Legislative Assembly

University from fees and charges; (g) amounts received from any other source ഇതെല്ലാം വരുന്നുണ്ട്. അതിനുശേഷം (ജി) ആയി ചേർത്തിട്ടുള്ളത് amounts received from any other source എന്നാണ്. അത് സർക്കാരിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി, ഇങ്ങനെ ബാക്കിയെല്ലാം പറഞ്ഞിട്ട് അതിനപ്പുറം ഏത് സോഴ്സിൽനിന്നുള്ള തുക സ്വീകരിക്കുക എന്നു പറയുന്നത് സ്വാഭാവികമായിട്ടും അത് വ്യവസ്ഥപ്പെടുത്തണം. വ്യവസ്ഥയുടെ ഭാഗമായിട്ട് നിർദ്ദേശിക്കുന്നത് with the approval of the Government എന്നുള്ളതാണ്. ബാക്കിയെല്ലാം ഫീസും ചാർജ്ജുകളും പറയുന്നുണ്ട്. ഡൊണേഷൻസ് പറയുന്നുണ്ട്. ഇതെല്ലാം പറഞ്ഞതിനുശേഷം മറ്റു സോഴ്സുകളിൽനിന്നുള്ള എല്ലാ തുകകളും എന്ന് പറയുന്നത് അത് ഗവൺമെന്റ് അംഗീകാരത്തോടുകൂടി വേണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri K. P. Rajendran : Sir, I move the following amendment:—

(779) Clause 29 (1) (g) shall be recast as follows, namely:—

"(g) Amount received from other external agencies with the approval of the Executive Council."

Shri Stephen George: Sir, I move the following amendment:—

(780) In clause 29 (2) for the word 'scheduled' substitute the word 'nationalised'.

Shri M. Prakashan Master : Sir, I move the following amendment:—

(783) In clause 29 (2) insert the words "or Co-operative banks" in between the words "banks" and "as may be".

ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് ബാങ്ക്. സ്റ്റേറ്റ് ബാങ്കും ഇതിന്റെ ഭാഗമായി വരുന്നതാണ്. ഈ സ്ഥാപനങ്ങളെ അക്കൗണ്ട് തുടങ്ങുന്നതിൽനിന്നും ഒഴിവാക്കിയത് അംഗീകരിക്കാൻ കഴിയുന്നതല്ല. ആ നിലയ്ക്ക് കോ-ഓപ്പറേറ്റീവ് ബാങ്കുകളെക്കൂടി നാഷണലൈസ്ഡ് ബാങ്കുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ നിർദ്ദേശം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ശ്രീ. ജയരാജൻ ചൂണ്ടിക്കാണിച്ചിട്ടുള്ള ഫണ്ടിനെ സംബന്ധിച്ചിടത്തോളം internal resource mobilisation-ന്റെ ഭാഗമായി അവർ സ്വരൂപിക്കുന്നത് any other source എന്നുള്ളതിൽനിന്ന് ഗവൺമെന്റ് ഒരു സമ്മതം വാങ്ങി എന്നു പറയുന്നത് പ്രായോഗികമല്ല. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടേണ്ട കാര്യമില്ല. അതുകൊണ്ട് അത് സ്വീകരിക്കുന്നില്ല. മറ്റു ഭേദഗതികളും സ്വീകാര്യമല്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 778-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 783-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

30-ാം വകുപ്പ്

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

31-ാം വകുപ്പ്

Shri T. K. Devakumar for *(Sri. Kodiyeri Balakrishnan).* Sir, I move the following amendment:—

(786) In clause 31 (2) for the words "by the auditors appointed by Executive Council" substitute the words "by the Examiner of Local Fund Accounts".

ഇതിനകത്തുള്ള ഒരു പ്രധാന ആവശ്യം പറഞ്ഞിരിക്കുന്നത് by the auditors appointed by Executive Council അത് ഭേദഗതി ചെയ്യണം. ഇപ്പോൾ ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ലോക്കൽ ബോഡീസിന്റെ ഓഡിറ്റ് വന്നിട്ടുള്ളത് Examiner of the Local Fund audit എന്നാണ്. ലോക്കൽ ഫണ്ടിന്റെ ഓഡിറ്റായിരിക്കും വ്യവസ്ഥാപിതമായിട്ടുള്ളത്. ഗവൺമെന്റിന് ഓഡിറ്റ് റിപ്പോർട്ട് കിട്ടും. അസംബ്ലിയിൽ വരും. അതുകൊണ്ടാക്കെത്തന്നെ കുറ്റമറ്റതായി കുറേ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള സംവിധാനമായ ലോക്കൽ ഫണ്ട് ഓഡിറ്റിനെക്കൊണ്ടുതന്നെ നിർദ്ദിഷ്ട യൂണിവേഴ്സിറ്റിയുടെ കണക്ക് ഓഡിറ്റ് ചെയ്യിക്കണം.

Shri T. N. Prathapan : Sir, I move the following amendment:—

(788) In clause 31 (4) add the following words at the end 'for being passed by it'.

വിദ്യാഭ്യാസവകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ അവതരിപ്പിച്ച 786-ാം നമ്പർ ഭേദഗതിക്ക് വോട്ടെടുപ്പ് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ — 18

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, എ. എ. അസീസ്
3. ,, വി. കെ. ചന്ദ്രൻ
4. ,, ടി. കെ. ദേവകുമാർ
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. കെ. കെ. ജയചന്ദ്രൻ
7. ,, പി. ജയരാജൻ
8. ,, കെ. വി. കുഞ്ഞിരാമൻ
9. ,, വി. കെ. സി. മമ്മത് കോയ
10. ,, മത്തായി ചാക്കോ
11. ,, കെ. പി. മോഹനൻ
12. ,, എ. സി. മൊയ്തീൻ
13. ,, എം. പ്രകാശൻ മാസ്റ്റർ
14. ,, കെ. രാധാകൃഷ്ണൻ
15. ,, കെ. പി. രാജേന്ദ്രൻ
16. ,, ടി. പി. രാമകൃഷ്ണൻ
17. ,, കെ. പി. സതീശ്ചന്ദ്രൻ
18 ,, എ. സി. ഷൺമുഖദാസ്

പ്രതികൂലിക്കുന്നവർ — 34

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ,, ഇ. എം. അഗസ്തി
3. ,, കെ. ബാബു
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, ഡൊമിനിക് പ്രസന്റേഷൻ
8. ,, ജോർജ്ജ് ജെ. മാത്യു
9. ,, എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. കെ. സി. ജോസഫ്
11. „ ജോസഫ് എം. പുതുശ്ശേരി
12. „ ഉമ്മൻ ചാണ്ടി
13. „ എം. കെ. പോൾസൺ മാസ്റ്റർ
14. „ വി. ജെ. പൗലോസ്
15. „ ടി. എൻ. പ്രതാപൻ
16. „ വക്കം പുരുഷോത്തമൻ
17. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. „ എം. വി. രാഘവൻ
19. „ കെ. കെ. നായർ
20. „ ലൂഡി ലൂയിസ്
21. „ സി. മമ്മൂട്ടി
22. „ കെ. മുഹമ്മദാലി
23. „ ഇ. ടി. മുഹമ്മദ് ബഷീർ
24. „ കെ. കെ. ഷാജു
25. „ കടവൂർ ശിവദാസൻ
26. „ സ്റ്റീഫൻ ജോർജ്
27. „ സി. എഫ്. തോമസ്
28. „ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
29. „ തമ്പാനൂർ രവി
30. „ ടി. പി. എം. സാഹിർ
31. „ വി. ഡി. സതീശൻ
32. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
33. ശ്രീ. തോമസ് ചാഴികാടൻ
34 „ എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ — 18

പ്രതികൂലിക്കുന്നവർ — 34

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 786-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 788-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

32-ാം വകുപ്പ്

Shri Stephen George : Sir, I move the following amendment:—

(789) In clause 32 (2) after the words "General Council" and before the words "shall be submitted" insert the words "and the documents specified in section 30 (4)".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. സ്റ്റീഫൻ ജോർജ്ജ് അവതരിപ്പിച്ച 789-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

33-ാം വകുപ്പ്

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

34-ാം വകുപ്പ്

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

35-ാം വകുപ്പ്

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

36-ാം വകുപ്പ്

Shri K. C. Joseph: Sir, I move the following amendment:—

(794) In clause 36, delete the words "or inabsentia:" appearing after the words "in person".

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 794-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

37-ാം വകുപ്പ്

Shri V. D. Satheesan: Sir, I move the following amendment:—

(796) In clause 37 (i) for "the academic council or on its own motion" substitute "the Chancellor".

Shri T. K. Devakumar for *(Shri Kodiyeri Balakrishnan):* Sir, I move the following amendment:—

(798) In clause 37 (i) for the words "the cause of education" substitute "the cause of legal education".

നിയമവിദ്യാഭ്യാസരംഗത്തെ ഉന്നതർക്ക് Honorary degree കൊടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. മറ്റുള്ളവർക്ക് കൊടുക്കാൻ വേറെ യൂണിവേഴ്സിറ്റിയുണ്ട്. അതുകൊണ്ട് Honorary degree കൊടുത്ത് ആദരിക്കുമ്പോൾ അത് നിയമ വിദ്യാഭ്യാസരംഗത്തെ ആളുകൾക്ക് ആയിരിക്കണം എന്നുള്ളതാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം. അതുകൊണ്ട് അതിനകത്ത് legal education എന്ന് ഭേദഗതി ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 798-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. 796-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 798-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 796-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

38-ാം വകുപ്പ്

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

39-ാം വകുപ്പ്

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

40-ാം വകുപ്പ്

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

41-ാം വകുപ്പ്

Shri K. P. Rajendran : Sir, I move the following amendment:—

(805) In clause 41 after sub-clause (1) the following shall be included as "sub-clause 2" and the remaining sub-clause shall be re-numbered accordingly:—

"(2) All Law Colleges affiliated with the traditional Universities of Kerala from the date of commencement of this Act, shall stand affiliated with the University and shall cease to be an affiliated colleges of the respective Universities."

സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റി നിലവിൽ വരുന്നു. എന്നാൽ കേരളത്തിലുള്ള മറ്റ് ലോ കോളേജുകൾ അതിൽ ഉൾപ്പെട്ടിട്ടില്ല. അതൊരു പ്രതിസന്ധിയല്ലേ ഉന്നതവിദ്യാഭ്യാസ പഠനരംഗത്ത് ഉണ്ടാക്കാൻ പോകുന്നത്? നിയമ പഠനവുമായി ബന്ധപ്പെട്ട് ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഞങ്ങൾ എതിർത്താലും അത് പാസ്സായിപ്പോകും. അത് പാസ്സായിപ്പോകുന്നപ്രകാരം ചീഫ് ജസ്റ്റിസും അതുപോലെ ഉന്നതരായ മറ്റ് പണ്ഡിതന്മാരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി നിയമ സർവ്വകലാശാലയിൽ വരുകയും മറ്റ് ലാ കോളേജുകളൊക്കെ ട്രഡീഷണൽ യൂണിവേഴ്സിറ്റിയുടെ കൂടെ നിൽക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന ചില വൈഷമ്യങ്ങൾ തരണം ചെയ്യേണ്ടതുണ്ട്. ഈ ആക്ട് പാസ്സാക്കുമ്പോൾ ഏത് വിധത്തിലുള്ള വൈഷമ്യങ്ങളാണ് തരണം ചെയ്യാൻ കഴിയുക? മറിച്ച് സെൽഫ് ഫിനാൻസിംഗ് ഇല്ലായിരുന്നെങ്കിൽ തീർച്ചയായും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലുള്ള മുഴുവൻ ലാ കോളേജുകളും ചേർന്ന് ഒരു നിയമ സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കുക എന്നു പറഞ്ഞാൽ അത് ഉന്നതമായ ലക്ഷ്യങ്ങളോടുകൂടി ആയിരിക്കും. ഇവിടെ മറിച്ചാണ് സംഭവിക്കുന്നത്. ഇത് അംഗീകരിക്കാൻ സാധ്യതയില്ലെന്ന് അറിയാം. എന്നാലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം കേൾക്കാൻ താൽപ്പര്യമുണ്ട്.

Shri T. K. Devakumar for *(Shri Kodiyeri Balakrishnan)*: Sir, I move the following amendments:—

(807) Delete sub-clause (3) of clause 41.

(813) In sub-clause (5) of clause 41, after words "and take the examinations under the university" add the words "on the same conditions and fees structure prevailing on the date of commencement of this Act".

ഇവിടെ ക്ലാസ്സ് 41-ലെ 3-ാം സബ് ക്ലാസ്സിൽ — ശ്രീ. മത്തായി ചാക്കോ വളരെ ഗൗരവമായി ചൂണ്ടിക്കാണിച്ച വിഷയമാണ് — ഇത് ഒന്നുകൂടി ചർച്ചയ്ക്ക് വിധേയമാക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം ഒരു സർക്കാർ ഉത്തരവിലൂടെ തിരുവനന്തപുരത്തെ ലാ കോളേജ് ഉൾപ്പെടെയുള്ള ലാ കോളേജുകളും, കേരള യൂണിവേഴ്സിറ്റിയുടെ ലാ ഡിപ്പാർട്ടുമെന്റും സ്വാശ്രയ യൂണിവേഴ്സിറ്റിക്ക് വേണമെങ്കിൽ ഒരു ഉത്തരവിലൂടെ മാറ്റംചെയ്യാൻ കഴിയുന്ന രൂപത്തിലാണ് 41(ബി) എന്ന സബ്ക്ലോസ്സ് കാണുന്നത്. ഇത് ദുർവിനിയോഗം ചെയ്യാൻ ഇടയുണ്ട്. അതുകൊണ്ട് 41(ബി) ഒന്നുകൂടി പരിശോധിക്കണം. സബ്ജക്ട് കമ്മിറ്റിയിലും ഭിന്നാഭിപ്രായം വന്ന ക്ലോസ്സ് ആണ്.

Shri K. Babu : Sir, I move the following amendments:—

(810) In clause 41 (5) delete the word "immediately"

(814) Recast clause 41(6) as follows:—

> "(6) the regulations, schemes and syllabus for the B.A.L.L.B. (Hons.) degree course of the Cochin University of Science and Technology shall be followed by the university until the regulations and syllabus for the said course is framed or modified by the university as per the provision of this Act."

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: ശ്രീ. കെ. ബാബു അവതരിപ്പിച്ച 810-നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രന്റെ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. കാരണം അത് സ്വീകരിച്ചാൽ ഈ ബില്ലിന്റെ ആത്മാവ്തന്നെ ഹനിക്കപ്പെടും. മറ്റ് ഭേദഗതികളും സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു അവതരിപ്പിച്ച 810-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. 814-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 805-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 807, 813 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

42-ാം വകുപ്പ്

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

43-ാം വകുപ്പ്

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

44-ാം വകുപ്പ്

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

45-ാം വകുപ്പ്

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

46-ാം വകുപ്പ്

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

47-ാം വകുപ്പ്

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri Stephen George for *(Shri Thomas Unniyadan)*: Sir, I move the following amendment:—

(90) In the first paragraph of the Preamble for the words "in each State of an Institution" the words "in each State an institution" shall be substituted.

Prof. Savithri Lekshmanan: Sir, I move the following amendment —

(80) In the Long title, for the words "incorporate a university" substitute "to incorporate a unitary university".

Shri T. K. Devakumar for *(Shri Kodiyeri Balakrishnan)* : Sir, I move the following amendments:—

(84) In the long title for the words "to merge" substitute the words "to convert".

(107) In the 5th paragraph of the Preamble, for the words "as a Self Financing University" substitute the words "as a Law University".

(125) In the seventh paragraph of the preamble for the words "on self finance basis" substitute the words "on no profitbasis".

(128) In clause 1(1) for the words "National University of Advanced Legal Studies Act, 2005" substitute the words "Cochin University of Law Act, 2005".

1984-ൽ കൊച്ചി ലാ കോളേജ് യൂണിവേഴ്സിറ്റിയിൽ മെർജ് ചെയ്യണം എന്നു പറയുന്നു. യഥാർത്ഥത്തിൽ മെർജ് ചെയ്യുകയല്ല. കൊച്ചി ലാ കോളേജ് സെൽഫ് ഫിനാൻസിംഗ് കോളേജാക്കി മാറ്റുകയാണ്. അതാണ് ഈ നിയമം പാസ്സാക്കുന്നതോടുകൂടി സംഭവിക്കുന്നത്. മെർജ് ചെയ്യുക എന്നതിനു പകരം കൺവെർട്ട് ചെയ്യണം എന്നതാണ് എന്റെ ഭേദഗതി.

സ്വാശ്രയ യൂണിവേഴ്സിറ്റി എന്നതിനു പകരം ലാ യൂണിവേഴ്സിറ്റി എന്ന് ആക്കണം. സ്വാശ്രയ എന്ന വാക്ക് മാറ്റണമെന്നാണ് 107-ാം നമ്പർ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്.

GPM. 2/609/2012—69

LIBRARY ARCHIVES Kerala Legislative Assembly

സെൽഫ് ഫിനാൻസിംഗ് എന്ന പ്രയോഗം മാറ്റി on no profit basis എന്നാക്കണമെന്നാണ് എന്റെ 125-ാം നമ്പർ ഭേദഗതി.

Shri K. P. Rajendran : Sir, I move the following amendments:—

(88) The long title shall be recast as follows:—

> "A bill to establish and incorporate a university at Kochi and to merge the National Institute for Advanced Legal Studies at Kochi established by the Bar Council of Kerala Trust for imparting high standard legal education and legal research in Kerala and for matters connected therewith or incidental thereto".

സെൽഫ് ഫിനാൻസിംഗ് എന്നുള്ളതും മാറ്റണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സെൽഫ് ഫിനാൻസിംഗ് എടുത്തുകളയണം, സർക്കാർ കാശ് കൊടുക്കണമെന്നുള്ളതാണോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർക്കാരിന്റെ പൊതു ഉടമസ്ഥതയിൽ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്നുള്ളതാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: പ്രത്യേകം ചില ആളുകൾക്ക് സർക്കാരിന്റെ കാശ് കൊടുക്കണമെന്നാണോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആശയക്കുഴപ്പമുണ്ടാക്കേണ്ട. കേരളത്തിൽ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കുക. മറ്റ് ട്രഡീഷണൽ യൂണിവേഴ്സിറ്റികളെപ്പോലെ, കേരള യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, എം. ജി. യൂണിവേഴ്സിറ്റി, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ഒക്കെപ്പോലെ നിയമപഠനത്തിനായി സർവ്വകലാശാല രൂപീകരിക്കുക. കേരളത്തിലുള്ള അഫിലിയേറ്റഡ് കോളേജുകളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഉന്നതനിലവാരമുള്ള സർവ്വകലാശാല എന്ന വലിയ ലക്ഷ്യമാണ് നമ്മൾ വിഭാവനം ചെയ്യുന്നത്. നമ്മൾ തമ്മിൽ വളരെ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ആ അഭിപ്രായവ്യത്യാസം വേണംതാനും. നിങ്ങളും ഞങ്ങളും തമ്മിൽ യോജിക്കേണ്ട കാര്യമില്ല. ഞങ്ങൾ ഈ ബില്ലിൽ ഇത്രമാത്രം ഭേദഗതികൾ അവതരിപ്പിച്ചതും അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട സുഹൃത്തുക്കൾ അത് ഉൾക്കൊണ്ടുകൊണ്ട് കുറേ നല്ല ഭേദഗതികൾ അവതരിപ്പിച്ചതും കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് സെൽഫ് ഫിനാൻസിംഗും കച്ചവട താൽപ്പര്യങ്ങളും ഒഴിവാക്കി നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം സംരക്ഷിക്കുക എന്നുള്ള ഉന്നത ലക്ഷ്യത്തോടെയാണ്. ഇതിൽ കുറച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. ആ വ്യത്യാസം നിലനിൽക്കും. ആ വ്യത്യാസം പറയുമ്പോൾ ഞങ്ങളെ 'പിന്തിരിപ്പന്മാർ' എന്നു പറയുന്നതുകൊണ്ട് ഞങ്ങൾക്ക് പ്രത്യേകിച്ച് വിഷമമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഇത് കേൾക്കാൻ ഞങ്ങൾ തയ്യാറാണ്. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു. മൂന്നാംവായനയിൽ സംസാരിക്കാൻ അവസരം കിട്ടുമെന്നതുകൊണ്ട് ഞാൻ എന്റെ രണ്ട് ഭേദഗതികളും മൂവ് ചെയ്യുന്നു.

Shri Stephen George : Sir, I move the following amendment:—

(91) In the second paragraph of the preamble delete the word 'professional'.

Shri K. C. Joseph : Sir, I move the following amendment:—

(94) In the preamble, in paragraph 2, for "modelled on the lines of the National Law School of India University" substitute "on the lines of the National Law School of India University".

Shri V. D. Satheesan : Sir, I move the following amendment:—

(98) In the preamble in paragraph 3, for "maintenance and running of" substitute "maintenance running and development of".

Shri M. M. Hassan : Sir, I move the following amendment:—

(101) In paragraph 4 of the preamble for "recognized by the Cochin University" substitute "recognized by the Cochin University of Science and Technology".

Shri M. A. Vaheed : Sir, I move the following amendments:—

(129) Clause 1(1) shall be recast as follows:

"(1) This Act may be called the National University of Legal Studies Act, 2005".

(132) Clause 1(2) shall be recast as follows:—

"(2) It shall come into force at once".

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതിയും ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 80-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 84, 107, 125, 128 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 88, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 94-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 129, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി)*: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: സർ, ഇന്നു മുഴുവൻ വളരെ ഗൗരവമായി, വിശദമായി നിയമ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചുള്ള ചർച്ചയാണ് നടന്നത്. സംസ്ഥാനത്തെ മറ്റു യൂണിവേഴ്സിറ്റികളുടെ പദവിയിലുള്ളതാണോ അതോ സ്വാശ്രയ കോളേജുകളുടെ സ്വഭാവത്തിലുള്ളതാണോ എന്ന് പ്രതിപക്ഷ-ഭരണ കക്ഷിയിലുള്ള അംഗങ്ങൾ ചോദിച്ചതിന് യാതൊരു തരത്തിലുള്ള വ്യക്തമായ മറുപടിയും പറയാതെ സ്വാശ്രയ യൂണിവേഴ്സിറ്റി തന്നെയാണ് ഇതെന്ന് ഭംഗ്യന്തരേണ സ്ഥാപിച്ചെടുക്കാനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ പ്രശ്നത്തിൽ നടത്തിയത്. സ്വാശ്രയ മെഡിക്കൽ/എൻജിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾ വന്നതിന്റെ ഭവിഷ്യത്ത് ഇപ്പോഴും പാവപ്പെട്ട വിദ്യാർത്ഥികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷങ്ങൾ ഫീസ് കൊടുക്കേണ്ടതായിട്ട് വരുന്നുണ്ട്. അതിനുവേണ്ടി നിവൃത്തിയില്ലാത്തവർ പത്തും ഇരുപതും സെന്റ് ഭൂമി വിറ്റും ബാങ്കുകളെ സമീപിച്ചും ഒക്കെ പണം കണ്ടെത്തുന്നതായിട്ടും അതിനും യാതൊരു രക്ഷയുമില്ലാതായിട്ടുള്ള വിദ്യാർത്ഥികളെയും അവരുടെ രക്ഷാകർത്താക്കളെയും ഒക്കെയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നിയമപഠനരംഗത്തെയും ആ സ്ഥിതിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള അത്യന്തം ഹീനമായ ഒരു ശ്രമമാണ് ഈ ഗവണ്മെന്റ് വളരെ ധൃതിപിടിച്ച് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്നുള്ളത് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഏതാണ്ട് ചില ഭേദഗതികൾ അംഗീകരിക്കുന്നു എന്നു വരുത്തുന്നതിനുവേണ്ടി ചില കുത്തും കോമയുമൊക്കെ അംഗീകരിച്ചിട്ടുണ്ട്. പിന്നെ നിങ്ങൾക്ക് ഒരു ഭൂതോദയമുണ്ടായത് വികലാംഗരുടെ കാര്യത്തിലാണ്. അത്തരത്തിലുള്ള പാവങ്ങളെപ്പറ്റി നിങ്ങൾക്ക് ചിന്ത വരില്ല. ഞങ്ങൾ അതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചപ്പോൾ അതംഗീകരിച്ചില്ലെങ്കിൽ മോശമാകുമെന്നതുകൊണ്ട് അംഗീകരിച്ചു എന്നുള്ളതല്ലാതെ കാതലായ പ്രശ്നങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ സ്വാശ്രയക്കാരെ പിൻതുണയ്ക്കുന്ന, വിദ്യാഭ്യാസ കച്ചവടക്കാരെ പിൻതുണയ്ക്കുന്ന അതേ നയംതന്നെയാണ് ഇതിലും സ്വീകരിച്ചിരിക്കുന്നത് എന്നത് വസ്തുതയാണ്. വിദ്യാർത്ഥികളുടെ ഫീസ്, സേവന-വേതനവ്യവസ്ഥകൾ മുതലായവ നിശ്ചയിക്കാനുള്ള അവകാശം സ്വാശ്രയ യൂണിവേഴ്സിറ്റിക്കുതന്നെയാണ്. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്, എൻജിനീയറിംഗ്-മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ അതേ സ്ഥിതിയിലേക്കാണ് നിയമം പഠിക്കാനാഗ്രഹിക്കുന്നവരെയും എത്തിച്ചിരിക്കുന്നത് എന്ന്. ഇന്ന് നമുക്ക് മൂന്നു-നാല് നിയമകോളേജുകൾ ഗവണ്മെന്റിന്റെ വകയായിട്ടുണ്ട്. അവയിൽ പഠിച്ച് ലോയർമാരായി നല്ലതുപോലെ നിയമകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധരായിട്ടുള്ള സീനിയർ അഭിഭാഷകരെപ്പോലും അവഹേളിക്കുന്ന തരത്തിൽ നാലാംതരം അഭിഭാഷകരെ സൃഷ്ടിക്കുന്നതിനുമാത്രം സഹായിക്കുന്ന ഒരു നീക്കമായിപ്പോയി ഈ ഗവണ്മെന്റിന്റെ അവസാനകാലത്തെ നീക്കം എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. നിലവിലുള്ള കോളേജുകൾ സർക്കാർ വിജ്ഞാപനപ്രകാരം സ്വാശ്രയ കോളേജാക്കുന്നതിനാണ് നീക്കം. അതിന് നിങ്ങളുടെ ഒരു വിജ്ഞാപനം മതി. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കും എൻജിനീയറിംഗ് കോളേജുകൾക്കുമെല്ലാം എൻ.ഒ.സി. കൊടുത്ത സന്ദർഭത്തിൽ സ്വാശ്രയ കോളേജ് മാനേജർമാർ പറഞ്ഞ വാക്കനുസരിച്ച് വിശ്വാസപൂർവ്വം അവർ കാര്യങ്ങൾ ചെയ്യുമെന്നായിരുന്നു നമ്മുടെ മുൻ മുഖ്യമന്ത്രി കരുതിയത്. അദ്ദേഹം ഇപ്പോൾ പരസ്യമായിട്ട് പറയുന്നത് അവർ എന്നെ വഞ്ചിച്ചു എന്നാണ്. മാത്രമല്ല, സ്വാശ്രയകോളേജ് ആര് ആരംഭിക്കുന്നുവോ അവർ ആ സ്വഭാവം കാണിക്കാൻ ബാധ്യസ്ഥരാണ്. ആ നിലയിൽ മുൻ മുഖ്യമന്ത്രിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്.-ന്റെ ഏറ്റവും പ്രബലനായ നേതാവിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറയുന്ന കാര്യങ്ങൾപോലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പരിഗണിക്കാൻ തയ്യാറാകുന്നില്ല. സ്വാശ്രയക്കാരോടുള്ള നിങ്ങളുടെ പ്രത്യേക താൽപ്പര്യം, നിങ്ങൾക്ക് അവരോടുളള പ്രതിബദ്ധത, അവർ വാരിക്കൂട്ടുന്ന ധനം, അവർ നമ്മുടെ സംസ്ഥാനത്ത് നിലവാരം കുറഞ്ഞ എൻജിനീയർമാരേയും നിലവാരം കുറഞ്ഞ ഡോക്ടർമാരെയും സൃഷ്ടിക്കുന്ന സ്ഥിതി അതിൽ നിന്ന് അനുഭവപാഠം പഠിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. അതുപോലെ ജനറൽ കൗൺസിലിലേക്കും എക്സിക്യൂട്ടീവ് കൗൺസിലിലേക്കും ഉള്ള അംഗങ്ങളെ നിങ്ങൾ നോമിനേറ്റ് ചെയ്യുകയാണ്. അവിടെയും ഡെമോക്രാറ്റിക്കലായിട്ടുള്ള സംവിധാനം നിങ്ങൾ ഇഷ്ടപ്പെടുന്നില്ല. അവിടെയും തെരഞ്ഞെടുക്കപ്പെടുന്നവർ വരണമെന്നുള്ള ആവശ്യം ഇപ്പുറത്തുനിന്നും അപ്പുറത്തുനിന്നും ചില മെമ്പർമാർ സൂചിപ്പിച്ചുവെങ്കിലും അതൊന്നും നിങ്ങൾ അംഗീകരിക്കാൻ തയ്യാറായിട്ടില്ല. ഗവൺമെന്റിന് അത്യാവശ്യം ചില ജുഡീഷ്യൽ എൻക്വയറി നടത്തേണ്ടതായിട്ട് വരുകയാണെങ്കിൽ ഒരു ജഡ്ജിയെ ആവശ്യപ്പെട്ടാൽപോലും കിട്ടാനില്ല. ഈ വിദ്വാന്മാരെയൊക്കെയാണ്, ചീഫ് ജസ്റ്റീസുമാരെയൊക്കെയാണ് ചാൻസലറായി വയ്ക്കാൻ പോകുന്നത്. അതുകൊണ്ട് ഇതൊന്നും വരാനിടയില്ല. ചീഫ് ജസ്റ്റീസിനെ വരുത്തുന്നതിനുവേണ്ടി എഴുതി വച്ചിരിക്കുന്നു. അതിലൊന്നും കഥയില്ല. നിങ്ങളുടെ കൂട്ടത്തിലുള്ള ഏതോ ഒരാളിനെ നിങ്ങൾ കണ്ടുവച്ചിട്ടുണ്ട്. നിങ്ങൾ പോകുന്ന പോക്കിൽ അദ്ദേഹത്തെ ഇതിന്റെ തലയിൽ വയ്ക്കുക എന്നുള്ളതല്ലേ ഉദ്ദേശം? ചീഫ് ജസ്റ്റീസ് എന്നാണ് പറയുന്നത്. ചില ആളുകൾ പോകുന്നതും വരുന്നതും നിഴൽപോലെ കണ്ടിട്ടുള്ളതല്ലാതെ എനിക്ക് ആരെന്ന് അറിഞ്ഞുകൂടാ. ആരാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയില്ല. ചീഫ് ജസ്റ്റീസെന്നും ജഡ്ജ് എന്നും അതിനേക്കാൾ പ്രബലരെന്നുമൊക്കെ അദ്ദേഹം പറയും. കാരണം അദ്ദേഹത്തിന് ബിൽ പാസ്സാക്കി എടുക്കണം. അതിനുവേണ്ടി പറയുമെന്നുള്ളതല്ലാതെ യഥാർത്ഥത്തിൽ വളരെ ഹീനമായ നിലയിൽ ഒരു കളിപ്പിക്കലാണ് ഇതിൽ വരുന്നത്. നിയമ പഠനത്തോടും നിയമവിദ്യാർത്ഥികളോടും കാണിക്കുന്ന ഒരു അവഹേളനമാണ് ഈ സ്വാശ്രയ നിയമ യൂണിവേഴ്സിറ്റിക്കുവേണ്ടിയുള്ള നീക്കമെന്നു ഞാൻ പറയുകയാണ്. അതിനാൽ ഞാൻ ശക്തിയായി ഈ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ ബില്ലിൽ വളരെ അടിസ്ഥാനപരമായി ഞങ്ങൾ ഉന്നയിച്ച ഭേദഗതികളൊന്നും അംഗീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ കുറച്ചൊക്കെ അംഗീകരിച്ചില്ല എന്നല്ല. വളരെ ആശാവഹമായ കാര്യങ്ങളുണ്ട്. നമ്മുടെ പല മെമ്പർമാരും പ്രത്യേകിച്ച് ശ്രീ. കെ. സി. ജോസഫ്, ശ്രീ. വി. ഡി. സതീശൻ എന്നിവരുടെ നേതൃത്വത്തിലുള്ള ചില കോൺഗ്രസ് മെമ്പർമാരൊക്കെ വോട്ട് അപ്പുറത്താണ് ചെയ്തതെങ്കിലും ചില ആശയങ്ങളോട് യോജിച്ചു. അത് വളരെ സ്വാഗതാർഹമായ ഒരു കാര്യമായിട്ട് ഞാൻ പറയുകയാണ്. എന്നാലും പ്രകടമായ ചില വ്യത്യാസങ്ങൾ ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എട്ടാമത്തെ യൂണിവേഴ്സിറ്റി നിയമമാണിത്. യു.ഡി.എഫ്. ഗവൺമെന്റ് വിവിധ

സന്ദർഭങ്ങളിലായി സഭയിൽ പാസ്സാക്കിയ ഏഴ് സർവ്വകലാശാലാ നിയമങ്ങൾക്കും തികച്ചും ഘടകവിരുദ്ധമായി, വ്യത്യസ്തമായി എട്ടാമതുവന്ന ഈ സർവ്വകലാശാലാ നിയമത്തിൽ ദൂരവ്യാപകമായ അപകടങ്ങൾ ഉണ്ടാക്കുന്ന പല സൂചനകളും ഉള്ളതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് ഞാൻ ചോദിച്ചു, മറ്റു മേഖലകളിലേക്ക് ഇത് വ്യാപിപ്പിക്കുന്നുണ്ടോ എന്ന്. അദ്ദേഹം പറഞ്ഞത് അങ്ങനെ ആലോചിച്ചിട്ടില്ല എന്നാണ്. പക്ഷേ ഞാൻ വളരെ വ്യക്തമായി മനസ്സിലാക്കിയതുകൊണ്ട് ചോദിച്ചതാണ്. കാരണം വെറ്ററിനറി സർവ്വകലാശാല, ടെക്നിക്കൽ സർവ്വകലാശാല, മെഡിക്കൽ സർവ്വകലാശാല എന്നിവയൊക്കെ സജീവമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഒന്നുകൂടി ക്ലിയറായി. ഇനി ഗവൺമെന്റിന്റെ പൊതുഫണ്ടിൽനിന്നും പണം ചെലവഴിച്ച് ഇതൊന്നും നടത്താൻ ആലോചനയില്ലെന്നുള്ളതുകൊണ്ടുകൂടി ആ മേഖലയിലൊക്കെ പുതിയ പുതിയ self-financing സർവ്വകലാശാല വന്നാൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല വളരെ അപകടകരമായ രീതിയിലേക്ക്, അത് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻപറ്റാത്ത കേന്ദ്രങ്ങളായി മാറാൻ പോവുകയാണ്. ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ നേരത്തെ പറയാതെ പോയതുകൊണ്ട് പറയുകയാണ്. ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച രണ്ടുമൂന്ന് ഭേദഗതികളുണ്ടായിരുന്നു. പക്ഷേ അതൊന്നും അംഗീകരിച്ചില്ല. എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് റിസർവേഷനിൽ പ്രത്യേകിച്ച് എസ്.സി./ എസ്.ടി. വിഭാഗത്തിൽനിന്ന് വരേണ്ടത് വന്നിട്ടില്ല. ഇവിടെ റിപ്പോർട്ടിൽ കണ്ടത് ഇപ്പോൾ കേരള ഹൈക്കോടതിയിൽ 29 ജഡ്ജിമാരുണ്ട്. അതുപോരാ കുറച്ചുകൂടി ജഡ്ജിമാർ വേണ്ടിവരുമെന്നും പറയുന്നുണ്ട്. ഈ 29 ജഡ്ജിമാരിൽ ഏക മെമ്പറേ എസ്.സി./എസ്.ടി. വിഭാഗത്തിൽ നിന്നുമുള്ളൂ. ജസ്റ്റിസ് തങ്കപ്പൻ എന്ന ആകെ ഒരേയൊരു ജഡ്ജി മാത്രമേ എസ്.സി./എസ്.ടി. വിഭാഗത്തിൽ നിന്നുമുള്ളൂ. ഇതഃപര്യന്തമുള്ള ചരിത്രം നോക്കിയാൽ 10-28 ജഡ്ജിമാരെ നിയമിച്ചിട്ട് നമ്മുടെ ജുഡീഷ്യറിയിൽ ഇത്ര ഉയർന്ന ഒരു സ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുംവന്നതായി എടുത്തുപറയാൻ നമുക്ക് ഈ 28-ൽ ഒരേയൊരാൾ മാത്രമേയുള്ളൂ. അപ്പോൾ സുപ്രീംകോടതിയിലെ സ്ഥിതിയും വ്യത്യസ്തമായിരിക്കില്ല. അപ്പോൾ റിസർവേഷനൊക്കെ വേണമെന്ന് ഞങ്ങൾ പറയുമ്പോൾത്തന്നെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അല്ലെങ്കിൽ മറ്റു തരത്തിലുള്ള നിയമനങ്ങളൊക്കെ വേണ്ടെന്നുവച്ച് അവിടെ നിയമനങ്ങൾ ജഡ്ജിമാരുടെ ഒരു സമിതിയാണല്ലോ നടത്തുന്നത്. മൊത്തമായി എടുത്തുപരിശോധിച്ചാൽ റിസർവേഷനില്ല. എസ്.സി./എസ്.ടി. യിലൊന്നും ഇപ്പോൾ ആരുമില്ല. അതിന്റെ കണക്ക് എന്നേക്കാൾ കൂടുതൽ അറിയുന്ന ഒരു വ്യക്തിയാണ് അങ്ങ്. അപ്പോൾ നിയമനത്തിൽ റിസർവേഷൻ വേണം, എസ്.സി./എസ്.ടി. റിസർവേഷൻ വേണമെന്നൊക്കെ പറയുന്നത് ബോധപൂർവ്വം നമ്മുടെ നിയമനിർമ്മാണത്തിൽക്കൂടി നടപ്പാക്കിയില്ലെങ്കിൽ അവർക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിധ്യവുമുണ്ടാകില്ല. സോഷ്യൽ ജസ്റ്റിസിനെക്കുറിച്ചൊക്കെ നമ്മൾ പറഞ്ഞാൽ പോരല്ലോ; നമ്മുടെ പ്രവൃത്തിയിലൂടെ കാണിക്കണ്ടേ? അതുപോലെ self-financing, ഞാൻ നേരത്തേ പറഞ്ഞതാണ്. നന്നായി പ്രവർത്തിക്കുന്ന കുറച്ച് ലാ കോളേജുകൾ ഇവിടെ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുമ്പോൾ self-financing എന്നുപറഞ്ഞ് മറ്റൊരു നിയമ യൂണിവേഴ്സിറ്റിയുമായി വന്നാൽ കേരളത്തിലെ നിയമപഠനരംഗത്ത് രണ്ടുതരത്തിലുള്ള വിദ്യാഭ്യാസം വളർത്തിക്കൊണ്ട് വരുന്നതിന് ഇടയാകും. വേണമെങ്കിൽ ചോദിക്കാം, ഇപ്പോൾത്തന്നെ എയ്ഡഡ് സ്കൂളും അൺഎയ്ഡഡ് സ്കൂളും ഇല്ലേ എന്ന്. എയ്ഡഡും അൺഎയ്ഡഡും കൂട്ടിക്കുഴച്ച് ഇവിടെ വിദ്യാഭ്യാസം നടത്തിക്കൊണ്ടുപോകുന്നില്ലേ എന്ന്. ഒന്ന് വിശദമായി പരിശോധിച്ചാൽ അതൊക്കെ നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റങ്ങൾക്കുപകരം വളരെ ദോഷകരമാണ് എന്നുകാണാം. ഇവിടെ ഡീംഡ് യൂണിവേഴ്സിറ്റി വരുന്നു. അങ്ങ് ഒരു സിൻഡിക്കേറ്റ് മെമ്പറല്ലേ? നമുക്കെല്ലാവർക്കും അറിയുന്നതല്ലേ സംസ്കൃത സർവ്വകലാശാലയുടെ കാര്യം.

ശ്രീ. എം. എം. ഹസ്സൻ: സർ, കേരളത്തിലെ ആദ്യത്തെ Self-financing Law College ആണ് കേരള ലാ അക്കാഡമി. ആ Self-financing College ആരംഭിച്ച കാലംമുതൽ ഇതഃപര്യന്തമുള്ള ചരിത്രം താങ്കൾക്ക് അറിയാവുന്നതാണ്. നമ്മളെല്ലാവരും അവിടെ പഠിച്ചവരാണ്. നിയമ പഠനരംഗത്ത് ഈ Self-financing College എന്തുമാത്രം ദൂഷ്യം ഉണ്ടാക്കിയിട്ടുണ്ട്? അതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. എം. എം. ഹസ്സൻ ഇങ്ങനെ ഒരു ചോദ്യം ചോദിക്കുമെന്ന് പ്രതീക്ഷിച്ചുതന്നെയാണ് ഞാനിവിടെ നിൽക്കുന്നത്. ശ്രീ. എം. എം. ഹസ്സനും ഞാനും ഇവിടെ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന പലരും പഠിച്ച സ്ഥാപനമൊക്കെയാണെന്നതു ശരി; ഞാൻ അതിനെയൊന്നും തള്ളിക്കളയുന്നില്ല. എന്നാലും self-financing രീതിയിലുള്ള ഒരു സർവ്വകലാശാലയും കോളേജും അംഗീകരിക്കേണ്ടതില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അത്തരം സർവ്വകലാശാലകളോടോ കോളേജുകളോടോ എനിക്ക് യോജിപ്പില്ല. പക്ഷേ self-financing കോളേജുകൾ വേണ്ടെന്നു ഞങ്ങൾ പറഞ്ഞിട്ടില്ല. സ്വകാര്യ മേഖലയിൽ self-financing കോളേജുകൾ വന്നപ്പോൾ രണ്ടുകാര്യത്തിൽ നമ്മൾ യോജിപ്പിലെത്തിയില്ലേ? ഒന്ന്, അതിന്റെ സാമൂഹ്യ പ്രതിബദ്ധത. രണ്ട്, 50% സീറ്റുകളിൽ ഗവൺമെന്റ് ഫീസ്. അതിൽ നമ്മൾ അഭിപ്രായവ്യത്യാസമുള്ള ആളുകളല്ലല്ലോ. പക്ഷേ അത് implement ചെയ്തുവന്നപ്പോൾ, അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത്. നടപ്പാക്കിവന്നപ്പോൾ അത് തകിടം മറിഞ്ഞുപോയി. ഇപ്പോൾ അതിലുള്ള എതിർപ്പല്ലേയുള്ളൂ? അല്ലാതെ കേരളത്തിൽ Self-financing College പാടില്ല, സ്വകാര്യ വിദ്യാഭ്യാസസ്ഥാപനം പാടില്ല എന്നുള്ള നിലപാട് ഞങ്ങൾ എടുത്തിട്ടുണ്ടോ? എപ്പോഴെങ്കിലും എടുത്തിട്ടുണ്ടോ? ഞങ്ങളുടെ ഗവൺമെന്റ് എടുത്തിട്ടുണ്ടോ? അതുകൊണ്ട് അങ്ങനെ interpret

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു പോകരുത്. ഞാനിവിടെ പറഞ്ഞത്, വളരെ സദുദ്ദേശപരമായി പറഞ്ഞതാണ്. ഒരു നിയമസർവ്വകലാശാല ഉണ്ടാകുമ്പോൾ അത് self-financing എന്നുപറഞ്ഞ് അതിന്റെ തലപ്പത്ത് ആരാണ് ഇരിക്കുന്നത്? നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി. അതിന്റെ തലപ്പത്ത് ആരാണ്? ചീഫ് ജസ്റ്റീസ്. അതിന്റെ തലപ്പത്ത് ആരാണ്? സുപ്രീംകോടതി ജഡ്ജി. ഒരു self-financing സർവ്വകലാശാലയുണ്ടാക്കി അതിന്റെ തലപ്പത്ത് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും ചീഫ് ജസ്റ്റിസുമാരേയും കൊണ്ടിരുത്തി അതൊരു തെറ്റായ രീതിയിലേക്കു പോകുന്ന വളരെ അപകടകരമായ അത്തരമൊരു നിയമനിർമ്മാണത്തിന് നമ്മൾ മുതിരാൻ പാടില്ല. മറിച്ച് self-financing ഒഴിവാക്കി ഗവൺമെന്റിന്റെ മറ്റു സർവ്വകലാശാലകൾപോലെ 8-ാമത്തെ ഒരു തങ്കക്കുറിപോലെ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിന് ഈ സർവ്വകലാ ശാലനിയമം ഇവിടെ അവതരിപ്പിക്കാം. നമുക്ക് ഏകകണ്ഠമായി അത് പാസ്സാക്കി കേരളത്തിലെ നിയമപഠനരംഗത്തിന്, ജുഡീഷ്യറിയിലേക്ക് വിലപ്പെട്ട സംഭാവന ഈ 11-ാം കേരള നിയമസഭയിൽ ചെയ്യാമായിരുന്നു. അതിനുള്ള അവസരം നിഷേധിച്ചുകൊണ്ട് ഇത്തരമൊരു സർവ്വകലാശാല കൊണ്ടുവരുന്നതിനുള്ള എതിർപ്പാണ് ഞങ്ങൾ പ്രകടിപ്പിച്ചത്. അത് ഒരിക്കൽകൂടി ഞാനിവിടെ പ്രകടിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ഈ ബില്ലിന്റെ മൂന്നാം വായനയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സമീപനം വളരെ നിർഭാഗ്യകരമായിപ്പോയി. ഈ ബിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ പോവുകയാണ്. ഇന്ത്യയിലുള്ള 8 നാഷണൽ ലാ സ്കൂളുകളുടെ മാതൃകയിൽ വലിയ eminent institution ആയി നാഷണൽ ലാ യൂണിവേഴ്സിറ്റിയെ മാറ്റാനുള്ള അടിസ്ഥാനശിലയാണ് ഈ ബിൽ. ഈ ബില്ലിന്റെ അവതരണവേളയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങൾ അവതരിപ്പിച്ച പല ഭേദഗതികളും മന്ത്രി അംഗീകരിച്ചു. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. പക്ഷേ ഈ ബില്ലിൽ self-financing എന്നുള്ള വാക്കിന്റെ പേരിൽ വലിയൊരു പുകമറയുണ്ടാക്കാൻ, അത് എന്തോ വലിയ അഴിമതിയാണെന്ന ധാരണയുണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. നിങ്ങളുടെ സമീപനം ഇതുതന്നെയാണ്; എന്നും ഇതുതന്നെയാണ്. നിങ്ങൾ നൻമയെ കാണുന്നില്ല. ഒരു കാര്യം മനസ്സിലാക്കണം, ഈ നാഷണൽ ലാ യൂണിവേഴ്സിറ്റി ബില്ലിന്റെ ആധാരശിലയെന്നു പറയുന്നത് ഇന്ത്യയിലെ മറ്റ് 8 നാഷണൽ ലാ സ്കൂളുകളുടെ മാതൃക തന്നെയാണ്. ഈ സ്ഥാപനങ്ങളെല്ലാം self-financing ആണ്. ഒരു സംസ്ഥാന ഗവൺമെന്റും പണം കൊടുക്കുന്നില്ല.....(ബഹളം)....ഞാൻ പറയട്ടെ, ബാംഗ്ളൂരിലെ നാഷണൽ ലാ സ്കൂൾ, അതിന്റെ മുഖ്യമായ ചുമതല Bar Council of India-ക്കാണ്. Bar Council of India-യുടെ ഒരു പ്രോഡക്ടാണ് ബാംഗ്ളൂരിലെ നാഷണൽ ലാ സ്കൂൾ. കേരളത്തിലെ നാഷണൽ ലാ യൂണിവേഴ്സിറ്റി Bar Council of Kerala-യുടേയും സംസ്ഥാന ഗവൺമെന്റിന്റേയും ഒരു Joint Venture ആണ്. അതിൽ സംസ്ഥാന ഗവൺമെന്റിന് മതിയായ നിയന്ത്രണമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയെല്ലാമുണ്ടായിട്ടും ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രശസ്തമായ ഒരു സ്ഥാപനമുണ്ടാക്കാനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങളുടെ ഉദ്ദേശശുദ്ധിയെ കാണാതെ ഒന്നുരണ്ടുവാക്കിന്റെ മറവിൽ ഒരു വലിയ പുകമറയുണ്ടാക്കാൻ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രമിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ട്, അദ്ദേഹം പതിവുപോലെ മുൻകൂട്ടി തയ്യാറാക്കിയ പ്രസംഗം വായിക്കുകയായിരുന്നു എന്നാണ് മനസ്സിലാകുന്നത്. ഏതായാലും ഈ നിയമത്തിന് ഉദ്ദേശശുദ്ധിയുണ്ട്. തീർച്ചയായും ഇന്ത്യയിലെ പ്രശസ്തമായ ഒരു നാഷണൽ സ്കൂളായി നമ്മുടെ നാഷണൽ ലാ സ്കൂൾ മാറണം. ആ കാര്യത്തിൽ നിങ്ങളുടെയെല്ലാം സഹകരണമുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ, ബിൽ സബ്ജക്ട് കമ്മിറ്റിക്കുപോയതുമുതൽ ഇന്നുവരെ clause by clause ആയി ഇത് ചർച്ചചെയ്തു. വളരെ സജീവമായി ഈ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട എല്ലാ മെമ്പർമാർക്കും ഞാൻ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുകയാണ്. നല്ല ഹോംവർക്ക് ചെയ്തുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ പലരും ഈ ബില്ലിനെ സമീപിച്ചത്. അത് എല്ലാവരും നൽകിയിട്ടുള്ള അമെന്റുമെന്റിൽ വളരെ വ്യക്തമായും ബോധ്യമായിരുന്നു. നല്ല വർക്ക് ചെയ്തിട്ടുണ്ട്. വളരെ thread bare ആയിട്ട് നമ്മളത് ചർച്ച ചെയ്തു. ഈ നിയമം ആദ്യംകൊണ്ടുവന്ന രീതിയിലുള്ള പതിപ്പും ഭേദഗതിയോടുകൂടിയുള്ള ഇപ്പോഴത്തെ പതിപ്പും എടുത്തുനോക്കിയാൽ വളരെയേറെ മാറ്റങ്ങൾ, അടിസ്ഥാനപരമായ മാറ്റങ്ങൾ തന്നെ ഇതിൽ വന്നതായി കാണാൻ സാധിക്കും. എനിക്ക് സന്തോഷമുണ്ട്, ഞാനൊരു നിയമവിദഗ്ദ്ധനല്ല, വലിയ പാരമ്പര്യമുള്ള ആളൊന്നുമല്ല. ബഹുമാനപ്പെട്ട പല മെമ്പർമാരും പറഞ്ഞിട്ടുള്ള ഭേദഗതികൾ ഉള്ളുതുറന്ന ഒരു സമീപനത്തിൽ എടുത്ത് അത് സ്വീകരിക്കാനുള്ള സന്നദ്ധത ഗവൺമെന്റ് കാണിച്ചുവെന്നത് സന്തോഷമുള്ള കാര്യമാണ്. ഇവിടെ വാശിയുടെ കാര്യമില്ല. ഒരു യൂണിവേഴ്സിറ്റി ഇങ്ങനെയായിക്കൊള്ളണമെന്ന് നമുക്ക് ഒരു മുൻവിധിയില്ലല്ലോ. നേരത്തെ പറഞ്ഞതുപോലെ ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള, Trend Setter ആണ് കേരളം. ആ വിധത്തിൽ നിയമ വിദ്യാഭ്യാസ മേഖലയിലും രാജ്യത്ത് ഉയർന്നുനിൽക്കുന്ന ഒരു പ്രകാശഗോപുരമായി ഒരു സ്ഥാപനമുണ്ടാകണമെന്നുള്ള ഒരു സദുദ്ദേശ്യമല്ലാതെ മറ്റൊരു ഉദ്ദേശ്യവും എനിക്കതിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഈ അമെന്റുമെന്റുകളെല്ലാംതന്നെ സ്വീകരിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഇവിടെ ഞങ്ങൾ ആരെയോ കണ്ടുവച്ചിട്ടുണ്ട് എന്നാണ്. പ്രതിപക്ഷനേതാവ് വളരെ സീനിയറാണ്. ചീഫ് ജസ്റ്റിസ് എന്നുപേരുവച്ചിട്ട് അല്ലെങ്കിൽ കേരള ചീഫ് ജസ്റ്റിസ് എന്നുപേരു വച്ചിട്ട് അവർക്കുപകരം അവരോധിക്കാൻ ഞങ്ങൾ ഒരാളെ കണ്ടുവച്ചിട്ടുണ്ട് എന്നാണ് അദ്ദേഹം പറയുന്നത്. എനിക്കത് മനസ്സിലാകുന്നില്ല. അവരെ എങ്ങനെ ഫിറ്റിംഗ് ചെയ്യാമെന്നുള്ള ഒരു സൂത്രം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ പറഞ്ഞുതന്നാൽ എനിക്ക് മനസ്സിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമായിരുന്നു. ഒരു പ്രയോഗമുണ്ട്, കണ്ണെടുത്ത് മുമ്പിൽ താലത്തിൽ വച്ചുതന്നാൽ കൺകെട്ടുവിദ്യയാണെന്നും കരളെടുത്തു താലത്തിൽ വച്ചുതന്നാൽ ചെമ്പരത്തിപ്പൂവാണെന്നും പറഞ്ഞാൽ ഒരു രക്ഷയുമില്ല. ചെമ്പരത്തിപ്പൂവ് വേറെ കൺകെട്ടുവിദ്യ വേറെ. അതുകൊണ്ട് അതിൽ ഞങ്ങൾക്ക് പരാതിയില്ല. കാര്യങ്ങൾ നടക്കണം. പോരായ്മകളുള്ള നിയമത്തിന്റെ പോരായ്മകൾ നികത്താനാണ് ശ്രമിച്ചത്. ഇനിയും നമുക്കെല്ലാം മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്, ഞാൻ ഈ ചർച്ചയുടെ ആദ്യഘട്ടത്തിൽ തന്നെ പറഞ്ഞു, എല്ലാവരും മനുഷ്യരാണ്. മനുഷ്യനുണ്ടാക്കുന്ന നിയമത്തിൽ അപാകതകൾ വന്നേക്കാം. കാലം അത് തിരുത്തും. അതല്ലാതെ എല്ലാ കുറവും തീർത്തുകൊണ്ട് ഒരു നിയമമുണ്ടാക്കാൻ പറ്റില്ല. മൂന്നാം വായനയിൽ സാധാരണ പരാമർശിക്കുന്നത് നിയമം വരുന്ന സമയത്ത് ഉണ്ടാകുന്ന സംഗതികളാണ്. ഇത് നടപ്പിലാക്കുന്ന സമയത്ത് വരുന്ന പ്രയാസങ്ങൾ നമ്മുടെ തലമുറയോ നമുക്കുശേഷം വരുന്ന തലമുറയോ തിരുത്തും. സംവരണത്തിന്റെ കാര്യം ഇതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഈ ബിൽ ആദ്യം സബ്ജക്ട് കമ്മിറ്റിയിൽ പോകുമ്പോൾ അതിനു പ്രൊവിഷൻ ഉണ്ടായിരുന്നില്ല. നമ്മളെല്ലാപേരുംകൂടി ചർച്ച ചെയ്തപ്പോൾ അങ്ങനെയൊരു ദോഷം ഉണ്ടെന്ന് കണ്ടുകൊണ്ട് തിരുത്തിയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. അക്കാര്യത്തിൽ വേറെ സംഗതികളൊന്നുമില്ല. നമ്മൾ ഭരണപക്ഷവും പ്രതിപക്ഷവും ഒരു സമാന്തരരേഖപോലെ സഞ്ചരിക്കുകയാണ്. സെൽഫ് ഫിനാൻസിന്റെ കാര്യത്തിൽ ഇടതുപക്ഷ മുന്നണിയും യു.ഡി.എഫും തമ്മിൽ അപ്രോച്ചിൽ വ്യത്യാസമുണ്ട്. ഇടതുപക്ഷമുന്നണിയെ സംബന്ധിച്ചിടത്തോളം പൊതുമേഖലയിൽത്തന്നെ എല്ലാ കാര്യങ്ങളും നിൽക്കണമെന്നുള്ള സൈദ്ധാന്തികമായ സമീപനമുണ്ട്. അത് സംസാരിച്ച് തിരുത്താനുള്ള സംഗതിയല്ല. അതേസമയം പൊതുമേഖല, അത് വ്യവസായമാകട്ടെ, വിദ്യാഭ്യാസമാകട്ടെ, മറ്റ് മേഖലയാകട്ടെ, അതിനെ ശക്തിപ്പെടുത്താൻ കഴിയാതെവരുന്ന സാഹചര്യത്തിൽ മറ്റ് മേഖലകളെ ശക്തിപ്പെടുത്തണം. 'ഈ നൂറ്റാണ്ടിലെ മുദ്രാവാക്യമെന്നു പറയുന്നത് മൂന്ന് 'പി' ആണ്. പബ്ളിക്, പ്രൈവറ്റ്, പാർട്ടിസിപ്പേഷൻ. വിദ്യാഭ്യാസ മേഖലയായാലും ആരോഗ്യ മേഖലയായാലും പൊതുമേഖലയായാലും സ്വകാര്യ മേഖലയായാലും ഇതെല്ലാം കൂടുതൽ വളർന്ന് വരുന്ന ഒരു സമീപനമുണ്ടാകണം. അതല്ലാതെ ഞങ്ങൾ ഈ രംഗത്തുനിന്നും പിൻമാറി സ്വാശ്രയം ആക്കുകയാണോ? അല്ല. ഞങ്ങൾ അങ്ങനെ ചെയ്യുകയില്ല. ആരും ചെയ്യാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പൊതുവിദ്യാഭ്യാസ മേഖലയിലാകട്ടെ ഉന്നതവിദ്യാഭ്യാസ മേഖലയിലാകട്ടെ ഗവൺമെന്റ് ഇൻവെസ്റ്റ്മെന്റ് കുറയ്ക്കുന്ന പ്രശ്നമേയില്ല. ഇൻവെസ്റ്റ്മെന്റ് കൂട്ടിക്കൊണ്ടുവരണം. ഇപ്പോൾ ലോകത്ത് പുതിയ വാതായനങ്ങൾ തുറന്നു വരികയാണ്. എവിടെപ്പോയെങ്കിലും ഇവിടുത്തെ കുട്ടികൾക്ക് രക്ഷപ്പെടാൻ പറ്റും. നികുതിദായകരോട് പണം പിരിച്ച് സ്ഥാപനം നടത്താൻ ഞങ്ങളുടെ കയ്യിൽ പണമില്ലെന്നു കരുതി നമുക്ക് അങ്ങനെ മൂടിപ്പുതച്ച് കിടന്നുറങ്ങാൻ പറ്റുമോ? ഈ കുട്ടികളുടെ ഭാവിക്കുമുന്നിൽ നമ്മൾ തടസ്സമായി

നിൽക്കേണ്ടതുണ്ടോ? സാമൂഹികമായ നിയന്ത്രണങ്ങൾക്കു വിധേയമായി ഇതുപോലുള്ള സ്ഥാപനങ്ങൾ കൊണ്ടുവരിക എന്നതുമാത്രമാണ് ഗവൺമെന്റിനു മുന്നിൽ ഉണ്ടായിരുന്നത്. ഈ ചർച്ചയുടെ എല്ലാ ഘട്ടത്തിലും ആവശ്യമായ ഉപദേശനിർദ്ദേശങ്ങളും ക്രിയാത്മകമായ സമീപനവും ധിഷണാപരമായ കാഴ്ചപ്പാടും വച്ചുകൊണ്ട് ചർച്ചയിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരോടും പ്രത്യേകമായി നന്ദി രേഖപ്പെടുത്തിക്കൊണ്ട്, ഈ ബിൽ എല്ലാപേരും സന്തോഷത്തോടുകൂടി പാസ്സാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ — 42

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, ഇ. എം. അഗസ്തി
4. ,, കെ. ബാബു
5. ,, ബാബു ദിവാകരൻ
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, ജോർജ് ജെ. മാത്യു
10. ,, പ്രയാർ ഗോപാലകൃഷ്ണൻ
11. ,, എം. എം. ഹസ്സൻ
12. ,, കെ. സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. ജോസഫ് എം. പുതുശ്ശേരി
14. ,, ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ
16. ,, വി. ജെ. പൗലോസ്
17. ,, ടി. എൻ. പ്രതാപൻ
18. ,, ജി. പ്രതാപവർമ്മ തമ്പാൻ
19. ,, വക്കം പുരുഷോത്തമൻ
20. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ,, ടി. യു. രാധാകൃഷ്ണൻ
22. ,, എം. വി. രാഘവൻ
23. ,, കെ. കെ. നായർ
24. ഡോ. എം. എ. കുട്ടപ്പൻ
25. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
26. ,, ലൂഡി ലൂയിസ്
27. ,, സി. മമ്മൂട്ടി
28. ,, കെ. മുഹമ്മദാലി
29. ,, ഇ. ടി. മുഹമ്മദ് ബഷീർ
30. ,, എ. കെ. മണി
31. ,, കെ. കെ. ഷാജു
32. ,, കടവൂർ ശിവദാസൻ
33. ,, സ്റ്റീഫൻ ജോർജ്
34. ,, സി. എഫ്. തോമസ്
35. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
36. ,, തമ്പാനൂർ രവി
37. ,, ടി. പി. എം. സാഹിർ

38. ശ്രീ. വി. ഡി. സതീശൻ
39. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. തോമസ് ചാഴികാടൻ
41. ,, തോമസ് ഉണ്ണിയാടൻ
42. ,, എം. എ. വാഹീദ്

പ്രതികൂലിക്കുന്നവർ — 21

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, എ. എ. അസീസ്
3. ,, വി. കെ. ചന്ദ്രൻ
4. ,, ടി. കെ. ദേവകുമാർ
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. കെ. കെ. ജയചന്ദ്രൻ
7. ,, പി. ജയരാജൻ
8. ,, കെ. വി. കുഞ്ഞിരാമൻ
9. ,, വി. കെ. സി. മമ്മത് കോയ
10. ,, മത്തായി ചാക്കോ
11. ,, കെ. പി. മോഹനൻ
12. ,, എ. സി. മൊയ്തീൻ
13. ,, എം. പ്രകാശൻ മാസ്റ്റർ
14. ,, കെ. രാധാകൃഷ്ണൻ
15. ,, കെ. പി. രാജേന്ദ്രൻ
16. ,, രാജു എബ്രഹാം
17. ,, ടി. പി. രാമകൃഷ്ണൻ
18. ,, സാജു പോൾ
19. ,, കെ. പി. സതീശ് ചന്ദ്രൻ
20. ,, എ. സി. ഷൺമുഖദാസ്
21. ,, പി. എസ്. സുപാൽ

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ — 42

പ്രതികൂലിക്കുന്നവർ — 21

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതിനു സമാനമായ മുനിസിപ്പാലിറ്റി ബിൽ വളരെ വിശദമായി ചർച്ച ചെയ്തതാണ്. ഇനിയൊരു ചർവ്വിതചർവ്വണം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഓംബുഡ്സ്മാന്റേയും ട്രൈബ്യൂണലിന്റേയും പ്രവർത്തനപരിധി പഞ്ചായത്ത് അതിർത്തികളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള ഭേദഗതി ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് രണ്ടിന്റേയും രൂപീകരണം പഞ്ചായത്ത് രാജ് ആക്ടിലൂടെ ആയതുകൊണ്ട് സംശയങ്ങൾക്ക് ഇടനൽകാത്തവിധം ഇതിന്റെ പരിധി നഗരപ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ഗ്രാമപഞ്ചായത്ത് കൺവീനറാണ് ഗ്രാമസഭ വിളിക്കേണ്ടത്. അതുമാറ്റി പകരം ഗ്രാമസഭ കൺവീനർമാർ ആക്കുകയാണ് ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതി. നമ്മുടെ ഗ്രാമസഭകൾ പലതും നിർജ്ജീവമാണ്. ഗ്രാമസഭകൾ വിളിക്കുന്നതിൽ പലപ്പോഴും ഉത്തരവാദിത്വമില്ലായ്മ കാണുന്നുണ്ട്. അത് മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പ്രധാനപ്പെട്ട ഭേദഗതിയാണിത്. വോട്ടിംഗ് യന്ത്രത്തിന് തകരാറ് വന്നാൽ അവിടെ പുതിയ തെരഞ്ഞെടുപ്പ് നടത്താനുള്ള അധികാരം നൽകുന്നതാണ് മറ്റൊരു ഭേദഗതി. ക്ഷേമകാര്യ സമിതികളുടെ പ്രവർത്തനങ്ങളിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും കുടുംബശ്രീയുടെ പ്രവർത്തനത്തിനും പ്രത്യേകം ഊന്നൽ നൽകുന്നതാണ് മറ്റൊരു പ്രധാന കാര്യം. പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റുമൊക്കെ തെരഞ്ഞെടുപ്പു കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ അധികാരം ഏറ്റെടുക്കുന്നില്ലെങ്കിൽ അവരെ

LIBRARY ARCHIVES Kerala Legislative Assembly